032:3xM9
F6.3

MUL
050804

**Madras University Library.**

DOCTRINA-VIM-PROMOVET INSITAM

**Date Label.**

Ac. No. 50804 Cl. No. O32:3xM9
F63

This book should be returned on or before the date last marked below.

- 1 OCT. 1936
- 2 OCT. 1938
13 SEP 1940
19 JAN 1942
5 JAN 1945
17 DEC 1948
28 MAY
22 DEC 1950
- 3 JAN 1951
23 FEB 1951
23 DEC.
25 JUN 1964
9 JUL 1964
13 APR 1965
20 APR 1965
29 JUL 1967
- 3 SEP 1978

ലക്ഷ്മീഭായി ഗ്രന്ഥാവലി

# കഥയുള്ള കഥകൾ.

## മൂന്നാം ഭാഗം.

UNIVERSITY LIBRA
1 APR. 1929
MADRAS

പ്രസാധകൻ

വെള്ളാങ്ങല്ലൂൽ നാരായണമേനോൻ.

തൃശ്ശിവപേരൂർ
യോഗക്ഷേമം കമ്പനിവക
'മംഗളോദയം' അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.

വില 1 ക.

508754
032:3xM9
F6.3

UNIVERSITY LIBRA
1 APR. 1929
MADRAS

# സംഗതിവിവരം

ഹാജിബാബായുടെ അത്തർഭരണി. ൧

വട്ടോളി ഗോപാലമേനോനവർകൾ.

കുഞ്ചുനമ്പൂരിയുടെ രണ്ടാം വേളി. ൧൭

തേലപ്പുറത്തു നാരായണനമ്പി അവർകൾ.

സുഭാഷിണി ൩൧

വി. ഉണ്ണിക്കൃഷ്ണൻ നായരവർകൾ ബി. എ.

ദരിദ്രദേവത ൪൪

സി. കുഞ്ഞിരാമമേനോനവർകൾ.

ഒരു മദിരാശിയാത്ര ൫൧

വി. കെ. രാമമേനോനവർകൾ ബി. എ., എൽ. ടി.

വിധിയും കൊതിയും ൬൫

വേലനാട്ട് അച്യുതമേനോനവർകൾ ബി. എ.

ശുദ്ധമേ ദുരാഗ്രഹം ൭൨

സി. എസ്. സുബ്രഹ്മണ്യൻ പോററി അവർകൾ എം. എ.

മാനസമോഹിനി ൧൧൨

കണ്ണമ്പ്ര കുഞ്ഞുണ്ണിനായരവർകൾ ബി. എ., ബി. എൽ.

ആക്കാണു തെററില്ലാത്തതു്. ൧൫൧

കെ. വി. അവർകൾ.

Y LIBRA
1 APR. 19[illegible]9
MADRAS

# മുഖവുര

"യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ"
"സ്ത്രീയം ശതാപരാധാശ്ചേൽ പുഷ്പേണാപി ന താഡയേൽ".

എന്നിങ്ങിനെ സ്ത്രീകളുടെ മാഹാത്മ്യങ്ങളെ ഓരോ മഹാന്മാർ വർണ്ണിച്ചിട്ടുള്ളതോക്കുമ്പോൾ സാക്ഷാൽ പ്രകൃതിയാണു സ്ത്രീയെന്നു പറയേണ്ടിവരും. ഒന്നുകൂടി വ്യക്തമാക്കിപ്പറയുന്നതായാൽ ശക്തിയാണു സ്ത്രീ. ത്രിമൂർത്തികൾപോലും അവരവരുടെ കൃത്യങ്ങൾ നിർവ്വഹിച്ചുപോരുന്നതു ശക്തിയുടെ സഹായത്താലാണ്. അതുകൊണ്ടുതന്നേയായിരിക്കണം ജഗദ്ഗുരു ആദിശങ്കരാചാര്യസ്വാമികൾ "ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും" എന്ന് അരുളിച്ചെയ്തിട്ടുള്ളത്. ഇപ്പോൾ നമ്മളിൽ മിക്കവരും കണ്ണടച്ച് അനുകരിച്ചുപോരുന്ന പാശ്ചാത്യർ വൃക്ഷങ്ങളുടെ ഇലകളും തോലുകളും ധരിച്ചു മൃഗങ്ങളിൽനിന്ന് അഭേദമായി ജീവിച്ചിരുന്ന കാലത്തു നമ്മുടെയിടയിൽ സ്ത്രീകളെ, പുരുഷന്മാരേക്കാൾ എത്രയോ അധികം, ഭക്തിപൂർവ്വം വന്ദിച്ചു ബഹുമാനിച്ചുപോന്നിരുന്നു. വിരുന്നുകളിലും വിനോദങ്ങളിലും അമ്പലങ്ങളിലും കമ്പോളങ്ങളിലും ഇന്നും ആണുങ്ങളെക്കൂടാതെതന്നെ അവരെ രാജ്ഞിമാരെപ്പോലെ സജ്ജനങ്ങൾ ആദരിച്ചുപോരുന്നു. പൂർവ്വകാലങ്ങളിൽ സ്ത്രീകൾക്കെവിടേയും നിർഭയം സഞ്ചരിക്കാമായിരുന്നു.

...ITY LIBRA...
1 APR. 1929
MADRAS

# മുഖവുര

"യത്ര നാൎയ്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ"
"സ്ത്രീയം ശതാപരാധാശ്ചേൽ പുഷ്പേണാപി ന താഡയേൽ"

എന്നിങ്ങിനെ സ്ത്രീകളുടെ മാഹാത്മ്യങ്ങളെ ഓരോ മഹാന്മാർ വൎണ്ണിച്ചിട്ടുള്ളതാകുമ്പോൾ സാക്ഷാൽ പ്രകൃതിയാണു സ്ത്രീയെന്നു പറയേണ്ടിവരും. ഒന്നുകൂടി വ്യക്തമാക്കിപ്പറയുന്നതായാൽ ശക്തിയാണു സ്ത്രീ. ത്രിമൂൎത്തികൾപോലും അവരവരുടെ കൃത്യങ്ങൾ നിൎവ്വഹിച്ചുപോരുന്നതു ശക്തിയുടെ സഹായത്താലാണ്. അതുകൊണ്ടുതന്നേയായിരിക്കണം ജഗദ്ഗുരു ആദിശങ്കരാചാൎയ്യസ്വാമികൾ "ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും" എന്ന് അരുളിച്ചെയ്തിട്ടുള്ളത്. ഇപ്പോൾ നമ്മളിൽ മിക്കവരും കണ്ണടച്ച് അനുകരിച്ചുപോരുന്ന പാശ്ചാത്യർ വൃക്ഷങ്ങളുടെ ഇലകളും തോലുകളും ധരിച്ചു മൃഗങ്ങളിൽനിന്ന് അഭേദമായി ജീവിച്ചിരുന്ന കാലത്തു നമ്മുടെയിടയിൽ സ്ത്രീകളെ, പുരുഷന്മാരേക്കാൾ എത്രയോ അധികം, ഭക്തിപൂൎവ്വം വന്ദിച്ചു ബഹുമാനിച്ചുപോന്നിരുന്നു. വിരുന്നുകളിലും വിനോദങ്ങളിലും അമ്പലങ്ങളിലും കമ്പോളങ്ങളിലും ഇന്നും ആജ്ഞക്കൂടാതെതന്നെ അവരെ രാജ്ഞിമാരെപ്പോലെ സജ്ജനങ്ങൾ ആദരിച്ചുപോരുന്നു. പൂൎവ്വകാലങ്ങളിൽ സ്ത്രീകൾക്കെവിടേയും നിൎഭയം സഞ്ചരിക്കാമായിരുന്നു.

"പെണ്ണിനെ ദ്രോഹിച്ചവൻ ശൂലാഗ്രേ നക്ഷത്രങ്ങ-
ളെണ്ണിക്കൊണ്ടനേകം നാളങ്ങിനേ കിടക്കേണം"

ശിക്ഷാനിയമത്തിൽനിന്നു് ഈ വകപ്പെടുത്തു കളഞ്ഞതോടുകൂടി അബലകൾ എന്ന നാമധേയം സ്ത്രീകൾക്കനൎത്ഥമായിത്തീൎന്നു. എങ്ങിനെയൊക്കെയായാലും, എന്നും വമ്പും മുമ്പും സ്ത്രീകൾക്കാകയാലും 'ലക്ഷ്മീഭായി' മാസിക സ്ത്രീകളുടെ പ്രത്യേകോപയോഗത്തിന്നായിനടത്തപ്പെട്ടുപോരുന്നതുകൊണ്ടുമാണു സ്ത്രീകളുടെ ലേഖനങ്ങൾമാത്രം തിരഞ്ഞെടുത്തു 'കഥയുള്ള കഥകളു'ടെ ഒന്നാംഭാഗം ആദ്യമായി പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുവാനിടയായതു്. അനന്തരം വിഖ്യാതന്മാരായ പുരുഷന്മാരാലെഴുതപ്പെട്ട കഥകൾ കൂട്ടിച്ചേൎത്തു 'കഥയുള്ള കഥകളു'ടെ രണ്ടാം ഭാഗം പോലെതന്നെ മൂന്നാം ഭാഗവും ഇതാ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഒന്നും രണ്ടും ഭാഗങ്ങളെക്കുറിച്ചുണ്ടായ സഹൃദയന്മാരുടെ അനുമോദനക്കത്തുകളും സാരജ്ഞന്മാരായ പത്രാധിപന്മാരുടെ പ്രോത്സാഹനവുമാണു് ഈ പുസ്തകം ഇത്രവേഗം ആവിൎഭവിക്കാനിടയായതു്. എന്നാൽ ഉത്താനബുദ്ധികളായ ചില പത്രാധിപന്മാരുടെ അൎത്ഥമില്ലാത്ത ആക്ഷേപങ്ങൾ സ്ഖലിതസമ്പൂൎണ്ണമായ ഭാഷയിൽ എഴുതിപ്പിടിപ്പിച്ചതു കണ്ടപ്പോൾ,

"അറിയാത്ത മഹാമൂഢൻ തെറിവാക്കു പറഞ്ഞെന്നാ-
ലറിഞ്ഞു കാലൊടിഞ്ഞമെന്നറിഞ്ഞുകൊൾകവിനെല്ലാരും"

എന്ന കവിവാക്യം തോന്നിയെങ്കിലും

"മററുള്ളവർ ചിരിച്ചാലുമെന്തുചേതംനമുക്കതിൽ"

എന്നു മറെറാരു കവി പാടീട്ടുള്ളതിനെ അനുസ്മരിക്കകൊണ്ടും അഹിംസാവ്രതം അത്യുത്തമമാകയാലും അതിനെപ്പററി ഞങ്ങൾ ഒന്നും തന്നെ പറയുന്നില്ല.

കഥകൾ പുസ്തകരൂപേണ ഒന്നാം പതിപ്പാണെങ്കിലും ഇവയെ 'ലക്ഷ്മീഭായി' മാസികയിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ പരമാൎത്ഥത്തിൽ രണ്ടാംപതിപ്പാകകൊണ്ടും (കാഥികന്മാർ) എഴുത്തുകാർ പ്രസിദ്ധന്മാരാകകൊണ്ടും ഗുണദോഷനിരൂപണത്തിന്റെ ഭാരം നിൎമ്മത്സരചിത്തവൃത്തികളായ വായനക്കാരിൽ സമൎപ്പിച്ചുകൊള്ളുകയും ഈ പുസ്തകത്തിലെ കഥകളുടെ നിൎമ്മാതാക്കളായ വിദ്വാന്മാരിൽ ഓരോരുത്തരോടും പ്രസാധകനുള്ള കൃതജ്ഞതാബഹുമാനാദരങ്ങളെ പ്രദൎശിപ്പിക്കയും ചെയ്തുകൊണ്ടു മാമൂൽപടിയുള്ള ഈ മുഖവുര അവസാനിപ്പിച്ചുകൊള്ളുന്നു.

ലക്ഷ്മീഭായി ആപ്പീസ്സ്
തൃശ്ശിവപേരൂർ
1102 കൎക്കിടകം 3-ാംനു-

വെള്ളാട്ടൽ നാരായണമേനോൻ
പ്രസാധകൻ.

LIBRA
1 APR. 1929
MADRAS

# കഥയുള്ളകഥകൾ.

## മൂന്നാംഭാഗം.

## ഹാജിബാബായുടെ
## അത്തർഭരണി.

പണ്ടൊരിക്കൽ ബാഗ്ഡാഡ് നഗരത്തിൽ ഹാജിബാബ എന്നു പേരായി ഒരു വയോധികനായ പിഞ്ഞാണക്കച്ചവടക്കാരൻ ഉണ്ടായിരുന്നു. ഒരു ദിവസം രാവിലെ അയാൾ ഹുക്കവലിച്ചുംകൊണ്ടു പീടികയുടെ കോലായിൽ ഇരിക്കയായിരുന്നു. ഒരു കണ്ണുകൊണ്ടു പ്രേമത്തോടുകൂടി തന്റെ സാമാനങ്ങളേയും മറേറതുകൊണ്ട് അത്യാഗ്രഹത്തോടുകൂടി വഴിയാത്രക്കാരേയും അയാൾ നോക്കിയിരുന്നു. പല വിധത്തിലുമുള്ള പിഞ്ഞാണങ്ങളുടേയും ഗ്ലാസ്സുകളുടേയും കൂട്ടത്തിൽ അതിവിശേഷമായ രണ്ടു സ്ഫടികഭരണി ഉണ്ടായിരുന്നു. ഭരണി പച്ചവൎണ്ണത്തിലുള്ളവയും എളുപ്പത്തിൽ തുറക്കാൻ പാടില്ലാത്ത ഒരു പ്രത്യേകമാതിരി അടപ്പോടുകൂടിയവയും ആയിരുന്നു.

ഹാജിബാബ അങ്ങിനെ പുകവലിച്ചുകൊണ്ടും തന്റെ ഇഹലോകകാൎയ്യങ്ങളെപ്പററി മനോരാജ്യം കണ്ടു

കൊണ്ടും ഇരിക്കുമ്പോൾ ഹമീദ് ബാവ എന്നു പേരായ മറ്റൊരു കച്ചവടക്കാരൻ പീടികയിൽ വന്നു കയറി. അന്യോന്യം കുശലം ചോദിച്ചശേഷം ഹമീദ് പരവതാനിയിൽ ഇരുന്നു കാപ്പി കുടിക്കാനും പുക വലിക്കാനും സംസാരിക്കാനും തുടങ്ങി. ഹമീദിന്നു ആ പീടികയിൽ കണ്ട മാതിരി ഒരു വലിയ ഭരണിക്കു തിടുക്കമായ ആവശ്യമുണ്ടായിരുന്നു. വാസ്തവം പറകയാണെങ്കിൽ ഒരു ഭരണി വാങ്ങാൻ വേണ്ടിയാണു് അവിടെ കയറിയതു്. പക്ഷെ ആദ്യംതന്നെ അതു പറഞ്ഞാൽ ഭരണിക്കു വില കയറുമെന്നു വിചാരിച്ചു മറ്റോരോ കാര്യങ്ങളെപ്പറ്റി സംസാരിച്ചുതുടങ്ങി. തന്റെ സ്വന്തം കച്ചവടത്തിലുള്ള നഷ്ടത്തെയും പണത്തിന്റെ ക്ഷാമത്തെയും കുറിച്ചാണു് അധികം സംസാരിച്ചതു്. ഒടുവിൽ പോവാറായി എഴുനീറ്റപ്പോൾ "ഇവിടെ വന്ന സ്ഥിതിക്കു് എന്തെങ്കിലും ഒന്നു വാങ്ങിക്കേണ്ടതായിരുന്നു. തൽക്കാലം ഒന്നിനും ആവശ്യം കാണുന്നുമില്ല. നാരങ്ങ ഉപ്പിലിടാൻ ഒരു ഭരണി കിട്ടിയാൽ കൊള്ളാമെന്നു പെണ്ണുങ്ങൾ പറഞ്ഞിരുന്നു. ഇവിടെ ഭരണി ഉണ്ടെങ്കിൽ ഒന്നു് ഇപ്പോൾതന്നെ വാങ്ങിക്കേണ്ടതാം" എന്നു പറഞ്ഞു പീടികയിൽ ആകപ്പാടെ ഒന്നു നോക്കി. മേൽ പ്രസ്താവിച്ച രണ്ടു ഭരണികൾ വെച്ചിടത്തു ചെന്നിട്ടു് "ഇതിൽ ഒന്നായാൽ മതി" എന്നു പറഞ്ഞു. മറ്റെ ആളും സാമർത്ഥ്യം കുറഞ്ഞ പുള്ളിയല്ലായിരുന്നു. അയാൾ ഇങ്ങിനെ മറുവടി പറഞ്ഞു:— "ആ ഭരണികൾ അധികം വിലപിടിച്ചവയാണു്. നിങ്ങളുടെ ആവശ്യ

ത്തിന്നു പററുമെന്നും തോന്നുന്നില്ല. വേണമെങ്കിൽ ഒരു പവൻ തന്നു രണ്ടു ഭരണിയും എടുത്തോളിൻ. രണ്ടു പവനിൽ കുറച്ചു വില്ക്കുന്നതു നഷ്ടമാണു്. പക്ഷേ നിങ്ങൾ ഒരു പഴയ സ്നേഹിതനാകകൊണ്ടു തരാമെന്നു പറഞ്ഞതാണു്".

"എൻെറ മുതൽ മുഴുകപ്പാടെ വിററാൽ ഒരു പവൻ ഉണ്ടാകയില്ല. ഒരു പവൻ പോയിട്ടു് ഒരു വരാഹൻ തരാൻതന്നെ എനിക്കു ശേഷിയില്ല" എന്നു പറഞ്ഞു ഹമീദ് യാത്രയായി. പിറേറ ദിവസവും അവൻ ഹാജിയുടെ പീടികയിൽ ചെന്നുകയറി. കാപ്പി കുടിച്ചു ഹുക്ക വലിച്ചു് ഓരോന്നു സംസാരിക്കാൻ തുടങ്ങി. ഒടുവിൽ പുറപ്പെടാനുള്ള ഭാവമായപ്പോൾ ഹാജിബാവ പറഞ്ഞു:— "എന്താണു ഭരണി വേണ്ടെന്നു വെച്ചോ? നമ്മൾ കച്ചവടക്കാർ തമ്മിൽ ഇങ്ങിനെ തർക്കം പറയുന്നതു ഭംഗിയല്ല. ഞാൻ എൻെറ കുട്ടികളെ വഞ്ചിക്കയാണു ചെയ്യുന്നതു്. എന്നാലും നിങ്ങൾക്കു തരാൻ ഞാൻ നിശ്ചയിച്ചു. ഒന്നിൽ നഷ്ടംവന്നാൽ മറേറതിൽ ലാഭം കിട്ടും. രണ്ടു വരാഹൻ തന്നു ഭരണി രണ്ടും കൊണ്ടുപൊയ്ക്കോളിൻ."

രണ്ടുപേരും തമ്മിൽ പിന്നെ രണ്ടു മണിക്കൂറു നേരം വാഗ്വാദമുണ്ടായി. കളവു പറയുന്നതിലും കള്ളസ്സത്യം ചെയ്യുന്നതിലുമുള്ള സാമർത്ഥ്യം രണ്ടുപേരും നല്ലവണ്ണം കാണിച്ചു. അവസാനം ഹമീദ് ഒരു വരാഹൻ കൊടുത്തു് ഒരു ഭരണി വാങ്ങി. ഹാജിബാവ "ഞാൻ

നശിച്ചുപോയി. ദീപാളി കുളിച്ചു" എന്നു പറഞ്ഞിട്ടാണു ഭരണി എടുത്തു കൊടുത്തതു്. എങ്കിലും അയാൾക്കു് ഉള്ളിൽ സന്തോഷം നിറഞ്ഞു. ആ രണ്ടു ഭരണിയും അഞ്ചാറു നല്ല പിഞ്ഞാണങ്ങളുംകൂടി ഒരു വരാഹൻ കൊടുത്തു നാലു ദിവസം മുമ്പെ ഒരു കള്ളനോടു വാങ്ങിയതായിരുന്നു.

ഹാമിദ് വില കൊടുക്കുന്നതിന്നു മുമ്പായി ഭരണിക്കു കേടു വല്ലതുമുണ്ടോ എന്നു നോക്കി. അടപ്പു നല്ലവണ്ണം പററുന്നില്ലേ എന്നു പ്രത്യേകം പരിശോധിച്ചു സന്തോഷഭരിതനായി വീട്ടിലേക്കു മടങ്ങി. ഹാജിബാവ പണം നോട്ടംനോക്കി സഞ്ചിയിലാക്കി സഞ്ചി പെട്ടിയിലും ഹുക്കാക്കുഴലിന്റെ തല വായിലും വെച്ചു പണത്തെ പാട്ടിൽതന്നെ ഇരുന്ന് ഓരോന്നു് ആലോചിക്കാൻ തുടങ്ങി. "ഹാമീദ് ആളൊരു ഉപായിയാണു്. എന്തോ ഒരു സൂത്രം കണ്ടിട്ടാണു ഇപ്പോൾ ആ ഭരണി വാങ്ങിയതു്. നാരങ്ങ ഉപ്പിലിടാനാണെന്നു പറഞ്ഞതു ശുദ്ധമേ കളവാണു്. ഈ മാതിരി വായ ഇടുങ്ങിയ ഭരണിയിൽ ആരും നാരങ്ങ ഉപ്പിലിടാറില്ല. ആ ആവശ്യത്തിന്നധികം പററുന്നതും വില കുറഞ്ഞതുമായ ഭരണി ഈ അങ്ങാടിയിൽ സുലഭമാണുതാനും. ഭരണിയുടെ മൂടി സൂക്ഷ്മമായി പരിശോധിക്കുന്നതും കണ്ടു. അവന്റെ ഉദ്ദേശം എന്തായിരിക്കാം?" ആലോചന ഇത്രത്തോളമായപ്പോൾ ഹാജി തന്റെ പത്നിയെ വിളിച്ചു ഹാമിദിന്റെ കെട്ടിയവളുടെ സഖിയായ ഒരു സ്ത്രീയു

ഷേന എന്തിനാണ ഹാമീദ് ഭരണി വാങ്ങിയതു് എന്ന് ഉപായത്തിൽ മനസ്സിലാക്കിവരാൻ ഏല്പിച്ചയച്ചു.

പത്നിയുടെ വരവും കാത്തുകൊണ്ടിരിക്കുമ്പോൾ നിരത്തിൽകൂടി പോയിരുന്ന ഒരു യഹൂദൻ പീടികയുടെ സമീപത്തെത്തുകയും ഒരു ഭരണി ബാക്കിയുള്ളതു കാണുകയും ചെയ്തു. യഹൂദൻ ഹാജിയുടെ ഒരു താല്പര്യക്കാരനായിരുന്നു. ഭരണി സാമാന്യം വിലപിടിച്ചതാണെന്നും ആ മാതിരി ഭരണി ആ നഗരത്തിൽ എങ്ങും കാണില്ലെന്നും കണ്ട നിമിഷത്തിൽ അവൻ മനസ്സിലാക്കി. ഭരണിക്കു വില എന്താണെന്നും ഈ തരത്തിൽ വേറെ ഉണ്ടോ എന്നും ചോദിച്ചു. ചോദ്യത്തിനു ശരിയായ സമാധാനം പറയാതെ, ആ മാതിരി ഒരു ജോഡിക്ക് എന്തു കൊടുക്കാമെന്നു ഹാജി ചോദിച്ചു. ഒരു പവൻ കൊടുക്കാമെന്നു യഹൂദൻ പറഞ്ഞു. അതു കേട്ടപ്പോൾ അത്യാഗ്രഹിയായ ഹാജിബാബായുടെ പശ്ചാത്താപവും കണ്ഠിതവും കാണേണ്ടതുതന്നെയായിരുന്നു. അയാൾ പറഞ്ഞു:— സ്നേഹിതാ ഇതിൻെറ ഇണ ഭരണി അര മണിക്കൂറുമുമ്പെ ഹാമീദിന്നു ഒരു വരാഹന്നു വിററു. കഷ്ടം രണ്ടുംകൂടി ഒരു പവന്നു വില്ക്കാമായിരുന്നു. ആ മഹാപാപി എന്നെ പററിച്ചു. ഏതായാലും ബാക്കിയുള്ള ഒരു ഭരണിയെങ്കിലും ഒരു പവൻ തന്നു നിങ്ങൾ എടുക്കണേ".

"ജോഡിയായിട്ടല്ലാതെ എനിക്കാവശ്യമില്ല" എന്നു പറഞ്ഞു യഹൂദൻ എഴുനേററു. മറേറ ഭരണികൂടി

കിട്ടുമോ എന്നു പരിക്ഷിക്കാനായി ഹാമിദിൻെറ ഭവനത്തിലേക്കു പുറപ്പെട്ടപ്പോഴേക്കു ഹാജിബാവായുടെ പത്നി മടങ്ങി എത്തി, ചോദ്യത്തിന്നിടകൊടുക്കാതെ ഇങ്ങിനെ പറഞ്ഞു:—"ഹാമിദ് ഭരണി കൊണ്ടുപോയതെന്തിനാണെന്നറിഞ്ഞോ? അത്തർ നിറയ്ക്കാനാണ്.

ഹാജി—"അള്ളാ! എന്നാണ് ഹാമിദ് ഈ വിലപിടിച്ച സാധനങ്ങളെക്കൊണ്ടു കച്ചവടം തുടങ്ങിയതു്?"

പത്നി—"ഷിറാസ്സ് എന്ന ദിക്കിൽ പനീർച്ചെടിയുടെ കൃഷിക്ക് ഇക്കൊല്ലം വലിയ നാശം വന്നതുകൊണ്ട് അവിടെ പനിർ അത്തറിന്നു് ഇവിടത്തേതിൽ മൂന്നിരട്ടി വിലയുണ്ടത്രേ. ഹാമീദ് ഈ വത്തമാനം കേട്ടിട്ട് അപ്പോഴപ്പോഴായി ഈ നഗരത്തിലുള്ള പനീർ അത്തർ മിക്കവാറും വാങ്ങി ശേഖരിച്ചിരിക്കുന്നു. അതൊക്കെയുംകൂടി ആ ഭരണിയിൽ നിറച്ചു ഷിറാസ്സിലേക്കു പോകുന്ന കച്ചവടക്കാരുടെ സംഘത്തോടൊരുമിച്ചു നാളെ യാത്ര പുറപ്പെടാൻ നിശ്ചയിച്ചിരിക്കുന്നു. സുമാർ ആയിരം വരാഹൻ വിലയ്ക്കുള്ള അത്തർ അവൻെറ വശം ഉണ്ടത്രേ. ഈ വത്തമാനം ഹാമീദിൻെറ കെട്ടിയവൾ അമീനയാണ് എന്നോടു പറഞ്ഞതു്. സൂക്ഷ്മമായിരിക്കും. അവൾ നല്ല കൂട്ടത്തിലാണ്. എന്നോടു സകലവത്തമാനമൊക്കെ പറയാറുണ്ടു്.

ദമ്പതിമാരുടെ സംവാദം കേട്ടുകൊണ്ടു യഹൂദനും അവിടെ നിന്നിരുന്നു. ദുരാഗ്രഹിയും ചതിയനുമായ

അവന്റെ ഉള്ളിൽ തൽക്ഷണം ഒരാലോചന കടന്നുകൂടുകയാൽ അവൻ ഹാജിബാവായെ വിളിച്ചു പിൻഭാഗത്തേക്കു കൊണ്ടുപോയി സ്വകാൎയ്യമായി ഇങ്ങിനെ പറഞ്ഞു:—"ഹമീദ് നിങ്ങളുടെ ഭരണി കൊണ്ടുപോയി നിങ്ങളെ നഷ്ടപ്പെടുത്തിയല്ലൊ. നിങ്ങളുടെ കെട്ടിയവൻ കേട്ട വൎത്തമാനം വാസ്തവമാണ്. ആറായിരം വരാഹൻ വിലയുള്ള അത്തറിന്നു ഷിറാസ്സിൽ മൂവ്വായിരം വരാഹൻ നിശ്ചയമായും കിട്ടും. അതു മുഴുവൻ പറിക്കാനുള്ള ഒരുപായം എനിക്കു തോന്നുന്നുണ്ട്".

ഹാജി "അതെന്താണെന്നു വേഗം പറക. കാൎയ്യം ഫലിച്ചാൽ മൂന്നിലൊരു ഭാഗം നിങ്ങൾക്കു തന്നേക്കാം".

യഹൂദൻ—നാളെ ഷിറാസ്സിലേക്കു പുറപ്പെടുന്ന കച്ചവടക്കാരുടെ സംഘത്തിൽ നിങ്ങളും ചേരണം. ബാക്കിയുള്ള ഒരു ഭരണിയിൽ പച്ചവെള്ളം നിറച്ചിട്ട് അതും കയ്യിൽ ഇരുന്നോട്ടെ. ആരെങ്കിലും ചോദിച്ചാൽ അത്തർ ആണെന്നു പറഞ്ഞേക്കണം. വഴിയിൽവെച്ച് ഒരു രാത്രി ഹമീദ് ഉറങ്ങുന്ന തക്കം നോക്കി ഭരണി മാററാം. എന്നാൽ അത്തർ നിറച്ച ഭരണിയോടുകൂടി നിങ്ങളും, വെള്ളം നിറച്ച ഭരണിയോടുകൂടി ഹമീദും ഷിറാസ്സിൽ എത്തും.

ഹാജി—അവന്റെ ഭരണിയിൽ വെള്ളമാണെന്നു കാണുമ്പോൾ അവൻ എന്നെ കുററപ്പെടുത്തുമല്ലൊ. അതിനെന്തു നിവൃത്തി?

യഹൂദൻ—"നിങ്ങൾ ഇത്ര വിഡ്ഢിയാണോ? ഹാമിദ് പറയുംപോലെ നിങ്ങൾക്കും പറയരുതേ. രണ്ടു തോണിയും ഒരുപോലെ ഇരിക്കുന്നു. വഴിയിൽവെച്ചു വല്ല ഇബ്ലീസ്സുകളും ഹാമീദിന്റെ അത്തറിനെ പച്ചവെള്ളമാക്കി എങ്കിൽ അതിനു നിങ്ങളാണോ അപരാധി?"

ഹാജി—(താടി തലോടിക്കൊണ്ടു്) "കാൎയ്യം ശരി തന്നെ. അങ്ങിനെ ചെയ്യുകളുയാം. ആപത്തൊന്നുമില്ലല്ലോ?

യഹൂദൻ—"ഒന്നുമില്ല".

* * * * * * *

ഷിറാസ്സിലേക്കു പോകുന്ന കച്ചവടക്കാർ ബാഗ്ഡാഡിലെ പാലം കടന്നപ്പോൾ, കൂട്ടത്തിൽ ഒരു ഒട്ടകത്തിന്റെപുറത്തു ഹാജിബാവയേയും പച്ചനിറത്തിൽ ഒരു തോണിയും കാണുകയും തോണിയിൽ വില്പാനുള്ളതു് അത്തർ ആണെന്നു കേൾക്കുകയും ചെയ്തപ്പോൾ ഹാമിദിന്നു് ആശ്ചൎയ്യവും കുണ്ഠിതവുമുണ്ടായി എന്നു പറയേണ്ടതില്ലല്ലോ. യാത്രക്കാർ അഞ്ചാളുകളും കൂടി കുറെ ദൂരം പോയപ്പോൾ മറെറാരാൾകൂടി ഒരൊട്ടകത്തിന്റെ പുറത്തു കയറി കൂട്ടത്തിൽ വന്നുചേൎന്നു. അതു നമ്മുടെ യഹൂദനല്ലാതെ മററാരുമല്ലായിരുന്നു. വാഗ്ദാനംചെയ്ത പ്രകാരം തനിക്കു കിട്ടുവാനുള്ളതു വാങ്ങാൻവേണ്ടി മാത്രമാണു താൻ കൂടെ പുറപ്പെട്ടതു് എന്നു യഹൂദൻ ചില ആംഗ്യങ്ങളെക്കൊണ്ടു ഹാജിബാവയെ ധരിപ്പിച്ചു

എങ്കിലും വൈഷമ്യങ്ങളോരോന്നാലോചിക്കുംതോറും ഹാജിക്ക മനസ്സമാധാനം തീരെ ഇല്ലാതായ്ത്തുടങ്ങി. എല്ലാവരുംകൂടി യാത്ര തുടർന്നു.

യഹൂദൻ കയറിയ ഒട്ടകത്തിൻെറ പുറത്തു വച്ചൊരു കെട്ടുണ്ടായിരുന്നു. ആ കെട്ടിൽ ഷിറാസ്സിലെ അങ്ങാടിയിൽ വില്ക്കാൻ കൊണ്ടുപോകുന്ന പട്ടുതുണിയാണെന്ന് അവൻ പറഞ്ഞു. വാസ്തവത്തിൽ പട്ടിൻെറ ഒരു നൂൽപോലും അതിലുണ്ടായിരുന്നില്ല. അതു ശുദ്ധജലം നിറച്ച ഒരു വലിയ തോൽസഞ്ചിയായിരുന്നു. എന്താണെന്നാരും മനസ്സിലാക്കാതിരിക്കാൻ വേണ്ടിയതിൻെറ മീതെ ഒരു വലിയ പാവതാനി ഇട്ടിരുന്നു. എത്രയും കഠോരമായ മറെറാരു ചതിപ്രയോഗത്തിനു കോപ്പുകൂട്ടിക്കൊണ്ടായിരുന്നു അവൻെറ യാത്ര.

മരുഭൂമിയിൽക്കൂടി മൂന്നു ദിവസം യാത്ര ചെയ്തശേഷം ഒരു രാത്രി മറെറല്ലാവരും നല്ല ഉറക്കമായപ്പോൾ യഹൂദൻ അവരുടെ ഒട്ടകങ്ങളുടെ പുറത്തു വെച്ചുകെട്ടിയിരുന്നവയും വെള്ളം നിറച്ചിരുന്നവയുമായ തോൽസ്സഞ്ചികളൊക്കെ കെട്ടഴിച്ചു താഴത്തു മറിച്ചിട്ടു വെള്ളമൊക്കെ മണലിൽ കളഞ്ഞു. മരുഭൂമിയിൽക്കൂടിയുള്ള യാത്രയിൽ പ്രാണധാരണത്തിന്നത്യാവശ്യമായ വെള്ളത്തിൻെറ നാശം ഹേതുവാൽ പിറേറദിവസം രാവിലെ യാത്രക്കാർ മാറത്തടിച്ചു നിലവിളിയായി. കൂട്ടത്തിൽ യഹൂദനും നിലവിളിക്കാതിരുന്നില്ല. അവൻെറ മുറവിളി മറെറല്ലാവരുടേതിനേക്കാൾ ഉച്ചത്തിൽ കേൾക്കാമായിരുന്നു. ആ കള്ളൻ അവൻെറ ഒളിച്ചുവെച്ച

തോൽസ്സഞ്ചിയിലേക്ക് ഒരു ഹുക്കാക്കുഴൽ ഇറക്കി ഭദ്രമായി ഉറപ്പിച്ചിരുന്നു. ദാഹം കലശലാവുമ്പോൾ ആരും കാണാതെ കുഴൽ വായിലാക്കി ഒന്നു വലിക്കും. ദാഹം സഹിക്കാൻ പാടില്ലാഞ്ഞിട്ടു ചങ്ങാതിമാർ നിലവിളിക്കുമ്പോൾ അവനും കൂട്ടത്തിൽ നിലവിളിക്കും. ആ ദുഷ്ടന്റെ ഉദ്ദേശം ശേഷം അഞ്ചുപേരും ദാഹംകൊണ്ടു നശിച്ചുപോകണമെന്നും അത്തർഭരണി അവനു കൈവശപ്പെടുത്തണമെന്നും ആയിരുന്നു. ഹാമിദിനെ ചതിക്കാൻ ഹാജിബാവയെ പ്രേരിപ്പിച്ച ദിവസം, രാത്രി ഉറക്കം വരാതെ കിടക്കുമ്പോൾ ഉണ്ടായതാണ് ഈ പുതിയ ആലോചന.

യഹൂദന്റെ ഉദ്ദേശം ഒരുവിധം സഫലമായിത്തുടങ്ങി. ആറാളുകൾ പുറപ്പെട്ടതിൽ മൂന്നുപേർ ദാഹംകൊണ്ടു പരവശന്മാരായി ഓരോരുത്തരായി വഴിയിൽ വീണു സിദ്ധികൂടി. ഹാമിദും ഹാജിബാവയും യഹൂദനും ബാക്കിയായി. അവർക്കു കടന്നുപോകാനുള്ള മരുഭൂമിയുടെ മദ്ധ്യത്തിൽപോലും ഇനിയും എത്തീട്ടില്ല. ആദിത്യകിരണങ്ങളുടെ തീക്ഷ്ണതയെ ഒരുവിധം സഹിച്ച് ആ ചുട്ടുപഴുത്ത മണലിൽക്കൂടി അവർ മൂന്നുപേരും യാത്രതുടർന്നു. ഹാമിദും ഹാജിയും ദാഹംകൊണ്ടു തൊണ്ട വരണ്ടും ക്ഷീണിച്ചും ഒട്ടകങ്ങളുടെ പുറത്തു തലചായ്ച്ചു. യഹൂദൻ തന്റെ നിബിഡമായ താടിയുടെ ഉള്ളിൽ അമർത്തിയ ഒരു ചെറുപുഞ്ചിരിയോടുകൂടി ദാഹം സഹിക്കുന്നില്ലെന്നു നിലവിളിച്ചുകൊണ്ടും തോൽസഞ്ചിയിലേക്കിറക്കിയ ഹുക്കാക്കുഴൽ ഇടയ്ക്കിടയ്ക്ക് ഓരോന്നു വലി

ച്ചുകൊണ്ടും അവരുടെ പിന്നാലെ ഗമിച്ചു. അങ്ങിനെ ഒരു ദിവസംകൂടി അവർ യാത്രചെയ്തു.

ഹാജിബാവ ഒരിക്കൽ മെല്ലെ തലപൊന്തിച്ചു നോക്കിയപ്പോൾ കുറെ ദൂരത്തായി മററു രണ്ടുപേരും കാണാത്ത ഒരു കാഴ്ച അയാൾ കണ്ടു. അതു മരുഭൂമികളിൽ എത്രയും ദുർല്ലഭമായ ഒരു കുളിർമസ്ഥലമാണെന്നു അയാൾ മനസ്സിലാക്കുകയും അവിടെ വെള്ളമുണ്ടായിരിക്കുമെന്നു പരിചയംകൊണ്ടു തീർച്ചപ്പെടുത്തുകയും ചെയ്തു. കിഴവന്റെ മനസ്സിന്നു ഉന്മേഷംവന്നതോടുകൂടി സഹജമായ കള്ളസൂത്രങ്ങൾ ഉള്ളിൽ തോന്നിത്തുടങ്ങി. പച്ചവെള്ളത്തിന്നു തങ്കക്കട്ടിയേക്കാൾ വിലയേറിയ ആ സ്ഥലത്തും സമയത്തും ഫലിക്കുന്നതായ ഒരു സൂത്രമെടുക്കാൻ വൃദ്ധൻ തീർച്ചപ്പെടുത്തി. ചങ്ങാതിമാർ കുളിർമസ്ഥലം കാണുന്നതിന്നുമുമ്പായി വൃദ്ധൻ ഹാമിദിനോടു ഇങ്ങിനെ പറഞ്ഞു:— "അല്ലയോ ഹാമിദ്! ഞാൻ നിന്നെ വഞ്ചിച്ചു. നീ ആ ഭരണിയിൽ അത്തർ നിറച്ചു ഷിറാസ്സിൽ കൊണ്ടുപോയി വിററു അതിലാഭം എടുക്കാൻ പോകുന്നു എന്നു കേട്ടപ്പോൾ ഈ ഭരണിയിൽ പച്ചവെള്ളം നിറച്ചു ഞാനും കൂടെ പുറപ്പെട്ടു. വഴിയിൽവെച്ചു നീ ഉറങ്ങുമ്പോൾ ഭരണി മാററണമെന്നായിരുന്നു എന്റെ വിചാരം. നോക്കുക! ഞാൻ കൈവശപ്പെടുത്തണമെന്നു വിചാരിച്ച അത്തർ ഇപ്പോൾ തീരെ വിലയില്ലാത്തതും നിസ്സാരമെന്നു കരുതിയിരുന്ന പച്ചവെള്ളം സാരമേറിയതും ആയിത്തീർന്നിരിക്കുന്നു. യാത്രയുടെ ആരംഭത്തിൽതന്നെ നമ്മുടെ വെ

ള്ളതെല്ലാം നശിച്ചുപോയതു് എൻെറ ദുരാലോചനക്കു പററിയ ശിക്ഷയാണു്. പടച്ചവൻെറ മഹത്വവും മനുഷ്യപ്പുഴുവിൻെറ നിസ്സാരതയും ഇവിടെ നല്ലവണ്ണം പ്രത്യക്ഷമായി. ഈ സന്ദർഭത്തിൽ ഭരണികൾ രണ്ടും തമ്മിൽ മാററിയാൽ എൻെറ ദുഷ്ടവിചാരത്തിന്നു് അല്പമെങ്കിലും ഒരു പ്രായശ്ചിത്തമാകുമെങ്കിൽ അങ്ങിനെ ചെയ്യാൻ ഞാൻ ഒരുക്കമാണു്. ആവശ്യമുണ്ടെങ്കിൽ മാററാം."

ദാഹിച്ചു തൊണ്ട തീരെ വരണ്ടു മരിക്കാൻ അധികം താമസമില്ലെന്നുള്ള സ്ഥിതിയിൽ എത്തിട്ടുണ്ടായിരുന്ന ഹമീദ്ദ് ഇതു കേട്ടപ്പോൾ "മാററണം" എന്നു് ആ മരുഭൂമി മുഴുവൻ മുഴങ്ങത്തക്കവണ്ണം നിലവിളിച്ചു പറഞ്ഞു. അത്തർ ഭരണി കൊടുത്തു വെള്ളം നിറച്ച ഭരണി അത്യാർത്തിയോടെ പിടിച്ചുപററി. എന്നാൽ ഭരണി മാററിയ നിമിഷംമുതൽ ഹമീദു പശ്ചാത്തപിക്കാൻ തുടങ്ങി. ഇത്ര അധികം അത്തർ ശേഖരിക്കാൻ വേണ്ടി ചെയ്ത അദ്ധ്വാനത്തേയും ഷിറാസ്സിൽ എത്തിയാൽ ഉണ്ടാവുന്ന സമ്പാദ്യത്തെയും ഓർത്തപ്പോൾ അവനു വെള്ളം വായിലെക്കു കൊണ്ടുപോവാൻ തോന്നിയില്ല. ഭരണിയിലുള്ള പച്ചവെള്ളം തൻെറ മൂലധനമാണെന്നും ഓരോന്നു കോരുന്നതു് ഓരോ പിടി സ്വർണ്ണം വാരി വിഴുങ്ങുന്നതുപോലെയാണെന്നുമുള്ള പരമാർത്ഥബോധം ആ അത്യാഗ്രഹിക്കു വലിയ സങ്കടത്തെ ഉണ്ടാക്കിത്തീർത്തു. വ്യാധി വർദ്ധിച്ചപ്പോൾ ദാഹം താനേ ശമിച്ചു. വെള്ളം ഒരു തുള്ളിപോലും കുടിച്ചില്ല.

നാലഞ്ചുനിമിഷം കഴിഞ്ഞപ്പോൾ അവൻ ഹാജിബാബയോടു "പ്രിയ ചങ്ങാതി! ഒരു മണിക്കൂറുനേരത്തേക്കുകൂടി എന്നെ ഈ കരാറിൽനിന്നു മോചനപ്പെടുത്തണേ" എന്നപേക്ഷിച്ചുകൊണ്ടു അത്തർഭരണി വാങ്ങാൻ കൈനീട്ടി. വൃദ്ധൻ വെള്ളമുള്ള സ്ഥലം സമീപിച്ചുപോയിഎന്ന വിചാരത്തോടുകൂടി (യഹൂദൻ ചെയ്തു പോലെ) അസ്പഷ്ടമായ ഒരു പുഞ്ചിരിയോടുകൂടി പ്രത്യുത്തരം പറയാതെ തന്റെ ക്ഷീണിച്ച ഒട്ടകത്തെ തെളിച്ചുതുടങ്ങി.

എന്നാൽ കല്ലർമസ്ഥലമെന്നു വിചാരിച്ച ദിക്കിലെത്തിയപ്പോൾ അവിടെ വെള്ളം വററി വരണ്ട ഒരു പൊട്ടക്കിണറും ഇല ഉണങ്ങിയ ചില പേരമരങ്ങളുമല്ലാതെ മറെറാന്നും ഉണ്ടായിരുന്നില്ല. ഏതായാലും അപ്പോഴത്തെ നേരം രാത്രിയായതിനാൽ അവിടെ ഇറങ്ങിക്കിടന്നു ക്ഷീണം മാററുകതന്നെ എന്നുറച്ചു മൂന്നാളും അവിടെ കിടന്നു. കഷ്ടിച്ചു പ്രകാശമാകുന്നതുവരെ ഉറങ്ങി. സൂര്യൻ ഉദിച്ചു പൊങ്ങുന്നതുവരെ ഉറങ്ങുമായിരുന്നു. പക്ഷെ ഒരു സ്വപ്നാടനക്കാരനായിരുന്ന ഹാമീദ് ഉറക്കത്തിൽ തന്റെ ഭരണി കയ്യിൽ എടുത്തുകൊണ്ടു അങ്ങോട്ടും ഇങ്ങോട്ടും നടക്കുമ്പോൾ ഒരു പേരമരത്തിന്റെ വേരിന്മേൽ കാൽ കുടുങ്ങി വീണു ഉണർന്നു. ആ ശബ്ദം കേട്ടു മററവരും ഉണർന്നു. എല്ലാവരുംകൂടി അവിടെനിന്നു പുറപ്പെട്ടു പോകയും ചെയ്തു.

കുറെ പോയപ്പോൾ വൃദ്ധനായ ഹാജി ദാഹം സഹിപ്പാൻ കഴിയാതെ ഇങ്ങിനെ പറഞ്ഞു:—"ഈ നാ

ശംപിടിച്ച ഭരണി നീതന്നെ എടുത്തുകൊള്ളുക; എ
ൻെറ ഭരണി ഇങ്ങോട്ടു തരിക".

ഹാമിദ് അതിന്നു സമ്മതിച്ച് അവർ ഭരണി മാറ്റി. യഹൂദൻ ഇവരുടെ ഗോഷ്ഠി കണ്ടു മന്ദഹസിച്ചുകൊണ്ടും ഇടക്കു ഹുക്കാക്കുഴൽ വായിൽവെച്ച് ഓരോന്നു വലിച്ചുകൊണ്ടും പിന്നാലെ യാത്രചെയ്തു.

ആശാപാശത്താൽ ദൃഢമായി ബന്ധിക്കപ്പെട്ടിരുന്ന ആ മുഹമ്മദീയവ്യാപാരികൾ ഇങ്ങിനെ കുന്നിലധികം പ്രാവശ്യം ഭരണി അങ്ങോട്ടും ഇങ്ങോട്ടും മാറ്റി എങ്കിലും രണ്ടു സാധനങ്ങളും ഉപയോഗിക്കാൻ അവൎക്കു സാധിച്ചില്ല. അത്തർ എത്ര വിലയേറിയ ഒരു സാധനമായാലും ആ സ്ഥലത്തു് അതു തീരെ ഉപയോഗശൂന്യമായിരുന്നു. ഒരുവിധം നിവൃത്തിയുണ്ടെങ്കിൽ അത്തർഭരണിതന്നെ കൈവശപ്പെടുത്തണമെന്നുള്ള അതിമോഹം നിമിത്തം പച്ചവെള്ളം ചിലവാക്കാൻ അവൎക്കു മനസ്സും വന്നില്ല. ഇങ്ങനെ അവർ കുഴങ്ങുന്നതുകണ്ടു യഹൂദൻ സന്തോഷിക്കയും അത്തർഭരണി ഒടുവിൽ ആരുടെ കൈവശമാണു് വന്നുചേരുന്നതു് എന്നറിവാൻ അവരുടെ കൈമാററക്രമത്തെ സൂക്ഷിച്ചുകൊണ്ടിരിക്കയും ചെയ്തു. അതു ഹാമിദിൻെറ കൈവശമാണെന്നു യഹൂദൻ മനസ്സിലാക്കിയിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഹാമിദ് പെട്ടെന്നു മരിച്ചുപോയി. ഭരണി താഴത്തു വീഴുന്നതിന്നുമുമ്പായി യഹൂദൻ അടുത്തെത്തി, അതു കൈവശപ്പെടുത്തി. ഒരു നിമിഷം കഴിഞ്ഞില്ല; അപ്പോഴക്കു ഹാജിബാവയും വീണു. പിന്നെ അരനി

മിഷംപോലും അവിടെ നില്ക്കാതെ ദുഷ്ടനും സ്വാത്മ തൽപരനും ചതിയനുമായ യഹൂദൻ അതിവേഗത്തിൽ അവിടെനിന്നു ഗമിച്ചു. ചങ്ങാതിമാരുടെ ശരീരങ്ങൾ ഗൃധ്രങ്ങൾക്കാഹാരമാകുന്നതു കാണ്മാൻ വേണ്ടിമാത്രം ഒന്നു തിരിഞ്ഞുനോക്കിയതേയുള്ളു.

ഒരാഴ്ചകൂടി കഴിഞ്ഞപ്പോൾ യഹൂദൻ ദേഹമാസകലം പൊടിയണിഞ്ഞു്, ആ വിലപിടിച്ച ഭരണിയും കൊണ്ടു ഷിറാസ്സ് നഗരത്തിൽ എത്തി. വിശപ്പും ദാഹവും ക്ഷീണവുമുണ്ടെങ്കിലും ഒന്നു കുളിക്കാൻകൂടി താമസിക്കാതെ നേരെ അങ്ങാടിയിലേക്കു പോയിട്ടു്, "ഇതാ ഒരു ഭരണി നിറച്ചു പനീർ അത്തർ. ഇതു ഞാൻ ബാഗ്ഡാഡ് നഗരത്തിൽനിന്നു കൊണ്ടുവന്നതാണു്. ഇതു് ഒന്നായി മുപ്പതിനായിരം വരാഹനു കൊടുത്തുകളയാം. ആവശ്യക്കാരുണ്ടോ?" എന്നു വിളിച്ചുപറവാൻ തുടങ്ങി. അനവധി ജനങ്ങൾ അവന്റെ ചുററും വന്നുകൂടി. ആ നഗരത്തിൽ അക്കാലത്തു സുഗന്ധദ്രവ്യങ്ങൾക്കുള്ള ക്ഷാമംനിമിത്തം തോലുകൊണ്ടും രോമംകൊണ്ടും ഉണ്ടാക്കുന്ന ഓരോ സാമാനങ്ങൾക്കു വാസനപിടിപ്പിക്കാൻ നിവൃത്തിയില്ലാഞ്ഞതിനാൽ ആവക കൈവേലകൾ വളരെ അമാന്തസ്ഥിതിയിലായിരുന്നു. ജനസംഘത്തിന്റെ ഇടയിൽ നിന്നു് ഒരു നരച്ച താടിക്കാരൻ വ്യാപാരി വന്നു യഹൂദനുമായി കരാറുചെയ്തു് അവനെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി ഭരണി വാങ്ങി അവൻ പറഞ്ഞ സംഖ്യ എണ്ണിക്കൊടുത്തു.

സന്തുഷ്ടചിത്തനായ യഹൂദൻ താൻ ന്യായരഹിതമായി സമ്പാദിച്ച ധനവുംകൊണ്ടു പുറപ്പെട്ടുപോയി, നിരത്തിന്റെ ഒരു വളവിൽ എത്താനിടയില്ല, അപ്പോഴക്കു് എന്തോ കൂക്കം വിളിയും കേട്ടു തിരിഞ്ഞുനോക്കിയപ്പോൾ അത്തർഭരണി വാങ്ങിയ കച്ചവടക്കാരൻ ഒരു കൈകൊണ്ടു ഭരണി താങ്ങിപ്പിടിച്ചുകൊണ്ടും മററെ കയ്യിൽ ഒരു വലിയ വടി എടുത്തുകൊണ്ടും വലിയൊരു ആൾക്കൂട്ടം അവനെ പിന്തുടൎന്നും ബദ്ധപ്പെട്ടു വരുന്നതു കണ്ടു. കച്ചവടക്കാരൻ അടുത്തുചെന്നു യഹൂദൻ കയറിയ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചുനിൎത്തി, "അടിച്ചു തലപൊളിക്കിൻ കള്ളത്തലമുറിയനെ! നടക്ക് നായെ! കാദിയുടെ വീട്ടിലേക്ക്!" എന്നു പറഞ്ഞു് ഒട്ടകത്തോടുകൂടി പിടിച്ചുവലിച്ചു കൊണ്ടുപോയി.

ഈ അതിക്രമത്തിന്നു കാരണമെന്തെന്നു യഹൂദൻ നിലവിളിച്ചു ചോദിച്ചു എങ്കിലും അതിന്നു സമാധാനമൊന്നും പറയാതെ ആ ജനക്കൂട്ടം അവനെ ഒട്ടകത്തിന്മേൽനിന്നു വലിച്ചു താഴത്തിട്ടു. ചിലർ അവന്റെ തലക്കെട്ടു് എടുത്തെറിഞ്ഞു. ചിലർ വസ്ത്രം പറിച്ചുചീന്തി. എല്ലാവരുംകൂടി അവനെ അടിച്ചും കുത്തിയും വലിച്ചിഴച്ചും കൊണ്ടുപോയി. അവസാനം കാദിയുടെ ഭവനത്തിൽ എത്തിച്ചേൎന്നു.

അവൻ ചെയ്ത കുററം എന്താണെന്നു കാദി ചോദിച്ചപ്പോൾ നരച്ച താടിക്കാരൻ വ്യാപാരി ഇങ്ങനെ പറഞ്ഞു:—"ഈ കള്ളയഹൂദൻ പനീർ അത്തർ നിറച്ചതാണെന്നു പറഞ്ഞു് ഈ ഭരണി അല്പം മുമ്പെ എനിക്കു

വിററു മുപ്പായിരം വരാഹൻ എന്നോടു വാങ്ങി. ഭരണി തുറന്നു നോക്കിയപ്പോൾ അതിൽ പച്ചവെള്ളമാണ്". കല്പനപ്രകാരം ഭരണിയുടെ അടപ്പു തിരിച്ചെടുത്തു് അതിലുള്ള സാധനം അല്പം കാദിയുടെ കയ്യിൽ ഒഴിച്ചു കൊടുത്തു. പരിശോധിച്ചുനോക്കിയപ്പോൾ അതു കെട്ടനാറിയ വെള്ളമല്ലാതെ മറെറാന്നുമല്ലായിരുന്നു. ഹാമിദു് മരുഭൂമിയിൽ പേരമരത്തിന്നടുക്കൽവെച്ചു രാത്രി ഉറക്കത്തിൽ ചെയ്ത സഞ്ചാരത്തിന്നിടയിൽ അവൻെറ ഭരണിയും ഹാജിബാപയുടെ ഭരണിയുമായി ഒരു മാററം കഴിച്ചിരുന്നു. അങ്ങിനെ ചെയ്തതു മററു രണ്ടുപേരും അവൻതന്നേയും അറിഞ്ഞിരുന്നില്ല. അതുകൊണ്ടു സമർത്ഥനായ യഹൂദൻ ഭരണികളുടെ കൈമാററക്രമത്തെ സൂക്ഷ്മമായി നോക്കി നിജപ്പെടുത്തിയിരുന്നുവെങ്കിലും വിധിബലത്താൽ വഞ്ചിതനായി. വിലപിടിച്ച സുഗന്ധദ്രവ്യം ആ മരുഭൂമിമദ്ധ്യത്തിൽ ഇട്ടുംവെച്ചു പഴകിയ പച്ചവെള്ളം ഷിറാസ്സ്നഗരത്തിലേക്കു കൊണ്ടുപോന്നു. കൊണ്ടുപോരുന്നതിന്നു മുമ്പായി ഭരണിയുടെ അടപ്പൊന്നു തുറന്നുനോക്കാൻ അവന്നു ക്ഷമയുണ്ടായില്ല; അല്ലെങ്കിൽ ദുർവ്വിധിവശാൽ അവന്നു തോന്നിയില്ല.

യഹൂദൻ ഒരു പെരുംകള്ളനായിരുന്നുവെങ്കിലും ഈ കാര്യത്തിൽ നിരപരാധിയായിരുന്നു. പച്ചവെള്ളമാണു് മുപ്പായിരം വരാഹന്നു വിററതു് എന്നു് അവൻ അറിഞ്ഞിരുന്നില്ല. പക്ഷെ അവൻ ആ വിവരം ബോധിപ്പിച്ചപ്പോൾ കാദി നെററി ചുളിക്കുകയും "ഇവനെ ഒട്ടും താമസിയാതെ ഇവിടെനിന്നു കൊണ്ടുപോയി നി

ങ്ങൾക്കു ബോധിച്ചതു ചെയ്തുകൊൾക. ഈ മാതിരി നേരസ്ഥന്മാൎക്കു തക്കതായ സമ്മാനം കൊടുപ്പാൻ ഷിറാസ്സിലെ ജനങ്ങൾക്കറിയാമല്ലൊ” എന്നു കല്പിക്കുകയും ചെയ്തു.

അവർ അവനെ വലിച്ചിഴച്ചു കൊണ്ടുപോയി അസത്യമായ വാക്കുകൾ പറഞ്ഞും, മുഖത്തു തുപ്പിയും, അടിച്ചും, ഇടിച്ചും, ഒട്ടേറെ ദണ്ഡിപ്പിച്ചതിന്റെ ശേഷം ഒരു പലകമേൽ ചാരിനിൎത്തി മേലൊക്കെ ഇരുമ്പാണി തറച്ചു. പേൎഷ്യാരാജ്യത്തു ചതിക്കുററത്തിന്നു ഈമാതിരി ശിക്ഷയായിരുന്നു അക്കാലത്തു നടപ്പുണ്ടായിരുന്നതു്. യഹൂദൻ അങ്ങിനെ കുരിശിന്മേൽ മരിച്ചു. ഗൃദ്ധ്രങ്ങൾ വന്നു, ഹാമീദിന്റെയും ഹാജിബാവായുടേയും കണ്ണുകൾ കൊത്തിപ്പറിച്ചപോലെതന്നെ യഹൂദന്റെ കണ്ണുകളും കൊത്തിപ്പറിച്ചു.

“അന്യഥാചിന്തിതം കാൎയ്യം ദൈവമന്യത്ര യോജയേൽ
രാജകന്യാമിലാഷേണ രാത്രൌ ഭല്ലൂകഭക്ഷണം”.

—:o:—

## ൨. കുഞ്ചുനമ്പൂരിയുടെ രണ്ടാംവേളി.

അച്ഛൻനമ്പൂരിപ്പാടു്—കുഞ്ചു കാട്ടുന്നതു വലിയ കടുപ്പം തന്നെയാണു്. ആ ലക്ഷണം തികഞ്ഞ കുട്ടിയെ കഷ്ടപ്പെടുത്താനുള്ള കാരണഭൂതൻ ഞാനായല്ലൊ. അതു വിചാരിച്ചു് എനിക്കു സുഖക്കേടു സഹിക്കുന്നില്ല. തോററശ്ശിരി വിചാരിച്ചാലേ ഇനി ഒരു നിവൃത്തി കിട്ടൂ. മനഃപൂൎവ്വം ഉത്സാഹിക്കണം. ക

ഞ്ചുവിന്നു തോററശ്ശീരിയെ അത്ര പഥ്യമാണെന്നെനിക്കറിയാം.

തോററശ്ശീരിനമ്പൂരി—ഓഹോ! ഞാൻ കഴിയുന്നതു സഹായിക്കാം. നമ്പൂരിയുടെ കല്പനയുണ്ടായാൽ ഞാൻ കുഞ്ചുനമ്പൂരിയുടെ ഭാവം നോക്കാറില്ലെന്നു വേളികാൎയ്യത്തിൽ തന്നെ അറിവുണ്ടല്ലൊ. ആ ബുദ്ധിയുള്ളാത്ത സാധു അന്തൎജ്ജനത്തിന്റെ മനഃക്ലേശം ആലോചിക്കുമ്പോൾ കഴിയാത്ത കാൎയ്യത്തിന്നും കൂടി ചാടിപ്പുറപ്പെടാൻ എനിക്കു തോന്നുന്നുണ്ടു്. എന്തെല്ലാമാണു സ്ഥിതികൾ?

അ-ന—അതൊന്നും പറയേണ്ട. ഞാൻ സ്വകാൎയ്യമായി വെച്ചിരിക്കയാണ്. സേകം കഴിഞ്ഞശേഷം കുഞ്ചുവും പത്നിയുമായി അടുത്തു കണ്ടിട്ടില്ല. ഞാൻ വളരെ ശാസിച്ചുനോക്കി. നേരിട്ടുപറഞ്ഞാൽ ഉത്തരമില്ല. അല്ലാഞ്ഞാൽ ദുൎന്ന്യായം പറഞ്ഞയയ്ക്കും. വലിയ ബുദ്ധിമുട്ടായി.

തോ-ന—ദുൎന്ന്യായങ്ങളോ? അതെന്തെല്ലാമാണ്?

അ-ന—പലതുമുണ്ടു്. മുല്ലശ്ശേരിടം എത്ര ഊററക്കാരാണ്? അതൊന്നും ആലോചിക്കാതെ ആയാളുടെ ചാച്ച ആഭിജാത്യത്തിന്നു പോരാതെയായി എന്നാണ് ഒരു വാദം. ഗൃഹം തികഞ്ഞ ആഢ്യന്മാരുടെ ഇല്ലങ്ങളിൽനിന്നേ വേളി പാടുള്ളൂ എന്നുവെച്ചാൽ അതു് എപ്പോഴും സാധിക്കുന്നതാണോ? ചെറുപ്പക്കാരായ നിങ്ങളാൽ ചിലർ അവാന്തരവിവാഹത്തിന്നുകൂടി ഘോഷംകൂട്ടുന്ന ഇക്കാലത്തു കുററവും കുറവുമില്ലാത്ത

ആ വിഡ്ഢൽകുടുംബവുമായുള്ള ചാൎച്ചയെപ്പററി അധിക്ഷേപിക്കുന്നതിൽ എന്താണു ന്യായം? പിന്നെ കുട്ടിക്കു സൌന്ദൎയ്യവും പോരത്രെ. അതു് ആ വിഡ്ഢ്യാൻെറ കണ്ണിലുള്ള വ്യാധികൊണ്ടാണെന്നേ ആൎക്കും തോന്നുള്ളൂ. താൻ രണ്ടാംവേളി കഴിച്ചുകളയാമെന്നാണു് ആയ്യാൾ ഇലപ്പള്ളിയോടു പറഞ്ഞയച്ചതു്. അതു തോന്നുള്ളപ്പോൾ ഉണ്ടാവില്ല. പക്ഷെ ഇല്ലത്തു സന്താനം വേണ്ട.

തോ-നാ—(അല്പം ചിരിച്ചുകൊണ്ടു്) ഒടുവിൽ പറഞ്ഞ കാൎയ്യത്തിൽ കുഞ്ചുനമ്പൂരി കാരക്കാരനാകുമോ?

അ-ന—(കുറെ ഉറക്കെ) തോററശ്ശീരി പറഞ്ഞതു മനസ്സിലായി. ഞാൻ രണ്ടാംവേളി കഴിച്ചതിനെപ്പററിയാണു്. എന്നാൽ ഞാൻ അവരെ ഒരുപോലെ സംരക്ഷിക്കുന്നു. പുറമെ രണ്ടു് അമ്പലവാസി സ്ത്രീകളേയും രണ്ടു നായർസ്ത്രീകളേയും ബാന്ധവിക്കുന്നതുകൊണ്ടു് എന്നെ ആളുകൾ കുററം പറയുന്നതു ഞാനറിയും. ആവാമെന്ന ദിക്കിൽ നല്ല സ്ത്രീകളുള്ളപ്പോൾ എന്തിനു സുഖമനുഭവിക്കാതിരിക്കുന്നു. അവരെ നമ്മുക്കു വിധിച്ചിട്ടുള്ളതല്ലേ? രണ്ടുമുറി കൊടുപ്പാൻ കഴിയുന്ന കാലവുമാണു്. അതിന്നു പുറമെ ഒന്നരണ്ടെണ്ണം ഇവിടെ അടിമകളുമല്ലേ? അതിനാൽ ബാന്ധവങ്ങളെല്ലാം നടത്തിപ്പോരുന്നു എന്നേ ഉള്ളൂ. എന്നാൽ മാസംപ്രതി അകത്തു് ആൎത്തവം കഴിഞ്ഞാൽ ഒന്നോ രണ്ടോ ദിവസം ഞാൻ അകത്തു കിടക്കാതിരിക്കാറില്ല. ഗൃഹസ്ഥൻെറ മുറ അത്രയല്ലേ ഉള്ളൂ?

അതിന്നു് ഒന്നാമത്തെ ഉദാഹരണം അവൻതന്നെയാണല്ലോ? കുഞ്ചുവിന്റെ സ്ഥിതി ഇങ്ങിനെയൊന്നുമല്ല. അവന്റെ പിറന്നാൾദിവസം പത്നിയെ കുടിക്കനീർ കൊടുക്കാൻകൂടി സമ്മതിച്ചില്ല. അതെന്റെ ഉള്ളിൽ വല്ലാതെ തട്ടിയിരിക്കുന്നു. ഇതെല്ലാം മര്യാദയാണെന്നോ? തേററശ്ശിരി നല്ലവണ്ണം ഒന്നു പറയൂ.

'പറഞ്ഞുനോക്കാം' എന്നും പറഞ്ഞു തേററശ്ശേര തല്ക്കാലം പിരിഞ്ഞുപോയി. വാഴപ്പുറം മന സ്വത്തുകൊണ്ടും അവസ്ഥകൊണ്ടും കേരളത്തിൽ കേളികേട്ടതും അച്ഛൻനമ്പൂരിപ്പാട കാരണവനുമാണു്. അദ്ദേഹത്തിന്നു് അറുപത്തഞ്ചു പ്രായമുണ്ടു്. രണ്ടു പുരുഷസന്താനമുള്ളതിൽ കുഞ്ചുനമ്പൂരിപ്പാട ജ്യേഷ്ഠനാണു്. അദ്ദേഹം സമാവത്തനത്തോടുകൂടി ഒരു വാരിയത്തു ചുററം തുടങ്ങി. അതു തനിക്കും കുറച്ചൊരു വേഴ്ചയുള്ള തറവാടായതിനാൽ അച്ഛൻ അശേഷം അലൌകികം ഭാവിച്ചില്ല. അങ്ങിനെ സേവ മൂത്തു. ഉത്തമനിലയിലുള്ള ബാന്ധവം അതായി. എന്നാൽ ഇടയ്ക്കു 'പോയിവരുന്ന' വിടുകൾ വേറെ അസംഖ്യമുണ്ടുതാനും! അങ്ങിനെ കുഞ്ചുനമ്പൂരിപ്പാടു് അത്തരക്കാരിൽ പലരെപ്പോലെ ഒരു വലിയ സ്ത്രീലമ്പടനായിത്തീൎന്നു. സ്വജാതിസ്ത്രീകളിൽ വിരക്തനുമായി. അകായിലുള്ളവരുടെ ഉടുപ്പു്, നടപ്പു്, ആഭരണം ഇവയെപ്പററി വലിയ പുച്ഛമാവുകയും താൻ ഇത്ര അപരിഷ്കൃതമായ ആ ജനത്തിൽനിന്നൊന്നിനേയും സ്വീകരിക്കുന്നതല്ലെന്നു തന്റെ പല പ്രേമ

ഭാജനങ്ങൾക്കും വാക്കുകൊടുക്കുകയും ചെയ്തു. പിന്നെയാണ് അച്ഛന്റെ നിർബ്ബന്ധം സഹിക്കാഞ്ഞയാൽ വിവാഹക്രിയ നടത്തേണ്ടിവന്നത്. അതിന്നുശേഷമുള്ള സംഗതികൾ മേൽവിവരിച്ചതിൽനിന്നറിയാമല്ലൊ. മുല്ലശ്ശേടത്തിൽനിന്നുള്ള വേളി എല്ലാംകൊണ്ടും ആനരൂപമായിട്ടുണ്ട്. ശ്രീദേവിയെന്നു പേരായ കുഞ്ചുനമ്പൂരിപ്പാട്ടിലെ കുട്ടിയന്തർജ്ജനം തറവാട്ടിലേക്കു ശ്രീദേവിതന്നെയാണ്. സ്വഭാവം അതിവിശേഷം. വിവാഹം നന്നെ ചെറുപ്പത്തിൽ കഴിഞ്ഞതാകയാൽ കുറെക്കാലം ഭൎത്താവിനെക്കൊണ്ടുള്ള ആവശ്യമറിയാതെ അഹങ്കാരമായി കഴിഞ്ഞുകൂടി. ഈ കഥ നടന്ന കാലത്തേക്കു അന്തൎജ്ജനം 'കണ്ണീരും കയ്യുമായി' കഴിയുന്നമട്ടായിത്തീരുകയാൽ അടുക്കള നിർവ്വഹണത്തിലുള്ള നിഷ്കൎഷക്ക് അഴിവുതട്ടിത്തുടങ്ങിയിരിക്കുന്നു.

തോററശ്ശേരി ത്രിവിക്രമൻനമ്പൂരി ചെറുപ്പക്കാരനാണെങ്കിലും അറിവുകൊണ്ടും ഔചിത്യംകൊണ്ടും വലിയ വൃദ്ധനായിട്ടുണ്ട്. ഏതു തരക്കാരേയും അഭിപ്രായം ഭേദിപ്പിച്ചു തന്റെ ഇഷ്ടത്തൊത്ത വഴിയിലാക്കി നടത്തുവാൻ ത്രിവിക്രമന്നുള്ള സാമൎത്ഥ്യം ഒന്നു വേറെതന്നെയാണ്. നമ്പൂരിപ്പാടുമായി സംസാരിച്ചതിന്റെ പിറേറ ദിവസം ഇടനേരം ത്രിവിക്രമൻനമ്പൂരി മനക്കലെത്തി. അദ്ദേഹത്തെ കുഞ്ചുനമ്പൂരിപ്പാട് ചായക്കു ക്ഷണിച്ചു തന്റെ പത്തായപ്പുരയിൽ കൊണ്ടുപോയി. തോററശ്ശേരിനമ്പൂരി മനക്കൽ ചെല്ലുന്ന ദിവസങ്ങളിലെല്ലാം ചായ തന്റെ ആ സ്നേഹിതന്റെ കൂടെയാ

ണ പതിവ്. ചായയ്ക്കുശേഷം വെടിയുടെ വട്ടമായി. 'ഇന്നലെ നേരം വൈകിയതിനാൽ ബുദ്ധപ്പെട്ടുപോയതാണ്' എന്നു തുടങ്ങി അച്ഛൻനമ്പൂരിപ്പാട്ടിലെ അന്തസ്സത്തമെല്ലാം മഹനെ ത്രിവിക്രമൻ നമ്പൂരി അറിയിച്ചു. കുഞ്ചുനമ്പൂരിപ്പാട കഠിനമായി എതൃവാദം ചെയ്യാതിരുന്നില്ല. അവർ തമ്മിൽ പറഞ്ഞതെല്ലാം ഇവിടെ വിവരിപ്പാൻ പ്രയാസം. എന്നാൽ ഇടയ്ക്കുണ്ടായ ചില നേരമ്പോക്കുകൾ വായനക്കാരിൽനിന്നു മറച്ചുവെക്കാൻ എനിക്കു ധൈര്യവുമില്ല.

തോ-ന—അങ്ങിനെ മതിയോ? അച്ഛൻെറ ഹിതം അനുസരിക്കേണ്ടതു മുറയല്ലേ?

കു-ന—അതുതന്നെയാണ് എൻെറ ഇച്ഛ. അച്ഛനുവേളി രണ്ടു കൂടാതെ അനേകം ബാന്ധവങ്ങളുണ്ട്. ഞാനത്രയൊപ്പിച്ചിട്ടില്ലല്ലൊ. മക്കൾ തന്നെപ്പോലെയായിത്തിരാനല്ലെ അച്ഛനമ്മമാർക്ക് ആഗ്രഹമുണ്ടാവുക? പക്ഷേ ഈ നടവടികൊണ്ട് അച്ഛനു രാജയക്ഷ്മാവു പിടിപ്പെട്ടു. അതു കൂടാതെ കഴിപ്പാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ട്.

* * * *

തോ-ന—ആ കുട്ടിയുടെ കഥ അങ്ങ് ആലോചിക്കാത്തതു വലിയ കഷ്ടംതന്നെ. പ്രകൃതി വളരെ വിശേഷമാണ്. ആകൃതിക്കും അശേഷം ദോഷമുണ്ടായിരുന്നില്ല. പുറമെ തറവാട്ടിലേക്ക് ഐശ്വര്യദേവതയല്ലേ? ജാതകം അതിവിശേഷം! നോക്കിച്ചപ്പോൾ ഭ്രമിച്ചു ഞാനുണ്ടായിരുന്നു. സ്ത്രീജാതകത്തിൽ ഒന്പ

താമടമാണല്ലോ നന്നാവേണ്ടതു്. അതു് ഇത്ര നന്നായിട്ടു് ഒരു ജാതകം അടുത്തകാലത്തൊന്നും കണ്ടിട്ടില്ലെന്നു കോരുകുട്ടി തീർച്ചയായി പറഞ്ഞിരിക്കുന്നു. ഏഴാമടത്തിന്നും നല്ല പുഷ്ടിയുണ്ടു്. നലാമടവും അഞ്ചാമടവും അതിശയമാണു്.

കു-ന—നൂറാമടമോ ഇരുനൂറാമടമോ എത്ര എടമെങ്കിലും നന്നാവട്ടെ. ഈ വക കള്ളക്കണിശന്മാരുടെ കളവു വെളിച്ചത്താക്കുവാനാണു ഞാനും ഉറച്ചതു്. ഞാനിങ്ങിനെ ഉറച്ചിരുന്നാൽ താൻ പറയുന്ന അഞ്ചാമടവും മററും ഏതു നിലയിലാവുമെന്നു കാണാമല്ലോ?

ഒടുവിൽ ഇല്ലത്തു സന്താനം വേണമെങ്കിൽ രണ്ടാംവേളി വേണമെന്നു കുഞ്ചുനമ്പൂരി ഉറച്ചുപറഞ്ഞു. അതു ശ്രീദേവി അന്തർജ്ജനത്തിന്റെ അച്ഛനും മററും എത്രമേൽ സങ്കടകരമായിയെന്നു പറയേണ്ടതില്ലല്ലോ. തപസ്വിയായ അദ്ദേഹം തന്റെ ഉപാസനാമൂർത്തികളെയെല്ലാം വിളിച്ചിരുന്നു.

അച്ഛൻനമ്പൂരിപ്പാടു, തറവാടു നശിക്കുന്നതാണെങ്കിലും മകന്റെ രണ്ടാംവേളിക്കു സമ്മതിക്കുന്നതല്ലെന്നു് ഉറച്ചുപറഞ്ഞു. എന്നാൽ അച്ഛനെ അറിയിക്കാതെ വേളികഴിക്കുക! പിന്നെ സമ്മതമായ്ക്കൊള്ളും. തരംപോലെയായിവരണം! എന്നെല്ലാം സ്നേഹിതന്മാർ പറഞ്ഞുറച്ചശേഷം അതു നടത്തേണ്ടുന്ന ഭാരമെല്ലാം ത്രിവിക്രമൻ നമ്പൂരിതന്നെ കയ്യേല്ക്കുകയാണുണ്ടായതു്.

തന്റെ ധർമ്മപത്നിയാവാൻ തുടങ്ങുന്ന കന്യകയിൽ അവശ്യം ഉണ്ടാവേണ്ടുന്ന ചില ഗുണങ്ങളെപ്പ

ററി കുഞ്ചനമ്പൂരിപ്പാട നിഷ്കൎഷിക്കുകയും തിരഞ്ഞെടുപ്പിനുള്ള ഭാരം കിട്ടിയതോടുകൂടി ത്രിവിക്രമൻ സക്കീട്ടിന്നിറങ്ങുകയും ഒന്നു രണ്ടുമാസങ്ങൾക്കുള്ളിൽ മടങ്ങിയെത്തുകയും ചെയ്തു. പോയകാൎയ്യം നേടിയെന്നു വന്നുടനെ മുഖം കൊണ്ടറിയിച്ചുശേഷം തോററശ്ശിരി രാത്രിയിൽ അത്താഴം കഴിഞ്ഞു കുഞ്ചുനമ്പൂരിപ്പാട്ടിലോട യാത്രയെപ്പററി വൎണ്ണിച്ചുകൊണ്ട് അധികനേരം ഉറക്കമൊഴിച്ചിരുന്നു.

കു-ന—താൻ വലിയ കേമൻതന്നെ. മുക്കിൻകാട്ട തന്റെ മകളെ ആലുവായി പുഴക്കു വടക്കോട്ട കടത്തില്ലെന്നു ശപഥം ചെയ്തതായി ഞാനറിയും. അയാളെ പാട്ടിലാക്കിയല്ലോ. വസ്തുത പറയാണെങ്കിൽ നമ്മുടെ സമുദായത്തിൽ അങ്ങിനെ ഒരു കുട്ടി മാത്രമേ വേണ്ടില്ലെന്നു പറയാനുള്ളു എന്നു കേട്ടിട്ടുണ്ട്. താൻ ഇക്കാൎയ്യത്തിൽ 'തോററശ്ശീരി'യായിത്തന്നെ മടങ്ങിവരുമെന്നാണ് എനിക്കു വിശ്വാസമുണ്ടായിരുന്നത്.

തോ-ന—എന്റെ ഇല്ലപ്പേരിനു നമ്പൂരി വിചാരിച്ച അൎത്ഥമല്ല ഉള്ളത്. 'തോററം' എന്നൊന്നു കേട്ടിട്ടില്ലേ? നായന്മാരും, മണ്ണാന്മാരും ശാസ്താവിനേയും കുട്ടിച്ചാത്തനേയും വിളിച്ചുവരുത്തുന്നതിനാണ് 'തോററം' എന്നു പറയുക. അതുതന്നെയാണ് ഞാനും ഉപയോഗിച്ചത്.

കു-ന—വഴി ദൂരമായ്പ്പോയി. വണ്ടി ഇറങ്ങിയാൽ എത്ര പോണം?

തോ-ന — ഇരിപത്തിരണ്ടു കല്ലുണ്ടു്. ഇടയിൽ രണ്ടു കടത്തുള്ളതിൽ ഒന്നു വലിയതാണു്. 'ഓമ്മംകള്ളി' കടവാണു് കടക്കേണ്ടതു്. സഞ്ചാരിവണ്ടികൂടി കിട്ടില്ല.

കു-ന — തോററശ്ശീരി ഒരുമിച്ചുണ്ടെങ്കിൽ ഒന്നിന്നും ബുദ്ധിമുട്ടില്ലെന്നു് എനിക്കുറപ്പുണ്ടു്.

അധികം വൈകാതെ മറെറാരു കാരണം പറഞ്ഞു കുഞ്ചുനമ്പൂരിപ്പാടും തോററശ്ശീരിനമ്പൂരിയും മനസ്സൽനിന്നിറങ്ങി. മുരുക്കിൻകാടില്ലം നൂറുനാഴിക ദൂരത്തല്ലേ? ഇടയ്ക്കു കുറേദൂരം തീവണ്ടിക്കൂടിയില്ലെങ്കിൽ എന്തായിരുന്നു സ്ഥിതി? അടിയന്തരത്തിന്നു വേണ്ടുന്ന ആളുകളേയും ഒരുക്കങ്ങളും മുരുക്കിൻകാട്ടുനമ്പൂരി ശരിപ്പെടുത്തിക്കൊള്ളുമെന്നു തോററശ്ശീരി പോയി ശട്ടം ചെയ്തതനുസരിച്ചാണു് അവർ രണ്ടാളും മാത്രമായി യാത്ര ചെയ്തതു്. ഒരു വാല്യക്കാരനൊ കൂട്ടന്നതുകൂടി അനാവശ്യമാണെന്നായിരുന്നു തോററശ്ശീരി അഭിപ്രായപ്പെട്ടതു്.

തീവണ്ടിയിറങ്ങിയശേഷം കല്ലുവണ്ടിയിലായി യാത്ര. പുറപ്പെട്ടതുമുതല്ക്കുതന്നെ മുരുക്കിൻകാടില്ലത്തെ മഹിമയും കന്യകയുടെ ബുദ്ധിവിശേഷവുമായിരുന്നു സംസാരവിഷയം. അതൊഴിച്ചു മറെറാരു കാൎയ്യം അത്ര ദൂരത്തിന്നിടയിൽ പ്രസ്താവിക്കാനിടവന്നിട്ടില്ല. കുഞ്ചുനമ്പൂരിപ്പാട്ടിലെ നാലുപാടും പോയിരുന്ന ആലോചനകൾ തിരികെ വന്നു രണ്ടാംവേളിയിലുറച്ചുനിന്നു. അച്ഛന പണ്ടെങ്ങുപണ്ടേ സിദ്ധിച്ചിട്ടുള്ള 'പരസ്ത്രീരസികൻ' എന്നുള്ള കുപ്രസിദ്ധി താനെയായി ഇല്ലായ്മചെയ്യാനിടവരു

മെന്നു വിചാരിച്ച് ഇടയ്ക്കിടയ്ക്കദ്ദേഹം സന്തോഷിക്കയുമുണ്ടായിരുന്നു. അങ്ങിനെ 'കാളംകള്ളി' കടവെത്തി.

കടവത്തു വലിയൊരു ചങ്ങാടവും ചെറിയൊരു കടത്തുതോണിയുമാണുള്ളത്. ചങ്ങാടത്തിൽ മ്ലേച്ഛജാതികൾ തിങ്ങിക്കൂടുന്നതു കണ്ടു തോണിയിൽ കടക്കകയെന്നായിരുന്നു ബ്രാഹ്മണയുവാക്കൾ നിശ്ചയിച്ചത്. തോററശ്ശിരി വലിയ തുഴയൽകാരനാണെന്നു നമ്പൂരിപ്പാട്ടിലേയ്ക്കു നിശ്ചയമുണ്ട്. 'തിരുമേനികളെക്കൊണ്ടാവില്ലെ'ന്നുള്ള കടത്തുകാരന്റെ ശാപത്തെ വകവെയ്ക്കാതെ ചുക്കാനുമായി തോററശ്ശിരി തോണിയിൽ കയറി. വഴിയെ നമ്പൂരിപ്പാടും. കുറച്ചു പോയപ്പോഴയ്ക്കും തോണി ഓളത്തിൽ പെട്ടുലകി കളിയായി. വെള്ളം കുറേശ്ശ അകത്തു കടന്നു. നമ്പൂരിപ്പാട്ടിലേയ്ക്കു ഭയം കലശലായി. തോററശ്ശിരിയ്ക്കും അക്കരെ തോൽമ പററുമോ എന്നു ഭയം തോന്നി. ഉറക്കെ നിലവിളിച്ചു. കടത്തുകാർ ദൂരത്തുനിന്നു ചങ്ങാടം ഇവരുടെ നേരെ തിരിച്ചു. കുറെ നേരത്തിന്നു മുങ്ങാറായ തോണിയെ നമ്പൂരി മുങ്ങാനയയ്ക്കാതെ കൌശലത്താൽ തുഴഞ്ഞുനിർത്തിയെങ്കിലും ഒടുവിൽ മറിഞ്ഞുപോയി. ഒന്നുമുങ്ങി; എന്നാൽ നമ്പൂരിപ്പാട് ത്രിവിക്രമൻ നമ്പൂരിയുടെ പിടിയിലുണ്ടായിരുന്നു. അപ്പോഴയ്ക്കു ചങ്ങാടം അടുത്തെത്തി. രണ്ടുപേരും അതിലേയ്ക്കു പകന്നു കരപററുകയും ചെയ്തു.

തോററശ്ശിരിക്കു കോട്ടമൊന്നും പററിയിരുന്നില്ല. എന്നാൽ നമ്പൂരിപ്പാട്ട സ്വബോധം വിട്ടിരുന്നു. ഉടനെ

നമ്പൂരിപ്പാട്ടിലെ അകത്തു കടന്ന വെള്ളമെല്ലാം ചില തന്ത്രങ്ങളെടുത്തു പുറത്താക്കി. തേററംഗ്ഗീരി ഒരു വണ്ടി പിടിച്ചു കുഞ്ചുനമ്പൂരിപ്പാട്ടിലോടുകൂടി മടങ്ങുകയാണുണ്ടായതു്. ഒരു തീവണ്ടിസ്റ്റേഷനു സമീപത്തായി തേററംഗ്ഗീരിനമ്പൂരിക്കു ചാൎച്ചയുള്ള ഒരില്ലമുണ്ടു്. അവിടെയാണെത്തിച്ചേൎന്നതു്. ആ ഇല്ലത്തുള്ളവർ വളരെ മൎയ്യാദയും ഔദാൎയ്യവുമുള്ള കൂട്ടത്തിലാണു്. ഉടനെ നമ്പൂരിപ്പാട്ടിലേക്കു വേണ്ടുന്ന ചികിത്സ തുടങ്ങുകയും വാഴപ്പുറംമനക്കലേക്കു വിവരത്തിന്നു് ആളെ അയക്കുകയും അച്ഛൻനമ്പൂരിപ്പാടും മററുവേണ്ടവരും പിറേറദിവസംതന്നെ എത്തിച്ചേരുകയും ചെയ്തു. വിവരമെല്ലാം തേററംഗ്ഗീരി പറഞ്ഞപ്പോൾ അച്ഛൻ വല്ലാതെ വ്യസനിച്ചുവെങ്കിലും കണ്ണിൽകൊള്ളാൻ വന്നതു മുഖത്തായി തീരുമെന്നു കരുതി ആശ്വസിച്ചു. കുഞ്ചുനമ്പൂരിപ്പാട്ടിലേക്കു വൈഷമ്യമില്ലെന്നു കണ്ടു. പക്ഷേ പനികലശലായുണ്ടായിരുന്നതിനാൽ ബോധം വന്നിട്ടില്ല.

കുഞ്ചുനമ്പൂരിപ്പാടു സ്വബുദ്ധിയോടെ ലോകം കണ്ടതു് ഒരു പകൽ നാലുമണിക്കാണു്. അദ്ദേഹം കണ്ണുമിഴിച്ചു നോക്കുമ്പോൾ കാതിൽ ചിററു നെററിയിൽ വരക്കുറിയുമായ ഒരു ചെറിയ മുഖം കാണപ്പെട്ടു. ആ മുഖം സൌമ്യമാണെങ്കിലും തല്ക്കാലം പരവശവും കണ്ണീർകൊണ്ടു കലുഷവുമായിരുന്നു. മററാരും കിടക്കുന്ന മുറിയിലില്ലെന്നറികയാൽ കോമളമായ ആ ചെറുദേഹത്തെ കൈകൊണ്ടു തൻെറ ദേഹത്തോടു ചേൎത്തുകൊണ്ടു നമ്പൂരിപ്പാടു ചിലതെല്ലാം പറഞ്ഞു. ക്ഷീണ

ത്താൽ അദ്ദേഹത്തിന്റെ വാക്കുകൾക്ക് അത്ര വ്യക്തത വരാത്തതിനാൽ ബാഷ്പം തൂകുകയാണ് ഒരു തന്നിരത്തം ഉത്തരം കൊടുത്തത്. അതിന്നുശേഷം കുഞ്ചുനമ്പൂരിപ്പാട്ടിലേക്കു ക്രമത്തിൽ ഭേദം കണ്ടുതുടങ്ങി. പനി വിട്ടു. ക്ഷീണവും കുറഞ്ഞുവന്നു. ശുശ്രൂഷകളെല്ലാം തന്റെ ധർമ്മപത്നിയായ ശ്രീദേവി അന്തർജ്ജനം ചെയ്തെങ്കിലേ പത്ഥ്യമാവുള്ളു എന്ന നിലയായി.

രണ്ടുദിവസം കഴിഞ്ഞ ശേഷം ത്രിവിക്രമൻനമ്പൂരി അടുത്തു ചെന്നു ചിരിച്ചുകൊണ്ടു 'പുഴ കടന്നു പോയെങ്കിൽ ഇപ്പോൾ സ്ഥിതിയെന്തായിരുന്നു എന്നു ചോദിച്ചു. അപ്പോഴാണു കുഞ്ചുനമ്പൂരിപ്പാട്ടിലേക്കു കാര്യം മനസ്സിലായതു്. താൻ രണ്ടാംവേളിക്കായി പുറപ്പെട്ടശേഷമെല്ലാം അതുസംബന്ധമായ വിചാരംതന്നെ ഉള്ളിൽ തിങ്ങിയിരുന്നു. തോറാസ്ത്രീയുടെ സംസാരങ്ങൾ ഉറപ്പിക്കയാണു ചെയ്തതു്. തോണി മുങ്ങുമ്പോഴും അന്യവിചാരമില്ല. പിന്നെ പ്രജ്ഞയുണ്ടായതു മൂന്നുദിവസം കഴിഞ്ഞിട്ടാണല്ലോ. ആ സമയം രണ്ടാംവേളികഴിച്ച പത്നിയെയാണു മുമ്പിൽ കാണുന്നതെന്നാണ് ആദ്യത്തിലുണ്ടായ വിചാരം. പിന്നെ അതിനു വിപരീതമായി ഒന്നും ഉള്ളിൽ കടക്കാനിടവന്നിട്ടില്ല. തന്റെ പ്രിയതമ ചെയ്യുന്ന ഉപചാരങ്ങളെ പ്രീതിപൂർവ്വം ശ്ലാഘിക്കുന്നതിനല്ലാതെ മറ്റുള്ള ആലോചനകൾക്കൊന്നിനും കലശലായ ക്ഷീണതയിലുൾപ്പെട്ടിരുന്ന അദ്ദേഹത്തിന്നു ശക്തി വന്നിട്ടില്ല. പുഴയിൽ മുങ്ങുമ്പോ

ളുണ്ടായിരുന്ന ഓൎമ്മ നിമിത്തം രണ്ടാംവേളി കഴിഞ്ഞു വെന്നു് അരികിൽ അന്തൎജ്ജനത്തെ കണ്ടപ്പോൾ നിശ്ചയിച്ചു. ആ യുവതിയെ മുമ്പിൽ കാണുമ്പോളെല്ലാം തിരിഞ്ഞുപോകുന്ന സമ്പ്രദായമാകയാൽ അവളുടെ മുഖം സുകുമാരമാണെന്നോ ദേഹത്തിന്നു് അത്ര ലാവണ്യമുണ്ടെന്നോ വിചാരിപ്പാൻ കുഞ്ചുനമ്പൂരിപ്പാടിന്നു് അവസരമുണ്ടായിട്ടില്ല. ആ സ്വഭാവഗുണം സ്വപ്നത്തിൽകൂടി ആശിപ്പാനിടവരാത്ത വിധം അത്രമേൽ ഹൃദയംഗമവുമായിരുന്നു. ആരാണു തന്നെ ശുശ്രൂഷിക്കുന്നതെന്നും, എവിടെയാണു കിടക്കുന്നതെന്നുമെല്ലാം തോറശ്ശേരിനമ്പൂരിയുമായി സംസാരിച്ചശേഷമേ കുഞ്ചുനമ്പൂരിപ്പാട്ടിലേക്കറിവായുള്ളു. രണ്ടാഴ്ചക്കുശേഷം ദേഹത്തിന്നു നല്ല സുഖം വന്നു് അദ്ദേഹവും കുടുംബവും സ്വന്തം മനസ്സുപ്രേക്ഷ തന്നെ പോയി സുഖമായിരുന്നു. താൻ രണ്ടാംവേളികൊണ്ടുണ്ടാവാനാശിച്ചിരുന്ന സൌഭാഗ്യങ്ങളെല്ലാം നമ്പൂരിപ്പാട്ടിലേക്കു് ആദ്യത്തെ വേളിയിൽനിന്നുതന്നെ സിദ്ധിച്ചു. ശ്രീദേവിയുടെ ജാതകം ഒത്തതാണെന്നു നിശ്ചയിക്കുകയും ആ പുണ്യവതിയിൽ വളരെ കാലം അറപ്പും വെറുപ്പും വെച്ചതിനെപ്പററി പശ്ചാത്തപിക്കുകയും കുഞ്ചുനമ്പൂരിപ്പാടു് ഏകപത്നീവ്രതത്തോടെ പാൎത്തുവരികയും ചെയ്തു.

തോറശ്ശേരിനമ്പൂരി തോണി മുക്കിയതു കല്പിച്ചുകൂട്ടിക്കൊണ്ടാണെന്നു് ഒരു സംസാരവുമുണ്ടു്.

1 APR 1929
MADRAS

## ൨. സുഭാഷിണി

—

സുഭാഷിണി എന്നു പേരിട്ടപ്പോൾ അവൾ ഊമയായിത്തീരുമെന്നു് ആരെങ്കിലും ഊഹിച്ചിരുന്നോ? അവളുടെ സഹോദരിമാൎക്കു സുകേശിനിയെന്നും സുഹാസിനിയെന്നും പേരിട്ടിരുന്നതിനാൽ ഐകരൂപ്യത്തിന്നു വേണ്ടി അവരുടെ അച്ഛൻ തന്റെ കനിഷ്ഠപുത്രിയെ സുഭാഷിണിയെന്നു നാമകരണം ചെയ്തു. ചുരുക്കത്തിന്നു വേണ്ടി അവളെ 'സുഭ' എന്നും വിളിച്ചിരുന്നു.

'സുഭ'യുടെ മൂത്ത സഹോദരിമാർ രണ്ടു പേരെയും വളരെ പണച്ചിലവോടും പ്രാരബ്ധത്തോടും കൂടെയാണു വേളി കഴിച്ചുകൊടുത്തതു്. ഈ ഏളുയ കുട്ടിയുടെ വിവാഹകാൎയ്യമായിരുന്നു മാതാപിതാക്കന്മാരെ ഇപ്പോൾ പീഡിപ്പിച്ചിരുന്നതു്. അവളുടെ മൌനസ്വഭാവത്തെ ലോകർ നിൎവ്വികാരത്വമായി വ്യാഖ്യാനിച്ചു. അവളുടെ ഭാവിയെ കുറിച്ചു് അവൾ കേൾക്കെത്തന്നെ, അവർ ഉൽക്കണ്ഠയോടുകൂടെ വാദിച്ചു. തന്റെ ജനനം പിതൃഗൃഹത്തിന്നു് ആപൽസൂചകമാണെന്നു ചെറുപ്പംമുതല്ക്കേ മനസ്സിലാക്കിയിരുന്നതിനാൽ പുറമെയുള്ളവരുമായി കഴിയുന്നത്ര ഇടപെടാതെയാണു് അവൾ കഴിച്ചുകൂട്ടിയതു്. അവരൊക്കെ തന്നെപ്പറ്റി ചിന്തിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു! പക്ഷെ മനോവേദന എങ്ങിനെ മറക്കും? അവളുടെ അച്ഛനമ്മമാരുടെ ഹൃദയം രാവും പകലും അവൾ നിമിത്തമല്ലേ തപിച്ചുകൊണ്ടിരിക്കുന്നതു! വിശേഷിച്ചു്, അമ്മ അവളെ ഒരു ചിത്രപി

ണിയായിട്ടാണു കരുതാറു്. മകനേക്കാൾ മകളാണു് അമ്മയുടെ പ്രതിബിംബമെന്നു് കരുതാറുണ്ടല്ലോ. അതുകൊണ്ടുതന്നെയാണു മകളുടെ കുറവും കറവും അമ്മയ്ക്കു് നിരന്തരം അഭിമാനഭംഗത്തിന്നിടയാക്കിയതു്. അമ്മയ്ക്കു സുഭാഷിണി ഇപ്രകാരം ഒരു കളങ്കമായിട്ടാണു തോന്നിയതെങ്കിലും അവളുടെ അച്ഛൻ വാണീകാന്തന്നു് അവൾ അരുമക്കുട്ടിതന്നെയായിരുന്നു.

സുഭാഷിണിക്കു് ഉച്ചാരണശക്തിയില്ലായിരുന്നുവെങ്കിലും, 'അരാള'മായ ചില്ലിവല്ലികളാൽ കമനീയങ്ങളായ രണ്ടു നേത്രോല്പലങ്ങൾ അവളെ ആശ്രയിച്ചിരുന്നു. മനസ്സിൽ തോന്നുന്ന വിചാരങ്ങൾക്കനുരൂപമായി അവളുടെ അധരങ്ങൾ വിറച്ചുകൊണ്ടുമിരുന്നു.

നാം നമ്മുടെ വിചാരങ്ങളെ വാഗ്രൂപേണ പുറപ്പെടുവിക്കാൻ ശ്രമിക്കുമ്പോൾ പല പ്രതിബന്ധങ്ങളും നേരിടാറുണ്ടു്. ഭാഷയുടെ അവ്യക്തത നിമിത്തം പലപ്പോഴും പല അബദ്ധത്തിലും ചെന്നു ചാടുകയും ചെയ്യും. പക്ഷെ നീലോല്പലസദൃശങ്ങളായ നേത്രങ്ങളുടെ ശുദ്ധഭാഷ മനസ്സിലാക്കുവാൻ വ്യാഖ്യാനവും മററും ആവശ്യമില്ല. ആശയങ്ങളെ പ്രത്യക്ഷപ്പെടുത്തുവാനും മൂടിവെയ്ക്കുവാനും പ്രകാശിപ്പിക്കാനും ഇരുട്ടിൽ മറയ്ക്കാനും അവയ്ക്കു ത്രാണിയുണ്ടു്. അസ്തമയത്തിന്നടുത്ത ചന്ദ്രനെപ്പോലെ വിചാരങ്ങളെ സ്ഥിരമായി നിൎത്തുകയോ ആകാശമണ്ഡലത്തെ പ്രകാശമാനമാക്കുന്ന വിദ്യുല്ലതപോലെ ചഞ്ചലമായി നിൎത്തുകയോ ചെയ്യാനും അവയ്ക്കു പരിചയമുണ്ടു്. ജനനംമുതൽ ചുണ്ടുകളുടെ ചലന

ല്ലാതെ മററു യാതൊരു ഉച്ചാരണശക്തിയും ഇല്ലാത്ത ആളുകഠ നേത്രങ്ങളുടെ സഹായത്താൽ ഒരു പ്രത്യേക ഭാഷ ശീലിക്കേണ്ടിവരുന്നു. ആ നേത്രങ്ങളുടെ പ്രയോഗങ്ങഠ ഭാവരസത്തിൽ സീമയില്ലാത്തതും കടൽപോലെ അഗാധമായിട്ടുള്ളതും ഉദയാസ്തമയങ്ങളുടേയും പ്രകാശാന്ധകാരങ്ങളുടേയും വിലാസത്താൽ രമണീയമായ ആകാശമണ്ഡലംപോലെ ഏററവും വിശദമായിട്ടുള്ളതുമാണ്. സംസാരിക്കാൻ സാധിക്കാത്തവർ പ്രകൃതിയുടെ പ്രത്യേകസന്താനങ്ങളാകയാൽ അവക്ക് അനന്യസാധാരണമായ ഒരു മഹിമയുണ്ട്. അതുകൊണ്ടുതന്നെയാണു മററു കുട്ടികഠ സുഭാഷിണിയോടു കൂട്ടുകൂടാതെ അവളെ വിട്ടുമാറിക്കളഞ്ഞതു്. മദ്ധ്യാഹ്നത്തിലെ പ്രകൃതിപോലെ അവഠ നിശ്ശബ്ദതയിലും ഏകാന്തതയിലും കാലം കഴിച്ചു. അവളുടെ വാസസ്ഥലം ചണ്ഡിപുരം ഗ്രാമത്തിലായിരുന്നു. അവിടത്തെ പുഴ, ബങ്കാളത്തിലെ മഹാനദികളെ അപേക്ഷിച്ചു, നന്നെ ചെറുതായിരുന്നതിനാൽ ഒരു ഇടത്തരക്കാരൻെറ മകളെന്നപോലെ ഒതുക്കത്തിൽ ഒഴുകിക്കൊണ്ടിരുന്നു. അതു് ഒരിക്കലും കരകവിയുകയുണ്ടായിട്ടില്ല. അയൽഗ്രാമങ്ങളിലെ എല്ലാ വീടുകളിലേയും ഒരംഗമാണെന്നനിലയിൽ ആ നദി തൻെറ കൃത്യങ്ങളെ മുറപ്രകാരം നിറവേററി. രണ്ടുഭാഗത്തും വീടുകളും നടക്കാവുകളും ഉണ്ടായിരുന്നു. ഈ നദീദേവി, രാജകീയമായ തൻെറ സിംഹാസനത്തിൽനിന്നെഴുന്നേററു് ഓരോ വീട്ടിലേയും ഉദ്യാനദേവതയായിത്തീൎന്നു, പ്രസന്നതയോടുകൂടി ത

ൻറ അനുഗ്രഹകൃത്യങ്ങളെ നിരന്തരം നിൎവ്വഹിച്ചു പോന്നു.

വാണീകാന്തൻറ ഗൃഹം പുഴയ്ക്കഭിമുഖമായിരുന്നു. പുഴയിൽക്കൂടി തുഴഞ്ഞുപോകുന്ന തോണിക്കാൎക്കു കരയിലുള്ള സകല കുടിലുകളും വൈക്കോൽക്കൂണ്ടകളും നല്ലപോലെ കാണാം. തൻറ പണി കഴിഞ്ഞാൽ ഉടനെ സുഭാഷിണി പുഴക്കരയിൽ ചെന്നിരിക്കുക പതിവായിരുന്നു. ആ ലൌകികവിഭവങ്ങൾക്കിടയിൽ ഈ ചെറുകിടാവിനെ ആരാനും കണ്ടിരിക്കുമോ എന്നു പറയാൻ സാധിക്കില്ല. പക്ഷേ അവളുടെ മൂകതയെ ഈ സ്ഥലത്തു പ്രകൃതിദേവിതന്നെ നാമാവശേഷമാക്കി. നദീജലത്തിൻറ മൎമ്മരസ്വരവും ഗ്രാമീണരുടെ കളകളശബ്ദവും വഞ്ചിക്കാരുടെ പാട്ടുകളും പക്ഷികളുടെ കരച്ചിലും മരങ്ങളുടെ ഉലച്ചിലും ഒന്നിച്ചു ചേൎന്നു അവളുടെ ഹൃദയസ്പന്ദനത്തോട് അനുയോജിക്കുന്ന ഒരു അനുഭവത്തെ ജനിപ്പിച്ചു. ഈ ശബ്ദങ്ങളെല്ലാം ഒന്നായി അവളുടെ അസ്വസ്ഥചിത്തത്തെ ആശ്ലേഷിച്ചു. പ്രകൃതിയുടെ ഈ ചലനവും ശബ്ദവും ആയിരുന്നു അവളുടെ ഭാഷ. നീലാളകങ്ങളാൽ അലങ്കരിക്കപ്പെട്ട അവളുടെ നേത്രോല്പലങ്ങളുടെ വിലാസങ്ങളായിരുന്നു അവളെ ആവരണം ചെയ്യുന്ന ലോകത്തിൻറ ഭാഷ. കോകിലങ്ങൾ പാടിക്കൊണ്ടിരുന്ന മരം മുതൽ നിശ്ശബ്ദമായ ആകാശമണ്ഡലംവരെ ആംഗ്യങ്ങളും അടയാളങ്ങളും നിലവിളിയും നെടുവീൎപ്പും മാത്രമേ അവൾക്കു അനുഭവപ്പെട്ടുള്ളു. നാട്ടുച്ചക്കു വഞ്ചിക്കാരും മുക്കുവന്മാരും ഊണുകഴിക്കാൻ

പോവുകയും ഗ്രാമക്കാരുറങ്ങുകയും പക്ഷികൾ വിശ്രമിക്കുകയും കടവുതാണ്ണി അടങ്ങിക്കിടക്കുകയും ലോകം ഘൂണ്ണിത്തിരക്കു നിർത്തിവെച്ച ഭയങ്കരമായ ഒരു രാക്ഷസപ്രകൃതം കൈക്കൊള്ളുകയും ചെയ്തുകൊണ്ടിരിക്കവേ, വിശാലമായ ആകാശത്തിൻകീഴിൽ പൊരിയുന്ന വെയിലത്തു മൂകയായ പ്രകൃതിയും ഒരു ചെറിയ മരത്തണലിൽ മൂകയായ ഒരു ബാലികയും മാത്രമേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ.

പക്ഷേ സുഭാഷിണി തീരെ നിസ്സഹായയായിരുന്നില്ല. അടുത്തുള്ള തൊഴുത്തിൽ രണ്ടു പശുക്കളുണ്ടായിരുന്നു. അവളുടെ മുഖത്തുനിന്നു തങ്ങളുടെ പേരുകൾ ഉച്ചരിച്ചുകേൾപ്പാനുള്ള യോഗം അവയ്ക്കുണ്ടായിരുന്നില്ലെങ്കിലും അവളുടെ പദവിന്യാസം അവയ്ക്കു ബഹുപരിചയമായിരുന്നു. പ്രേമപൂർണ്ണമായ അവളുടെ അസ്ഫുടോക്തികൾ വിശദോച്ചാരണത്തേക്കാൾ എത്രയും ആനന്ദപ്രദമാകുംവണ്ണം അവ മനസ്സിലാക്കിയിരുന്നു. അവളുടെ ലാളനകളും അധിക്ഷേപങ്ങളും മനസ്സിലാക്കുവാൻ മനുഷ്യരേക്കാൾ അധികം ആ പശുക്കൾക്കാണു സാധിച്ചിരുന്നത്. സുഭാഷിണി തൊഴുത്തിനടുത്തു ചെന്ന്, അവയുടെ കഴുത്തിൽ കയ്യിട്ടാൽ അവ അവളെ സ്നേഹപുരസ്സരം സൽക്കരിക്കുകയും താലോലിക്കുകയും ചെയ്യുന്നതു കാണേണ്ട കാഴ്ചയാണ്. അവൾ ദിവസം മൂന്നു പ്രാവശ്യമെങ്കിലും അവയെ ചെന്നു കാണാതിരിക്കയില്ല. നിർദ്ദയമായ വല്ല വാക്കുകളും കേൾക്കാനിടയായാൽ അപ്പോഴും അവൾക്ക് ഊമകളായ ഈ ച

ങ്ങാതിമാരാണു ശരണം. അവളുടെ പ്രശാന്തവും അപ്രസന്നവുമായ മുഖഭാവത്തിൽനിന്നു് അവളുടെ തീവ്രമായ മനോദുഃഖം അവയും മനസ്സിലാക്കാറുണ്ടെന്നു തോന്നുന്നു. അടുത്തു ചെന്നു കൊമ്പുകൾകൊണ്ടു് അവളുടെ കൈ തലോടി അവളെ സമാധാനിപ്പിക്കുന്നതു് അവയ്ക്കു ബഹുപ്രിയമാണു്. ഈ പശുക്കൾക്കു പുറമെ അവളുടെ സഖികളായി ചില ആടുകളും ഒരു പൂച്ചക്കുട്ടിയും ഉണ്ടായിരുന്നു. പക്ഷെ സുഭാഷിണിക്കു, പശുക്കളോടുള്ളത്രതന്നെ സ്നേഹം അവയോടുണ്ടായിരുന്നില്ല. തരം കിട്ടുമ്പോഴെല്ലാം പൂച്ചക്കുട്ടി സുഭാഷിണിയുടെ മടിയിൽ ചാടിക്കയറി അവളുടെ കോമളാംഗുലികളുടെ സ്പർശനസുഖമേററുകൊണ്ടു സുഖനിദ്ര കൊള്ളാറുണ്ടു്.

വിശേഷബുദ്ധിയുള്ള ജീവികളുടെ കൂട്ടത്തിലും സുഭാഷിണിക്കു് ഒരു സഖാവുണ്ടായിരുന്നു. അവനു സംസാരിക്കാൻ സാധിച്ചിരുന്നതിനാൽ അവർ തമ്മിലുള്ള പെരുമാററങ്ങളിൽ ഒരു പൊതുഭാഷയില്ലാതെവന്നു. അടുത്തുള്ള 'ഗോസായി' കുടുംബത്തിലെ കനിഷ്ഠസന്താനമായിരുന്ന 'പ്രതാപൻ' പ്രകൃത്യാ അലസനായിരുന്നതിനാൽ അവൻ സ്വന്തപ്രയത്നംകൊണ്ടു ജീവിതം കഴിക്കുന്ന കാര്യം സന്ദിഗ്ദ്ധമാണെന്നു് അവന്റെ അച്ഛനമ്മമർ തീർച്ചപ്പെടുത്തി. പക്ഷേ ഒന്നിനും കൊള്ളാത്തവരെന്നു സ്വകുടുംബക്കാർ കരുതിപ്പോരുന്ന ആളുകൾ വല്ലവിധത്തിലും ബാഹ്യലോകത്തിന്റെ പ്രീതിക്കു പാത്രീഭവിക്കുന്നതായിട്ടാണു കാണുന്നതു്. അവക്കു പറയത്തക്ക ജോലിയൊന്നും ഇല്ലായ്കനിമിത്തം അവർ

പൊതുസ്വത്തായിത്തീരുന്നു. പൊതുവിലുള്ളവർ ശുദ്ധവായു ശ്വസിക്കാൻ സൌകര്യപ്പെടുന്ന ഒരു തുറന്ന സ്ഥലം നഗരപ്രദേശങ്ങളിൽ ആവശ്യമായി വരുന്നപോലെതന്നെ എല്ലാവർക്കും വേണ്ടി സമയവ്യയം ചെയ്യാൻ സാധിക്കുന്ന രണ്ടോ മൂന്നോ ആളുകൾ ഒരു ഗ്രാമത്തിൽ ആവശ്യമാണ്. വല്ലവർക്കും അലസതയോ മുഷിച്ചലോ തോന്നുമ്പോൾ അവരുടെ മൌഢ്യപരിഹാരത്തിന് ഈ തരക്കാർ ഉപകരിക്കാതിരിക്കയില്ല.

പ്രതാപന്റെ മുഖ്യത്തൊഴിൽ മീൻപിടിക്കലാണ്. ഈ കാര്യത്തിലാണ് അവൻ ഉച്ചതിരിഞ്ഞ സമയം മുഴുവൻ കളയാറ്. അതുനിമിത്തം അവനു സുഭാഷിണിയെ കൂടക്കൂടെ കാണ്മാനും തരമായി. അവൻ എന്ത് ഉദ്യമത്തിലായിരുന്നാലും വേണ്ടതില്ല കൂട്ടുകാരാരെങ്കിലും കൂടെ ഉണ്ടായിരിക്കണം എന്ന പക്ഷക്കാരനാണ്. മത്സ്യം പിടിക്കുമ്പോൾ, സംസാരിക്കാൻ സാധിക്കാത്ത ഒരു കൂട്ടുകാരിയെ കിട്ടാൻ കഴിഞ്ഞെങ്കിൽ അതിൽപരം ഭാഗ്യമെന്താണ്? പ്രതാപനു സുഭാഷിണിയുടെ മൌനവ്രതത്തെക്കുറിച്ചു വലിയ ബഹുമാനമായിരുന്നു. എല്ലാവരും അവളെ 'സുഭ' എന്നു വിളിക്കുന്നതിന്നു പകരം അവൻ 'സു' എന്നുമാത്രം വിളിക്കുന്നതാണ് അധികം സ്നേഹസൂചകം എന്നു തീച്ചപ്പെടുത്തി അങ്ങിനെ വിളിച്ചുപോന്നു. സുഭാഷിണി ഇരിക്കുന്ന പുളിമരത്തണലിൽനിന്ന് അല്പം അകലെ ഇരുന്നാണു പ്രതാപൻ ചൂണ്ടലിടാറുള്ളതു്. പ്രതാപൻ കൊണ്ടുവരുന്ന വെററില ചുരുട്ടി അവൾ അവനു മുറുക്കാനുണ്ടാ

ക്കിക്കൊടുക്കും. താൻ ഭൂമിക്കു ഭാരത്തിന്നായി മാത്രം പിറന്നവളല്ലെന്നും പ്രതാപനെ വല്ലവിധത്തിലും സഹായിക്കാൻ ആഗ്രഹമുള്ളവളാണെന്നും അവനെ മനസ്സിലാക്കിക്കൊടുത്താൽക്കൊള്ളാമെന്ന് അവൾ പലപ്പോഴും കാത്തിരുന്നു. പക്ഷേ എന്താണു ചെയ്യേണ്ടത് എന്ന് അവൾ അറിഞ്ഞിരുന്നതുമില്ല. ഏതെങ്കിലും ഒരനുഗ്രഹശക്തിയാൽ അവൾക്കു പ്രതാപനു വല്ല സഹായവും ചെയ്വാൻ സാധിച്ചിരുന്നെങ്കിൽ—!

സുഭാഷിണി കരപ്പുരസ്ത്രീയായിരുന്നെങ്കിൽ പുഴയുടെ അടിയിൽനിന്നു പൊന്തിവന്ന് ഒരു 'നാഗമണി' പ്രതാപന്റെ മുമ്പിൽ കാഴ്ചവെയ്ക്കുമായിരുന്നു. പ്രതാപൻ തന്റെ നിസ്സാരമായ മീൻപിടിക്കൽ നിൎത്തി, അധോലോകത്തിലേക്കിറങ്ങി അവിടെ രജതരാജധാനിയിൽ തങ്കക്കട്ടിലിന്മേൽ കിടന്നുല്ലസിക്കുന്ന സുഭാഷിണിയെ—വാണീകാന്തന്റെ മകളെ—അല്ല, രത്നമയമായ ആ നാട്ടിലെ രാജാവിന്റെ ഏകസന്താനത്തെ—കാണുമായിരുന്നു. പക്ഷെ അതൊക്കെ ഇപ്പോൾ അസാദ്ധ്യംതന്നെ. വാസ്തവത്തിൽ, കേവലം അസാദ്ധ്യമായിട്ടു യാതൊന്നും ഇല്ല. സുഭാഷിണിയുടെ ജനനം പാതാളപുരിയിലെ രാജധാനിയിലല്ലെന്നുമാത്രം! വാണീകാന്തന്റെ മകളായി പിറന്ന അവൾക്കു 'ഗംഗാസംയി' വംശത്തിൽ ജനിച്ച ആ യുവാവിനെ അത്ഭുതപ്പെടുത്തുവാനുള്ള സാമൎത്ഥ്യം ഇല്ലതന്നെ!

കാലക്രമത്തിൽ സുഭാഷിണി വളൎന്നുവന്നു. ക്രമത്തിൽ അവൾക്ക് ആത്മബോധവും ഉദിച്ചു. പെണ്ണ

മിനാളിൽ സമുദ്രമദ്ധ്യത്തിൽനിന്നു തള്ളിക്കയറുന്ന തിരമാലപോലെ അവളുടെ ഹൃദയാന്തരങ്ങളിൽ അനിർവ്വാച്യമായ ഒരു ബോധം പ്രബലമായി പ്രത്യക്ഷപ്പെട്ടു. പക്ഷേ അവൾ ആരാണെന്നുള്ള സംഗതിയെപ്പറ്റി തന്നെത്താൻ ചോദ്യംചെയ്തതിനു തക്കതായ ഉത്തരം കിട്ടിയില്ല.

ഒരിക്കൽ, ഒരു പൌർണ്ണമിനാൾ രാത്രി, നന്നെ വൈകിയപ്പോൾ അവൾ മെല്ലെ വാതൽ തുറന്നു പുറത്തേയ്ക്കു നോക്കി. സുഭാഷിണിയെപ്പോലെതന്നെ ഏകാകിനിയായിരുന്ന പ്രകൃതിദേവി ഉറങ്ങിക്കൊണ്ടിരുന്ന ഭൂമിയെ നിശ്ശബ്ദമായി നോക്കിനില്ക്കയായിരുന്നു. സുഭാഷിണിയുടെ ഹൃദയത്തിൽ സന്തോഷസന്താപങ്ങൾ വഴിഞ്ഞൊഴുകി. അവൾ തന്റെ ദുരന്തമായ ഏകാന്തതയുടെ സീമ കടന്നു പുറത്തെത്തി. തന്റെ ഹൃദയത്തിന്റെ ഭാരംനിമിത്തം അവൾ മൌനം അവലംബിച്ചു. മൌനവതിയായി, ചിന്താകുലയായി, സ്ഥിതിചെയ്തിരുന്ന പ്രകൃതിമാതാവിന്റെ സന്നിധിയിൽ അതേനില കൈക്കൊണ്ടു് ഒരു കന്യകയും നിന്നിരുന്നു.

അവളുടെ വിവാഹകാര്യം മാതാപിതാക്കന്മാരെ ചിന്താകുലരാക്കി. അവരുടെ അശ്രദ്ധ കണ്ടു് ആളുകൾ അവരെ ആക്ഷേപിക്കാനും അവരെ ജാതിയിൽ കൂട്ടുകയില്ലെന്നു ഭീഷണിപ്പെടുത്താനും തുടങ്ങി. പോരെങ്കിൽ വാണീകാന്തന്റെ സമ്പന്നസ്ഥിതിനിമിത്തം അയാൾക്കു ശത്രുക്കളും വേണ്ടത്ര ഉണ്ടായിരുന്നു. സ്ത്രീകളുടെ നിർബ്ബന്ധം സഹിക്കാൻ കഴിയാതെയായ

പ്പോൾ വാണീകാന്തൻ കുറെ ദിവസം ഒരു വരനെ അന്വേഷിച്ചുകൊണ്ടു പുറമെ പോയി. ഒടുവിൽ എല്ലാവരും കല്ക്കത്തക്കു പുറപ്പെടണമെന്ന തിപ്പോടുകൂടിയാണു മടങ്ങിവന്നതു്.

അപരിചിതമായ ഒരു ദിക്കിലേക്കു പോകാനുള്ള ഒരുക്കങ്ങൾ കണ്ടപ്പോൾ സുഭാഷിണിയുടെ ഹൃദയം മഞ്ഞിൽ മൂടിയ പ്രഭാതംപോലെ ബാഷ്പാകുലമായി. വളരെ നാളായി അവളുടെ ഹൃദയത്തിൽ എന്തോ അനിർവ്വാച്യമായ ഒരു ഭയം കടന്നുകൂടിയിരുന്നു. എങ്കിലും അച്ഛനമ്മമാരുടെ ഇഷ്ടത്തെ അവൾ ഗുണദോഷനിരൂപണം ചെയ്യാതെ അനുസരിച്ചുപോന്നു എന്നേ ഉള്ളു. എന്തോ ചില വിവരങ്ങൾ അറിവാനുള്ള ആഗ്രഹത്താലെന്നപോലെ അവൾ അവരുടെ മുഖത്തു സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. പക്ഷെ ഒരൊററ വാക്കെങ്കിലും അവരുടെ മുഖത്തുനിന്നു പുറപ്പെട്ടില്ല. ഒരുദിവസം ഉച്ചതിരിഞ്ഞ സമയം മീൻ പിടിച്ചുകൊണ്ടിരുന്ന പ്രതാപൻ അവളെ പരിഹസിച്ചുകൊണ്ടു പറഞ്ഞു. 'ഓഹോ! സുഭാഷിണിക്കു് ഒരു ഭർത്താവു വരാൻ പോകുന്നു അല്ലേ? പ്രതാപനെ തീരെ മറന്നുകളയരുതു്.' അവൻ വീണ്ടും മീൻപിടി തുടർന്നു. 'ഞാൻ എന്തു കുററം ചെയ്തു?' എന്ന ഭാവത്തിൽ നായാട്ടുകാരുടെ നേർക്കു നോക്കി നില്ക്കുന്ന മാൻപേടയെപ്പോലെ സുഭാഷിണി പ്രതാപന്റെ മുഖത്തേയ്ക്കു് ഒരു ദയനീയമായ നോട്ടം അയച്ചു. അതിൽപ്പിന്നെ അവൾ അവിടെ നിന്നില്ല. വാണീകാന്തൻ ഉച്ചയ്ക്കു് ഉറക്കംകഴിഞ്ഞു ചുരുട്ടു വലിച്ചുകൊണ്ടി

രിക്കുന്ന സമയത്തു സുഭാഷിണി അയാളുടെ കാല്ക്കൽ ചെന്നുവീണു നിലവിളിച്ചുതുടങ്ങി. മകളെ ആശ്വസിപ്പിക്കാൻ ചെയ്ത ശ്രമത്തിന്നിടയിൽ അയാളുടെ മുഖവും ബാഷ്പാഭിഷിക്തമായിത്തീൎന്നു.

പിറ്റെന്നു രാവിലെയായിരുന്നു കല്ക്കത്തക്കു പോകാൻ തീൎച്ചപ്പെടുത്തിയ ദിവസം. സുഭാഷിണി തൊഴുത്തിന്നരികെ ചെന്നു തന്റെ ബാല്യസഖികളായ പശുക്കളോടു യാത്ര പറഞ്ഞു. സ്വന്തം കൈകൊണ്ടു് അവക്കു തിന്നാൻ കൊടുത്തും തലോടിയും, മുഖത്തു നോക്കി കണ്ണീർ വാൎത്തും അവൾ അവയെ കുറെ നേരം ലാളിച്ചു. അന്നു ശുക്ലപക്ഷത്തിലെ ദശമി നാളായിരുന്നു. രാത്രിയായപ്പോൾ സുഭാഷിണി വാതിൽ തുറന്നു തനിക്കു് ഏററവും പ്രിയപ്പെട്ട നദീതീരത്തിൽ ചെന്നിരുന്നു. 'അമ്മേ എന്നെ വിട്ടയക്കരുതു്; എന്നെ മാറോടണച്ചു് ഇവിടെത്തന്നെ ഇരിക്കാൻ അനുവദിക്കണേ' എന്നു ഭൂമിദേവിയോടു യാചിക്കുന്ന ഭാവത്തിൽ അവൾ ആ പുൽത്തറയിൽ കിടന്നു

*  *  *  *

കുറെ ദിവസം കഴിഞ്ഞു കല്ക്കത്തയിലെ ഒരു ഗൃഹത്തിൽ സുഭാഷിണിയുടെ അമ്മ അവളെ അണിയിക്കുകയായിരുന്നു. തലമുടി കസവുനൂലുകൊണ്ടു മടഞ്ഞുകെട്ടുന്നു. ആഭരണങ്ങൾകൊണ്ടു് അവളുടെ ദേഹം പൊതിയുന്നു. എന്നുവേണ്ട അവളുടെ നൈസൎഗ്ഗികസൌന്ദൎയ്യത്തെ എങ്ങിനെയെല്ലാം കളങ്കപ്പെടുത്തുവാൻ കഴിയുമോ അങ്ങിനെയെല്ലാം അവർ ചെയ്യുന്നുണ്ടു്. സുഭാ

ഷിണിയുടെ കണ്ണുകളിൽനിന്നു ബാഷ്പധാര പ്രവഹിച്ചു തുടങ്ങി. അമ്മയുടെ ശകാരവഷം ബാഷ്പപ്രവാഹത്തെ തടയുവാൻ പര്യാപ്തമായില്ല. വധുവിനെ കാണാൻവേണ്ടി വരന്റെ വരവായി. യാഗത്തിന്നുഴിഞ്ഞിട്ട പശുവിനെ കൈക്കൊള്ളുവാൻ ദേവൻ വരുന്നതു കണ്ടപ്പോൾ മാതാപിതാക്കന്മാൎക്കുണ്ടായ ഭയവും പരിഭ്രമവും കുറച്ചൊന്നുമായിരുന്നില്ല.

മറയത്തുനിന്നുകൊണ്ട് അമ്മ ഉച്ചത്തിൽ ഉച്ചരിക്കുന്ന ശാസനകൾ അവളുടെ ബാഷ്പപ്രവാഹത്തെ അധികമാക്കിയതേയുള്ളു. വരൻ വധുവിന്റെ ആകൃതി ആകപ്പാടെ പര്യവേക്ഷണം ചെയ്തു 'തരക്കേടില്ല' എന്നഭിപ്രായപ്പെട്ടു.

അവളുടെ കണ്ണുനീരു കണ്ടപ്പോൾ ലോലഹൃദയയാണെന്ന് അവൻ തീരുമാനിച്ചു. മാതാപിതാക്കന്മാരുമായി അടുത്തുണ്ടാകാൻ പോകുന്ന വേർപാടു നിമിത്തം തൽക്കാലം തന്നെ ക്ലേശിക്കുന്ന ഹൃദയം കാലാന്തരത്തിൽ അവൾക്കുള്ള ഒരമൂല്യസമ്പത്തായി കലാശിക്കാതിരിക്കയില്ലെന്ന് അയാൾക്കു ബോദ്ധ്യമായി. ശുക്തിമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന മൌക്തികംപോലെ ബാലികയുടെ ബാഷ്പകണങ്ങൾ അവളുടെ വില വൎദ്ധിപ്പിക്കുന്നു എന്ന വിശ്വാസം അയാളിൽ ജനിച്ചു. വേറെ യാതൊരഭിപ്രായവും പ്രകടിക്കാതെ അയാൾ തിരിച്ചു പോയി.

പഞ്ചാംഗം നോക്കി നിശ്ചയിച്ച ഒരു സുമുഹൂൎത്തത്തിൽ വിവാഹം നടത്തി. ഉഗ്രമയായ ആ മകളെ അ

ന്യന്റെ കയ്യിൽ ഏല്പിച്ചു മാതാപിതാക്കന്മാർ സ്വഗൃഹത്തിലേക്കു തിരിച്ചു. ദൈവാധീനം! ഇഹലോകത്തിൽ അവരുടെ ജാതിക്കും പരലോകത്തിൽ അവരുടെ ഗതിക്കും തകരാറുകൂടാതെ കഴിഞ്ഞു. വരന്റെ ജോലിസ്ഥലം അവിടന്നു കുറെ പടിഞ്ഞാറായിരുന്നതിനാൽ, വിവാഹം കഴിഞ്ഞു് അധികം താമസിയാതെ വധൂസമേതനായി അയാൾ അങ്ങോട്ടുപോയി.

പത്തു ദിവസം കഴിയുംമുമ്പു വധുവിന്റെ 'മൂകത' പരസ്യമായി. ആരെങ്കിലും അറിഞ്ഞിട്ടില്ലെങ്കിൽ അതു് അവളുടെ കുററവുമല്ലല്ലോ. അവളുടെ കണ്ണുകളാൽ ഈ വാസ്തവം വെളിപ്പെടുന്നതായിരുന്നു. അതു മനസ്സിലാക്കാൻ ആളുകൾക്കു ത്രാണിയില്ലാത്തതിനു് അവൾ എന്തു ചെയ്യും? എവിടെ നോക്കിയാലും മൌനമാണു് അവളെ എതിരിട്ടതു്. തനിക്കു ജനനംമുതൽ പരിചയപ്പെട്ടിരുന്നവരും തന്റെ ഊമഭാഷ മനസ്സിലാക്കാൻ ത്രാണിയുള്ളവരും ആയ ജനങ്ങളുടെ മുഖം ഒന്നു കാണ്മാൻ അവൾ അത്യന്തം കൊതിച്ചു. നിശ്ശബ്ദമായ അവളുടെ ഹൃദയത്തിൽ നിരന്തരം മുഴങ്ങിക്കൊണ്ടിരുന്ന നിലവിളി ഇംഗിതജ്ഞനായ ജഗദീശ്വരനല്ലാതെ മററാർക്കും കേൾക്കാൻ സാധിച്ചില്ല.

## ഭദ്രദേവത.

---

ജാനകിക്കുട്ടിയുടെ സംബന്ധത്തിന്റെ ഒരുക്കങ്ങൾ വയൽക്കാട്ടു തറവാട്ടിൽ പണ്ടുണ്ടായിരുന്നതിലും വളരെ ഘോഷമായ നിലയിലാണു ചെയ്തുവന്നതു്. ബാരിസ്റ്റർ ശങ്കരമേനോനെ വരനായി കിട്ടിയതു് ആ തറവാട്ടിനു വലുതായ ഒരു സുകൃതമാണെന്നു് ആ തറവാട്ടിലെ എല്ലാം അംഗങ്ങളും വിചാരിക്കയും അഭിമാനിക്കയും ചെയ്തിരുന്നു. ഈ അഭിമാനം സംബന്ധത്തിനു പ്രായം തികഞ്ഞ പെണ്മക്കളുള്ളവരുടെ അസൂയയെ ആകർഷിക്കുകയും ചെയ്തിരുന്നു. വയൽക്കാട്ടുതറവാട്ടിൽ സന്തതിക്കുട്ടത്ത സമ്പത്തുണ്ടായിരുന്നില്ല. എന്നാലും സ്വന്തം മുതലോ വലിയ സമ്പാദ്യമോ ഇല്ലെങ്കിലും പരിഷ്കാരത്തിനൊത്തവിധം വലിയ പാസ്സുകാരനായ ശങ്കരമേനവനെ 'വയലിൽ കുടുക്കുവാൻ' പലരും കൈമടക്കേണ്ടിവന്നിട്ടുണ്ടു്. തറവാട്ടിലേക്കു കിട്ടുവാനിരിക്കുന്ന മഹിമയെ ആലോചിച്ചും ഒരു കുട്ടിക്കെങ്കിലും തരംപോലെ ഒരാൾ ഉണ്ടാവട്ടെ എന്നു മോഹിച്ചും സംബന്ധക്കാരനില്ലാത്ത ജ്യേഷ്ഠത്തിമാരെ ഗണിക്കാതേയുമാണു ജാനകിക്കുട്ടിയുടെ സംബന്ധത്തിനു കടം വാങ്ങീട്ടും ഒരുക്കുകൂട്ടിയതു്. സംബന്ധം നിശ്ചയിക്കുന്നതിനു മുമ്പു തന്നെ ശങ്കരമേനവനും സ്നേഹിതന്മാരും രണ്ടു മൂന്നു തവണ വയൽക്കാട്ടിൽ വന്നു് ഓരോ നേരം താമസിച്ചു പോയിട്ടുണ്ടു്. അന്നൊക്കെ ശങ്കരമേനവനു നല്ല അഭിപ്രായമുണ്ടാവാൻ വീട്ടുകാരെല്ലാവരും ഒത്തൊരുമിച്ചു

ശ്രമവും ചെയ്തിട്ടുണ്ട്. സ്വന്തം സുഖങ്ങളെ ബലികഴിച്ചും സമാവകാശപ്പെട്ട മുതൽ അധികമായി ചിലവഴിച്ചും ജാനകിക്കുട്ടിയുടെ സംബന്ധം മലയാളപരദേശസമ്മിശ്രമായ ഒരു പുതിയ സമ്പ്രദായത്തിൽ ആഘോഷമായിത്തന്നെ കഴിഞ്ഞുകൂടി. മാലയും മോതിരവും വസ്ത്രവും മൂന്നും ഉണ്ടായിരുന്നതിനാൽ പഴമക്കാൎക്കും പുതുമക്കാൎക്കും ഒരുപോലെ തൃപ്തിയായിട്ടുണ്ടാവണം. പതിനഞ്ചു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ജാനകിക്കുട്ടിക്കു തന്റെ ഭാവിയെ നന്നാക്കുവാൻ തന്റെ വീട്ടുകാർ ചെയ്ത പരിശ്രമങ്ങളുടെ ശരിയായ സ്വഭാവം മനസ്സിലാക്കുവാനുള്ള ശക്തിയുണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ.

* * * *

ജാനകിക്കുട്ടിക്ക് ഒന്നു രണ്ടു സന്താനങ്ങളുമുണ്ടായി. പ്രസവത്തിനു തറവാട്ടിൽ വരികയെന്ന സമ്പ്രദായം അനുസരിക്കുകകാരണം സംബന്ധത്തിനുശേഷം രണ്ടു തവണയായി അഞ്ചാറുമാസത്തിലധികം കാലം സ്വന്തം വീട്ടിൽ തന്നെ താമസിക്കേണ്ടിവന്നിട്ടുണ്ട്. ബാരിസ്റ്ററുടെ ഭാൎയ്യ വലിയ നാഗരികാംഗനയായതു മുതൽ തറവാട്ടിൽ തന്നെ ഭൎത്താവോടുകൂടിയും ഭൎത്താവില്ലാതേയും കഴിച്ചുപോരുന്നവരുടെ നിൎഭാഗ്യത്തിൽ സഹതപിച്ചുകൊണ്ടോ എന്തോ അറിഞ്ഞില്ല വീട്ടുകാരോടെല്ലാം ഒരു പുച്ഛരസമാണ് അവൾ കാട്ടിയിരുന്നതു്. വീട്ടുകാരാണെങ്കിൽ എല്ലാവരും ഗുരുലഘുത്വംകൂടാതെ ജാനകിക്കുട്ടിയുടെ ഇഷ്ടത്തെ കാത്തുനില്ക്കുകയും പതി

വായിരുന്നു. ജാനകിക്കുട്ടിയുടേയും കുട്ടികളുടേയും നഗരജീവിതത്തിനു യോജിച്ചവിധം എല്ലാം സൌകൎയ്യങ്ങളും തറവാട്ടിൽ ഉണ്ടാക്കിക്കൊടുക്കാൻ വീട്ടുകാർ നന്നെ ക്ലേശിച്ചിട്ടുണ്ടു്. തങ്ങളുടെ അത്യാവശ്യമായ സൌകൎയ്യങ്ങൾ കൂടി മറന്നു ജാനകിക്കുട്ടിയുടെ അനാവശ്യങ്ങൾക്ക വലിയ പ്രാധാന്യം കൊടുക്കുന്നതു കാണുമ്പോൾ വീട്ടിനുള്ളിൽ അല്പാല്പം പിറുപിറുപ്പുണ്ടാകാതിരുന്നില്ല. എന്നാൽ ഇതൊക്കെ വരാൻപോകുന്ന വലിയ ഛിദ്രത്തിന്റെ അസ്ഥിവാരത്തിന്നടിയിലിടുന്ന കല്ലുകളായി പരിണമിച്ചതേയുള്ളു. തറവാട്ടിന്നു ജാനകിക്കുട്ടിമൂലം ഉണ്ടാവാനിരിക്കുന്ന ഗുണഗണങ്ങളെ ആലോചിക്കുകകാരണം ജാനകിക്കുട്ടിയുടെ പ്രഭാവവും അവൾ മൂലം ഉണ്ടാകുന്ന അധികച്ചിലവും എല്ലാവരും വിസ്മരിക്കയാണു ചെയ്തതു്.

*                *                *                *

ഇതിനിടക്കു വയൽക്കാട്ടുതറവാട്ടിൽ വേറെയും രണ്ടു സംഭവങ്ങളുണ്ടായി. ഒന്നു കൊച്ചുണ്ണി വക്കീൽപരിക്ഷ ജയിച്ചതും മറെറാന്നു കുഞ്ഞുലക്ഷ്മിയെ കൃഷ്ണൻകുത്താവു സംബന്ധം കഴിച്ചതുമാണു്. ഈ രണ്ടു സംഭവവും രണ്ടുപ്രകാരത്തിലാണു തറവാട്ടിനെ ബാധിച്ചതു്. വക്കീൽ കൊച്ചുണ്ണിമേനവനു നഗരത്തിൽ പ്രത്യേകം ഒരു സ്ഥലവും അതിനു വേണ്ട മററു് ഉപകരണങ്ങളും ഉണ്ടാക്കിക്കൊടുക്കാൻ കടം വാങ്ങേണ്ടിവന്നു. പൊതുസ്വത്തിൽനിന്നു് ഒരാൾക്ക വേണ്ടി സ്കൂൾ ചിലവു തന്നെ ആറേഴായിരം ഉറുപ്പികയോളം ചിലവാക്കേണ്ടിവന്നുക

ഴിഞ്ഞിരിക്കുന്നു. ഇനി വക്കീൽജോലി ആരംഭിച്ച തറവാട്ടിന്നു ഖ്യാതിയും സമ്പത്തും ഉണ്ടാക്കേണ്ട കൊച്ചുണ്ണിക്കുവേണ്ടി രണ്ടോ മൂന്നോ ആയിരംകൂടി ചിലവഴിക്കാൻ മടിക്കാനുണ്ടോ? കനകം വിളയുന്ന വൃക്ഷമല്ലേ വളരുന്നതു്? ഈ വൃക്ഷത്തിന്നു വളമായി മാസംതോറും പഴയരിയും കൂട്ടാൻവെക്കാനും വണ്ടിയിൽ കയററി അയക്കാതിരുന്നാൽ വരാവുന്ന നഷ്ടവുംകൂടി വീട്ടുകാർ ആലോചിക്കാതിരുന്നില്ല. കൊച്ചുണ്ണിമേനവൻ മൂലം തറവാട്ടുമുതൽ ഒരു വഴിക്കു ചോർന്നുപോകുന്നതിന്നു പകരം കൃഷ്ണൻകർത്താവു് ആഭിജാത്യംനിമിത്തം വയൽക്കാട്ടുതറവാട്ടിലേക്കു വലിയ സഹായവുമായിത്തീർന്നു. പലഹാരമായിട്ടും കൂട്ടാൻവെക്കാനായിട്ടും മററും കർത്താവു ലോഭംകൂടാതെ കുഞ്ഞുലക്ഷ്മിക്കു് എത്തിച്ചുകൊടുത്തുതുടങ്ങി. ഇതൊക്കെ വീട്ടിലുള്ളവരെല്ലാം ഒരുപോലെ അനുഭവിച്ചുതുടങ്ങി. കർത്താവിനെപ്പററി വീട്ടുകാരൊക്കെ പുകഴ്ത്തിത്തുടങ്ങി. തറവാട്ടുമുതൽ വർദ്ധിപ്പിക്കുവാനുള്ള സഹായമൊന്നും കർത്താവിനെക്കൊണ്ടുണ്ടായില്ലെങ്കിലും ദിനചർയ്യ സുഖപ്രദമാകുവാൻ കാരണഭൂതനായ കർത്താവിനെ വീട്ടിന്നുള്ളിലുള്ളവർക്കൊക്കെ വലിയ ബഹുമാനവുമായി. ഓണത്തിന്നു് ഓണപ്പുട, വിഷുവിന്നു വിഷുക്കൈനീട്ടം, തിരുവാതിര തുടങ്ങിയ വിശേഷദിവസങ്ങളിൽ അതിന്നു യോജിച്ച ഉപകരണങ്ങൾ ഇതൊക്കെ ലോഭംകൂടാതെ ധനികനായ കർത്താവു സമ്മാനിച്ചുതുടങ്ങി. പൂരം ഉത്സവം മുതലായ ആഘോഷങ്ങൾ കാണ്മാൻ മോഹമുള്ളവർക്കൊക്കെ കർത്താവിന്റെ ചിലവിന്മേൽ

പോകാമെന്നായി. തറവാടിന്നുള്ളിൽ കിടന്നു പൊറുക്കേണ്ടുന്നവൎക്കു ഇതിലധികമായ ഒരു സഹായം മറ്റെന്താണുള്ളതു്.

* * * *

വക്കീലായാൽപിന്നെ വൈശ്രവണന്മാർ തങ്ങളുടെ മക്കൾക്കു വരനാകുവാൻ അന്വേഷിച്ചു പിന്നാലെ വരുമെന്നു മോഹിച്ചിരുന്ന കൊച്ചുണ്ണിമേനവൻ പല ദല്ലാളിമാരുടേയും വലയിൽ പെട്ടു് ഒടുവിൽ ഭാരപ്പെട്ട ഒരു ഭാൎയ്യയെയാണു തിരഞ്ഞു കണ്ടുപിടിച്ചതു്. കേസ്സില്ലാതെ തറവാടിനെ ആശ്രയിച്ചു കഴിയുന്ന വക്കീലിനെ ആശ്രയിപ്പാൻ വേറെ ചിലരുംകൂടിയുണ്ടായപ്പോൾ ആ കോട്ടവും തറവാട്ടിൽ തന്നെ കണ്ടുതുടങ്ങി. ബാരിസ്റ്റർ ജോലികൊണ്ടു ഗുണമില്ലായ്കയാൽ ഗവൎമ്മേണ്ടു ജോലിയിൽ ചേൎന്നാൽകൊള്ളാമെന്ന നിലയിലായിട്ടുണ്ടു്. വയൽക്കാട്ടുതറവാട്ടിൽ കൎത്താവു ചെയ്യുന്ന സഹായങ്ങൾ കണ്ണുകണ്ണികയാ ബാരിസ്റ്റരറിഞ്ഞപ്പോൾ "അഭിമാനംകൊണ്ടു കൎത്താവു ചാപല്യമാണു കാട്ടുന്ന"തെന്നു പറയുകയുണ്ടായി. കൎത്താവുകാരണം, ജാനകിക്കുട്ടി തറവാട്ടുകാരോടു വെറുത്തുതുടങ്ങി. തന്റെ പ്രഭാവം വീട്ടിൽ അത്ര ചിലവാകയില്ലെന്നും മനസ്സിലാക്കി. തന്റെ ആവശ്യങ്ങൾക്കെല്ലാം തറവാട്ടുകാരോടു ചോദിച്ചുവാങ്ങേണമെന്നു വരുന്നതു് അത്ര സുഖമായി തോന്നാത്ത കൊച്ചുണ്ണിമേനവൻ, സ്വാതന്ത്ര്യമായി തറവാട്ടുമുതൽ പെരുമാറുവാനുള്ള വല്ല നിയമവുമുണ്ടോയെന്നു വായിച്ചുനോക്കാനും തുടങ്ങി. കൎത്താവു ധൂൎത്തായി ചില

വിടുന്ന മുതൽ സൂക്ഷിക്കുന്ന പക്ഷം ആയത്തു മേലിൽ ത
നിക്കും കുട്ടികൾക്കും കാണത്തക്ക ഒരു മുതലായിത്തീരു
മെന്ന ബോധം കുഞ്ഞുലക്ഷ്മിക്കും ഉണ്ടായിത്തുടങ്ങി.
അത്യാവശ്യം ചിലർ ഈ ബോധം ഉണ്ടാവാൻ ഉപദേ
ശരൂപേണ സഹായിച്ചിട്ടില്ലെന്നും പറഞ്ഞുകൂടാ. ആക
പ്പാടെ വയൽക്കാട്ടുതറവാടിനെ പണ്ടത്തെപ്പോലെ ഉ
ന്നതസ്ഥിതിയിൽ കൊണ്ടുവരുവാൻ വളരെ നഷ്ടപ്പെട്ട
ആ തറവാട്ടുകാർ മനോരാജ്യത്തിൽ കെട്ടിയുണ്ടാക്കിയ
കോട്ടയുടെ സ്ഥിതി വളരെ ശോചനീയമായിത്തീൎന്നു.

* * * *

തറവാട്ടിനുള്ളിൽ ബാരിസ്റ്റർകക്ഷി, വക്കീൽക
ക്ഷി, കൎത്താവുകക്ഷി എന്നിങ്ങിനെ മൂന്നു കക്ഷികളെ
വെളിവായി കണ്ടുതുടങ്ങി. ഇതോടുകൂടി പരിഷ്കാരക
ക്ഷിയെന്നു ചെറുപ്പക്കാരുടെ ഒരു വിശേഷാൽകക്ഷിയും
ഉണ്ടായിത്തുടങ്ങി. ദിവസം ഇരുപത്തിനാലു മണിക്കൂറു
ള്ളതിൽ എട്ടു മണിക്കൂർ ഉറക്കത്തിനു തള്ളി ശേഷം പ
തിനാറു മണിക്കൂറുള്ളതിൽ പകുതിയിലധികം ഭാഗവും
പരിഷ്കാരത്തിനു ചിലവഴിക്കണമെന്നാണു് ഈ ക
ക്ഷികളുടെ വ്രതം. കുളി, കുറി, വസ്ത്രധാരണം ഈ മൂ
ന്നിനുംകൂടി എട്ടു മണിക്കൂറും പലതവണയുമായുള്ള ല
ഘുഭക്ഷണത്തിനും സല്ക്കാരത്തിനും ഉല്ലാസത്തിനു
മായി എട്ടു മണിക്കൂറും ശേഷം ഉറങ്ങുവാനും ഇങ്ങിനെ
ദിവസത്തെ മൂന്നായി ഭാഗിപ്പാനാണു പരിഷ്കാരികൾ
തീൎച്ചയാക്കിയതു്. ഇവർ എന്നും അനുകരണത്തിനു ക
ച്ചകെട്ടി പുറപ്പെട്ടവരായിരുന്നു. ബാലോപചാരണം ഗ

ഹകൃത്യം ഇതൊക്കെ ദാസികൾക്കും ദാസന്മാൎക്കും ഏല്പിച്ചുകൊടുത്തു. പരിഷ്കാരത്തിന്റെ ഫലമായ ലഘുഭക്ഷണം കായബലത്തെ ക്ഷയിപ്പിച്ചു രോഗമുണ്ടാക്കിത്തുടങ്ങി. ഈശ്വരവിചാരത്തിന്നു സമയമില്ലാതായി. സുഖസല്ലാപങ്ങൾക്ക് അധികം സമയം വ്യയം ചെയ്യുക കാരണം സന്തത്യുൽപാദനത്തിന്നു വളം കൂടിത്തുടങ്ങി. ശക്തിയില്ലാത്ത സന്തതികൾ വൎദ്ധിച്ചുതുടങ്ങി. ഡോക്ടർമാർ വൎദ്ധിക്കുന്നതിന്നനുസരിച്ചു രോഗികളുടെ എണ്ണവും വൎദ്ധിച്ചുവശായി. സ്വാതന്ത്ര്യദേവതയെ പൂജിച്ചുതുടങ്ങിയ മുതൽ സഹോദരിയായ ദരിദ്രദേവതയുടെ വിളയാട്ടം അധികമായി. ശിക്ഷാക്രമവും സമുദായക്കെട്ടൊക്കെ താറുമാറായി. സ്വതന്ത്രന്മാരെ അസ്വതന്ത്രന്മാരാക്കുവാനുള്ള നിയമങ്ങൾ ഒരോന്നോരോന്നായി പ്രചാരത്തിൽ വന്നുതുടങ്ങി. വയൽക്കാട്ടുതറവാട്ടു ഛിന്നഭിന്നമായി. ബാരിസ്റ്ററാക്കും വക്കീലിന്നും മൂലധനം വേറെ അന്വേഷിക്കാതെ കഴിഞ്ഞു. കുഞ്ഞുലക്ഷ്മിയും കൎത്താവും വേറെ താമസമാക്കി. താവഴിഭാഗംകൊണ്ടും ദരിദ്രംകൊണ്ടും തീരാതെ വന്നപ്പോൾ ആളോഹരിഭാഗമായി. ഒററഭാഗം പലരേയും പെരുവഴിയിലാക്കി. കയ്യിലുള്ളതു മുഴുവനും പോയപ്പോൾ വയൽക്കാട്ടുതറവാട്ടിലെ അംഗമാണെന്ന അഭിമാനം പലൎക്കും നിലനിൎത്താൻ തരമില്ലാതെവന്നു. ദുൎന്നടപടികൾ പലതും ശീലിക്കാതെ ജീവനെ നിലനിൎത്തുവാൻ തരമില്ലെന്ന മട്ടിലായി. ദരിദ്രദേവതയുടെ വിളയാട്ടം അതിന്റെ പൂൎണ്ണാവസ്ഥയിലെത്തി. ഒരു കാലം ഏകയോഗക്ഷേമമായ സ്വ

ത്തും കുടുംബത്തിൽ ഒപ്പം വളൎന്നവരെ കാണുക എന്നതു ചിലൎക്കൊക്കെ മനോവേദനയ്ക്കും കാരണമായിത്തീൎന്നു. പണ്ടത്തെ വയൽക്കാട്ടുതറവാട്ടുസ്ഥലം ശൂന്യഭൂമിയുമായിത്തീൎന്നു.

## 5. ഒരു മദിരാശി യാത്ര.

പുരുഷന്മാർ പ്രയത്നിക്കുക, സ്ത്രീകൾ പിറുപിറുക്കുക ഇങ്ങിനെയാണു ലോകസ്വഭാവം. ബാങ്കു ഗുമസ്തനായ ഇട്ടിക്കോമപ്പണിക്കർ പതിന്നാലു കൊല്ലം ഇടവിടാതെ അദ്ധ്വാനിച്ചിട്ടും വിശേഷിച്ചൊന്നും സമ്പാദിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണു ഭാൎയ്യയായ കുമ്മിണിയമ്മയുടെ പിറുപിറുക്കലിനുള്ള കാരണം.

കുമ്മിണിയമ്മക്കു ഒരു മദിരാശിയാത്ര കഴിച്ചാൽ കൊള്ളാമെന്നു മോഹം തുടങ്ങിട്ടു വളരെ കാലമായി. പത്തു കിട്ടിയാൽ ഒമ്പതും ഭാൎയ്യക്കു കൊടുക്കാറുള്ള പണിക്കൎക്കു അവരുടെ ഈ ആഗ്രഹം സാധിപ്പിക്കാൻ ഇതേവരെ കഴിഞ്ഞില്ല. മറക്കുവാനുള്ള കാലമായിരിക്കുന്ന പുടമുറിക്കല്യാണം മുതൽ കുമ്മിണിയമ്മയുടെ 'മഷിനോട്ടം' വരെ കാൎയ്യത്തിൻെറ സ്ഥിതി ഇങ്ങിനെയായിരുന്നു. പക്ഷെ അവരുടെ ഈ മഷിനോട്ടം മനോരാജ്യത്തിലായിരുന്ന മദിരാശിയാത്ര വാസ്തവത്തിലാക്കിത്തീൎത്തു.

എന്നാൽ ഏററവും നടനസാമൎത്ഥ്യമുള്ള ഒരു സ്ത്രീ ഇങ്ങിനെയുള്ള അവസരങ്ങളിൽ രംഗത്തിൽ കാണിക്കു

ന്നതുപോലെ കമ്മിണിയമ്മ മോഹാലസ്യപ്പെടുകയോ സന്തോഷംകൊണ്ടു ഭർത്താവിനെ കെട്ടിപ്പിടിക്കയോ കാല്ക്കൽ വീഴുകയോ ഒന്നും ചെയ്കയുണ്ടായില്ല. അവർ പണിക്കരുടെ ആപ്പീസുമുറിയിലുള്ള ഒരു മേശയുടെ ചുവട്ടിലുള്ള ഒരു കൊളുത്തു തിരിച്ച് ഒരു പലക നീക്കിയപ്പോൾ ഉതിന്ന് ഇരുപതു പവനും എടുത്തു തന്റെ മടിശ്ശീലയിൽ ഇട്ടു ഭർത്താവിന്റെ വരവും കാത്തു നിന്നു.

പണിക്കർ അന്നു വരാൻ പതിവിലധികം വൈകി. സ്വതേതന്നേ—കന്നമലയാളത്തിൽ പറകയാണെങ്കിൽ—'ഒരു പുളിച്ച നാട്ട്യ'മുള്ള പണിക്കർ അന്നത്തെ തണുത്ത ചായയും തോലുപോലെയുള്ള റൊട്ടിയും കഴിച്ചപ്പോൾ തിക്തകം കഷായം സേവിച്ചാലത്തെപ്പോലെ മുഖംകൊണ്ടു ഗോഷ്ഠി കാണിച്ചു. ചായ കഴിഞ്ഞ ഉടനെ കമ്മിണിയമ്മ ഭർത്താവിന്റെ സമീപം ചെന്നുനിന്ന് 'എനിക്ക് ഏതാണ്ടു പറയാനുണ്ടു' എന്നു പറഞ്ഞു.

പണിക്കർ—എന്താതു! പറയൂ.

കമ്മിണിയമ്മ മുണ്ടിന്റെ തലകൊണ്ടു മുക പൊത്തി വലിയ ശബ്ദത്തോടുകൂടി രണ്ടു ചുമ ചുമച്ചു.

"എന്തു ചുമയാണു ചുമയ്ക്കുന്നതു്" എന്നു ചുണ്ടിന്റെ രണ്ടു വക്കം കീഴ്പോട്ടാക്കി പണിക്കർ പറഞ്ഞു.

കമ്മി—പറയുമ്പോലെ എനിക്കു ചുമയുടെ അസ്ക്യത നന്നേഉണ്ട്. സൂക്ഷിക്കാത്തതുകൊണ്ട് അതു പിന്നേയും പിന്നേയും അധികമായിട്ടാണു വരുന്നതു്. അതിന്നു ഞാൻ ഒരു മരുന്നാണു കണ്ടേക്കണ്—എന്താ മനസ്സിലായില്ലേ?

പണിക്കർ ചുണ്ടിന്റെ വക്കുകൾ പിന്നേയും കീഴ്പോട്ടു തള്ളി ഒന്നു ചീററിയതേയുള്ളൂ.

കുമ്മി— എന്താ മനസ്സിലായില്ലേ?

പണി— (വളരെ ഗൌരവത്തോടുകൂടി) വല്ല കർപ്പൂരതൈലമോ സ്മെല്ലിംഗ് സാൾട്ടോ ഉപയോഗിക്കണം.

കുമ്മി— തേരേടെ മൂടാണ്. കണ്ണിൽ കണ്ട സക്കാരുമരുന്നൊന്നും കൂടാതെതന്നെ മാററാൻ വഴിയുണ്ടോ എന്നു നോക്കട്ടെ.

പണി— ശരി, അങ്ങിനെതന്നെയാണു വേണ്ടതു്. "തന്നേ വന്നതു തന്നേ പോകും" എന്നുണ്ട്. "ഈശ്വരൻ വരുത്തിയതു് ഈശ്വരൻതന്നെ മാററിക്കൊള്ളും." പക്ഷെ "സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട" എന്നില്ലേ? സൂക്ഷിക്കാതെ വരുന്നതിന്നു് ഈശ്വരനെ കുററപ്പെടുത്തിക്കൂടാ. "നാം പാതി ദൈവം പാതി" എന്നാണല്ലോ. അതുകൊണ്ടു ചെയ്യേണ്ടതു ചെയ്യണം; എന്നിട്ടു് ഈശ്വരനെ കുററം പറയാം. വരുവാനുള്ളതു വഴിയിൽ തങ്ങില്ല. പിന്നെ—

കുമ്മി— മതിമതി, എനിക്കു കേട്ടു മുഷിഞ്ഞൊടുങ്ങി. നിങ്ങൾ ആകപ്പാടെ ഒരു വിഡ്ഢ്യാനാണു്. ഞാൻ പറഞ്ഞതു് ഒരസ്സു മനസ്സിലായില്ല.

പണി— നിങ്ങൾക്കു സ്ഥലം മാറിത്താമസിച്ചാൽ കൊള്ളാമെന്നുണ്ടായിരിക്കും.

കുമ്മി— (മടിശ്ശീലയിലേക്കു നോക്കി) അതന്നെ, അതന്നെയാണു് ഞാൻ പറഞ്ഞതു്.

പണി—ശരിയാണു്, അതു നല്ലതാണു്. "ദൂരം ചെന്നാൽ വേദം വിട്ടു" എന്നുണ്ടല്ലൊ.

കമ്മി—(ദേഷ്യത്തോടുകൂടി) അ് തുടങ്ങി, കാറമാവസ്ഥാതിരിക്കൂ. വല്ല ചവറുപെണ്ണുങ്ങൾ വല്ലതും പറേണ് കേട്ടിട്ടായിരിക്കും—അതൊക്കെ എന്നോടു വന്നു പറയുന്നു.

പണി—ആട്ടെ, ഇന്നുതന്നെ നിങ്ങളുടെ അമ്മയ്ക്കു് എഴുതിക്കളയാം. നിങ്ങൾക്കു കുട്ടികളോടുംകൂടി ഒരു മാസം അമ്മയൊന്നിച്ചു താമസിച്ചാൽകൊള്ളാമെന്നുണ്ടെന്നു് എഴുതിക്കളയാം. അമ്മക്കും അതു വലിയ സന്തോഷമായിരിക്കും. ആലുവായിൽ ഇപ്പോൾ താമസിക്കുന്നതിനു നല്ല കാലമാണു്. വെള്ളവും നന്നു—തോയംപായം—ഓ. വേണ്ട.

കമ്മിണിയമ്മ ഒന്നു പുഞ്ചിരിയിട്ടു. വലിയ ചിലവൊന്നുംകൂടാതെ ഭാര്യയുടെ ആഗ്രഹം സാധിപ്പിക്കാം എന്നുവെച്ചു പണിക്കർക്കും കുറെ കൃതാർത്ഥതയ്ക്കു വകയുണ്ടായി. കമ്മിണിയമ്മ മഷിയും തൂവലും കടലാസ്സും എടുത്തു മേശപ്പുറത്തു വെച്ചു "ഇപ്പോൾതന്നെ എഴുതില്ലേ? പറയണപോലെ അമ്മക്കും ബഹു സന്തോഷമുണ്ടാവും."

പണി—എന്നാൽ എന്താണു് എഴുതേണ്ടതു്? എഴുതാനുള്ള സാമർത്ഥ്യം നിങ്ങൾക്കുതന്നെയാണു്. നിങ്ങൾക്കു വളരെ ഫലിതത്തോടും മനോധർമ്മത്തോടുംകൂടി എഴുതുവാൻ കഴിയും. അതുകൊണ്ടു പറഞ്ഞുതരൂ, ഞാൻ എഴുതാം.

കമ്മി—എഴുതിക്കോളൂ, പറഞ്ഞുതരാം. ആദ്യം 'ശ്രീ' എന്നു വെക്കണം. "നിങ്ങൾ എന്നേം കുട്ട്യോളേം കൊണ്ടു മസ്ദ്രാസിക്കു പോകാൻ നിശ്ചയാക്കിയിരിക്കുന്നു. ഈശ്വരാനുക്രം ഉണ്ടെങ്കിൽ (ഈശ്വരാനുക്രം എന്നു വെക്കാൻ മറക്കരുതേ. അമ്മസ്സ് അതിൽ ബഹു എഷ്ടക്കൂട്ടാണു) വരുന്നു"

പണിക്കർ ചുണ്ടു കുതിരക്കുളമ്പിന്റെ ആകൃതിയിലാക്കി "എന്ത്! മദിരാശിക്കോ! നമ്മൾ മദിരാശിക്കല്ലല്ലോ പോകുന്നത്. എന്തിനാണ് ആ വയസ്സായ സ്ത്രീയെ പറഞ്ഞു പറ്റിക്കുന്നത്? എനിക്ക് ഈ കളവെഴുതുവാൻ പ്രയാസമാണ്.

കമ്മി—കളവ് എഴുതേണ്ട. നേരുതന്നെ എഴുതിയാൽ മതി. അതോണ്ട് അമ്മേം ഒന്നിച്ചു വരാൻ എഴുതൂ.

പണി—അപ്പോൾ പണമോ? എന്റെ കയ്യിൽ ഒരു കാശുമില്ല. ഉടുപ്പായിട്ടും മുണ്ടായിട്ടും മറ്റതായിട്ടും മറിച്ചതായിട്ടും ഒരു പൈപോലും സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ലെന്നു ഞാൻ പല തവണയും പറഞ്ഞിട്ടില്ലേ?

കമ്മി—ഉവ്വ്, പല തവണയും. അതോണ്ട് ഇത്തവണ ചോദിക്കണില്ല. അതു ഞാൻ വല്ലോണും ഉണ്ടാക്കിക്കൊള്ളാം എന്നു പറഞ്ഞു മടിശ്ശീല ഒന്നു കുലുക്കി. പത്തിരുപതു പവൻ ഉതിരുന്ന കണ്ടിട്ടു പണിക്കർ വായ പൊളിച്ചു പെട്ടെന്നെഴുന്നേറ്റു.

കമ്മി—അവിടെ ഇരിക്കൂ; എങ്ങടാണു പോണ്?

പണിക്കർ ഇരുന്നു 'എന്റെ ഷ്ക്രൂ' എന്നു പറഞ്ഞു.

കമ്മി—എന്റെ എന്ത്?

പണി—ഒന്നുമല്ല, ഞാൻ തരുന്ന സ്വല്പസംഖ്യ കൊണ്ട് ഇത്ര വളരെ സമ്പാദിച്ചുവല്ലൊ എന്നുവെച്ച് അത്ഭുതപ്പെടുകയാണ്. നമുക്ക് എന്നാൽ മദിരാശിക്കു പോകാം. അമ്മയും കൂടെ ഇരിക്കട്ടെ. കുറെ ദിവസം പൊടിപൊടിച്ചുകൂടാം.

കമ്മി—അങ്ങിനെ പറയൂ. നിങ്ങൾക്ക് ഇമ്മിണി കാരോ എന്തുകൂട്ട് ഉണ്ടെങ്കിലും വാക്കു പറഞ്ഞാൽ ഇളക്കുന്ന ആളല്ല. ഇതാ പണം; കയ്യിൽ വെച്ചോളൂ. നിങ്ങൾക്ക് എന്നെ അത്രക്കേ ഉള്ളു എന്നിച്ചാലും നിങ്ങളെ എനിക്കു നല്ല വിശ്വാസോണ്ട്. എന്റെ കയ്യിന്നെങ്ങാനും പണം പോയാൽ വലിയ മാരണമായിത്തീരും.

പണി—ശരിയാണ്; ഇത്ര വലിയ സംഖ്യ കളവുപോയാൽ ഉടമസ്ഥന്റെ വ്യസനം എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ എന്നു പറഞ്ഞു തന്റെ പതിന്നാലു കൊല്ലത്തെ സമ്പാദ്യമായ ഇരുപതു പവനും വാങ്ങി കുപ്പായക്കീശയിലിട്ടു ചുണ്ട് അർദ്ധചന്ദ്രാകാരമാക്കി ദീർഘമായി ഒന്നു നിശ്വസിക്കയും ചെയ്തു.

* * * *

എല്ലാവരും മദിരാശിക്കു പുറപ്പെട്ടു. വഴിക്കു പറയത്തക്ക വിശേഷങ്ങളൊന്നും ഉണ്ടായില്ല. ശീട്ടു മേടിക്കാൻ മറക്കയാകട്ടെ, സാമാനങ്ങൾ വെച്ച് അന്ധാളിക്കയാകട്ടെ, വണ്ടി തെറ്റുകയാകട്ടെ, ആളുകളുടെ തിരക്കുകൊണ്ടു ബുദ്ധിമുട്ടുകയാകട്ടെ ഒന്നുമുണ്ടായില്ല. പക്ഷെ എവിടെയോ ഒരു ദിക്കിലെത്തിയപ്പോൾ വണ്ടി

ഒരു ഭാഗത്തേക്കു ചെരിഞ്ഞിട്ടാണു പോകുന്നതെന്നു കുമ്മിണിയമ്മയ്ക്കു തോന്നി. വണ്ടി മറഞ്ഞേക്കുമോ എന്നു് അവർ ഭയപ്പെട്ടു. ക്ഷണത്തിൽ കുട്ടികളെയെല്ലാം ചെരിഞ്ഞിരിക്കുന്ന ഭാഗത്തേക്കു നീക്കിയിരുത്തി താനും അവിടെ നല്ലവണ്ണം ഊന്നിയിരുന്നു. കുമ്മിണിയമ്മയുടെ സാമർത്ഥ്യത്താൽ വണ്ടി മറിയാഞ്ഞതാണെന്നും തീർച്ചയാക്കി. വഴിക്കു് അവർക്കു് ഏററവും അത്ഭുതമായി തോന്നിയതു സന്ധ്യാസമയത്തു തലയ്ക്കു മീതെ പെട്ടെന്നു വെളിച്ചം കണ്ടതും, എല്ലാം സ്റ്റേഷനിലും 'വെത്തില പാക്കു്', 'തീപ്പെട്ടി ബീഡി', 'സിഗററു്' എന്നു ഒരേ സ്വരത്തിൽ യതിഭംഗം കൂടാതെ പറയുന്നതും— ഇങ്ങിനെ രണ്ടു കൂട്ടമാണു്. മദ്രാസ് സെൻട്രൽ സ്റ്റേഷനിൽ എത്തിയപ്പോൾ ഹൈക്കോടതി ഗുമസ്തൻ വേലുത്തമ്പിയും മററും അവിടെ ഹാജരുണ്ടായിരുന്നു. എല്ലാവരേയും രണ്ടു ജട്ടകവണ്ടികളിൽ കയററി പരശുരാംഗത്തു വെള്ളാളത്തെരുവിൽ കാമ്പലക്കുട്ടി ചട്ടം കെട്ടിയിരുന്ന ഒരു ബംഗ്ലാവിൽ കൊണ്ടിറക്കി. പണിക്കർ സ്വതേ മനസ്സിന്നു് ഉന്മേഷമില്ലാത്ത ആളാണെങ്കിലും കുറേ ദിവസം ഒഴിവു കിട്ടി എന്നു വെച്ചിട്ടോ എന്തോ, ഊണു കഴിഞ്ഞു കുപ്പായവും തൊപ്പിയും ധരിച്ചു കയ്യിൽ ഒരു വടിയും പിടിച്ചു് ഉത്സാഹത്തോടുകൂടി നടക്കുവാൻ പുറപ്പെട്ടു. അനവധി തെരുവുകളിൽകൂടി പോകയും അനവധി ഷാപ്പുകളും വലിയ കെട്ടിടങ്ങളും കണ്ടു വിസ്മയിക്കയും ചെയ്തു. വീടുകൾ അധികവും 'ടോളെററു്' സംപ്പിന്റെ വകയാണെന്നു തീർച്ചയാക്കി. ഇജിലിത്തെരുവിന്റെ ഒരു മൂലയ്ക്കൽ "മൈൻറ് യുവർ

പോക്കററ്സ്" (കുപ്പായക്കീശയിൽ ദൃഷ്ട്വെച്ചോളു) എന്ന് ഒരു പലകയിന്മേൽ ഇംഗ്ലീഷിൽ എഴുതിയിരിക്കുന്നതു കണ്ടു. അതിന്റെ സമീപം തന്നെ ഒരു വലിയ ജനസംഘത്തിന്റെ നടുക്ക് ഒരു തമിഴ് സ്ത്രീ—

"വാ വാ യദുവംശേശ്വര! വാ വാ കൃഷ്ണനുണ്ണി ഉറിയിൽ വെണ്ണ തിരടീ കൃഷ്ണ, ഉറിയോടയി കട്ടുണ്ടോയ്" എന്നു പാടുന്നതും അതിനോടു യോജിച്ച് ഒരുത്തൻ ഫിഡിൽ വായിക്കുന്നതും കണ്ടു. ഈ പാട്ടും പലകയിന്മേലുള്ള എഴുത്തും പണിക്കൎക്ക് വല്ലാത്ത അസ്വാസ്ഥ്യമുണ്ടാക്കിത്തീൎത്തു. അസ്വാസ്ഥ്യത്തിനുള്ള കാരണമെന്തെന്ന് ആൎയ്യൎക്കുതന്നെ അറിഞ്ഞുകൂട. അപ്പോഴേക്കും അവിടെ കൂടിയിരുന്നവർ പാട്ടുകാൎക്ക് ഉറുപ്പികയും കാശും വലിച്ചെറിഞ്ഞുതുടങ്ങി. പാട്ടുകാരത്തി ഉറുപ്പികയും കാശും നിറച്ചുള്ള പാത്രം കിലുക്കിക്കൊണ്ടു, 'മലയാളം, മലയാളം' എന്നു പറഞ്ഞു പണിക്കരുടെ അടുത്തു വന്നു. പണിക്കർ വല്ലതും കൊടുത്തുകളയാം എന്നുവെച്ചു കുപ്പായക്കീശയിൽ കയ്യിട്ടു. ഉറുപ്പിക കാണാനില്ല. പണിക്കർ പരിഭ്രമിച്ചു ചുണ്ടു 'ഠ' എന്ന മട്ടിലാക്കി മററു കീശകളിലും തപ്പിനോക്കി. കാലും കയ്യും കുഴഞ്ഞു. തൊപ്പിയെടുത്ത് അകവും പുറവും തട്ടി; ഉറുപ്പിക കണ്ടില്ല. പണിക്കരുടെ പരിഭ്രമം വൎദ്ധിച്ചു. അതിനിടയ്ക്കു പണിക്കരുടെ ആകൃതിയും വേഷവും ചപ്രക്കൂട്ടമയും അവിടെ കൂടിയിരുന്നവൎക്ക് കലശൽ കൂട്ടുവാൻ കാരണമുണ്ടാക്കിത്തീൎത്തു. അവർ 'മലയാളം, മലയാളം' എന്നു പറഞ്ഞു കൈ കൊട്ടി ആൎത്തുവിളിച്ചു. പാ-

ട്ടുകാരത്തി 'അയ്യോ!' എന്നു പറഞ്ഞു പാത്രം പണിക്കരുടെ സമീപത്തേക്കു നീട്ടിക്കാണിച്ചു. പണിക്കൎക്കു് ഉറുപ്പിക പോയിട്ടുള്ള സങ്കടവും ഇവരുടെ കലശൽകൂട്ടൽകൊണ്ടുള്ള ദേഷ്യവും സഹിക്കവയ്യാതായിട്ടു പാത്രത്തിന്മേൽ ഒരു തട്ടു കൊടുത്തു; പാത്രം ദൂരെ തെറിച്ചു. അതിലുണ്ടായിരുന്ന ഉറുപ്പികയും കാശും അവിടവിടെ ചിന്നിച്ചിതറി. പണിക്കർ കുതിച്ചു് ഓട്ടവും കൊടുത്തു് ഒരു പാലത്തിന്റെ സമീപം ചെന്നിരുന്നു് ആലോചന തുടങ്ങി. "മുങ്ങിച്ചാവുന്നതു രസകരമായ ഒരു മരണമാണെന്നു് ആളുകൾ പറയുന്നുണ്ടു്. പക്ഷെ ആത്മഹത്യ ചെയ്യുന്നതു മഹാപാപമല്ലെ? 'സൎവ്വവുമുപേക്ഷിച്ചു് ആത്മാവെ രക്ഷിക്കേണം' എന്നാണു പറഞ്ഞിട്ടുള്ളതു്. അതു തന്നെയല്ല, അങ്ങിനെ ചെയ്താൽ ഭാൎയ്യയും കുട്ടികളും എത്ര വ്യസനിക്കും? അതിനാൽ അതു ചെയ്വാൻ പാടില്ല. എന്നാൽ ഇനി എന്താണു ചെയ്യേണ്ടതു്? ഇവിടുന്നു പോകുന്നതിനു മുമ്പിൽ കുറെ പണം ഉണ്ടാക്കുവാൻ നോക്കണം. അതിനു് എന്താണു വഴി?"

പണിക്കർ കുറെ ദീൎഘമായി ആലോചിച്ചു. ആലോചനക്കിടയിൽ ഉറുപ്പികയും കാശും നിറച്ചുള്ള പാത്രം കയ്യിൽ പിടിച്ചു പാട്ടു പാടിക്കൊണ്ടിരുന്ന ഒരു സ്ത്രീയുടെ രൂപം മനസ്സിൽ കണ്ടു. പെട്ടെന്നെഴുനേറ്റു് ഇങ്ങിനെ വിചാരിച്ചു:—"ശരി, വഴി കണ്ടു; എനിക്കു പാട്ടിനു കുറേ വാസനയുണ്ടെന്നു പണ്ടു് അമ്മ പറഞ്ഞു കേട്ടിട്ടുണ്ടു്. എന്റെ ഒച്ച 'ഭിത്തിപൊളിയ'നാണെ

ന്നു പക്ഷെ ചിലർ പറയുമായിരിക്കും. കമ്മിണ്ണിക്കു് എൻെറ പാട്ടു് അത്ര പിടിച്ചിട്ടില്ല. എല്ലാവക്കും അതുപോലെ ആവണമെന്നില്ലല്ലൊ. ആ 'അരക്കപ്പെല്ലി' യുടെ ഒച്ച കാക്കയുടെ ശബ്ദത്തേക്കാൾ മോശമാണു്. അവൾ ഒരു പാട്ടിന്നു് ഇത്ര വളരെ കാശു വാങ്ങി. എന്തുകൊണ്ടു് എനിക്കു പാടില്ല! ഒരു ബാങ്കുഗുമസ്ഥൻെറ അവസ്ഥയ്ക്കു് അതു കുറെ പോരാത്തയാണു്. എങ്കിലും കൂടാതെ കഴിയില്ലല്ലൊ."

പണിക്കർ കണ്ണു നല്ലവണ്ണം ചിമ്മി നെററിയിന്മേലുള്ള വിയർപ്പു തുടച്ചു വീണ്ടും ആലോചന തുടങ്ങി:--

"നമ്മെ കാലത്തു കമ്മിണ്ണി എഴുന്നേല്ക്കുന്നതിനു മുമ്പിൽ എഴുന്നേല്ക്കണം. ഭാഗ്യവശാൽ ഏഴുമണി കഴിഞ്ഞല്ലാതെ ഉണരില്ല. എന്നിട്ടു് ഒരു കീറക്കുപ്പായവും കാലെറയും ഇട്ടു മുഖത്തു കുറെ കൊട്ടെണ്ണയും കരിയും തേച്ചു് എല്ലാവരും എഴുന്നേല്ക്കുന്നതിനു മുമ്പു് എണീററു പുറത്തേക്കു ചാടിക്കളയാം. ഭാര്യതന്നെ എന്നെ കൂട്ടത്തിൽ കണ്ടാൽ തിരിച്ചറിയരുതു്. പക്ഷെ ഇതിൽ വളരെ അപകടമുണ്ടു്. ഒരു സമയം കുട്ടികൾ ഉണൎന്നു് അകത്തേക്കു് ഓടിവന്നെങ്കിലോ—ഭാര്യ തന്നെ ഉണൎന്നാലോ—വാലിയക്കാരേയോ പെണ്ണുങ്ങളേയോ ഉമ്മറത്തുവെച്ചു കണ്ടുമുട്ടിയെങ്കിലോ?"

ഇങ്ങിനെയുള്ള വൈഷമ്യങ്ങളെപ്പററി ആലോചനയുണ്ടായിരുന്നെങ്കിലും ബാങ്കു ഗുമസ്ഥനായ പണിക്കർ അന്നു രാത്രി തലയിണയുടെ ചുവട്ടിൽ ഒരു മാറോടും തീപ്പെട്ടിയും വെച്ചുംകൊണ്ടു കിടന്നുറങ്ങിയതു്.

നേരം അഞ്ചുമണിയായപ്പോഴേയ്ക്കും പണിക്കർ എഴുന്നേററു. എല്ലാ ദിക്കിലും നിശ്ശബ്ദമായിരുന്നു. ഭാര്യയുടെ മുഖത്തു സൂക്ഷിച്ചു നോക്കി നല്ല ഉറക്കമാണെന്നറിഞ്ഞതിൻെറ ശേഷം പണിക്കർ അവിടുന്ന് എഴുന്നേററു കഷ്ടിച്ചു പെരുവിരൽ മാത്രം നിലത്തു മുട്ടത്തക്കവണ്ണം നടന്നു മേശയുടെ സമീപമെത്തി. മുഷിഞ്ഞു കീറിപ്പൊളിഞ്ഞ ഒരു കുപ്പായവും കാലൊറയും എടുത്തിട്ടു. തിരികെ മുട്ടുകുത്തി കട്ടിലിൻെറ സമീപം ചെന്നു തലയിണയുടെ ചുവട്ടിൽനിന്നു തീപ്പെട്ടിയും മാറോടും എടുത്തു. തീപ്പെട്ടി ഉരച്ചു കൊളുത്തി മാറോടിന്മേൽ മഷിപിടിപ്പിച്ചു. കുറെ കൊട്ടെണ്ണ ഒഴിച്ചു ചാലിച്ചു മുഖത്തെല്ലാം പുരട്ടി. കണ്ണാടിയിൽ തൻെറ മുഖം കണ്ടപ്പോൾ ഉടമസ്ഥനുതന്നെ ഭയം തോന്നി. അതിൻെറ ശേഷം മാറോട് ഒളിച്ചുവെക്കാനായി മേശയുടെ വലിപ്പു തുറന്നു. വലിപ്പു 'പടെ' എന്നൊരു ശബ്ദത്തോടുകൂടി താഴെ വീണു. പണിക്കർ പല്ലിളിച്ച് അവിടെ നിലവായി. "ആരാതു്; എന്താതു്?" എന്നൊരു ശബ്ദം കട്ടിലിന്മേൽനിന്നു പുറപ്പെട്ടു. കമ്മിണിയമ്മ എഴുന്നേററിരുന്നു. പണിക്കർ ശ്വാസം വിടാതെ അവിടെത്തന്നെ നിന്നു. "നിങ്ങൾ എവിടെയാണ്? നേരം എന്തായി!" എന്നു കമ്മിണിയമ്മ പിന്നേയും ചോദിച്ചു.

പണിക്കർ—ഇല്ല. നേരം അധികമായില്ല. അഞ്ചുമണിയേ ആയുള്ളൂ. ഞാൻ ഒന്നു നടക്കാൻ പോയി

വരട്ടെ; നിങ്ങൾ അവിടെത്തന്നെ കിടന്നോളു. ഞാൻ വേഗം വരാം.

കുമ്മി—നടക്കാൻ പോരവെ, ഈ അസമയത്തൊ, ഈ വേഷത്തോടെയോ, നിങ്ങൾക്കു കമ്പം മറെറാ ഉണ്ടോ?

പണ്ണി—ആകട്ടെ, നിങ്ങളും വരുന്നുണ്ടോ? അമ്മയ്ക്കും വരണമെന്നു മോഹമുണ്ടായിരിക്കും; എന്നാൽ വിളിച്ചുണൎത്തു. ഞാൻ അപ്പോഴയ്ക്കും മുഖം ഒന്നു കഴുകട്ടെ.

കുമ്മി—നിങ്ങൾ പതിവായി ഉടുപ്പിട്ടിട്ടാണോ മുഖം കഴുകാറു്? ഈ നേരല്ലാനേരത്തു ഞാനും അമ്മേം കൂടി കണ്ണിക്കണ്ട എടോഴിക്കൂടി തെണ്ടി നടക്ക അല്ലെ, കൊള്ളാം; നന്നു കച്ചവടം. എന്തുകൂട്ടാണു നിങ്ങൾ അവിടെ കാട്ടുന്നതു്?

പണിക്കർ താഴെ വീണുകിടന്നിരുന്ന സാധനങ്ങളെല്ലാം പെറുക്കിയെടുത്തു വലിപ്പിലിട്ടു വലിപ്പു പണ്ടത്തെ സ്ഥാനത്തുതന്നെ വെക്കണമെന്നുവെച്ചു തപ്പുകയായിരുന്നു. "ഞാൻ സോപ്പു തപ്പുകയാണു്" എന്നുള്ള പണിക്കരുടെ മറുപടി ഒരു കണ്ടകിന്നാറിൽനിന്നു പുറപ്പെട്ടതുപോലെയാണു കേട്ടതു്. എന്തെന്നാൽ തപ്പുന്നതിന്നിടയ്ക്കു് ആയാൾ കട്ടിൽച്ചുവട്ടിൽ അകപ്പെട്ടു. അവിടെ നല്ല കൂരിരുട്ടായിരുന്നു. തലയ്ക്കൽ ചെല്ലണമെന്ന കരുതലോടുകൂടി ഇഴഞ്ഞുപോയി നിവൎന്നതു കാൽക്കൽ നിന്നിരുന്ന കുമ്മിണിയമ്മയുടെ നേൎക്കാണു്.

പണിക്കരുടെ കറുത്ത മുഖം കണ്ടു ഭയപ്പെട്ടു കമ്മിണിയമ്മ അമ്പരന്നുപോയി. "അയ്യോ! എന്റെ ഭൎത്താവു എവിടെ? ഇതാ ഇവിടെ ഒരു കള്ളൻ!" എന്നു പറഞ്ഞു് ഉറക്കെ നിലവിളിച്ചു. പണിക്കർ തല കട്ടിലിന്റെ ചുവട്ടിലേക്കു വലിച്ചു. "ഞാൻ ഇതാ അവനെ പിടിച്ചു. അവൻ എന്റെ മടിശ്ശീല കൈക്കലാക്കി. അവൻ ഇതാ കുതറി വിട്ടുവിക്കാൻ ഭാവിക്കുന്നു" എന്നു പറഞ്ഞു് ആയാൾ വെറും നിലത്തു് അഞ്ചാറു് അടി അടിച്ചു. "അയ്യോ! എന്റെ ഭൎത്താവിനെ ഇപ്പോൾ കൊല്ലും" എന്നു പറഞ്ഞു് ഒരു വലിയ വടിയെടുത്തു കട്ടിലിന്റെ ചുവട്ടിൽ അഞ്ചാറു തല്ലുതല്ലി. പണിക്കർ പുറത്തു വീഴുന്ന അടികൊണ്ടു് ഒന്നു ഞെളിഞ്ഞു. "അയ്യോ! എന്റെ പുറത്താണു് അടി കൊള്ളുന്നതു്. വടി താഴത്തിടു. ഓടിപ്പോയി വേലക്കാരെ വിളിച്ചുണൎത്തു. മടങ്ങി വരുന്നതുവരെ ഞാൻ ഇവനെ പിടിച്ചുനിൎത്താം. വലിയ ലഹളയുണ്ടാക്കി ആളുകളെ വിളിച്ചുകൂട്ടേണ്ട."

കമ്മി—കഷ്ടം! ഞങ്ങൾ ഉറങ്ങുന്ന ലാക്കുനോക്കി സകലതും കഴുവറി കട്ടെടുത്തിരിക്കും. ഈശ്വരാനുക്രം കൊണ്ടു ചോമന്ന കുപ്പായത്തിലിട്ടിരുന്ന മടിശ്ശീല ഞാൻ എടുത്തു സൂക്ഷിച്ചുവെച്ചു.

ഈ വാക്കുകൾ കേട്ട ഉടനെ പണിക്കരുടെ നിലത്തടിക്കൽ നിൎത്തി. കട്ടിൽചുവട്ടിൽ ഒളിച്ചിരിക്കുന്ന ആയാൾ ഭാൎയ്യയുടെ മുമ്പിൽ എഴുനേറ്റുനിന്നു പണിക്കരുടെ കരിതേച്ച മുഖത്തു ചളിയും കിടക്കയിൽനിന്നു

ചോറ്റ് പന്തിയും പററീട്ടുണ്ടായിരുന്നു. ആകപ്പാടെ ആയാളുടെ ആകൃതി കണ്ടാൽ കഷ്ടം തോന്നും.

"എടാ കള്ളാ! തെമ്മാടി! കഴുവേറീ! നിയ്യ് എൻെറ ഭർത്താവിനെ കൊന്നില്ലെ?" എന്നു പറഞ്ഞു കയ്യിലുള്ള വടികൊണ്ടു പണിക്കരെ പിന്നെയും അടിച്ചു.

പണി—"അയ്യോ! ഞാൻ ചത്തിട്ടില്ല. പക്ഷെ, ഈമാതിരി കുറെ അടികൾകൂടി കൊണ്ടാൽ ഞാൻ വളരെ നേരം ജീവിച്ചിരിക്കുമോ എന്നു സംശയമാണ്. ഇവിടെ കള്ളന്മാരാരുമില്ല. ഞാൻ നിങ്ങടെ ഭർത്താവാണ് എന്നു പറഞ്ഞു.

കുഞ്ഞി—എൻെറ ഭർത്താവൊ? അയ്യോ! എന്താ ഇതൊക്കെ?

പണി— ഇതൊക്കെ എന്താണെന്നു പറയാം. ഞാൻ പതിനാറു കൊല്ലമായി സമ്പാദിച്ച കുറെ പണം ഒരാൾ കൈക്കലാക്കി. ആ പണംകൊണ്ടു ഭാൎയ്യയേയും കുട്ടികളേയും കൊണ്ടു് ഇവിടെ വരുവാൻ ഇടയായി. എൻെറ പണം എൻെറ കയ്യിൽത്തന്നെ സൂക്ഷിക്കാൻ ഏല്പിച്ചു. ഇവിടെ വന്ന ഉടനെത്തന്നെ എൻെറ കുപ്പായക്കീശയിൽനിന്നു് ആരോ പണസ്സഞ്ചി മോഷ്ടിച്ചതായി തോന്നി. പക്ഷെ കുപ്പായം മാറിയപ്പോൾ, മുമ്പിലത്തെ കുപ്പായത്തിലുണ്ടായിരുന്ന പണസ്സഞ്ചിയും കൂടെ പോന്നു എന്നു് അന്ധാളിച്ചു. പണം പോയി എന്നു കേട്ടാൽ ഭാൎയ്യയും മററും വ്യസനിച്ചെങ്കിലോ എന്നു വിചാരിച്ചു പിച്ചക്കാരൻെറ വേഷം ധരിച്ചു പണം സ

ബാദിക്കാൻ തീൎച്ചയാക്കി. എൻെറ വിഡ്ഢിത്തംകൊണ്ടു് ഉടനെ ചായം പുറത്തായി. ഇനി ഈ സംഗതി പുറത്തു പോകാൻ ഇടകൊടുക്കാതെ നമ്മുടെ ഉള്ളിൽതന്നെ ഇരിക്കട്ടെ.

ഭൎത്താവിൻെറ ഈ അഭിപ്രായം ശരിയാണെന്നു ഭാൎയ്യക്കും തോന്നി. പക്ഷെ വൎത്തമാനം പുറത്തുപോയതു് എങ്ങിനെയാണെന്നു് ആൎക്കും അറിഞ്ഞുകൂടാ.

---

## ൯. വിധിയും കൊതിയും.

---

നേരം പ്രഭാതമായി. കാക്കകളുടെ കകാരങ്ങളും ചെറുപക്ഷികളുടെ കളകളശബ്ദങ്ങളും ധാരാളം കേട്ടുതുടങ്ങി. മകരത്തിലെ മാം കോച്ചുന്ന മഞ്ഞിൻെറ ശക്തി നിമിത്തം, പുലൎന്നാൽ ഭാൎയ്യവീട്ടിലിരിക്കുന്നതു പോരായ്മയാണെന്നു വിചാരിക്കുന്ന കാരണവന്മാരൊഴികെ ആരും പുറത്തിറങ്ങി സഞ്ചരിക്കാൻ തുടങ്ങീട്ടില്ല. വീടുകളിൽ ആളുകൾ താമസിക്കുന്നതിൻെറ അടയാളങ്ങൾ മുത്തശ്ശിമാരുടെ കോൽവിളക്കും, വാതിൽ നീക്കലും, തൈരുകലക്കലും ധനാശിപാടലും മാത്രമേയുള്ളു. തിരുനാരായണപുരം ക്ഷേത്രത്തിലെ ശംഖനാദം അയൽവാസികളെ ജീവിതരണത്തിന്നു വിളിക്കുന്നപോലെ മുഴങ്ങിത്തുടങ്ങി. വാരിയരും ശാന്തിക്കാരൻ നമ്പൂരിയും ഉപജീവനത്തിന്നു വേറെ വഴിയില്ലാത്തതുകൊണ്ടു

തണുത്തു വിറച്ചു ഹാജരായിട്ടുണ്ടു്. ഒരുവിധം കാലക്ഷേപത്തിന്നു നിവൃത്തിയും മനസ്സിന്നു സ്വൈരവും ഉള്ളവരാരും പുതപ്പും പടിയും വിടാതിരിക്കുന്ന ഈ സമയത്തു കുളിച്ചു് ഈറനുടുത്തു നാമം ജപിച്ചുകൊണ്ടു് ഏകദേശം ഇരുപത്തഞ്ചുവയസ്സു പ്രായമായ ഒരു സ്ത്രീ മേല്പറഞ്ഞ ക്ഷേത്രത്തിലേക്കു തൊഴാൻ വരുന്നതു് അധികംപേരും കണ്ടിരിക്കാനിടയില്ല. പെരുമ്പറമ്പുദേശത്തു പ്രമാണിത്വത്തിലും പദവിയിലും കിടയില്ലാത്ത പാലക്കോട്ടു തറവാട്ടിലെ പത്മാവതിയമ്മയാണു് അതു് എന്നു് ആരും ശങ്കിക്കക്കൂടി ചെയ്യുന്നതല്ല. സച്ചിദാനന്ദസ്വരൂപന്റെ മറിമായങ്ങൾ ആരറിയുന്നു! ഈ ഘോരവ്രതം മുട്ടാതെ അനുഷ്ഠിക്കുവാൻ ഒരുങ്ങിയ ആ സതിരത്നത്തിന്റെ മനസ്സു് എന്തെല്ലാം വികാരവിചാരങ്ങൾക്കധീനമാണെന്നു് ആ ജഗദീശ്വരനു മാത്രം അറിയാം.

വന്ന ഉടനെ "വിളക്കു നല്ലവണ്ണം തെളിയിക്കണേ" എന്നു പറഞ്ഞു നൈ കൊണ്ടുവന്ന ഓടം നമ്പൂരിയുടെ മുമ്പിൽ വെച്ചു. നമ്പൂരി അതെടുത്തു് ഉടനെ വിളക്കിൽ പകർന്നു ഒന്നുരണ്ടു പ്രാവശ്യം മണി മുട്ടി പ്രസാദം കൊണ്ടുവന്നു. പത്മാവതിയമ്മ പ്രസാദം വാങ്ങി "കൃഷ്ണാ! ഭക്തവത്സലാ! പ്രസീദ പ്രസീദ" എന്നു പറഞ്ഞു ചൂടി പോകാൻ പുറപ്പെട്ടു. ഒന്നുരണ്ടടി നടന്നു തിരിഞ്ഞുനിന്നു.

പത്മാ—ഓ! ഉള്ളതുതന്നെ; ഞാനിപ്പോൾതന്നെ മറക്കുമായിരുന്നു. നാളെ മുതൽക്കു് ഈശ്വരസേവ തുടങ്ങാമെന്നു വിചാരിക്കുന്നുണ്ടു്. വ്യാഴാഴ്ചയാണു്; തി

രുവോണവുമാണ്. ഇത്ര നല്ല ദിവസം ഇനി ഉണ്ടാവില്ല. കിഴക്കേലെ ചിമ്മുണ്ണി പാൽ നേരത്തെ കൊണ്ടുവരും. പഞ്ചസാരയും നെയ്യും ഞാൻ തൊഴാൻ വരുമ്പോൾ കൊണ്ടുവരാം. ഉണങ്ങലരിയുടെ കാൎയ്യം ശങ്കുണ്ണിവാരിയരോട് ഇവിടുന്നുതന്നെ പറഞ്ഞേക്കു. വാരിയത്തു പോയപ്പോൾ ആയാളെ കണ്ടില്ല. ഉച്ചയ്ക്ക് അങ്ങോട്ടു വന്നാൽ നെല്ല് അളവുകൊടുക്കാമെന്നും പറഞ്ഞേക്കു.

നമ്പൂ—അതെല്ലാം വെടിപ്പാക്കാം. ഞാൻ കുറച്ചുദിവസമായി ചോദിക്കണമെന്നു വിചാരിക്കുന്നു. കുട്ടിരാമമേനോൻ നല്ല സുഖമില്ലാതെയാണു പോയതെന്നു കേട്ടു. പോയ ശേഷം വിവരം ഒന്നും ഇല്ലെന്നുണ്ടോ?

പത്മാ—ഇവിടുന്നേ! അദ്ദേഹത്തിനു യാതൊരു സുഖക്കേടുമില്ല. എല്ലാം എന്റെ കൎമ്മം. ഈ നില വരും എന്നു ഞങ്ങൾ രണ്ടാളും ഓൎക്കാത്തതാണ്.

നമ്പൂ—ആൾ നല്ലക്ഷയാണ്. ശീലം അതിശം ണ്. ഇങ്കിരീസുപഠിച്ചവരിൽ ഇത്ര ഒതുക്കവും ബ്രാഹ്മണഭക്തിയും സ്വഭാവഗുണവുമുള്ളവർ ചുരുക്കം.

പത്മാ—അതുകൊണ്ടുതന്നെയാണ് ഇങ്ങിനെ ഒക്കെ വന്നത്. അദ്ദേഹത്തിന് ആരേയും മുഷിപ്പിക്കവയ്യാ. ഇതെല്ലാം അമ്മയുടെ പിടുത്തമാണ്. കയ്പായാലും മധുരമായാലും ഇറക്കിക്കഴിഞ്ഞാൽ പിന്നെ ഛൎദ്ദിപ്പിക്കാറുണ്ടോ?

നമ്പൂ—അതല്ല, കോട്ടേല് ആലോചനയുണ്ടെന്നു കേട്ടു. അടിയന്തരം ഒന്നും കൂടാതെ കൂട്ടിക്കൊണ്ടുപോകയാണെന്നൊക്കെ സംസാരമുണ്ട്.

പത്മം — അദ്ദേഹത്തിന്റെ സ്ഥിതിക്ക് അതിലൊന്നും അത്ഭുതമില്ല. അദ്ദേഹം ശുദ്ധനായതുകൊണ്ടു പലരുംകൂടി ശല്യപ്പെടുത്തരുതെന്നേ പ്രാൎത്ഥനയുള്ളൂ. പൊറമ്മയോടു മറുത്തു പറവാൻ അദ്ദേഹത്തിനു കരളുറപ്പില്ല; യോഗം. എല്ലാററിനും ഈശ്വരനല്ലേ ആളു്. —പോട്ടെ— നാല്പത്തൊന്നു ദിവസം വേണം. തിരി കെടാതെ സൂക്ഷിക്കണം. ഉപേക്ഷിച്ചുവെന്നു ഭൎത്താവിൽനിന്നു നേരിട്ട് അറിയാത്തതിനാൽ അമ്മയെ സ്മാധാനിപ്പിക്കാൻ തൽക്കാലം തന്നെ വീട്ടിലാക്കിപ്പോയതാണെന്നു ധരിച്ച പത്മാവതിയമ്മക്കു കുട്ടിരാമമേനവന്റെ സംബന്ധാലോചനാവൎത്തമാനം മനസ്സിൽ ഇടിത്തീ വീണതുപോലെയായി. ഭൎത്താവറിയാതെയായിരിക്കുമോ ഈ ആലോചന എന്നു സംശയിച്ചു. ഏതുവിധമായാലും തന്റെ പ്രാണപ്രിയനു തന്നോടുള്ള നിഷ്കളങ്കപ്രേമത്തിന്നു് ഒരുനാളും ഹാനിവരുന്നതല്ലെന്നുള്ള വിശ്വാസവും ദുഷ്കാലംകൊണ്ടു് ഇങ്ങിനെയൊക്കെ വന്നതാണെന്നുള്ള സമാധാനവും മാത്രമേ ആ എരിപൊരികൊള്ളുന്ന സാധ്വീഹൃദയത്തിന്നു് ആശ്വാസം കൊടുത്തുള്ളൂ.

൨.

വീട്ടിൽ വന്നു കഞ്ഞികുടിയും കഴിഞ്ഞു മററുള്ളവരുമായി വൎത്തമാനം പറഞ്ഞിരിക്കുമ്പോൾ പത്മാവതിയമ്മക്കു് ഒരു രജിസ്റ്റ് കത്തു തപാൽശിപായി കൊണ്ടുവന്നു കൊടുത്തു. കുട്ടിരാമൻമേനോന്റെ കയ്യക്ഷരം കണ്ടറിഞ്ഞു ഉടനെ പൊളിച്ചുനോക്കി. എഴുത്തിനു പകരം

അതിൽ ഒരു രശീതിയാണു കണ്ടതു്. പത്മാവതിയമ്മയുടെ പേരിൽ കുട്ടിരാമമേനോൻ ബാങ്കിലിട്ട 1000കയുടെ രശീതിയായിരുന്നു അതു്. ഇതു കണ്ടപ്പോൾ പത്മാവതിയമ്മെക്കുണ്ടായ വ്യസനം ഇത്രയാണെന്നു വായനക്കാർ ഊഹിക്കയാണുത്തമം. കുട്ടിരാമൻമേനോൻ സംബന്ധം മാററുവാനുദ്ദേശിക്കുന്നില്ലെങ്കിൽ ഇങ്ങിനെ ചെയ്യുതിന്റെ അൎത്ഥം ആ പാവത്തിനു മനസ്സിലായില്ല. അതല്ല തന്റെ ഭൎത്താവായിരിക്കുന്നില്ലെന്നു വരുന്നപക്ഷം അദ്ദേഹത്തിന്റെ വകയായുള്ള ഈ സംഭാവന അനുഭവിക്കുന്നതും ഉചിതമല്ലെന്നു തീൎച്ചയാക്കി. ഉടനെതന്നെ ഒരെഴുത്തു് അടക്കം ചെയ്തു് അതു മടക്കിയയച്ചു. കത്തിന്റെ വാചകം ഇങ്ങിനെയായിരുന്നു.

"ഞാൻ പണം മാത്രം മോഹിക്കയുണ്ടായിട്ടില്ല. ഒരുമാതിരി കഴിഞ്ഞുകൂടുവാൻ അച്ഛനും കാരണവന്മാരും തന്നിട്ടുണ്ടു്. ഇല്ലെങ്കിൽ പണവുമുണ്ടാകും. സുഖമായിരിക്കുന്നു എന്നു കേൾപ്പാൻ ജഗദീശ്വരനെ പ്രാൎത്ഥിക്കുന്നു. എന്നു്".

കത്തു തപാലിലിടുവാൻ അയച്ചതിനുശേഷം പത്മാവതി തനിക്കു വന്ന അവസ്ഥാന്തരത്തെക്കുറിച്ചു് ആലോചനയായി.

പത്മാവതിയമ്മെക്കു് ഈ നില വരുവാനുള്ള കാരണം കുറച്ചുകൂടി വിസ്തരിക്കേണ്ടതുണ്ടു്. തന്റെ അച്ഛൻ പാറസ്സൽ കോമുമേനോൻ മരിച്ചിട്ടു കുറച്ചുകാലമായിരിക്കുന്നു. കുട്ടിരാമൻമേനോൻ കോമുമേനോന്റെ ഏകസഹോദരിയായ കുഞ്ഞിക്കാളിയമ്മയുടെ മകനാണു്. ഇവർ തമ്മിൽ കുട്ടിക്കാലംമുതൽക്കേ കളിച്ചുവളൎന്നു ക്രമേണ സ്നേഹം മുഴുത്തു ദമ്പതിമാരായിത്തീൎന്നതാ

ണ്. വിവാഹം കഴിഞ്ഞിട്ട് ഇപ്പോഴയ്ക്ക് ഏഴെട്ടുകൊല്ലമായി. ആദ്യംതന്നെ കുഞ്ഞിക്കാളിയമ്മക്ക് ഈ സംബന്ധം സമ്മതമല്ലായിരുന്നു. ജ്യേഷ്ഠനുള്ള കാലത്തോളം വിരോധം ഉള്ളിലടക്കേണ്ടിവന്നു. അദ്ദേഹം മരിച്ചതിനുശേഷം സംബന്ധം മാററിക്കാനുള്ള ഉത്സാഹങ്ങളായി. പത്മാവതിയമ്മക്കു കുററങ്ങളുണ്ടാക്കി ഒന്നിനു പത്തായി വൎണ്ണിച്ചു മകൻെറ ചെവിട്ടിലൂതിയൂതി ആയാൾ ഭ്രാന്തു പിടിക്കാറായിരിക്കുന്നു. മറെറാന്നുമല്ല ദ്വേഷത്തിന്നു കാരണം. ജ്യേഷ്ഠൻെറ സമ്പാദ്യം മുക്കാലും മക്കൾക്കുതന്നെ കൊടുത്തിരിക്കുന്നു. ഇനി മകനും അതുതന്നെയല്ലേ ഭാവം എന്നു വിചാരിച്ചിട്ടുള്ള 'കണ്ണുകടി'തന്നെ. സോദരൻെറ പകുതി മുതലിന്നെങ്കിലും അവകാശിയായിത്തീരുമെന്നു വിചാരിച്ചു തനിക്ക് അദ്ദേഹം കാണുവാൻമാത്രം ഒന്നും കൊടുത്തിട്ടുമില്ല. മകനെ പഠിപ്പിച്ചു ബി. എ. പാസ്സാക്കിയതു് ആങ്ങള ചെയ്യേണ്ടുന്ന മുറകളിൽ ഒന്നായിയെന്നല്ല, അതു തൻെറ പേരിലുള്ള സ്ഥായികൊണ്ടാണെന്നു് ആയമ്മ തെററിദ്ധരിച്ചിട്ടുമില്ല. പത്മാവതിയമ്മയെ കഴിയുന്നത്ര ദ്രോഹിക്കുവാൻ തുടങ്ങി. ഭൎത്താവിൻെറ അമ്മ വല്ല സുഖക്കേടുമായി കിടപ്പിലായാൽ സദാ ശുശ്രൂഷക്കു സന്നദ്ധയായിരുന്ന പത്മാവതിയമ്മക്കു സമ്മാനമായി കിട്ടിയിരുന്നതു "മെലിഞ്ഞു് എല്ലുമാത്രം ശേഷിച്ചിരുന്ന കാലുകൊണ്ടു ചവിട്ടും ഈ ഏറായെ തൊട്ടതിനുശേഷം അവനും കുളത്തംകെട്ടു" എന്ന മുള്ളുവാക്കുമായിരുന്നു. ആ സാധു ഇതെല്ലാം സഹിക്കയല്ലാതെ ഒരിക്കലും ദുർ

മുഖം കാണിക്കാറില്ല. അമ്മയുടെ നിർബ്ബന്ധം നിമിത്തം കുട്ടിരാമൻ മേനോൻ തൻ്റെ പ്രേമഭാജനത്തെ വീട്ടിലാക്കി പോയിട്ട് ഏകദേശം രണ്ടു കൊല്ലമായി. വിവരത്തിന് ഇടയ്ക്കിടയ്ക്ക് എഴുത്തയയ്ക്കലും പതിവില്ലാതെയായി. അങ്ങിനെയിരിക്കുമ്പോളാണ് രശീതിയുടെ വരവ്. എല്ലാംകൊണ്ടും മനസ്സു മടുത്തു പത്മാവതിയമ്മ ഇപ്പോൾ ഈശ്വരഭജനം തുടങ്ങിയിരിക്കയാണ്. രാവിലെ കുളിച്ചു തിരുനാരായണപുരം ക്ഷേത്രത്തിൽ പോയി ഭഗവാനെ വന്ദിച്ചു, വരുംവഴിക്കു കാണുന്ന ആലും തുളസിയും വലംവെച്ചല്ലാതെ ജലപാനമില്ല. തിങ്കളാഴ്ച നോൽമ്പു മുതലായ വ്രതങ്ങൾകൊണ്ടു രണ്ടു നേരം അന്നം കഴിക്കുന്ന ദിവസം വളരെ ചുരുക്കമാണ്. ദേഹം നന്നെ മെലിഞ്ഞിരിക്കുന്നു. നാട്ടുകാരും വീട്ടുകാരും, "ഭർത്താവില്ലെങ്കിൽ ആ സുഖം വേണ്ടെന്നല്ലാതെ ഇങ്ങിനെ പട്ടിണി കിടന്ന് ആരെങ്കിലും ചാവാറുണ്ടോ?" എന്നു പലപ്പോഴും ചോദിക്കും. അതിനു സമാധാനം "സ്ത്രീയായി ജനിച്ചാൽ അതിനു തക്കവണ്ണം ഇരിക്കാൻ കഴികയില്ലെങ്കിൽ പിന്നെ മരിക്കയാണു നല്ലതു്. ഈശ്വരനെ ഭജിച്ചാൽ ഇനിയത്തെ ജന്മമെങ്കിലും നന്നാവുമല്ലൊ" എന്നായിരുന്നു. ഭർത്താവിൽ തനിക്കുള്ള വിശ്വാസത്തിന് ഇപ്പോഴും ഒട്ടും കുറവു വന്നിട്ടില്ല. നിത്യകർമ്മങ്ങൾക്കു ശേഷം പ്രാണവല്ലഭൻ്റെ കോമളവിഗ്രഹം ധ്യാനിച്ചു സമാധിസൌഖ്യം അനുഭവിക്കുയാണു പതിവ്. സർവ്വസാക്ഷിയായ ഭഗവാൻ, ഭർത്താവോടുകൂടിയിരിക്കുവാൻ ഇനിയും സംഗതി വരുത്തുമെ

ന്ന് ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് ആ പതിവ്രത ദിവസം കഴിച്ചുകൂട്ടുന്നത്. അതിനു യോഗമില്ലെങ്കിൽ മരണംവരെ തിരുനാരായണപുരത്തപ്പൻെറ ദാസ്യം അംഗീകരിക്കുവാനും ആ ചാരിത്രശാലിനി ഉറച്ചിരിക്കുന്നു.

൩

കുഞ്ഞിക്കാളിയമ്മയും ഉദ്ദേശസിദ്ധിക്കായി ഉത്സാഹങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. കോട്ടയിൽ സംബന്ധം നിശ്ചയിച്ച്, ഒരു മാസത്തെ കല്പനയെടുത്തു വരാൻ മകന് എഴുതി. കുട്ടിരാമൻമേനോൻ ഇപ്പോൾ മധുരയിൽ സബ്‌രജിസ്ട്രാറാണ്. കത്തു കിട്ടിയപ്പോൾ അദ്ദേഹത്തിൻെറ കാര്യം "എടുക്കാനും കൊടുക്കാനും വയ്യാതായി. താൻ ബാല്യംമുതൽക്കേ സ്നേഹിച്ചുവന്ന പത്മാവതി ഈ വത്തമാനം കേട്ടാൽ വല്ല കടുംകൈയും പ്രവത്തിച്ചെങ്കിലോ എന്ന ഭയവും, അമ്മയുടെ ഇഷ്ടംതെററി നടക്കുന്നതു മഹാപാതകമാണെന്നുള്ള വിചാരവുംകൂടി അദ്ദേഹത്തിനെ വല്ലാതെ കുഴക്കി. അമ്മക്കു ഇഷ്ടമില്ലെങ്കിൽ കുറേക്കാലം പിരിഞ്ഞിരിക്കാമെന്നല്ലാതെ തൻെറ ജീവിതസവ്വസ്വത്തിനെ ഉപേക്ഷിക്കണമെന്ന് ആ ശുദ്ധാത്മാവു സ്വപ്നേപി വിചാരിച്ചിട്ടില്ല. തൻെറ സമ്മതം കൂടാതേയും, തന്നോട് ആലോചിക്കാതേയും സംബന്ധം തീച്ചയാക്കിയതിൽ കലശലായ ദ്വേഷ്യവും തോന്നാതിരുന്നില്ല. അമ്മയുടെ താളത്തിനു ചൊല്ലിയാടി ചൊല്ലിയാടി മുട്ടു മറിഞ്ഞതല്ലാതെ അമ്മക്കു തൃപ്തിയോ തനിക്കു സ്വൈരമോ ഇതുവരേ ഉണ്ടായിട്ടില്ല. ഇനി ഇങ്ങിനെ നട്ടംതിരിയുവാൻ കഴികയി

ല്ലെന്നുറച്ച് വേണ്ടതിലും വേണ്ടാത്തതിലും കടന്നുചാടി. ബുദ്ധിമുട്ടിച്ചാലത്തെ ഫലം അമ്മയേയും വീട്ടുകാരേയും അറിയിപ്പിക്കേണമെന്നു കരുതി രാജ്യം വിട്ടുപോവാനൊരുങ്ങി. ഒരു കൊല്ലത്തേക്കു കല്പനയും വാങ്ങി. അമ്മക്കു താഴെ കാണുന്നപ്രകാരം ഒരു മറുപടിയും അയച്ചു.

7 മധുര
ശ്രീ 8-10-17

"എഴുത്തു കിട്ടി. എന്നോട്ട് ഒരു വാക്കുപോലും ആലോചിക്കാതെ സംബന്ധം തീർച്ചപ്പെടുത്തിയതിൽ വളരെ വ്യസനിക്കുന്നു. എന്റെ ഇഷ്ടപ്രകാരമുണ്ടായ വേഴ്ച തുടരുവാൻ അമ്മ അനുവദിക്കാത്ത പക്ഷം ഇനി ഈ വക സുഖങ്ങളെല്ലാം ഉപേക്ഷിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. ഇതുവരെ അമ്മക്കു് അഹിതമായി ഞാൻ യാതൊന്നും പ്രവൃത്തിക്കയുണ്ടായിട്ടില്ല. ഇപ്പോൾ ഒന്നാമതായി അമ്മയുടെ വാക്കിന്നെതിരായി പറയേണ്ടിവന്നതിലും വലുതായ സങ്കടമുണ്ട്. എല്ലാം ദൈവകല്പിതം. പത്മാവതി എന്റെ ഭാര്യയായിരിക്കുന്നതിൽ അമ്മക്കു് ഇഷ്ടമില്ലെങ്കിലും, എന്റെ സുഖത്തിന്നുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധയായ ആ പാവത്തിനോടു യാതൊരു പകയും ഉള്ളിൽ വെക്കാതിരിക്കണം. പ്രപഞ്ചസുഖം കാംക്ഷിച്ചതുകൊണ്ട് എനിക്ക് ഇതുവരെ ശല്യങ്ങളേ ഉണ്ടായിട്ടുള്ളു. ഇനിമേൽ ഇതിലൊന്നും മനസ്സുവെക്കാതെ, പരലോകത്തിലെങ്കിലും ഗതികിട്ടാനായി സന്യാസവൃത്തി അവലംബിച്ചു, ദേശാടനംകൊണ്ടു കാലം കഴിക്കുവാനും ഉറച്ചിരിക്കുന്നു. നാളെ ഇവിടം വിടുന്നതാണ്. എന്റെ പേരിൽ യാതൊരു തൃപ്തിയും തോന്നാതെ നന്നായി വരാൻ പ്രാർത്ഥിക്കേണമെന്നു വീണ്ടും വീണ്ടും അപേക്ഷിക്കുന്നു.

എന്ന് എന്റെ അമ്മ അറിവാൻ സ്വന്തം

കുട്ടിരാമൻ.

ഇതു കുഞ്ഞിക്കാളിയമ്മക്കു നല്ലൊരു ശല്യം തറച്ചപോലെയായിരുന്നു. സംബന്ധം നിശ്ചയിച്ച ദിവസം

ആൾ പോവാതിരുന്നാൽ അവൎക്കും തന്റെ വീട്ടുകാൎക്കും
അപമാനമായി. മകന്റെ മറുപടി വന്നാൽ എത്ര
ത്തോളം വട്ടംകൂട്ടണമെന്നു് അറിയിപ്പിക്കാമെന്നു താൻ
ഏററിട്ടുണ്ടായിരുന്ന വിവരം അറിയുവാൻ വൈകി.
കോട്ടയിൽനിന്നു് ഒന്നുരണ്ടുകുറി ആൾ വന്നു പോയിരി
ക്കുന്നു. ഇനി ആൾ വന്നാൽ എന്താ സമാധാനം പറ
യേണ്ടതു് എന്നു നിശ്ചയമില്ലാതായി. മകൻ താൻ
പറഞ്ഞതു കേൾക്കുന്നില്ലെന്നു വന്നാൽ പിന്നെ രജസ്ത്രാ
രുടെ അമ്മ എന്ന നിലയിൽ നാട്ടുകാൎക്കുള്ള ബഹുമാന
വും ചുരുങ്ങും. ആ വഴിക്കുള്ള സമ്പാദ്യവും കുറയും. ഇ
തെല്ലാം വിചാരിച്ച കുഞ്ഞിക്കാളിയമ്മക്കു് ആകപ്പാടെ
പുകച്ചിലായി. നാടുവിട്ടുപോകുന്നതിൽ വ്യസനം തോ
ന്നിയെങ്കിലും മകന്റെ ഇഷ്ടംപോലെയാകട്ടേ എന്നു
വിചാരിച്ചു് ഒതുങ്ങിയിരിക്കുവാൻ ആയമ്മയുടെ ആ
ത്മഗൎവ്വം അനുവദിക്കുന്നതുമില്ല. അതും വേണം ഇതും
വേണം എന്നൊക്കെ ഇനി എഴുതാൻ നിവൃത്തിയില്ല.
പോകരുതെന്നു കമ്പിയടിച്ചാലോ എന്നു വിചാരിച്ചു കു
ട്ടികളെ വിളിച്ചപ്പോൾ ആരേയും കണ്ടില്ല. ദേഷ്യവും
സങ്കടവും സഹിക്കവയ്യാതെ അങ്ങോട്ടും ഇങ്ങോട്ടും ഓ
ടിനടന്നു കണ്ണിൽകണ്ടതെല്ലാം തട്ടിമറിച്ചു് കടവിൽ കു
ളിക്കുവാൻ പോയി. കുളികഴിഞ്ഞു വരുമ്പോൾ അടുത്തു
ള്ള അമ്പലത്തിൽ പോയി തൊഴുതു മകന്റെ ബുദ്ധി
നന്നാവാനായി ഒരു 'വിളക്കും മാലയും' നേൎന്നു പോ
ന്നു. ഉച്ചതിരിഞ്ഞു കോട്ടയിൽക്കാർ വരുമെന്നു പറ
ഞ്ഞ സമയത്തിനു മുമ്പായി, അനുജത്തിയുടെ ഭൎത്താവി
ന്റെ വീട്ടിലേക്കു യാത്രയായി.

...Y LIBRA... 1 APR. 1929 MADRAS

൪

ഈശ്വരസേവ തുടങ്ങീട്ട നാല്പത്തൊന്നു ദിവസമായി. ഭർത്താവിന്റെ ഒരെഴുത്തെങ്കിലും കിട്ടാനായി പത്മാവതിഅമ്മ ദിവസേന പ്രാർത്ഥിക്കാറുണ്ടായിരുന്നു. അന്നും അമ്പലക്കുളത്തിൽ 'ഓളോലം മുങ്ങി'നിന്ന് "ഈശ്വരാ! ഇന്ന് ഒരു വിവരമെങ്കിലും അറിയിപ്പിച്ചു തരണേ. ഈ സാധുവിന്റെ കഷ്ടപ്പാടുകളെല്ലാം അവിടുന്നു കാണുന്നില്ലേ?" എന്നു ഭക്തിപുരസ്സരം പ്രാർത്ഥിച്ചു. കുളി കഴിഞ്ഞു കയറുമ്പോൾ ചിമ്മുണ്ണി പാലും കൊണ്ടു വരുന്നു. പത്മാവതിഅമ്മയെ കണ്ടപ്പോൾ അവളൊന്നു ചിരിച്ചു കടവിലേക്ക് ഓടിവന്നു.

ചിമ്മുണ്ണി—സേവിച്ചതിന്നു ഫലമുണ്ടായി. കോട്ടയിൽ സംബന്ധം തുടങ്ങുന്നില്ലെന്നായി മൂപ്പരുടെ എഴുത്തുണ്ടായിരുന്നുവെന്ന് ഇന്നലെ അവർ വന്നപ്പോൾ പറഞ്ഞു. ഒത്തു് അമ്മയെ വിചാരിച്ചിട്ടുതന്നെയല്ലേ?

പത്മാ—ശങ്കരൻനായർ ഇന്നലെ വന്നിരുന്നുവോ? എനിക്ക് ആയാളെ ഒന്നു കാണേണ്ടിയിരുന്നു. പിന്നെ വല്ലതും വിശേഷിച്ചുണ്ടോ? ഞാൻ ജീവനോടുകൂടി ഇരിക്കുമ്പോൾ സംബന്ധം വേറെ തുടങ്ങില്ലെന്ന് എനിക്കറിയാം. എന്നു വരും എന്നറിയിച്ചിട്ടുണ്ടോ?

ചി—ആ കാര്യമാണ് കുഴപ്പമായതു്. ഒരു കൊല്ലം 'കാശിരാമേശ്വരം' പോകയാണത്രേ. ഇനിയെങ്കിലും അമ്മയെ കൊണ്ടുപോകരുതേ? കുഞ്ഞിക്കാളിഅമ്മ ദേഷ്യപ്പെട്ടു പാച്ചിലായിരിക്കുന്നുവത്രേ.

പത്മാ—എന്നാൽ വിവരം എന്നേയും അറിയിക്കാതിരിക്കുമോ? ശങ്കരൻനായരോട് ഇവിടത്തോളം വരാൻ പറ. എനിക്ക് ഇനിയും ചിലതൊക്കെ ചോദിക്കാനുണ്ട്.

ചിമ്മു—അവർ രാവിലെ പോയി. (ചിരിച്ചുകൊണ്ട്) വൈകുന്നേരം വരും; അപ്പോൾ പറയാം.

തൊഴുതു നമ്പൂരിക്കു ദക്ഷിണയും കൊടുത്തു പത്മാവതിഅമ്മ വീട്ടിലേക്കു വളരെ വേഗത്തിൽ നടന്നു. ഉള്ളിലുള്ള സന്തോഷം അടക്കാൻ വയ്യാതെ, നേരിട്ടു കത്തുണ്ടാവുമെന്നു വിശ്വസിച്ച്, അതു കാണുവാനുള്ള ബദ്ധപ്പാടോടുകൂടി അമ്പലത്തിലെ ചടങ്ങുകളെല്ലാം വേഗത്തിൽ അവസാനിപ്പിച്ചു. നിത്യം നാല്പത്തൊന്നു വലം വെച്ചിരുന്ന ആൾ അന്ന് ഓരോട്ടപ്രദക്ഷിണം കൊണ്ടു മതിയാക്കിയതു കണ്ട് ആലുംകൂടി ഇലവിറച്ചുന്ന ഭാവത്തിൽ ചിരിക്കുവാൻ തുടങ്ങി. വീട്ടിൽ വന്നു സന്തോഷവർത്തമാനം എല്ലാവരോടും പറഞ്ഞു. ഒരു കൊല്ലം സഞ്ചാരമെന്നൊക്കെ അമ്മയെ കളിപ്പിക്കാൻ പറഞ്ഞതായിരിക്കുമെന്നും ഉടനെ വരുമെന്നും വിചാരിച്ചു. തളത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു കിളിവാതലിൽക്കൂടെ തപാൽ ശിപായി വരുന്നുണ്ടോ എന്ന് ഇടയ്ക്കിടെ നോക്കിക്കൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞു ക്ഷമയില്ലാതെയായി മുകളിൽ പോയി തന്റെ പ്രാണപ്രിയൻ മുമ്പയച്ച കത്തുകളെല്ലാം എടുത്തു വായിക്കുവാൻ തുടങ്ങി. താൻ ജീവനോടുകൂടി ഇരിക്കുന്ന കാലത്തോളം അന്യസ്ത്രീയെ സ്മരിക്കപോലും ചെയ്യില്ലെന്നും

മററും വിവാഹത്തിന്നു മുമ്പയച്ച എഴുത്തുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. അതെല്ലാം വീണ്ടും വീണ്ടും വായിച്ചു. അപ്പോഴയ്ക്കു കുഞ്ഞിക്കുട്ടൻ ഓടിവന്ന് ഇതാ ഏട്ടത്തിക്ക് ഒരു കത്ത്" എന്നു പറഞ്ഞു കൊടുത്തു. എഴുത്തു കുട്ടിരാമൻമേനോന്റേതായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. വേഗം പൊളിച്ചു താഴെ കാണുന്നപ്രകാരം വായിച്ചു.

ശ്രീ മധുര.

അല്ലയോ പ്രാണപ്രിയേ!

രണ്ടുകൊല്ലം അനുഭവിച്ച കഷ്ടപ്പാടുകൾ കാലക്ഷേപംകൊണ്ടു വന്നതാണെന്നു വിചാരിച്ച് എന്നോടു പരിഭവിക്കാതിരിക്കണം. കളിച്ചുവളന്ന പ്രേമവും, തെളിഞ്ഞുവന്ന രാഗവും, മറന്നുകളയുന്ന കൂട്ടത്തിലല്ല ഞാനെന്ന് അനുഭവമുള്ളതാണല്ലൊ. രശീതി മടക്കി അയച്ചതും, എഴുത്തയയ്ക്കാതിരുന്നതും, നാട്ടിൽ പാർത്താൽ അമ്മയുടെ ചെകിട്ടിലും എത്താതിരിക്കയില്ലെന്നു കരുതിച്ചെയ്ത പൊടിക്കയ്യാണ്. വേറെ യാതൊന്നും തെററിധരിക്കേണ്ട. വീട്ടുകാരേയും അമ്മയേയും പഠിപ്പിക്കാനായി ഒരു കൊല്ലം സമയം വേണമെന്നുദ്ദേശിക്കുന്നു. അതുവരെ ക്ഷമിക്കു. ഈശ്വരകാരുണ്യമുണ്ടെങ്കിൽ പിന്നെ യഥാപൂർവ്വം സുഖിച്ചിരിക്കാം. കഴിഞ്ഞ കഥയൊക്കെ മറക്കേണമെന്നു വീണ്ടും പറഞ്ഞുകൊള്ളുന്നു. വിവരങ്ങൾ ഇടയ്ക്കിടയ്ക്ക് എഴുതി അറിയിക്കാം. എന്നു പത്മാവതിക്ക്.

സ്വ. കുട്ടിരാമൻമേനോൻ.

ഇതു വായിച്ചപ്പോൾ പത്മാവതിഅമ്മയ്ക്കുണ്ടായ പരമാനന്ദം പറഞ്ഞറിയിക്കാൻ പ്രയാസം.

൮

നിശ്ചയിച്ചു് ദിവസം സംബന്ധം നടക്കാത്തതിനാൽ കോട്ടയിൽക്കാർക്കുണ്ടായ അവമാനം ചില്ലറയോ

ന്നുമല്ല. കോട്ടയിൽക്കാർ, പാലസ്സൽ തറവാട്ടുകാർ, പ്രത്യേകിച്ച കുട്ടിരാമൻമേനോൻ നശിക്കവാൻവേണ്ടി ദുർമ്മന്ത്രവാദങ്ങളും, മാരണങ്ങളും ചെയ്യിച്ചുതുടങ്ങി. കൈക്കൂലി വാങ്ങിയ സംഖ്യെക്ക് അന്യായം ഫയലാക്കുമെന്നു ഭീഷണിപ്പെടുത്തുകയാൽ മനമല്ലാമനസ്സോടുകൂടി കുഞ്ഞിക്കാളിഅമ്മ മടക്കികൊടുത്തു. പണം എടുത്തു കോണി ഇറങ്ങുമ്പോൾ കുഞ്ഞിക്കാളിഅമ്മ കാലുതെററി വീണു. എഴുനീല്ക്കുവാൻ വയ്യാതെ കിടപ്പിലും ആയി. ഇതു ദുരകൊണ്ടു താൻ ചെയ്ത അക്രമങ്ങൾക്കുള്ള ദൈവശിക്ഷയായിരിക്കുമോ എന്നു ശങ്കിക്കുവാനും തുടങ്ങി. എണ്ണയും, കുഴമ്പും, കാച്ചി എടവിടാതെ ഉഴിഞ്ഞിരുന്നതുകൊണ്ട് അധികം കിടക്കേണ്ടി വന്നില്ല. ഒന്നുരണ്ട് ആഴ്ചകൊണ്ട് ആശ്വാസമായി.

ഇങ്ങിനെ ഇരിക്കുമ്പോഴാണ് മദിരാശിയിൽനിന്നു കുട്ടിരാമമേനോൻ 'അത്യാസന്നം' ദീനമായി ആസ്പത്രിയിൽ കിടക്കുകയാണെന്നു കമ്പി കിട്ടിയത്. കുട്ടിരാമൻമേനോൻ സഞ്ചാരത്തിന്നൊരുങ്ങി മധുരയിൽനിന്നു മദിരാശി എത്തി വണ്ടി ഇറങ്ങി. മനോരാജ്യത്തിൽ മുങ്ങി അങ്ങോട്ടും ഇങ്ങോട്ടും നോക്കാതെ നിരത്തിന്മേൽക്കൂടെ നടന്നുതുടങ്ങി. വേഷം സന്യാസിയുടേതായിരുന്നുവെങ്കിലും വിചാരം സംസാരിയുടേതായിരുന്നു. പത്മാവതി അമ്മയുടെ കരളലിയിക്കുന്ന കണ്ണും മുഖവും ആയാളുടെ മനസ്സിൽ പ്രകാശിച്ചു തിളങ്ങുന്നു. ഇന്നേവരെ യാതൊരപ്രിയവും ചെയ്തിട്ടില്ലെന്നുതന്നെയല്ല മേദിരംതന്നിൽ ഞാൻ ചെന്നുകൂടുംവിധൌ മത്തസ്സി

തംചെയ്യരികേ വരും" എന്ന നിലയിലല്ലാതെ ഒരു നിമിഷമെങ്കിലും കണ്ടിട്ടില്ല. അങ്ങിനെയിരിക്കുന്ന പ്രാണവല്ലഭയെ കുളിക്കാതെ ഈറൻ ചുമപ്പിക്കുന്നതു മഹാകഷ്ടംതന്നെ. ഇങ്ങിനെ ഓരോ വിചാരത്തോടുകൂടിയായിരുന്നു നടന്നിരുന്നതു്. ഒരു തിരിവിലെത്തിയപ്പോൾ പെട്ടെന്നു് ഒരു മോട്ടോർകാർ വരലും മുട്ടലും ഒപ്പം കഴിഞ്ഞു. കുട്ടിരാമൻമേനോൻ ബോധമില്ലാതെ ഉടനെ നിലത്തു വീണു. ഡ്രൈവരുടെ സാമർത്ഥ്യംകൊണ്ടു വണ്ടി മേൽ കയറാതെ കഴിച്ചുകൂട്ടി. ആളുകൾ ഒഴിഞ്ഞുനില്ക്കുവാനുണ്ടാക്കിയിരുന്ന ശബ്ദമൊന്നും ഗ്രഹപ്പിഴകൊണ്ടു നമ്മുടെ 'മനോരാജ്യസഞ്ചാരി' കേട്ടില്ല. ഉടനെ ആസ്പത്രിയിൽ കൊണ്ടുപോയി പരിശോധിച്ചുനോക്കിയപ്പോൾ മരിക്കത്തക്ക അപായമൊന്നുമില്ലെന്നു കണ്ടു. തലയ്ക്കു പററിയ മുറിയിൽനിന്നു രക്തം ധാരയായി ഒഴിഞ്ഞിരുന്നതു പെട്ടെന്നു് ഒരു മരുന്നു വെച്ചു ഡോക്ടർ നിൎത്തി. വൈകുന്നേരമായപ്പോഴയ്ക്കു കലശലായ പനിയും തുടങ്ങി. പിറേറന്നു രാവിലേക്കു കഷ്ടിച്ചു ബോധം തെളിഞ്ഞു. ഉടനെ അടുത്തു നിന്നിരുന്ന വാലിയക്കാരൻ കൃഷ്ണനെ വിളിച്ചു് അമ്മയ്ക്കും മററും കമ്പി അടിക്കാനേല്പിച്ചു. അന്നു വൈകുന്നേരംതന്നെ പത്മാവതിഅമ്മയെ കൊണ്ടുവരാനായി അവനെ നാട്ടിലേക്കയച്ചു.

കൃഷ്ണൻ പാലക്കോട്ടെത്തി പത്മാവതിഅമ്മയെ കണ്ടു വിവരം പറഞ്ഞു. അമ്മയ്ക്കു വലിയ പരിഭ്രമമായി. വീട്ടുകാൎക്കൊന്നും അത്ര സമ്മതമുണ്ടായിരുന്നില്ലെങ്കിലും

ആങ്ങളേയുംകൂട്ടി ഉടനെ പുറപ്പെട്ടു. മദിരാശി എത്തിയ ഉടനെ ആസ്പത്രിയിലെത്തി ഡോക്ടരോടു പ്രത്യേകം അനുവാദം വാങ്ങി കുട്ടിരാമൻമേനോൻ കിടക്കുന്ന മുറിയിലേക്കു ചെന്നു. പനി നല്ലവണ്ണം ഉണ്ടായിരുന്നതിനാൽ ഐസ്സ് തലയ്ക്കു കെട്ടി കിടക്കുകയായിരുന്നു. ഒരു ധാത്രി വന്നു നോക്കി പനി അധികമൊന്നുമില്ലെന്നു പറഞ്ഞു സമാധാനിപ്പിച്ചു മുറി കഴുകി കെട്ടുകയായിരുന്നു. അപ്പോഴാണു തന്റെ ജീവനായികയുടെ ഓമനമുഖം—വളരെ നാളായി സങ്കല്പത്തിൽ മാത്രം കണ്ടുകൊണ്ടിരുന്ന ആ സുകുമാരവദനം—പ്രത്യക്ഷമായത്. കണ്ടപ്പോൾ തന്നെ മനസ്സു വല്ലാതൊന്നു തണുത്തു. കുറെ നേരം കണ്ണടച്ച് ആ സുഖം അനുഭവിച്ചു. വീണ്ടും കണ്ണു തുറന്ന് ഒന്നും സംസാരിക്കാൻ ശക്തനാകാതെ, വിരഹസങ്കടത്താൽ വാടി ശ്രീ മാത്രം ശേഷിച്ച പത്മാവതിഅമ്മയുടെ മുഖത്തു നോക്കി കണ്ണിൽ വെള്ളം നിറച്ചു. പശ്ചാത്താപം വന്ന അപരാധിയെപ്പോലെ ഒന്നുരണ്ടു നെടുവീർപ്പിട്ടു. ഇതു കണ്ടുനിന്നിരുന്ന പത്മാവതിഅമ്മ സഹിക്കാൻ വയ്യാതായപ്പോൾ, അടുത്തു ചെന്നു പനി നോക്കുന്ന ഭാവത്തിൽ കണ്ണിൽ വെള്ളം താൻ മേലിട്ട മുണ്ടുകൊണ്ടു തുടച്ചു. അപ്പോൾ അറിയാതെ ഒരു തുള്ളി വെള്ളം തന്റെ കണ്ണിൽനിന്നും അദ്ദേഹത്തിന്റെ മുഖത്തു വീണു. ഇത്രയും കണ്ടപ്പോൾ ആങ്ങളയും, കൃഷ്ണനും സങ്കടം തോന്നി മാറിനിന്നു. ഉടനെ കുട്ടിരാമൻമേനോൻ പത്മാവതിഅമ്മയുടെ കൈ പിടിച്ചു ശയ്യമേലിരുത്തി, തൊണ്ട ഇടറി ഞാൻ—

ഞാൻ—എന്നു പറഞ്ഞു അവിടുന്നങ്ങോട്ടു സംസാരിക്കാൻ സമ്മതിക്കാതെ പത്മാവതി അമ്മ—അപരാധിയല്ലെന്നു് എനിക്കറിയാം. പിന്നെ എന്തിനു വ്യസനിക്കുന്നു.

കുട്ടി—എൻെറ നേരെ യാതൊരു സുഖക്കേടും തോന്നരുതു്. എല്ലാം ഈശ്വരേച്ഛ.

പത്മാ—സംസാരിച്ചു ക്ഷീണിക്കേണ്ട. (കുട്ടിരാമൻ മേനോൻെറ മാറത്തു കൈ വെച്ചുകൊണ്ടു്) ഈ മനസ്സ് എൻേറതാണെന്നു് എനിക്കറിയാം. ഭർത്താവിൻെറ സന്തോഷം മാത്രം കാംക്ഷിക്കുന്ന ഒരു സ്ത്രീക്കു (പതിവ്രതക്കു) വേറെ പ്രതിഫലമൊന്നും ആവശ്യമില്ല. തിരുനാരായണപുരത്തപ്പൻെറ സഹായംകൊണ്ടു വേഗം ആശ്വാസമാവട്ടെ. പോരുമ്പോൾ ഉഴിഞ്ഞുകെട്ടീട്ടുണ്ടു്. പിന്നെ കഴിഞ്ഞ കഥകളെല്ലാം പറവാൻ തുടങ്ങി. അപ്പോഴക്കു കുഞ്ഞിക്കാളി അമ്മയും കൂട്ടരും എത്തി. അമ്മയെ കണ്ട ഉടൻ പത്മാവതിഅമ്മ സാഷ്ടാംഗം വീണു് നമസ്കരിച്ചു മാറിനിന്നു. കുഞ്ഞിക്കാളിഅമ്മ മകനെ തൊട്ടു് "എൻെറ ഗുരുവായൂരപ്പാ! ഒരാഴ്ചക്കുള്ളിൽ എല്ലാം സുഖമാകട്ടെ, എന്നാൽ ഒരുത്സാഴം കഴിച്ചുകൊള്ളാം" എന്നു പ്രാർത്ഥിച്ചു് ഉഴിഞ്ഞുകെട്ടി.

കുഞ്ഞി—കുട്ടാ—മനസ്സിൽ യാതൊരു വിചാരവും വേണ്ട. എല്ലാം നിൻെറ ഇഷ്ടംപോലെയാകട്ടെ. എൻെറ കുട്ടിയുടെ ദീനം വേഗം മാറട്ടെ. പത്മാവതി കനിച്ചുതന്നെ നമുക്കു നാട്ടിലേക്കു പോവാം.

കുട്ടി—പത്മാവതിയെ ഞമ്മ തെററിദ്ധരിച്ചു.

കുഞ്ഞി—അതെല്ലാം പോട്ടെ. അവൾ ഗുരുത്വം ഉള്ളവളാണ്. വേണ്ട സമയത്ത് എത്തിയില്ലേ?

ഒരു മാസംകൊണ്ടു കുട്ടിരാമൻമേനവനു നല്ലവണ്ണം ആശ്വാസമായി. അവരെല്ലാവരും നാട്ടിലേക്കു പോന്നു.

## 7. ശുദ്ധമേ ദുരാഗ്രഹം

നമ്മുടെ കേശവപ്പണിക്കർ തന്റെ ദേഷ്യവും വെറുപ്പും മുഴുവൻ കാണിക്കാതെ വിട്ടില്ല. മാനേജർ ആയാളെ അത്രയൊന്നും ശാസിക്കേണ്ട. ആയാൾ ആരുടേയും അടിമയും മററുമല്ല. പക്ഷെ ഒന്നു വൈകിട്ടു സുമാർ പന്ത്രണ്ടുമണിക്കു് ആയാളുടെ അതുവരേയുള്ള ശമ്പളം കൊടുത്തുതീർത്തു. അവിടുന്നു കെട്ടുകെട്ടിക്കോള്ളാൻ ആജ്ഞ ഉടനെ കിട്ടി. അതുമാത്രമല്ല; ആയാളുടെ ചട്ടിമുഖവും, കോങ്കണ്ണും, കോന്ത്രമ്പല്ലും, യന്ത്രത്തിന്റെ ബോയിലറിനു വേണ്ട വിറക് അടക്കിവെക്കേണ്ട ആയാളുടെ ജോലിനോക്കാതെ ഒരു കോണിൽ കിടന്നുറങ്ങിയതും തമ്മിൽ ഒരു ചാർച്ചയും വേഴ്ചയും ഇല്ലെങ്കിലും മാനേജർ അതു് ഓരോന്നും ചൂണ്ടിക്കാണിച്ചു് ആയാളെ ശകാരിക്കക്കൂടി ചെയ്തു.

"ഏടാ! തന്റെ ആ ചട്ടിമോറു് ഇവിടെനിന്നു കൊണ്ടുപോയാൽ ഗുണം പിടിച്ചു. അതു തന്റെ വി

ട്ടിൽ കൊണ്ടുചെന്നു പറമ്പിന്റെ ഒരു ഒഴിഞ്ഞ കോണിലെങ്ങാനും കുഴിച്ചുമൂടിക്കളയണം. കേട്ടോ? അതിന്നായി തനിക്ക് ഒരു മൺവെട്ടി എരവൽ തരാൻ ആക്കും സന്തോഷം കാണും.”

“ഇങ്ങിനെ ഒരു കരിങ്കുരങ്ങിനെ ജീവിക്കാൻ അനുവദിച്ചതു മാനേജരുടെ തന്തസ്സും തള്ളസ്സും തീരെ വകതിരിവും മനുഷ്യസ്നേഹവും ഇല്ലാഞ്ഞിട്ടാണെന്നും, പെററിട്ട ഉടനെ ആ ജന്തുവിന്റെ കഴുത്തു ഞെക്കി കൊന്നു കുഴിച്ചിട്ടുകളയാഞ്ഞതിന്റെ ഫലം അവർ എമ്പണ്ടും അനുഭവിച്ചിരിക്കണ”മെന്നും മററും അതിന്നുത്തരമായി കേശവപ്പണിക്കരും പൊടിപാററി.

“തന്റെ ആ കോങ്കണ്ണും കോന്ത്രമ്പല്ലും കൂടി കുഴിച്ചു മൂടാതിരിക്കരുത്. കേട്ടോടൊ! വല്ല മരത്തിന്റെയും ചോട്ടിലായാൽ കഷ്ടാവും. അത് അപ്പോൾ കരിഞ്ഞു ഭസ്മമാവും” എന്നു മാനേജർ ഒന്നുകൂടി പറഞ്ഞു.

“അതേടോ? അതെ! താനൊരു മനുഷ്യക്കുട്ടിയാണെന്നു വിചാരിച്ചാണ് അവർ തന്നെ വെച്ചേച്ചതു്. ശുദ്ധപാവങ്ങൾ; ഞാൻ അന്ന് അവിടെങ്ങാനും ഉണ്ടായിരുന്നെങ്കിൽ ഈ അബദ്ധം പററില്ലായിരുന്നു” എന്നു പണിക്കരും തട്ടിമൂളിച്ചു.

ആയാൾ തല ഉയർത്തിപ്പിടിച്ചു, നിന്നു ഞെളിഞ്ഞു തിരിഞ്ഞുനോക്കാതെ അവിടെനിന്നിറങ്ങിപ്പോയി. തൽക്കാലത്തേക്ക പണി നിർത്തി നേരമ്പോക്ക കണ്ടും കേട്ടും രസിക്കാൻ ചുററും കൂടിയ മററു വേലക്കാർ അവരവരുടെ ജോലിയിൽ പ്രവേശിച്ചു. പണിക്കർ വഴിക്ക്

ഒരു ചാരായക്കിടയിൽ കയറി മനസ്സിനുണ്ടായ വല്ലായ്മ തീൎത്ത് ഒന്നുല്ലസിച്ചിട്ട്, "ആ ഏരപ്പയുടെ മുഖത്തു പലതും പറയാനുണ്ടായിരുന്നു; അതൊന്നും അപ്പോൾ തോന്നിയില്ലല്ലൊ" എന്നു ധ്യാനിച്ചുംകൊണ്ടു വീട്ടിലേക്കു നടന്നു.

വീട്ടിന്റെ വാതിൽ തുറന്നുകിടന്നിരുന്നു; തളത്തിൽ ചപ്പും ചവറും ചളിയും വെള്ളവും കലൎന്നുകിടന്നു ചീഞ്ഞ ദുൎഗ്ഗന്ധം ആയാളുടെ മൂക്കിൽ കയറീട്ടോ എന്തോ ആയാൾ ഒന്നു തുമ്മി. അടുക്കളയിൽ കിടാങ്ങൾ കരയുന്നതിന്റേയും തള്ള അവരെ ദേഷ്യപ്പെട്ടു ശകാരിക്കുന്നതിന്റേയും കോലാഹലം. കഷ്ടിച്ചു മൂന്നുവയസ്സായ കുട്ടപ്പണിക്കർ കരച്ചിലിനിടക്കു ശ്വാസമെട്ടി നില്ക്കുന്നു; ആയാളുടെ ആ വിദ്യയുടെ തുടക്കം കുടുംബത്തിലുള്ള എല്ലാവരേയും വല്ലാതെ കഷണിപ്പിക്കുന്നു. അച്ഛൻ അകത്തേക്കു കടന്നുവന്നപ്പോൾ, ആയാളും ആ അഭ്യാസം നിൎത്തി തുടങ്ങി ഒരു കരച്ചിൽ. ചിരുത അമ്മ 'എന്താ ഇന്നു് ഇത്ര നേരത്തെ' എന്നു ചോദിക്കുന്ന മട്ടിൽ മുഖം ഉയൎത്തി ആയാളെ ഒന്നു നോക്കി.

"എന്നെ അവർ ഒഴിച്ചുവിട്ടു" എന്നു് ആയാൾ ദേഷ്യത്തോടെ പറഞ്ഞു.

"എന്തു? രണ്ടാമത്തുമോ?" ആ ഭാഗ്യഹീനയായ സ്ത്രീ വ്യസനത്തോടെ ചോദിച്ചു.

"അതേ രണ്ടാമത്തും."

ചിരുതഅമ്മ ഒന്നും മിണ്ടാതെ എണീറ്റു് ഒരു കോണിൽ പോയിരുന്നു മുലക്കച്ചയെടുത്തു കണ്ണു പൊ

ത്തി വിക്കി വിക്കിക്കരഞ്ഞു. അതുവരെ കരച്ചിൽ നി
ത്തിയിരുന്ന രണ്ടു കുട്ടിപ്പണിക്കരന്മാർ അപ്പോൾ അമ്മ
യോട് അനുകമ്പ പൂണ്ട് അതു വീണ്ടും ആവർത്തിച്ചു.

“മതി ഈ മട്ടൊക്കെ, കേട്ടോ; നിർത്താനാ പറഞ്ഞ
തു്” കേശവപ്പണിക്കർ അലറി. “ഉ—ം,—ഉടനെ നി
ർത്താനാ പറഞ്ഞതു കേട്ടില്ലേ ഞാൻ പറഞ്ഞതു്?”

“ഞാൻ നിങ്ങളുടെ ഭാര്യയായതു് എന്റെ തല
ലെഴുത്തുതന്നെ. വല്ല തെണ്ടിയുടേയും പിറകേ പോ
യിരുന്നെങ്കിൽ—” അവർ കരച്ചിലിനിടയിൽ വിക്കി
വിക്കിപ്പറഞ്ഞു. “ഒരു പണിയും ചെയ്യാൻ കഴിയാ
ത്ത, ശുദ്ധമടിയനായ, മുടിഞ്ഞ, മുഴക്കുടിയനായ ഒന്നി
നും കൊള്ളരുതാത്ത—”

“ആ! കേക്കട്ടെ; പിന്നെന്തെല്ലാമാണു്?”

“നിങ്ങളെക്കൊണ്ടു ഗുണത്തിനേക്കാൾ ദോഷവും
ഉപദ്രവവുമാണു മററുള്ളവർക്കു്” അവർ തുടർന്നു പറ
ഞ്ഞു; “നോക്കിൻ കുട്ടികളേ! നിങ്ങളുടെ അച്ഛനെ! സൂ
ക്ഷിച്ചുനോക്കിൻ! നിങ്ങളും ഇതുപോലെ ആകാതിരി
ക്കാൻ കൂട്ടാക്കണം കേട്ടോ.” ഇതു കേട്ടു പത്തു കൊച്ചു
കണ്ണുകൾ ഒരുമിച്ച് ആയാളുടെ മുഖത്തു പതിഞ്ഞു.
ആയാൾ ഒന്നലറി; അരിശം സഹിക്കാൻ വയ്യാതെ ത
ലയും കുനിച്ചുപിടിച്ചുംകൊണ്ട് ആയാൾ തളത്തിൽ അ
ങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഇടയ്ക്കു് അവിടെ ഇരുന്ന ഒ
രു മരക്കലത്തിന്മേൽ ആയാളുടെ കാൽ തട്ടി. ദേഷ്യം
ഒക്കെ അതിനോടായി! കാൽ കഴയ്ക്കുന്നതുവരെ അങ്ങ്
ങ്ങോട്ടും ഇങ്ങോട്ടും തട്ടി ഉരുട്ടി.

"എനിക്ക് ഇനി ഇതു കഴിയില്ല" എന്ന് ആയാൾ തന്നെത്താൻ പിറുപിറുത്തുംകൊണ്ട് അടുക്കളയുടെ വാതില്ക്കൽ ചെന്നു മടിയിൽ ഉണ്ടായിരുന്ന ചില്ലറയെല്ലാം കൂടി വാരി വലിച്ചെറിഞ്ഞിട്ടു വാതിൽ ഭും എന്നു വലിച്ചടച്ചു വീട്ടിനു വെളിയിൽ ഇറങ്ങിപ്പോയി.

ചാരായക്കടയിൽ കയറി ഒരു പീഞ്ഞാൺകൂടി കഴിച്ചപ്പോൾ ആയാളുടെ ആലോചനകൾക്ക് ഒക്കെ ഒരു ഉറപ്പുവന്നു. "നാട്ടിൽനിന്ന് അകലെ എങ്ങാനും പോയി വല്ലതും പണിചെയ്ത് ഒരു സമ്പാദ്യം ഓങ്ങാട്ടു സമ്പാദിക്കണം; എന്നിട്ടു കട്ടിയും കവണിയും കപ്പായവും ഘടികാരവും കീശ നിറച്ചു പണവും ആയി മടങ്ങണം. അപ്പോൾ കാണണം ചിരുതഅമ്മേടെ മുഖം. ആ മാരേങ്ങരുടെ മുഖം ഒന്നു പുളിപ്പിക്കണം."

ആയാൾ അന്ന് അഞ്ചലാപ്പീസിന്റെ വ്രാന്തയിൽ കിടന്നു സ്വപ്നം കണ്ടു. വലിയ മാളികയും പറമ്പുകളും കുതിരവണ്ടിയും, ചിരുതഅമ്മേടെ ചിരിച്ച മുഖവും, പട്ടുധാവണിയും ഒക്കെ കണ്ടു കണ്ടു വെളിച്ചാൻ കാലത്ത് അഞ്ചുമണിയോടെ ഉണർന്നു. വെള്ളിനക്ഷത്രത്തിന്റെ മനോഹരമായ പ്രകാശവും, പരിശുദ്ധമായ പ്രഭാതവായുവും ആയാളുടെ മനസ്സിന് ഒരു ഉന്മേഷം നല്കി. ഒരു വിശേഷമായ സ്വാതന്ത്ര്യസുഖം അനുഭവിച്ചുതുടങ്ങിയ ആയാളുടെ ആത്മാവു വല്ല പുതിയ കാര്യങ്ങളിലും പ്രവേശിച്ചു മിടുക്കനാകാനുള്ള മോഹത്തിനു വശഗമായി. ആയാൾ വേഗം നടന്നുപോയി. ഉദയമായപ്പോൾ തന്റെ സ്വ

ന്നം കരയുടെ അതൃത്തിയിലുള്ള ചെറുനദിയുടെ കരയ്ക്കു് എത്തി. തന്നോടു നിഷ്ക്കരുണമായി പെരുമാറിയ സ്വദേശത്തെ ഒന്നു തിരിഞ്ഞുനോക്കിയിട്ടു് ആ ആററിന്റെ കരയ്ക്കിരുന്നു പൊതിക്കെട്ടഴിച്ചു് ഒന്നു മുറുക്കി. മേല്ക്കാര്യങ്ങൾ ആലോചിച്ചുതുടങ്ങി. മെത്തപോലെ പശിമയുള്ള നല്ല വെണ്മണൽ; ആററിലെ വെള്ളത്തിൽ തട്ടിവരുന്ന തണുത്ത കാററു; തീരപ്രദേശത്തെ വൃക്ഷങ്ങളുടെ ഇലകൾ തട്ടിയുണ്ടാകുന്ന മർമ്മരശബ്ദം; പക്ഷികളുടെ സംഗീതം; പ്രഭാതവേള; ബോയിലറിനടത്തുവാക്കുട്ടികളുടെ പുറത്തു കിടന്നു് ഉറങ്ങിപ്പോകുന്ന നമ്മുടെ പണിക്കർ പ്രകൃതിദേവിയുടെ വാത്സല്യപൂർണ്ണമായ ഈ ലാളനങ്ങൾക്കു വശപ്പെടാതിരിക്കുന്നതു് എങ്ങിനെ? മുറുക്കപ്പൊതി അതേ പാട്ടിൽത്തന്നെ കയ്യിൽനിന്നു താഴെ വീണതോ, ആയാളുടെ ശരീരം ഇരുപ്പിൽനിന്നു കിടപ്പിന്റെ രൂപത്തിലായി പരിണമിച്ചതോ ആയാൾ അറിഞ്ഞില്ല; മെല്ക്കാര്യത്തെക്കുറിച്ചുള്ള ആലോചന മൂത്തു് ഒരു നിമിഷംകൊണ്ടു പാറുവലിച്ചുള്ള ഉറക്കമായിത്തീർന്നു.

ശ്വാസംമുട്ടലോടുകൂടിയ ഒരു നിലവിളി കേട്ടു് ആയാൾ ഞെട്ടി ഉണർന്നു; അതെന്താണെന്നു ചുററും നോക്കിയപ്പോൾ ആററിലെ വെള്ളത്തിൽ ഒരു ചെറിയ തല പൊങ്ങിയുംവെച്ചു താഴുന്നതു കണ്ടു; വേഗം ചാടി ഇറങ്ങി മുലയററം വെള്ളത്തിൽ ചെന്നു് ആ കുട്ടിയുടെ തലമുടിയിൽ പിടിച്ചു പൊക്കിയെടുത്തു കരയ്ക്കു കൊണ്ടുവന്നു നിർത്തി. അതു തന്റെ ചങ്ങാതി രാമശ്ശാരുടെ മ

കൻ വേലുക്കുട്ടിയായിരുന്നു. അവൻ എങ്ങിയേങ്ങി നിലവിളിച്ചു; അകത്തു കടത്തിയിരുന്ന വെള്ളം കുറെ കക്കെ ഛർദ്ദിച്ചിട്ടു, പാവം അവൻെറ അമ്മയെ വിളിച്ച് ഉറക്കെ കരഞ്ഞുംകൊണ്ടു വീട്ടിലേക്ക് ഓടിപ്പോയി. പണിക്കർ നനഞ്ഞ മുണ്ടുമായി അവൻ കണ്ണിൽനിന്നു മറയുന്നതുവരെ അവനെത്തന്നെ നോക്കിക്കൊണ്ടു നിന്നു; ഒടുക്കം പോകാനായി നോക്കിയപ്പോൾ തൻെറ രണ്ടാം മുണ്ട് ആററിൻെറ നടുക്കുകൂടി പതുക്കെ ഒഴുകി ഒരു ചുഴിയിൽ താഴുന്നതു കണ്ടു. ഉടുത്തിരുന്ന മുണ്ടു പിഴിഞ്ഞുടുത്തു നളമഹാരാജാവിനെപ്പോലെ ഏകവസ്ത്രധാരിയായി ആയാൾ പാലത്തിന്മേൽകൂടി ആറു കടന്നു നടന്നു പോയി.

കേശവപ്പണിക്കർ വീടുവിട്ടു പോയിട്ടു മൂന്നു മാസം കഴിഞ്ഞു. തൻെറ ഭാര്യയ്ക്കു താൻ നല്കിയ ശിക്ഷ മിക്കവാറും മതിയായി എന്ന് ആയാൾ വിചാരിച്ചു. ഇപ്പോൾ അവളും കുട്ടികളും പട്ടിണി കിടന്നു നല്ല പാഠം പഠിച്ചിരിക്കും; തന്നെ കാണാഞ്ഞു ദുഃഖിച്ചിരിക്കയായിരിക്കും പാവം; ഇനി അവളോടു താൻ ഇതുപോലെ കഠിനമായി പ്രവർത്തിക്കയില്ല; അവൾ തന്നെ ശകാരിച്ചിട്ടുള്ളതിനും മററും മാപ്പുകൊടുക്കും. എല്ലാ അപരാധങ്ങൾക്കുംകൂടി ഒന്നിച്ചൊരു മാപ്പ്.

ഇങ്ങിനെയുള്ള മഹത്തായ വിചാരങ്ങളോടുകൂടി ആയാൾ വീട്ടിലേക്കു നടന്നു. അവിടെനിന്നു വീട്ടിലേക്കു ന്നു ദിവസത്തെ വഴിയുണ്ട്. മൂന്നാം ദിവസം ഇരുട്ടിയപ്പോൾ അയാൾ വീട്ടിൽനിന്നു സുമാർ രണ്ടു നാഴിക

അടുത്തെത്തി. പണ്ടത്തെ ആറും വെള്ളമണലും ഒക്കെ കണ്ടപ്പോൾ ഒന്നു മുറുക്കിക്കളയാമെന്നു നിശ്ചയിച്ചു് അവിടെ ഇരുന്നു പതുക്കെ കെട്ടഴിച്ചു മുറുക്കിത്തുടങ്ങി.

അപ്പോൾ നിറച്ചു വയ്ക്കോൽ കയററിയ ഒരു വണ്ടി അരികിലുള്ള റോട്ടിൽക്കൂടി വരുന്നതു കണ്ടു. വണ്ടിക്കാരൻ കോൽമരത്തിൻെറ അററത്തിരുന്നു് ഉറങ്ങുന്നു; ആൾ ആരെന്നു് ആയാൾക്കു മനസ്സിലായി; കണ്ടിട്ടു മൂന്നു മാസമായ തൻെറ ഒരു ചങ്ങാതിയെ കണ്ടപ്പോൾ ആയാൾക്കു സന്തോഷം തോന്നി. വേഗം മുറുക്കുപൊതി കെട്ടി മടിയിൽ വെച്ചിട്ടു് എണീററു വണ്ടിയുടെ പിറകിൽക്കൂടി പിടിച്ചു കയറി വയ്ക്കോലിൻെറ മുകളിൽ എത്തി കമിഴ്ന്നു കിടന്നു. "ഈ രാമൻനായരെ ഒന്നതിശയിപ്പിക്കണം. ഞാൻ മടങ്ങിവന്നതുകൊണ്ടു് ആയാൾക്കു വലിയ സന്തോഷം കാണും" എന്നു് ആയാൾ തന്നെത്താൻ പറഞ്ഞു; തല അല്പം ഉയർത്തി കീഴ്പോട്ടുക്കു നോക്കിക്കൊണ്ടു "രാമൻനായരെ! എടോ രാമൻനായരെ! എന്തല്ലാടൊ വിശേഷം?" എന്നു പതുക്കെ ചോദിച്ചു.

ആരോ തൻെറ പേർ പറഞ്ഞു വിളിക്കുന്നതു കേട്ടപ്പോൾ ഉറക്കംതൂക്കിയിരുന്ന രാമൻനായർ കണ്ണു മിഴിച്ചു ചുററും ഒന്നു നോക്കി. അവിടെയെങ്ങും ആരേയും കാണാത്തതുകൊണ്ടു താൻ സ്വപ്നം കണ്ടതായിരിക്കമെന്നു നിശ്ചയിച്ചു് ആയാൾ വീണ്ടും കണ്ണടച്ചു.

"എടോടൊ! രാമൻനായരെ! ഇങ്ങോട്ടു നോക്കൂ. ഇ

താവിടെ. എനിക്കു തന്നെ കാണാമല്ലോ” എന്നു പറഞ്ഞു പണിക്കർ ഒന്നു ചിരിച്ചു.

രാമൻനായർ മേല്പോട്ടു നോക്കിയതും കേശവപ്പണിക്കരുടെ ഇളിച്ച മുഖം വയ്ക്കോൽകെട്ടിൻെറ മുകളിൽ കണ്ണു തുറിച്ചു തന്നെ നോക്കുന്നതു കണ്ടതും ഒരേ സമയത്തായിരുന്നു. ഉത്തരക്ഷണത്തിൽ അയാൾ അത്യുച്ചത്തിൽ ഒന്നു നിലവിളിച്ചു കയ്യും കാലും കുടഞ്ഞു കോൽമരത്തിന്മേൽനിന്നു പെരുവഴിയിൽ മറിഞ്ഞു വീണു. ഇതു കണ്ടു് അത്ഭുതപ്പെട്ട കേശവപ്പണിക്കർ കൈ കുത്തി പൊങ്ങി നോക്കിയപ്പോൾ രാമൻനായർ ഉടനെ പിരണ്ടെഴുന്നീറ്റു, പേടിച്ചു കൂക്കുവിളിച്ചുംകൊണ്ടു റോട്ടിൽകൂടെ അസ്ത്രംപോലെ പായുന്നതു കണ്ടു.

“രാമൻനായരേ! രാമൻനായരേ!— ഏ-ഏ” എന്നു കേശവപ്പണിക്കർ ഉറക്കെ വിളിച്ചുതുടങ്ങി.

നായരാകട്ടെ രണ്ടു കയ്യും എടുത്തു ചെവി രണ്ടും മുറുകെപ്പൊത്തിക്കൊണ്ടു് ഓട്ടെടാ ഓട്ടം. പണിക്കർക്കു തൻെറ ചങ്ങാതിയുടെ ഈ സമ്പ്രദായം ഒക്കെക്കണ്ടു വളരെ അത്ഭുതം ഉണ്ടായി. അയാൾക്കു കുറേശ്ശ ലേഷ്യവും വന്നില്ലെന്നില്ല. “അയാൾ എനിക്കു് ഒരു ത്രുപ തരാനുള്ളതായിരിക്കയില്ല ഇതിന്നു കാരണം. പക്ഷെ അതല്ലാതെ വേറെ കാരണം വല്ലതും ഉള്ളതായി എനിക്കറിവില്ലതാനും. ഇങ്ങിനെ ഒരു മനുഷ്യൻ കുതിച്ചു പായുന്നതു ഞാൻ കണ്ടിട്ടില്ല” എന്നു് അയാൾ വിചാരിച്ചു.

വണ്ടിക്കാരൻ പോയ കാൎയ്യം ഒന്നും കാളകൾ അ

റിഞ്ഞതേയില്ല. അവ മുറുക്കു് അണയും ഒട്ടി വണ്ടി യും വലിച്ചുംകൊണ്ടു സാവധാനത്തിൽ നടന്നുപോയി. പണിക്കർ നായരുടെ ആ പ്രവൃത്തിയുടെ കാരണങ്ങളെ ക്കുറിച്ചു് ആലോചിച്ചുംകൊണ്ടു വണ്ടിപ്പുറത്തിരുന്നു, ഒരു മയിലോളം ദൂരം ഇങ്ങിനെ പോയപ്പോൾ ഒരു കുറുക്കുവഴിയിൽക്കൂടി പോകാനായി ആയാൾ താഴെ ഇറങ്ങി. "രാമൻനായർക്കു് ആയാളുടെ വണ്ടിയും കാളയും നോക്കാൻ വയ്യെങ്കിൽ എനിക്കെന്തു വേണം; അതു വല്ല കുഴിയിലും ചെന്നു ചാടട്ടെ" എന്നു ദ്വേഷ്യപ്പെട്ടു തന്നെത്താൻ പിറുപിറുത്തുംകൊണ്ടു് ആയാൾ ഇടവഴിയിൽ കയറി നടന്നു. ആ വഴിയെക്കൂടി രാത്രിയിൽ ആ സമയത്തു സാധാരണ ആരും വഴി നടക്കാറില്ല. ഇടക്കുള്ള ശ്മശാനപ്പറമ്പിൽ വെച്ചു് ആയാളും മറ്റൊരാളുമായി കൂട്ടിമുട്ടി. അവിടെ മരങ്ങളുടെ മറവ നല്ലവണ്ണം ഉണ്ടായിരുന്നതുകൊണ്ടു് ഇരുട്ടടഞ്ഞിരുന്നു. രണ്ടു പേരും തമ്മിൽ മുഖത്തോടുമുഖം സൂക്ഷിച്ചുനോക്കി.

ആ ക്ഷണത്തിൽ ആ അന്യൻ പിറകോട്ടു രണ്ടു ചാട്ടം ചാടി വയലിൽ ഇറങ്ങി ഭയനീയമായ നാദത്തിൽ ഉറക്കെ നിലവിളിച്ചുംകൊണ്ടു മാനോട്ടംപോലെ ചാടി ഓടി. ഇതു കണ്ടപ്പോൾ പണിക്കരുടെ ദ്വേഷ്യം ഒന്നുകൂടി വർദ്ധിച്ചു. "ആ—ഹാ—നിങ്ങളിൽ ചിലരെ എന്റെ കയ്യിൽ കിട്ടട്ടെ. കാര്യം ഉണ്ടായിട്ടുതന്നെ ഞാൻ നിങ്ങളെ നിലവിളിപ്പിച്ചേക്കാം" എന്നു് ഇടത്തുകയ്യുടെ ചൂണ്ടുവിരൽ ഇളക്കി പറഞ്ഞുംകൊണ്ടു വീണ്ടും നടന്നു. വീട്ടിന്നു സമീപിച്ചപ്പോൾ ആയാളുടെ ഗതിവേ

ഗം ആയാൾ അറിയാതെതന്നെ നന്നെ കുറഞ്ഞു. പത്തുമുപ്പതു കൊല്ലമായി തന്നെ അശേഷം ഗണിക്കാതെയാണു് ആയാളുടെ നടവടികളെങ്കിലും ആയാളെ വിടാതെ പറ്റിപ്പിടിച്ചു നിന്നിരുന്ന മനസ്സാക്ഷിയുടെ ചൈതന്യശേഷം ഭാര്യയോടും കുഞ്ഞുങ്ങളോടും കഷ്ടമായിട്ടാണു് ആയാൾ പെരുമാറിയതു് എന്നു് ആയാളോടു് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. അവർ കഴിഞ്ഞ മൂന്നു മാസക്കാലം എങ്ങിനെയാണു കഴിച്ചുകൂട്ടിയതു് എന്നറിയാനുള്ള ഉൽകണ്ഠയും അതു് ആയാളിൽ ജനിപ്പിച്ചു; കുറെ നേരം ആയാൾ ഒന്നും ചെയ്യാതെ വീട്ടിന്റെ പടിപ്പുരപ്പുറത്തു നിന്നു; ഒടുക്കം സാവധാനത്തിൽ കതകു തുറന്നു വീട്ടിനകത്തേക്കു കയറി.

അടുക്കളവാതിൽ തുറന്നു കിടന്നിരുന്നു. അവിടെ ചിരുത അമ്മ ഒരു പെട്ടിപ്പുറത്തിരുന്നു് ഒരു പുകയുന്ന മണ്ണെണ്ണ വിളക്കത്തു റവിക്ക തയ്ച്ചുകൊണ്ടിരിക്കുന്നു. തളത്തിൽ കാലടി കേട്ടു് അവർ പതുക്കെ തല പൊന്തിച്ചു് ഒന്നു നോക്കി; പെട്ടെന്നു് ഒരക്ഷരംപോലും ഉരിയാടാതെ നെടുനീളം നിലത്തു മറിഞ്ഞുവീണു.

"വേണ്ട, എന്നെ വകവെക്കയേ വേണ്ട. തച്ചോളൂ. അങ്ങു നടക്കട്ടെ" എന്നു പണിക്കർ ആവേശത്തോടെ വിളിച്ചുപറഞ്ഞു.

ചിരുത അമ്മ അതൊന്നും കേട്ടതേയില്ല. അവരുടെ മുഖം കടലാസ്സുപോലെ വിളറിയും കണ്ണുകൾ ഇറുകെ അടഞ്ഞും ഇരുന്നു. പണിക്കർക്കു കാര്യം എന്താണെന്നു് ഏതാണ്ടു മനസ്സിലായി. അടുക്കൽ ഇരുന്ന ക

ലത്തിൽനിന്നു് ഒരു കൈ വെള്ളം കോരി അവരുടെ മുഖത്തു് ഉറക്കത്തിൽ തളിച്ചു. അവർ കണ്ണു തുറന്നു പതുക്കെ ഒന്നു ഞരങ്ങി; ആയാളുടെ മുഖത്തു് ഒന്നു സൂക്ഷിച്ചു നോക്കി, ഓടി എണീററു് ആയാളുടെ അടുക്കൽ ചെന്നു രണ്ടു കൈകൊണ്ടും കെട്ടിപ്പിടിച്ചു തല മെല്ലെ ആയാളുടെ മാറത്തേക്കു ചാച്ചുംകൊണ്ടു് ഏങ്ങിയേങ്ങിക്കരഞ്ഞു.

ആയാൾ പറഞ്ഞു. "എൻെറ ചിരുത! ഇങ്ങിനെ കരയണ്ട. ഞാൻ സകലതും ക്ഷമിച്ചിരിക്കുന്നു......അതാ......അതാ.......വേണ്ട...കരയണ്ടാ...ഞാൻ...ക്ഷമി...ച്ചു എ...ന്നല്ലേ പ...പറ...ഞ്ഞതു്."

ചിരുത—അയ്യോ? അയ്യോ! കഷ്ടം! ഞാൻ നിങ്ങൾ ചത്തുപോയെന്നാണു വിചാരിച്ചതു്. അതെ, നിങ്ങളെ ഇനി ഒരിക്കലും കാണുകയില്ലെന്നു വിചാരിച്ചു. നിങ്ങളുടെ ശവം മറച്ചു കഴിച്ചുമൂടി; എന്നുതന്നെയല്ല, നിങ്ങളുടെ നാല്പത്തൊന്നാം വെലി ഇന്നാളല്ലെ ഞങ്ങൾ കഴിച്ചതു്?"

പണിക്കർ—എന്നെ കഴിച്ചിട്ടോ? എൻെറ ശവമോ? നാല്പത്തൊന്നാം വെലിയോ? ആയാൾ പരിഭ്രമിച്ചു ഞെട്ടിക്കൊണ്ടു ചോദിച്ചു.

ചിരുത—ഞാൻ സ്വപ്നം കാണുകയായിരിക്കാം. ഉണരുമ്പോൾ ഇതു വാസ്തവമായിരിക്കട്ടെ എൻെറ ദൈവമേ! അതേ..സത്യംതന്നെ. നിങ്ങൾ മരിച്ചിട്ടില്ലെന്നുതന്നെയായിരുന്നു എപ്പോഴും എൻെറ വിചാരം. മിനിയാന്നാണെന്നു തോന്നുന്നു ഞാൻ നിങ്ങൾ ജീവി

ച്ചിരിക്കുന്നു എന്നു സ്വപ്നം കണ്ടു കരഞ്ഞുകരഞ്ഞു് എന്റെ ചങ്കു തകൎന്നുപോയി.

പണിക്കർ—(ദേഷ്യത്തോടെ) കരഞ്ഞോ? ഞാൻ ചത്തില്ലെന്നു സ്വപ്നം കണ്ടിട്ടോ?

ചിരുത—അതേ! സന്തോഷംകൊണ്ടു്.

ഈ രഹസ്യത്തെക്കുറിച്ചു് ആയാൾ വീണ്ടും കാരോന്നു ചോദിക്കാൻ ഭാവിച്ചപ്പോൾ അടുക്കളയുടെ ഒരു കോണിൽ ഒരു വലിയ കലം ഇരിക്കുന്നതു കണ്ടു. വേഗം അതിന്റെ അടുക്കൽ പോയി അടപ്പെടുത്തു നോക്കി. അതു നിറച്ചു് അരി; അടുക്കൽ വേറെ ചില സാമാനങ്ങളും, അയാൾ തന്റെ ഭാൎയ്യയുടെ നേരെ നോക്കി.

"ഞാൻ പോയ . . . പണി അന്വേഷിച്ചു പോയതിനുശേഷം നിങ്ങൾക്കു് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല അല്ലേ?"

ചിരു—അതേ, ഇതു നിങ്ങളുടെ വെലിക്കുവേണ്ടി കിട്ടിയതാണ്. ഒരു കലം പെരിക്കൂടിയുണ്ടായിരുന്നു. അതു തിന്നു. അതാ! ആ ഉറിയിൽ ഇരിക്കുന്ന പാത്രത്തിൽ നോക്കൂ.

പണിക്കർ ഉറിയുടെ അടുത്തു ചെന്നു് അതിൽ നോക്കിയപ്പോൾ അരിയുണ്ടയും അവിലും മറ്റും നിറച്ചു് ഇരിക്കുന്നു. ആയാൾ ആകപ്പാടെ ഒന്നു വല്ലാതായി. ആയാൾ വിചാരിച്ചതുപോലെയൊന്നും അല്ല കഥ.

ചിരുത—പരുങ്ങണ്ട; എടുത്തു നിറച്ചു കഴിച്ചോ

ഞ്ഞു. നിങ്ങളുടെ പതിനാറിൻേറയും നാല്പതാംമാസത്തിൻേറയും പലഹാരം നിങ്ങൾ തിന്നുക. രസം ഓൎത്തുനോക്കു.

പണി—നിങ്ങൾ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. ഞാൻ ജീവിച്ചിരിക്കുമ്പോൾ എൻേറ പതിനാറൊ?

ചിരുത അമ്മ ചിരിച്ചുംകൊണ്ടു പറഞ്ഞു. അതെല്ലാം എന്തോ ഒരു പിശകുകൊണ്ടു വന്നതാണെന്നു തോന്നുന്നു. ഞങ്ങൾ കുഴിച്ചിട്ടതു വേറെ വല്ലവരുടേയും ശവമായിരിക്കാം. എന്നാലും പതിനാറും നാല്പത്തൊന്നും എത്ര പൊടിപൊടിയായായിരുന്നു. ശവം കുഴിച്ചുമൂടാൻ കൊണ്ടുപോയപ്പോൾ ഈ കരയിലുള്ള എല്ലാവരും വന്നിരുന്നു; പ്രവൃത്ത്യാരദ്ദേഹവും പിള്ളമാരും എല്ലാം. നിങ്ങൾ അതു കണ്ടിരുന്നെങ്കിൽ നിങ്ങൾക്കു വലിയ ഒരഭിമാനം തോന്നുമായിരുന്നു.

പണിക്കരുടെ മനസ്സിനു സമാധാനമായി. തൻേറ കരയിലുള്ളവൎക്കു തന്നോട് ഇത്രയും സ്നേഹമുണ്ടായിരുന്നു എന്ന് അയാൾ ഒരു കാലവും കരുതിയിരുന്നില്ല.

ചിരുത അമ്മ തുടൎന്നു പറഞ്ഞു. "അടിയന്തരങ്ങൾക്കും അതുപോലെതന്നെ. പതിനാറിനു നൂറു നേന്ത്രക്കായുടെ പഴപ്രഥമൻ . . . .

പണിക്കരക്കുണ്ടായ സന്തോഷം നീരസമായി നടിച്ചു മറച്ചു. "ഹോ! എന്തനാവശ്യച്ചെലവ്?" എന്നു പറഞ്ഞുംകൊണ്ട് അയാൾ ഉറിയിൽനിന്നു വീണ്ടും ഒരു പിടി അവൽ വാരി വായിലിട്ടു.

ചിരുത—മുതലക്കോടത്തുനിന്നും ചാന്തംപള്ളിൽ നിന്നും മററും സാമാനങ്ങൾ കൊടുത്തയച്ചു കൂടെ വന്നിരുന്നു നടത്തിക്കുകയും ചെയ്തു.

പണിക്കർ അവൽ ചവച്ചിറക്കിയുംകൊണ്ടു പറഞ്ഞു. "അതേ! അവരിൽ ചിലക്ക് എന്നോട്ട വലിയ സന്തോഷമുണ്ടായിരുന്നു എന്ന് എനിക്കറിയാം." ഇതു പറഞ്ഞപ്പോൾ ആയാളുടെ മുഖം സന്തോഷത്താൽ വിവണ്ണമായി. ആയാൾ ഒരു അരിയുണ്ട കയ്യിലെടുത്തു.

ചിരുത—ഇതൊക്കെ ഒരു പിശകുമൂലം വന്നതാണല്ലൊ. എന്നാണു എൻെറ വിചാരം. വാസ്തവത്തിൽ അതു നിങ്ങൾതന്നെയാണെന്നായിരുന്നു ഞാൻ വിചാരിച്ചതു്. നിങ്ങളുടെ മുണ്ടും ഉടുപ്പും തന്നെ. വിശേഷിച്ചു നിങ്ങളുടെ രണ്ടാംമുണ്ടു് അതിൻെറ അടുക്കൽ നിന്നു കിട്ടി.

പണിക്കർ—ഉണ്ട ചവച്ചുംകൊണ്ടു ഹൂ-ം എല്ലാരും കൊള്ളാം. വഴിയിൽ കിടന്ന ആരാണ്ടടെയോ ശവം എല്ലാരുംകൂടി എഴുന്നള്ളിച്ചു കൊണ്ടുപോയി വേണ്ടപോലെ കഴിച്ചുമൂടുക, ഞാനാണെന്നു വിചാരിച്ചു്. കരുപാട്ട പണച്ചെലവു ചെയ്തു് അടിയന്തരം കഴിക്കുക. പഴപ്രഥമനും, അടപ്രഥമനും എത്ര പണം വെറുതെ കളഞ്ഞു! വെറുതെ—വെറുതെ ... നീ... നി... ഒരു കഴു.

ചിരുത—അതു് എൻെറ കുററമാണോ? നിങ്ങൾ പോയതിൻെറ പിറെറന്നാൾ അങ്ങേതിലെ വേലുക്കുട്ടി കരഞ്ഞുംകൊണ്ടു് ഓടി വീട്ടിൽ വന്നു്, അവൻ ആ

ററിൽ വീണു കുടിച്ചു ചാകാൻപോയി എന്നും നിങ്ങൾ ആററിൽ ചാടി അവനെ പിടിച്ചു കയററി എന്നും നിങ്ങൾ കുടിച്ചു ചത്തുപോയി എന്നും ഒക്കെപ്പറഞ്ഞു നിങ്ങൾ മടങ്ങിവന്നും ഇല്ല. അപ്പോൾ അതു സത്യമാണെന്നു ഞാൻ വിചാരിച്ചുപോയി. അല്ലാതെ എങ്ങിനെ വിചാരിക്കും?

പണിക്കർ ഒന്നു ചുമച്ചു; ഒരു അരിയുണ്ടകൂടി കയ്യിലെടുത്ത് അതിന്മേൽ സൂക്ഷിച്ചു നോക്കിക്കൊണ്ടു വിചാരമഗ്നനായി നിന്നു. ചിരുത അമ്മ തുടൎന്നുപറഞ്ഞു. “അവർ ആറെല്ലാം അരിച്ചുനോക്കി. നിങ്ങടെ രണ്ടാംമുണ്ട് അന്നുതന്നെ കിട്ടി. ശവം കിട്ടിയപ്പോൾ നാലഞ്ചു ദിവസം കഴിഞ്ഞു. പോലീസ്സുകച്ചേരിയിൽ വെച്ച് ഒരു വിചാരണ നടന്നു. ശവം നിങ്ങളുടേതുതന്നെയാണെന്നു ഞാൻ മൊഴി കൊടുത്തു. ശവം മറവു ചെയ്തതും അടിയന്തരങ്ങളും ഒക്കെ ഇത്ര കേമമായിക്കഴിച്ചതും നിങ്ങൾ വേലുക്കുട്ടിയെ രക്ഷിക്കാൻ ചെയ്ത ശ്രമത്തിൽ കുടിച്ചു ചത്തതാണെന്നു വിചാരിച്ചിട്ടാണ്; നിങ്ങളെപ്പററി എല്ലാവരും സ്തുതിച്ചു.

പണിക്കർ ഉണ്ട പൊട്ടിച്ചു വായിലിട്ടുംകൊണ്ടു “എല്ലാംകൂടി അതു് ഒരു വലിയ കോലാഹലമാക്കി.”

ചിരുത—ശവം മറവുചെയ്തു കഴിഞ്ഞ ഉടനെ കരയോഗക്കാരെല്ലാംകൂടി ഒരു യോഗംകൂടി. പരാനന്ദസ്വാമി ഒരു പ്രസംഗം ചെയ്തു. ബഹു കേമമായിരുന്നു അതു്. നിങ്ങൾ കേട്ടില്ലല്ലോ അതു്? നിങ്ങളെ അങ്ങോട്ടു പുകഴ്ത്തി. നിങ്ങൾ ഇങ്ങിനെ ഒരു വലിയ കാൎയ്യം

ചെയ്തതുകൊണ്ടു് അദ്ദേഹത്തിന്നു വളരെ അതിശയം ഉണ്ടായി എന്നും നമ്മുടെ സമസൃഷ്ടങ്ങളുടെ ഗുണങ്ങളെ നാം തിരെ മനസ്സിലാക്കാറില്ലെന്നു് ഇതിൽനിന്നു തെളിയുന്നു എന്നും ഒക്കെ അദ്ദേഹം പറഞ്ഞു. നമ്മളെല്ലാവരും നല്ലവരാണെന്നും പക്ഷെ അതു വെളിയിൽ വരാൻ തരം കിട്ടാത്തതുകൊണ്ടാണു വെളിയിൽ വരാത്തതു് എന്നുംകൂടി അദ്ദേഹം എല്ലാവരോടും പറഞ്ഞു. നിങ്ങൾകൂടി എന്റെ അടുക്കൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ അതു മുഴുവൻ രസംപിടിച്ചു കേട്ടേനേ.

പണിക്കർ കണ്ണിറുക്കിക്കൊണ്ടു് അവരെ നോക്കി. അവർ കുറെ നേരം മിണ്ടാതെ ഇരുന്നിട്ടു് ഒരു നെടുവീർപ്പു വിട്ടുംകൊണ്ടു പറഞ്ഞു. "ഇനി ആ പണമൊക്കെ മടക്കിക്കൊടുക്കണമെന്നു തോന്നുന്നു."

പണിക്കർ—പണമോ, ഏതു പണം?

ചിരുത—അതേ, ഞങ്ങൾക്കുവേണ്ടി അവർ വരിയിട്ടു പിരിച്ച പണം. ഇരുനൂററിപ്പതിന്നാലു ബ്രിട്ടീഷ രൂപാ പതിമൂന്നു ചക്രം മൂന്നു കാശ്.

പണിക്കർ—ഒരു നീണ്ട നെടുവീർപ്പോടെ—എത്ര? എത്രയാണു്?... ഒന്നുകൂടി പറയൂ.

ചിരുതഅമ്മ ആ തുക വീണ്ടും പറഞ്ഞു.

പണി—എവിടെ ഇരിക്കുന്നു? ഞാൻ കാണട്ടെ, ഇവിടെ എടുത്തുകൊണ്ടു വരൂ. അതിൽ കുറെ നമുക്കു തട്ടണം. മുഴുവൻ കൊടുത്തുകൂടാ.

ചിരുത— എന്റെ കയ്യിലില്ല; കരയോഗക്കാർ കരു കമ്മററി നിശ്ചയിച്ചു. അവരുടെ കയ്യിലാണു്. അ

വർ ആഴ്ചതോറും എനിക്കും കുട്ടികൾക്കും ചെലവി
തരികയാണ്. കുറെ മുണ്ടും പുടകയും ഒക്കെ വാങ്ങിത്ത
ന്നു. ഇനി ഞാൻ ആ പണം മടക്കിക്കൊടുക്കണമായി
രിക്കും.

പണി—അബദ്ധം; നിങ്ങൾ ആ കരയോഗക്കാരു
ടേയോ കമ്മറ്റിക്കാരുടേയോ അടുക്കൽ ചെന്നു പറയൂ.
അവർ അനാവശ്യം ഒന്നും കാണിക്കാതിരിക്കാൻ—പ
ണം മുഴുവൻ—നിങ്ങളുടെ പണം മുഴുവൻ ഒന്നാകെ
നിങ്ങൾക്കു തരണമെന്നു പറയൂ. നിങ്ങൾ തിരുവനന്ത
പുരത്തു പോയി താമസിക്കാൻ പോകയാണെന്നു പറ
യൂ. അതായിരുന്നു എന്റെ ഒടുക്കത്തെ മോഹം എ
ന്നും പറയൂ.

ചിരുതഅമ്മ നെററിക്കു കൈ വെച്ചു കുനിഞ്ഞി
രുന്നു.

പണിക്കർ—നിങ്ങൾക്ക് അവർ പണം തരുന്നതു
വരെ ഞാൻ വീട്ടിനകത്ത് ഒളിച്ചിരിക്കാം. രണ്ടുപേർ
—രണ്ടേ രണ്ടുപേരേ എന്നെ കണ്ടിട്ടുള്ളൂ. അവർ എ
ന്നെ എന്റെ പ്രേതമെന്നാണു മനസ്സിലാക്കിയിട്ടുള്ളത്
എന്ന് എനിക്ക് ഇപ്പോൾ അറിയാം. കുട്ടികളെ കുറെ
നാളത്തേക്ക് അവരുടെ അമ്മൂമ്മത്തള്ളയുടെ അടുക്കൽ
അയച്ചേക്കു.

പിറെറ ദിവസം നേരത്തെതന്നെ ചിരുതഅമ്മ കു
ട്ടികളെ അവരുടെ അമ്മൂമ്മയുടെ വീട്ടിലേക്ക് അയച്ചു.
അവർ പുറത്തിറങ്ങിയച്ചു വന്നപ്പോൾ, ആയാളെ ക
ണ്ടു് ആളുകൾ ആയാളുടെ പ്രേതത്തെ കണ്ടതാണെന്നു

വിചാരിച്ചിരിക്കും എന്നു് ആയാൾ ഊഹിച്ചതു ശരി യാണെന്നു് അവർ പറഞ്ഞു. ചമ്പലങ്ങാട്ടുകര മുഴുവൻ ഒരു ഭൂമിയിളക്കമായിരിക്കുന്നു. കേശവപ്പണിക്കരുടെ പ്രേതം രാത്രികാലത്തു് അവിടെ ഒക്കെ ചുററി നടന്നു് ഓരോ ഗോഷ്ഠികൾ കാണിക്കുന്നുപോലും. അതിനുള്ള കാരണങ്ങളും പലരും പലവിധത്തിൽ പറയുന്നു. നാലുപേർ കൂടുന്നേടത്തൊക്കെ ഈ വൎത്തമാനംതന്നെ.

ഭരണിക്കാവിൽ അമ്പലത്തിന്റെ കിഴക്കുപുറത്തുള്ള ഇലഞ്ഞിച്ചുവട്ടിൽ അഞ്ചെട്ടുപേർകൂടി നില്ക്കയാണു്. വണ്ടിക്കാരൻ രാമൻനായർ പറഞ്ഞു. "ഒരു കുരങ്ങനെപ്പോലെയല്ലേ അതു വയ്ക്കോൽ പുറത്തിരുന്നിരുന്നതു്. "ഏടോ! രാമന്നായരേ! ഏടോ രാമന്നായരേ! എന്നു് എന്റെ പേരു പറഞ്ഞു വിളിച്ചു. ഞാൻ മെല്ലട്ടു നോക്കിയപ്പോൾ കണ്ണാടിപോലെ കാണാം മുഖം. കഴുത്തു് എങ്ങിനെ വേണമെങ്കിൽ തിരിയും."

കേട്ടു നിന്നവരിൽ ഒരാൾ — ആയാൾക്കു തന്നോടു വല്ലതും പറയാനുണ്ടായിരിക്കും. താൻ അവിടെ നില്ക്കേണ്ടതായിരുന്നു രാമൻനായരെ; എന്നിട്ടു് എന്തിനാ വിളിച്ചേ എന്നു ചോദിക്കായിരുന്നില്ലേ?

രാമൻനായർ കിടുകിടാ വിറച്ചുംകൊണ്ടു പറഞ്ഞു. "ഓ ഹോ! അതു് എനിക്കറിയാം; എന്റെ കാൎയ്യം എനിക്കറിയാം. താൻ ഇവിടെ നിന്നല്ലേ പറയുന്നതു്?"

മറെറാരാൾ — അല്ലെടോ ഒരു പക്ഷേ ആയാൾ പറഞ്ഞതു ശരിയായിരിക്കാം. ആയാളുടെ ചങ്ങാതിയല്ലേ താൻ? തന്നോടു വല്ലതും പറയാനുണ്ടായിരിക്കാം.

രാമൻനായർ—ഉള്ളതുതന്നെ; ഇപ്പോൾ എനിക്കും അങ്ങിനെ തോന്നുന്നു.

ആദ്യംപറഞ്ഞ ആൾ—താൻ അവിടെ നിന്ന് അക്കാര്യം പറയാതിരുന്നെങ്കിൽ ആയാൾ ഇനിയും തന്നെ ഉപദ്രവിക്കയില്ലായിരുന്നു. ഇനിയും തന്റെ മുമ്പിൽ വരുമായിരിക്കും.

രാമൻനായരുടെ മുഖത്തെ ചോര ചത്തു. ആയാൾ മറ്റെ ആളുടെ മുഖത്തു സൂക്ഷിച്ചുനോക്കിനിന്നു.

വേറൊരാൾ—ഒരുപക്ഷെ ഇതു മരണത്തിന്റെ ശകുനമായിരിക്കാം.

ഭാഗ്യംകെട്ട രാമൻനായർ—എന്താ പറഞ്ഞതു്? മരണലക്ഷണമോ? നിങ്ങൾ പറയുന്നതിന്റെ അർത്ഥം നിങ്ങൾ ആലോചിക്കുന്നില്ലെന്നു തോന്നുന്നു.

നാലാമത്തൊരാൾ—എനിക്ക് ഒരമ്മാമനുണ്ടായിരുന്നു. ഒരു ദിവസം അങ്ങോര് ഒരു പ്രേതത്തെക്കണ്ടു.

ആദ്യം പറഞ്ഞ ആൾ—എന്നിട്ട് . . . . ?

മുമ്പെ പറഞ്ഞയാൾ—രാമൻനായർ പോയിട്ടു പറയാം.

രാമൻനായരുടെ കഥ വല്ലാതെ പരുങ്ങലിലായി. ആയാൾ കൂട്ടത്തിൽനിന്ന് ഒന്നു മാറി വിഷണ്ണനായി നിന്നു. ആയാളുടെ ചങ്ങാതികൾ തന്നെക്കുറിച്ച് ഇങ്ങിനെയൊക്കെപ്പറഞ്ഞതു് ആയാൾക്ക് അധികം വിചാരത്തിനു കാരണമായി ഭവിച്ചു. ആയാൾ കുറേശ്ശ കുടിക്കാറുള്ളതു നിർത്തണമെന്നും വെള്ളിയാഴ്ചതോറും കാവിൽ വിളക്കുവെക്കാൻ വല്ലതും കൊടുക്കണമെന്നും രണ്ടു

മാസത്തേക്കു കാളയ്ക്കു നിറച്ചു തീററികൊടുത്തു രക്ഷിക്കണമെന്നും വണ്ടിക്കു കെട്ടാതിരിക്കണമെന്നും മററും ആയാളുടെ ഒരു ചങ്ങാതി ഗൌരവമായി ആയാളോടു ഗുണദോഷം പറഞ്ഞുകൊടുത്തതോടുകൂടി ആയാളുടെ പാരവശ്യവും ഭയവും തികഞ്ഞു.

കരയോഗക്കമ്മററിക്കാർ കേശവപ്പണിക്കരുടെ പ്രേതത്തിൻെറ കഥയെക്കുറിച്ചു കേട്ടതിൽ അതും സംസ്കാരത്തിനു മന്ത്രം ചൊല്ലിക്കൊടുത്ത മഞ്ഞിരേത്തു നാണുനായരുടെ പഠിത്തക്കുറവുകൊണ്ടാണെന്നും അല്ലെങ്കിൽ അരിയും കോപ്പും നഷ്ടപ്പെട്ട ഇല്ലത്തിൻെറ 'ശ്രദ്ധപത്രം' കൊണ്ടാണെന്നും ഒക്കെ സമാധാനപ്പെട്ടു. ചിരുതഅമ്മ അവരുടെ അടുക്കൽ ചെന്നു പണം മുഴുവൻ ഒന്നിച്ചു കിട്ടണമെന്നു ചോദിച്ചതിന് അവർ ആയാളുടെ ശരീരം അടക്കിയിട്ടുള്ള ആ സ്ഥലത്തുനിന്നു പോകാൻ വിചാരിക്കുന്നതുകൊണ്ടു തങ്ങൾ അത്ഭുതപ്പെടുന്നു എന്നും അങ്ങിനെ ചെയ്താൽ ആയാളുടെ ആത്മാവിനു വല്ലാത്ത വേദന തോന്നുമെന്നും കമ്മററിക്കാർ സമാധാനം പറഞ്ഞു. എന്നാൽ കമ്മററിക്കാർക്ക് അവരോടും ഭർത്താവിനോടും ഉള്ള ബഹുമാനസൂചകമായി ആ ആഴ്ചയിൽ അവരുടെ ചെലവിൻെറ വകയ്ക്കു പതിവിൽ ഒരു രൂപാ കൂടി കൊടുക്കാമെന്നു സമ്മതിച്ചു.

ചിരുതഅമ്മ വീട്ടിൽചെന്നു വിവരം പറഞ്ഞതു കേട്ട കേശവപ്പണിക്കർക്കു നന്നാ ദേഷ്യം വന്നു. അടുക്കൽ ഇരുന്നു മുറുക്കാൻപൊതിയെടുത്തു വലിച്ചെ

റിഞ്ഞു. കമ്മററിക്കാരെ ഓരോരുത്തരേയായി പേരുപറഞ്ഞു ശകാരിച്ചു. അവർ ചത്തുപോകുമ്പോൾ വൈതരണിപ്പുഴയുടെ മേലുള്ള നൂല്പാലം പൊട്ടി താഴെ വീണു മരിക്കട്ടെ എന്ന് ഒരു ശാപംകൊണ്ട് അതവസാനിപ്പിച്ചു. ആയാൾക്ക് ഒളിച്ചിരുന്നു മുഷിഞ്ഞുതുടങ്ങി. വീട്ടിനു പുറത്തേക്കിറങ്ങാതായിട്ടു രണ്ടുദിവസമായി. മൂന്നാം ദിവസം ഏകദേശം പാതിരാവായപ്പോൾ കണ്ണും കാലും ഒന്നു നീക്കാമെന്നുറച്ചു വഴിയിലിറങ്ങി.

അന്നു നല്ല നക്ഷത്രപ്രകാശമുള്ള ഒരു രാത്രിയായിരുന്നു. നാട്ടുവഴിയിലും തെരുവുകളിലും എങ്ങും ആളും അനക്കവുമില്ല. എല്ലാവരും ഉറങ്ങിക്കഴിഞ്ഞിരിക്കുന്നു. കേശവപ്പണിക്കർ ആരും കാണാനിടവരാതെ കരുതലോടുകൂടി ചില ഇടവഴികളിൽകൂടി പതിയും പതുങ്ങിയും ഒന്നു നടന്നു തിരിച്ചു വീട്ടിന്റെ പുറവശത്തോടുകൂടി അകത്തേക്കു കയറിപ്പോയി. രാത്രിയിൽ ബീററു ചുററിയിരുന്ന കൺസ്റ്റബിൾ ശുപ്പുക്കുട്ടി ആയാളെ കണ്ടുകൂടി; അകലെ കൂടി ആ ആകൃതിയുടെ പിന്നാലെ നടന്നു; അത് ഒടുക്കം ഒരു പുരയിടത്തിൽ കയറി മറയുന്നതു കണ്ടു. ധീരനായ ആ കൺസ്റ്റബിൾ ഒരു പനി പിടിച്ചു രണ്ടാഴ്ചവരെ കിടപ്പിലായി. ആയാൾക്ക് അങ്ങിനെ പററിയതുകൊണ്ടു പണിക്കർക്ക് അല്പം ഒരു ചാരിതാർത്ഥ്യം ഉണ്ടായില്ലെന്നില്ല. ശുപ്പുക്കുട്ടിയോട് ആയാൾക്കു നേരിട്ടു വിരോധം ഒന്നും ഇല്ലെങ്കിലും പോലീസുകാരോടു പൊതുവെ ആയാൾക്ക് അത്ര നല്ല രസമല്ലാതെയാണ് ഇരിപ്പ്.

കേശവപ്പണിക്കരുടെ പ്രേതം രണ്ടാമതും രാത്രിയിൽ നടന്നുതുടങ്ങിയിരിക്കുന്ന വർത്തമാനം സർവ്വത്ര പരന്നു. എല്ലാവരും ശ്വാസം നിർത്തി അതിനെക്കുറിച്ചു സംസാരിക്കാൻ തുടങ്ങി. കരയോഗക്കാരും അവരുടെ അഭിപ്രായം ഒന്നു മാററി. അതിനെക്കുറിച്ചു കുറെക്കൂടി ഗൌരവമായി ആലോചിച്ചു. പണിക്കർ ചെയ്ത സൽകൃത്യത്തിന്റെ ഓർമ്മക്കു ചന്തയ്ക്കുള്ള വഴിയിൽ ഒരു ചുമടുതാങ്ങി കെട്ടി ആയാളുടെ പേർ വിളിക്കാനായിരുന്നു കമ്മററി തീർച്ചയാക്കിയിരുന്നതു്. പണം ധാരാളം പിരിഞ്ഞിട്ടുള്ളതുകൊണ്ടു് അതു് ഒരു വഴിക്കിണറും തണ്ണീർപന്തലും ആകട്ടെയെന്നു് അവർ ആലോചിച്ചു നിശ്ചയിച്ചു. കണിയാർ പ്രശ്നം വെച്ചു് അതുതന്നെ ഒഴിവും കണ്ടു.

പണിക്കർക്കു് ഇതു കേട്ടപ്പോൾ ബഹു ദ്വേഷ്യം വന്നു. ആയാൾ ചിരുതമ്മയോടു പറഞ്ഞു. "കരയോഗക്കാരും കിരയോഗക്കാരും അവർക്കു് എന്റെ പണമെടുത്തു് എന്തും കാട്ടാമെന്നാണു വിചാരം. അതു ഞാൻ സമ്മതിക്കയില്ല. ആ പണത്തിൽ ഒരു കാശുപോലും എടുക്കാതെ മുഴുവൻ തരണമെന്നു നിങ്ങൾ ചെന്നു പറയു അവരോടു്. നിങ്ങൾ തിരുവനന്തപുരത്തും എങ്ങും പോകുന്നില്ല. ഇവിടെത്തന്നെ ഒരു കാപ്പിക്കടയോ മറേറാ ഇട്ടു കച്ചവടം ചെയ്യാനാണു നിശ്ചയിച്ചിരിക്കുന്നതു് എന്നു പറയു."

ചിരുതഅമ്മ പോയി എന്തെല്ലാം പറഞ്ഞിട്ടും എങ്ങിനെയെല്ലാം പറഞ്ഞിട്ടും ഒന്നും ഫലിക്കാതെ മട

ങ്ങി. പണിക്കർ വല്ലാതെ കുഴങ്ങി. ആ പണം കൈവശപ്പെടുത്താൻ പല പുതിയ വഴികളും ആലോചിച്ചു രണ്ടു ദിവസം വീട്ടിനകത്തു കഴിച്ചു. രണ്ടാം ദിവസം രാത്രിയായപ്പോഴും ആയാൾക്കു പിന്നെ ഉന്മേഷമില്ലാതായി. ആയാൾ പത്തുകെട്ടു കളയിൽ കയറിച്ചെന്നു തന്റെ ഭാര്യയെ അയച്ചു് ഒരു പാത്രം കള്ളുവരുത്തിക്കുടിച്ചു് ആലോചനാമഗ്നനായി ഉമ്മരപ്പടിയിൽ ഇരുന്നു.

ക്രമേണ ആയാളുടെ മുഖം തെളിഞ്ഞുവന്നു. എന്തോ ഒരു വഴി കണ്ടുപിടിച്ചതുപോലെ തോന്നി. അന്നൊരു ശനിയാഴ്ചയായിരുന്നു. ഭാര്യ എവിടെയോ വെളിയിൽ പോയിരുന്നു. ഇക്കാര്യം ഒരു പെണ്ണിനെ ഏല്പിച്ചതുകൊണ്ടാണു് ഈ കുഴപ്പം വന്നതെന്നും പരിഷ്കാരികളായ കരയോഗക്കാർക്കു സ്ത്രീകൾ ഈവക കാര്യങ്ങളിൽ പ്രവേശിക്കുന്നതു സന്തോഷമാണെങ്കിലും, തന്റെ ഭാര്യയുടെ സാമർത്ഥ്യക്കുറവുകൊണ്ടാണു് അബദ്ധം പററിയതെന്നും കമ്മററിമുമ്പാകെ ഒരു പുരുഷൻ തന്നെ വാദിച്ചാൽ കാര്യം ഫലിക്കുമെന്നും ഒക്കെ ആയാൾക്കു തോന്നി. യുക്തികൊണ്ടു് അവരെ മടക്കാൻ ആയാൾക്കു ശക്തിയുമുണ്ടു്. കള്ളുകൊള്ളുന്ന പാത്രത്തിൽ ഒരു തുള്ളിപോലും ശേഷിച്ചിട്ടില്ലെന്നു സൂക്ഷ്മമായി പരിശോധിച്ചശേഷം രണ്ടാംമുണ്ടും എടുത്തു് ആയാൾ പുറത്തിറങ്ങി.

അയൽവീട്ടിലെ വയസ്സി ഉണ്ണൂലിയമ്മ ആയാളെ ആദ്യം കാണുകയും ഒരു വലിയ നിലവിളിമൂലം അയൽ-

പരസ്യപ്പെടുത്തുകയും ചെയ്തു. നിലവിളി കേട്ടു പത്തു പന്ത്രണ്ടാളുകൾ ഓടിയെത്തി അവരുടെ ചുററും കൂടി: ആ അമ്മയ്ക്കു നാക്കു വലിച്ചിട്ടു പൊങ്ങാഞ്ഞു കൈ ഉയർത്തി പണിക്കരുടെ നേരെ ചൂണ്ടിക്കാണിച്ചുകൊണ്ടു മുഖം ഇളിച്ചു ഗോഷ്ടി കാണിച്ചു.

"ഞാൻ അവരെ തൊട്ടിട്ടില്ല" എന്നു പണിക്കർ കാര്യമായി പ്പറഞ്ഞു.

ആളുകൾ ആയാളെ സംശയത്തോടുകൂടി മിഴിച്ചു നോക്കിക്കൊണ്ടു നിന്നു. അപ്പോഴയ്ക്കു കൂട്ടത്തിൽ വേറെ ആളുകളും വന്നുകൂടി. പുതുതായി വന്നവർ തള്ളി മുമ്പിൽ കയറി നോക്കിയും ബദ്ധപ്പെട്ടു പിന്നോക്കം മാറി പിറകിൽ പതുങ്ങി ശ്വാസം നിർത്തി നോക്കിനിന്നു. പണിക്കർ അവരുടെ നില കണ്ടു വയ്യാതെ അന്ധാളിച്ചു വീണ്ടും പറഞ്ഞുതുടങ്ങി.

"അതാ അതിലെ വരുക . . . . ."

പെട്ടെന്നു് ആയാൾ അതു നിർത്തി തിരിഞ്ഞുനോക്കി. അവിടെ ഒരു വിദ്വാൻ തന്റെ കയ്യിലുണ്ടായിരുന്ന ചൂരൽവടി ആയാളുടെ പുറത്തു കുത്തി പ്രേതത്തിനു ശരീരമുണ്ടോ എന്നു ധൈര്യം പിടിച്ചു പരിശോധിക്കയായിരുന്നു. ആയാൾ ഉടനെ പുറത്തോട്ടു മാറി ആൾക്കൂട്ടത്തിൽ മറഞ്ഞു. പണിക്കർ ഞെളിഞ്ഞു കുത്തുകൊണ്ട സ്ഥലം കൈകൊണ്ടു തിരുമ്മുന്നതു കണ്ടപ്പോൾ ആളുകൾ അത്ഭുതപ്പെട്ടു് ഒന്നു കൂക്കിവിളിച്ചു.

"ഇതു പ്രേതമല്ല കേശവപ്പണിക്കർതന്നെയാ

ണ്" എന്നൊരു ശബ്ദം അപ്പോൾ പിറകിൽനിന്നു കേട്ടു. "എന്താടോ! പണിക്കരേ! സുഖംതന്നെയാണോ?" എന്ന് ആ ആൾ മുമ്പിൽ വന്നു ചോദിച്ചു.

"അതേ കിട്ടആശാനേ!" എന്നു പണിക്കർ ഉത്തരം പറഞ്ഞു.

ആശാൻ ഒരു മന്ത്രം ജപിച്ച് ഒരു കെട്ടു കെട്ടിക്കൊണ്ടു മുമ്പോട്ടു വന്ന് ആയാളുടെ കയ്യിന്മേലും ദേഹത്തിൽ പല ഭാഗങ്ങളിലും തൊട്ടുനോക്കി തൻെറ ചങ്ങാതിയുടെ ദേഹം മാത്രമല്ല, ദേഹിയോടുകൂടിയ ദേഹംതന്നെയാണ് അത് എന്നു തീർച്ചയാക്കി വിവരം എല്ലാവരേയും ധരിപ്പിച്ചു.

"ഇതു പണിക്കർതന്നെയാണ്; വേണമെങ്കിൽ വന്ന് ആയാളെ തൊട്ടു നോക്കിക്കൊള്ളിൻ" എന്ന് ആശാൻ വിളിച്ചുപറഞ്ഞു.

ആശാൻെറ ക്ഷണനത്തെ അമ്പതു കൈകൾ സ്വീകരിച്ചു; പണിക്കരുടെ ദേഷ്യവും ശകാരവും അപേക്ഷയും ഒന്നും വകവെക്കാതെ, വലിയ കിക്കിളിയുള്ള ആയാളുടെ ശരീരത്തിൽ അങ്ങുമിങ്ങും വിരൽകൊണ്ടു കുത്തിത്തുടങ്ങി. ഒടുക്കം ആശാൻേറയും മറെറാരു ചങ്ങാതിയുടേയും സഹായത്താൽ അതിൽനിന്നു വിമുക്തനായി കരയോഗമന്ദിരത്തിലേക്കു പുറപ്പെട്ടു.

ആയാൾ അവിടെ എത്തിയപ്പോഴയ്ക്കു ആയാളെ അനുഗമിച്ച ജനക്കൂട്ടം വളരെ വലുതായിത്തീൎന്നു. മന്ദിരത്തിൻെറ വാതിലുകളും ജനാലകളും എല്ലാം തുറന്നിട്ടു. എല്ലാം സ്ഥലത്തും തിക്കും തിരക്കുംതന്നെ. ഓരോരു

ത്തരും ഓരോന്നു വിളിച്ചു ചോദിക്കാൻ തുടങ്ങി. എല്ലാവരും ആയാൾ ജീവിച്ചതിനെക്കുറിച്ചു സന്തോഷമായി ഓരോന്നു പറഞ്ഞു. രാമൻനായരുടെ സന്തോഷത്തിനും ആശ്വാസത്തിനും അതിരില്ലായിരുന്നു. ആയാളുടെ മുഖം കണ്ടപ്പോൾ പണിക്കരുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞുപോയി.

ആളുകളുടെ പ്രതിപത്തിയും സന്തോഷവും കണ്ടു പണിക്കർ പൊങ്ങച്ചത്തോടെ ഞെളിഞ്ഞുപിടിച്ചു വാതിൽക്കൽ കൂട്ടംകൂടി നില്ക്കുന്നവരെ തള്ളിമാററി ഹാളിനകത്തു കയറി പ്രൈവററുമുറിയുടെ വാതിൽക്കലേക്കു നടന്നു. ആളുകളും അനവധി പിറകെ തള്ളിക്കയറി. പ്രൈവററുമുറിയിലായിരുന്നു കമ്മററി യോഗംകൂടിയിരുന്നതു്. വാതിൽ അടച്ചിരിക്കയായിരുന്നു. പണിക്കർ വാതിലിൽ മുട്ടിവിളിച്ചപ്പോൾ ശിപായി സാക്ഷ മാററി വാതിൽ അല്പം ഒന്നു തുറന്നു പുറത്തേക്കു നോക്കിക്കൊണ്ടു കാര്യമെന്താണെന്നു വിളിച്ചുചോദിച്ചു. പണിക്കർ ഉത്തരം പറയാൻ വായ പൊളിച്ചതും ക്ഷണത്തിൽ ശിപായി പിന്നോക്കം മലന്നതും ഒരുമിച്ചുകഴിഞ്ഞു. ആയാളുടെ പിറകെ അനേകം ആളുകളുംകൂടി മുറിയിലേക്കു തള്ളിക്കയറുകയും ചെയ്തു. പ്രൈവററുമുറിയിലിരുന്നു യോഗംകൂടി ആലോചന നടത്തുന്ന സമയം അനുവാദം കൂടാതെ ആളുകൾ അകത്തു കടന്നുവന്നതിനാൽ ദേഷ്യത്തോടും പരിഭ്രമത്തോടും പ്രസിഡണ്ടും സിക്രട്ടറിയും സാമാജികന്മാരും ഒക്കെ ചാടി എണീററു.

പണിക്കർ തന്റെ നിലയുടെ ബലം കരുതി കൂസൽകൂടാതെ മുമ്പോട്ടു നടന്നു മേശയ്ക്കു മുമ്പിൽ ചെന്നുനിന്നു.

"ആരാണിതു, പണിക്കരോ?" എന്നു പ്രസിഡണ്ടു് ഒരു അമ്പരപ്പോടുകൂടി ഉദ്ഘാരണംചെയ്തു.

"അതേ, അതേ! കേശവപ്പണിക്കർതന്നെ. എന്നെ കാണുമെന്നു നിങ്ങളാരും വിചാരിച്ചില്ല; ഇല്ലേ" എന്നു് ആയാൾ പ്രസിഡണ്ടിനോടു് അല്പം നിന്ദയോടെ ഉത്തരം പറഞ്ഞിട്ടു് ആശാന്റെ നേരെ തിരിഞ്ഞു. "ഇവർ എനിക്കുള്ള പണം തട്ടിതിരിക്കാൻ വഴി നോക്കുകയാണു് ആശാനേ! "എന്നു പറഞ്ഞു.

തനിക്കു് ഏതു പണമാണെടൊ? തനിക്കു് ഒരു പണവുമില്ലല്ലൊ ഇവിടെ" എന്നായിരുന്നു ആശാന്റെ മറുപടി

പണിക്കർ ഗർവ്വത്തോടുകൂടി ആശാനെ ഒന്നു നോക്കിട്ടു മിഴിച്ചുനില്ക്കുന്ന പ്രസിഡണ്ടിനോടു തിരിഞ്ഞു "എന്റെ പണം; അതിനാണു് ഞാൻ വന്നതു്. ഇരുനൂററിപ്പത്തിമൂന്നു ബ്രിട്ടീഷുരൂപയും ചില്ലറയും."

എടോ ഇങ്ങോട്ടു നോക്കു! താൻ ചത്തില്ലല്ലൊ പണിക്കരെ? പിന്നെ പണമേതാണു്?" എന്നു് ആശാൻ ഒരു പുഞ്ചിരിയോടുകൂടി ഇടയ്ക്കു കയറിപ്പറഞ്ഞു.

"തനിക്കു കാര്യം മനസ്സിലായിട്ടില്ലെടൊ ആശാനേ?" പണിക്കർ അക്ഷമയോടുകൂടി പറഞ്ഞു. "ഞാൻ പറയുന്നതിന്റെ കാര്യം അവക്കറിയാം. അവർ എനിക്കുവേണ്ടി ഒരു തണ്ണീർപ്പന്തലും വഴിക്കിണറും ഉണ്ടാ

ക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതൊന്നും എനിക്കു സമ്മതമില്ല. എനിക്കു പണമാണു വേണ്ടതു്. അരുതു്; അരുതു്. ഞാൻ പറയുന്നതു കേട്ടില്ലേ അരുതെന്നു്. ഈ ഒടുക്കലത്തെ വാക്കു് ആയാളെക്കൊണ്ടു പറയിച്ചതു പ്രസിഡണ്ടു് ആയാളുടെ മുഖത്തു് അല്പനേരം സൂക്ഷിച്ചു നോക്കിയിട്ടു് അടുക്കൽ വെച്ചിരുന്ന കായാവുവടി തല തിരിച്ചു പിടിച്ചു് ആയാളുടെ വയററിനു നേരെ ഓങ്ങിയതായിരുന്നു. പണിക്കർക്കു ശരീരമുണ്ടെന്നു സന്ദേഹം കൂടാതെ പ്രസിഡണ്ടിനു വേഗം ബോധപ്പെട്ടു. പെട്ടെന്നു് അദ്ദേഹം തന്റെ ഉദ്യോഗപ്രാഭവത്തോടുകൂടി ഇരുന്നു് എല്ലാവരും നിശ്ശബ്ദമായിരിക്കാൻ ആജ്ഞാപിച്ചു.

അദ്ദേഹം പറഞ്ഞുതുടങ്ങി. "ഈ കാര്യത്തിൽ നമുക്കൊരബദ്ധം പിണഞ്ഞുപോയി എന്നു ഞാൻ വ്യസനസമേതം ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ താൻ പ്രയത്നംചെയ്തു തന്റെ ഭാര്യയേയും കുട്ടികളേയും രക്ഷിക്കാനായി കേശവപ്പണിക്കർ മടങ്ങിയെത്തിയതിൽ ഉള്ള സന്തോഷത്തേയും ഞാൻ അതേസമയത്തുതന്നെ സദസ്യരെ അറിയിച്ചുകൊള്ളുന്നു. ജനങ്ങൾ കരയോഗത്തിന്റെ അപേക്ഷയനുസരിച്ചു ദയയോടും സന്നദ്ധതയോടും അഹമഹമികയോടുകൂടി വരിയിട്ടു കമ്മററിയെ ഏല്പിച്ച പണത്തിൽ വളരെക്കുറച്ചേ ഇതുവരെ ചെലവായിട്ടുള്ളൂ. ബാക്കിയുള്ളതു കരയോഗത്തിനു മുതൽക്കൂട്ടുകയോ വരിക്കാർക്കു തിരിച്ചുകൊടുക്കയൊ വേണ്ടതെന്നു പൊതുയോഗംകൂടി നിശ്ചയം പാസ്സാക്കി തരു

സരണം പ്രവൎത്തിക്കപ്പെടുന്നതാകുന്നു എന്നു ഞാൻ കമ്മിററി പ്രസിഡണ്ടിന്റെ അധികാരത്തിലും നിലയിലും കമ്മിററിക്കുവേണ്ടിയും എല്ലാവരേയും അറിയിച്ചുകൊള്ളുകയും ചെയ്യുന്നു.”

പണിക്കർ ദേഷ്യംകൊണ്ടു വിറച്ചു “ഞാൻ പറയുന്നതു കേൾക്കുമോ ഇല്ലയോ” എന്നു പ്രസിഡണ്ടിനോടു കൈ ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചു.

“ഇയാളെ പിടിച്ചു വെളിയിൽ തള്ളട്ടെ എല്ലാവരും പുറത്തു പോകണം. അന്യന്മാരെല്ലാവരും പുറത്തു പോകട്ടെ” എന്നു പ്രസിഡണ്ടു കഠിനമായ ഒരു കല്പന കൊടുത്തു.

രണ്ടു സാമാജികന്മാർ എണീച്ചുവന്നു പണിക്കരെ നിലംതൊടാതെ വെളിയിലാക്കി കതകടച്ചു. ആയാൾ മനുഷ്യനുള്ള സ്വാതന്ത്ര്യത്തേയും അധികാരത്തെയും അവകാശത്തേയും കരയോഗം പ്രസിഡണ്ടിന്റെ മൂക്കിന്റെ ആകൃതിയേയും സാമാജികന്മാരുടെ കുപ്പായത്തിന്റെ കുടുക്കുകളേയും മററും കുറിച്ച് അമൃതധാരപോലെയുള്ള ഒരു പ്രസംഗം അവരുടെ കയ്യിൽ കിടന്നു കുടഞ്ഞുംകൊണ്ടു ഉറച്ചുപറഞ്ഞു സദസ്യരെ രസിപ്പിച്ചു. വഴിയിൽ കൊണ്ടുചെന്നു നിൎത്തിയപ്പോൾ പ്രസംഗവും അവസാനിപ്പിച്ചു. കേശവപ്പണിക്കർ വീട്ടിലേക്കു മടങ്ങിപ്പോയതു് ഏതുവഴിയേയാണെന്നു് ആരും കണ്ടില്ല.

# മാനസമോഹിനി.

---

വേനൽക്കാലത്തു സ്കൂളുകളും കോടതികളും പൂട്ടിയപ്പോൾ ഭാഗലപുരത്തിലെ സബ്ബ്ജഡ്ജിയുടെ അളിയൻെറ മകളായ ശ്രീമതി ഇന്ദിരാദേവി ഭാഗലപുരത്തിലേക്കു വന്നു. ഇന്ദിരയുടെ അച്ഛൻ ശ്രീനാഗേന്ദ്രനാഥചൌധുരി കല്ക്കത്തയിൽ കേളികേട്ട ഒരു വക്കീലും ധനികനുമായിരുന്നു. അദ്ദേഹം പരിഷ്കാരപ്രിയനും സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ പ്രത്യേകതാൽപര്യമുള്ളവനും ആയിരുന്നു. അതിനാൽ അദ്ദേഹം ഇന്ദിരയെ ബെഥൂന സ്കൂളിൽ പഠിക്കാൻ അയച്ചിരുന്നു. അവൾ മട്രിക്കുലേഷ്യൻ ക്ലാസ്സിലാണു പഠിച്ചിരുന്നതു്. അവൾക്കു് ഇപ്പോൾ പതിനഞ്ചു് വയസ്സായിരിക്കുന്നു. ഇംഗ്ലീഷു പഠിച്ചിട്ടുണ്ടെങ്കിലും തൻെറ ഇഷ്ടംപോലെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം കിട്ടീട്ടുണ്ടെങ്കിലും ഇന്ദിരയുടെ സ്ത്രീസുലഭമായ കോമളവൃത്തികൾക്കു യാതൊരു ഹാനിയും തട്ടീട്ടില്ല. ചുരുക്കിപ്പറയുന്നതായാൽ ഇന്ദിര സുന്ദരിയും മധുരഭാഷിണിയും വിനീതയും ലജ്ജാശീലയും ദയാലുവും ആയിരുന്നു. അനിന്ദ്യസുന്ദരമായ അവളുടെ ദേഹത്തിൻെറ ഉള്ളിൽ കുടികൊണ്ടിരുന്ന കോമളഹൃദയം സകലഗുണങ്ങളുടേയും ഇരിപ്പിടമായിരുന്നു.

സബ്ജഡ്ജിക്കു പെൻഷ്യൻ വാങ്ങാനുള്ള കാലം അടുത്തിരിക്കുന്നതുകൊണ്ടും ബാക്കിയുള്ള തൻെറ ജീവകാലം വിജനമായ ഒരു ദിക്കിൽ കഴിച്ചുകൂട്ടേണമെന്നുള്ള ആഗ്രഹംകൊണ്ടും അദ്ദേഹം ബെയസി എന്ന ദി

ക്കിൽ ഒരു ബംഗ്ളാവു പണിയിച്ചിട്ടുണ്ടായിരുന്നു. കൊല്ലന്തോറും പ്ലേഗ് ഉണ്ടാവുന്ന സമയത്ത് അദ്ദേഹം കുടുംബങ്ങളെ ഈ ബംഗ്ളാവിലേക്ക് അയച്ചിരുന്നു. ബംഗ്ളാവു ചെറുതായിരുന്നു എങ്കിലും കാഴ്ചയിൽ വളരെ ഭംഗിയുള്ളതും താമസിക്കാൻ സൌകൎയ്യമുള്ളതും ആയിരുന്നു. ഇടവിടാതെയുള്ള കൎമ്മകോലാഹലത്തോടുകൂടിയ പട്ടണത്തിൽനിന്ന് ഇവിടെ വന്നു പ്രകൃതിയുടെ നഗ്നമായ സൌന്ദൎയ്യവും ശുദ്ധവായുവും അനുഭവിച്ചാൽ മനസ്സിന് എന്തെന്നില്ലാത്ത ഒരു സമാധാനം ഉണ്ടാവുന്നതാണ്.

സബ്ജഡ്ജിയുടെ ഭാൎയ്യ തന്റെ മകന്റെ ഭാൎയ്യയോടും ഇന്ദിരയോടുംകൂടി ബൌസിയിൽ വന്നെത്തി. എല്ലായ്പോഴും ജനകോലാഹലത്തോടുകൂടിയ കല്ക്കത്തയിൽ താമസിച്ചിരുന്ന ഇന്ദിര വിജനത്തിലുള്ള ശാന്തിയുടെ രസം അനുഭവിച്ചിട്ടില്ല. അതുകൊണ്ട് ഇവിടെ വന്നു ജനബാഹുല്യമില്ലാത്തതും വിസ്തൃതവും ആയ മൈതാനവും കഴിഞ്ഞുപോയ യുഗത്തിന്റെ സാക്ഷ്യസ്വരൂപമായി നില്ക്കുന്ന മന്ദരപൎവ്വതവും കണ്ടപ്പോൾ അവൾക്കും വളരെ ആശ്വാസമുണ്ടായി. അവൾ ദിവസംപ്രതി ഭേദപ്പെട്ട അയൽപക്കക്കാരുടെ കന്യകമാരോടും ചെറിയ ആൺകുട്ടികളോടുംകൂടി ബാധകൂടാതെ യഥേഷ്ടം ആ ദിക്കുകളിൽ സഞ്ചരിച്ചു വളരെ ആനന്ദം അനുഭവിച്ചു. ഏററവും ഉത്സാഹത്തോടും ആഹ്ളാദത്തോടുംകൂടി ദിവസങ്ങൾ കഴിഞ്ഞുകൂടി.

ഒരിക്കൽ ഇന്ദിര തൻെറ ചങ്ങാതിമാരൊന്നിച്ചു മന്ദരപൎവ്വതം കാണാൻ പോയി. അവളുടെ ചങ്ങാതിമാരിൽ മിക്കവരും പലപ്പോഴും ആ പൎവ്വതത്തിൻെറ മുകളിൽ കയറീട്ടുള്ളവരായിരുന്നു. അതുകൊണ്ടു പാറകൾ കൊത്തിയുണ്ടാക്കീട്ടുള്ള പടവുകളിൽക്കൂടി മല കയറാൻ തുടങ്ങിയപ്പോൾ ഇന്ദിരയൊഴിച്ചു ബാക്കിയുള്ളവൎക്കൊക്കും വലിയ ബുദ്ധിമുട്ടു തോന്നിയില്ല. ആകാശഗുഹയുടെ അടുത്തെത്തിയപ്പോൾ ഇന്ദിരക്കു ക്ഷീണംകൊണ്ടു മുന്നോട്ടു നടക്കാൻ വയ്യാതായി. അദ്ധ്വാനംകൊണ്ടു് അവളുടെ ചെമ്പകനിറത്തിൽ ചുകപ്പുരാശകൂടി ഉണ്ടായി. അവൾ കിതച്ചുതുടങ്ങി. ചെറിയ ചെറിയ മുത്തുകൾക്കു തുല്യമായ വിയൎപ്പുതുള്ളികൾ അവളുടെ കമനീയമായ മുഖത്തു നിറഞ്ഞു കാണാറായി. ഇന്ദീവരതുല്യമായ നയനങ്ങളിൽ ക്ഷീണത്തിൻെറ അടയാളം സ്പഷ്ടമായി കാണപ്പെട്ടു. അവളുടെ അവസ്ഥ കണ്ടു് അവളോട്ട് അവിടെ ഇരുന്നു വിശ്രമിക്കാൻ പറഞ്ഞു ബാക്കിയുള്ളവർ മുന്നോട്ടു നടന്നു.

സമുദ്രമഥനകാലത്തു ദേവന്മാരും അസുരന്മാരും ഈ മന്ദരപൎവ്വതമാണു കടക്കോലായി ഉപയോഗിച്ചിരുന്നതു് എന്നു പറയപ്പെടുന്നുണ്ടു്. പൎവ്വതത്തിൻെറ ചുററും ഏററവും വീതികുറഞ്ഞ ഒരു വഴിയുടേതെന്നപോലെ അടയാളം കാണുന്നുണ്ടു്. ഇതു കടക്കോലിൽ ചുററിയിരുന്ന കയറിൻെറ അടയാളമാണെന്നു് എല്ലാവരും പറയുന്നുണ്ടു്. കഴിഞ്ഞ യുഗത്തിൻെറ കീൎത്തിസ്മാരകമായി വല്ല സംഭവവും ഇവിടെ നടത്തീട്ടുണ്ടെങ്കിലാവട്ടെ ഝ

ല്ലെങ്കിലാവട്ടെ ഇത് ഒരു വിശേഷപ്പെട്ട പൎവ്വതമെന്നു് ഇതിന്റെ സ്ഥിതിയും പ്രകൃതിയും കാഴ്ചക്കാൎക്ക് പ്രത്യക്ഷപ്പെടുന്നതാണ്.

ചങ്ങാതിമാർ പോയ ശേഷം ഇന്ദിര സമനിരപ്പായതും അധികം ഉയരമില്ലാത്തതുമായ ഒരു കല്ലിന്മേൽ ഇരുന്നു. നാലുഭാഗത്തും ചെറുതും വലുതുമായി പലവിധവൃക്ഷങ്ങൾ നില്ക്കുന്നുണ്ട്. അവയുടെ നടുവിലായി പായൽകൊണ്ടു നിറഞ്ഞ ഒരു ജലാശയം ഉണ്ട്. ഇതിനെ "ആകാശഗംഗ" എന്നു പേർ വിളിച്ചുവരുന്നു. ഇതിൽ സ്നാനം ചെയ്താൽ ഇഹലോകത്തെ സംബന്ധിച്ചേടത്തോളം വിശേഷഗുണം ഉണ്ടാവുമെന്നു തോന്നുന്നില്ല. പുണ്യം സമ്പാദിപ്പാൻ വേണ്ടി ഇതിൽ കുളിക്കുന്ന ഭക്തന്മാൎക്ക പനിയുണ്ടാവുന്നില്ലെന്നു തീൎച്ചയായി പറയാം. ഉത്സവകാലങ്ങളിൽ വളരെ ദൂരത്തുനിന്നു വരുന്ന അസംഖ്യം ഭക്തന്മാർ ഭക്തിഭരിതന്മാരായിട്ട് ഈശപാദത്തെ ഭജിക്കുന്നതു കാണുമ്പോൾ ആരുടെ മനസ്സിലും ഒരു വിശുദ്ധമായ ഭാവം സ്ഫുരിക്കുന്നതാണ്.

നേരം സന്ധ്യയായിത്തുടങ്ങി. പ്രകൃതി നിസ്തബ്ധമായിരിക്കുന്നു. പെട്ടെന്ന് എവിടെനിന്നോ ആകാശമദ്ധ്യത്തിൽ ഒരു മേഘശകലം കാണപ്പെട്ടു. ക്രമത്തിൽ ആകാശം മുഴുവനും കാൎമ്മേഘങ്ങൾകൊണ്ടു മൂടപ്പെട്ടു. പ്രകൃതിയുടെ ദേഹം മുഴുവനും ഒരു കറുത്ത വസ്ത്രംകൊണ്ടു മൂടിയതുപോലെ തോന്നിത്തുടങ്ങി. വായു ക്രമത്തിൽ വീശിത്തുടങ്ങി. താമസിക്കാതെ കൊടുങ്കാററു വീശിത്തുടങ്ങി. ഗംഭീരമായ മേഘധ്വനിയും കൊടു

ങ്കാററിൻെറ ഇടവിടാതെയുള്ള ഭയങ്കരഗതിയും കൂടെക്കൂടെയുള്ള ഇടിമിന്നലും കാണുമ്പോൾ ലോകക്ഷയകരമായ പ്രളയത്തിൻെറ താണ്ഡവമാണോ എന്നു തോന്നിപ്പോകും. മനുഷ്യരാരും ഇല്ലാത്ത ഈ പൎവ്വതത്തിൻെറ മുകളിൽ ഏകാകിനിയായി നിന്നിരുന്ന ഇന്ദിര പ്രകൃതിയുടെ ഭയങ്കരമായ ഈ ആകൃതി കണ്ടിട്ടു പേടിച്ചു വിറച്ചു കരഞ്ഞുതുടങ്ങി. അവൾ ആത്മരക്ഷാൎത്ഥം അടുത്തുനിന്നിരുന്ന ഒരു മരം കെട്ടിപ്പിടിച്ചു കണ്ണുചിമ്മി നിന്നു. കൊടുങ്കാററിൻെറ ഊക്കു സഹിക്കാൻ കഴിയാതെ തൻെറ പിടുത്തം വിട്ടു താഴത്തേക്കു വീണുപോയാൽ തൻെറ അവസ്ഥ എന്തായിരിക്കും എന്നു വിചാരിച്ചു് ഇന്ദിര വല്ലാതെ അമ്പരന്നുപോയി.

പെട്ടെന്നു തൻെറ സമീപത്തു നിന്നു ഏററവും കോമളവും സഹാനുഭൂതിയോടുകൂടിയതുമായ സ്വരത്തിൽ "എന്താ നിങ്ങൾ ഭയപ്പെട്ടുവോ?" എന്നു് ആരോ ചോദിക്കുന്നതു് ഇന്ദിര കേട്ടു. ഇന്ദിര കണ്ണു മിഴിച്ചു നോക്കിയപ്പോൾ തൻെറ മുമ്പിൽ ഏററവും സുന്ദരനായ ഒരു യുവാവു നില്ക്കുന്നതു കണ്ടു. ആയാളുടെ ആകൃതി കണ്ടപ്പോൾ ആയാൾ ധനവാനും നല്ല ഒരു കുടുംബത്തിൽ ജനിച്ചവനും ആണെന്നു് ഇന്ദിരയ്ക്കു തോന്നി. സങ്കോചത്തോടും സഹാനുഭൂതിയോടുംകൂടിയ ആയാളുടെ നോട്ടം കണ്ടപ്പോൾ ഇന്ദിരയ്ക്കു ധൈൎയ്യം ഉണ്ടായി. അപ്പോൾ അവൾ പതുക്കെപ്പതുക്കെ തൻെറ സ്വാഭാവികമായ മധുരസ്വരത്തിൽ തൻെറ അവസ്ഥയെല്ലാം ആയാളോടു പറഞ്ഞു. തൻെറ അവസ്ഥ പറഞ്ഞറി

യിരുന്നതുവരെ അവളുടെ പേടി വിട്ടിട്ടില്ലായിരുന്നു. ഇങ്ങിനെ അപരിചിതനായി പുരുഷന്റെ നേരെ നോക്കിനില്ക്കുന്നതും കേവലം ലജ്ജയില്ലാത്തതിന്റെ ഒരു അടയാളമാണെന്നും അതു മൎയ്യാദക്കാൎക്കു കുറച്ചിലായ ഒരു സംഗതിയാണെന്നും തത്സമയത്തു് ഇന്ദിരക്കു തോന്നിയില്ല.

യുവാവാകട്ടെ വികസിച്ചുവരുന്ന താമരപ്പൂപോലെയുള്ള അവളുടെ മുഖം കണ്ടിട്ടു മോഹിതനായിത്തീൎന്നു. ആയാൾ അന്യചിന്തകളെല്ലാം വിട്ടു് അവളിൽ ലയിച്ചു് ആ ബാലികയുടെ മനോഹരമായ മുഖാവലോകനരസം അനുഭവിച്ചുകൊണ്ടുനിന്നു. മനുഷ്യൻ സൌന്ദൎയ്യത്തിൽ ഏററവും താല്പൎയ്യമുള്ളവനാണു്. യഥാൎത്ഥസൌന്ദൎയ്യം ആരുടെ ദൃഷ്ടിയേയാണു് ആകൎഷിക്കാത്തതു്? എന്നാൽ ഈ ദൃഷ്ടിക്കു വ്യത്യാസങ്ങളുണ്ടു്. ഒരുവിധം ദൃഷ്ടി പാപരഹിതവും കളങ്കമില്ലാത്തതും ആശ്ചൎയ്യത്തോടും രോമാഞ്ചത്തോടും കൂടിയതും ആകുന്നു. ഈ ദൃഷ്ടി സൌന്ദൎയ്യാധികാരിണിയുടെ സൌന്ദൎയ്യത്തെ വൃദ്ധിക്കുന്നു. മറെറാരുവിധം ദൃഷ്ടി കാമംകൊണ്ടു ദുഷിച്ചതും ഭോഗതൃഷ്ണയോടുകൂടിയതും നിൎല്ലജ്ജവും ആകുന്നു. ഈ ദൃഷ്ടി ഏററവും ത്യാജ്യവും നിന്ദ്യവും ആകുന്നു. യുവാവിന്റെ ദൃഷ്ടി ഇതിന്നു മുമ്പു പറഞ്ഞ മാതിരി ഏററവും പാപരഹിതമായിട്ടുള്ളതാണു്. ഇന്ദിരക്കു് ആ ദൃഷ്ടി സഹിക്കാൻ കഴിഞ്ഞില്ല. അവളുടെ ശരീരം മുഴുവനും കോൾമയിർകൊണ്ടു കണ്ണുകൾ തന്നെത്താനേ അവനതങ്ങളായിത്തീൎന്നു. ലജ്ജകൊണ്ടു് അവളുടെ മു

ഖം രക്തചന്ദനം പൂശിയ ജപാപുഷ്പത്തിന്റെ ശോഭ
യോടുകൂടിയതായിത്തീർന്നു.

ഇന്ദിര വിവരങ്ങളെല്ലാം പറഞ്ഞതിന്നു ശേഷം യു
വാവ് അവളെ സ്നേഹപൂർവ്വം ആശ്വസിപ്പിച്ചുകൊണ്ടു
പറഞ്ഞു. "നിങ്ങൾ ഇവിടെത്തന്നെ കുറച്ചുകൂടി നില്ക്കു.
ഞാൻ അടുക്കൽതന്നെ നില്ക്കാം. ഒട്ടും ഭയപ്പെടേണ്ട.
കൊടുങ്കാറ്റ് ഒതുങ്ങിയാൽ ഞാൻ നിങ്ങളെ ചങ്ങാതി
മാരുടെ അടുക്കൽ എത്തിക്കാം. അല്ലെങ്കിൽ ഞാൻത
ന്നെ നിങ്ങളെ വീട്ടിൽ കൊണ്ടുപോയിവിടാം."

ഇരുവരുടെ മനസ്സും അപ്പോൾ അവർ മുമ്പ് അ
നുഭവിക്കാത്ത ഒരു ഭാവനകൊണ്ടു നിറഞ്ഞു. തമ്മിൽ
സംസാരിച്ചാൽ കൊള്ളാമെന്നു രണ്ടുപേർക്കും കലശലായ
മോഹം ഉണ്ടായി. എന്നാൽ അന്യോന്യം തിരെ അ
പരിചിതരായിരുന്നതുകൊണ്ട് ഒതുക്കാൻ കഴിയാത്ത
ആഗ്രഹം ഉണ്ടായിരുന്നിട്ടും സ്വാഭാവികമായ ലജ്ജ അ
വരുടെ സംഭാഷണത്തിന്നു പ്രതിബന്ധമായിത്തീർന്നു.
എങ്കിലും രണ്ടുപേരും മറ്റേ ആൾ കാണാതെ ആ ഇരു
ട്ടിൽ എത്രത്തോളം കാണാൻ കഴിയുമോ അത്രത്തോ
ളം കണ്ണിമ ആട്ടാതെ അന്യോന്യം നോക്കിക്കൊണ്ടുനി
ന്നു. അവരിരുവരുടേയും ദേഹം രോമാഞ്ചഭരിതമായി
ത്തീർന്നു.

ക്രമത്തിൽ കൊടുങ്കാറ്റു ശമിച്ചു. പ്രകൃതി ശാന്ത
മായിത്തീർന്നു. മേഘങ്ങൾ നീങ്ങിപ്പോയപ്പോൾ നക്ഷ
ത്രഖചിതമായ നീലാകാശത്തിൽ പൂർണ്ണചന്ദ്രൻ പ്രകാ
ശിച്ചു.

യുവാവു ബാലികയോട്ട് അവിടെത്തന്നെ നില്ക്കാൻ പറഞ്ഞു് അവളുടെ ചങ്ങാതിമാരെ അന്വേഷിച്ചുപോയി. ഇതിനിടയിൽ അവളുടെ ചങ്ങാതിമാർ ഭൃത്യന്മാരൊന്നിച്ചു് അവിടെ വന്നെത്തി. അവരെ കണ്ടപ്പോൾ ഇന്ദിര ആനന്ദപരവശയായി തന്നെത്താൻ മറന്നു. പിന്നെ അവരെല്ലാവരുംകൂടി വീട്ടിലേക്കു മടങ്ങാനുള്ള ശ്രമം ചെയ്തു. ഇന്ദിര ലജ്ജകൊണ്ടു യുവാവിന്റെ കഥ ആരോടും പറഞ്ഞില്ല. ആയാൾ തിരിച്ചുവന്നതിന്നുമുമ്പായി അവൾ എങ്ങിനെയാണു മടങ്ങിപ്പോകുന്നതു്? എങ്കിലും ഒതുങ്ങാത്ത തന്റെ ആഗ്രഹത്തെ പണിപ്പെട്ടു് ഒതുക്കിക്കൊണ്ടു് അവൾ അവരുടെ ഒപ്പം നടന്നുതുടങ്ങി. ഈ സമയത്തു യുവാവു വേറെ ഒരു ദിക്കിൽക്കൂടി അവരുടെ സമീപത്തെത്തി. ഇന്ദിരയുടെ ഹൃദയം സന്തോഷംകൊണ്ടു തുടിച്ചുതുടങ്ങി. എങ്കിലും അവരുടെ അവസ്ഥ കണ്ടപ്പോൾ അധികം അടുത്തു ചെല്ലുന്നതു മര്യാദയായിരിക്കയില്ലെന്നു യുവാവിന്നു തോന്നി. അവർ ഓരോരുത്തരായി പോയിത്തുടങ്ങി. പോകുന്ന സമയം ഇന്ദിര യുവാവിന്റെ നേരെ കൃതജ്ഞതാപൂർണ്ണമായ ഒരു നോട്ടം നോക്കി. എന്നാൽ ലജ്ജകൊണ്ടു നന്ദിസൂചകമായ ഒരു വാക്കുപോലും പറയാൻ അവൾക്കു സാധിച്ചില്ല. എന്നാൽ ഈ ഒരു നോട്ടംകൊണ്ടു തന്റെ മനോഭാവം നല്ലവണ്ണം വെളിപ്പെടുത്തി. അവൾ യുവാവിന്റെ മനസ്സിൽ നൂതനമായ ഒരു ഭാവം അങ്കുരിപ്പിച്ചു് അവിടെനിന്നു പോയി.

അവർ കാഴ്ചയിൽനിന്നു മറഞ്ഞപ്പോൾ യുവാവു് ഒരു ദീർഘശ്വാസം വിട്ടു തന്റെ വഴിക്കു തിരിച്ചു. കുറച്ചു മുമ്പു് ഇന്ദിര തന്റെ ഒന്നിച്ചുണ്ടായിരുന്നപ്പോൾ താൻ മുമ്പു കാണാത്തതും ഏററവും സ്പൃഹണീയവുമായ ഒരു വസ്തുവിന്റെ ഉടമസ്ഥനായിരുന്നു എന്നും ഇപ്പോൾ സർവ്വസ്വവും നശിച്ചു് ഒരു പിച്ചക്കാരനായിരിക്കുന്നു എന്നും യുവാവു വിചാരിച്ചു.

ഈ വിദേശവാസകാലത്തു കഴിഞ്ഞ യുഗങ്ങളുടെ സാക്ഷിസ്വരൂപമായി നില്ക്കുന്ന "മന്ദര"പർവ്വതത്തിൽ വെള്ളപ്പൂനിലാവോടുകൂടിയ രാത്രിയിൽ അപരിചിതന്മാരായ രണ്ടുപേരുടെ പരിശുദ്ധഹൃദയങ്ങൾ അദൃശ്യമായ ഒരു മഹാശക്തിയുടെ മഹിമയാൽ രമണീയവും പീഡാകരവുമായ ഒരു ഭാവംകൊണ്ടു പരവശമായിത്തീർന്നു.

## പത്രംവഴിക്കുള്ള അറിയിപ്പു്.

മിർജാപുരത്തെരുവിൽ സർക്കാർവകയായ ഒരു ഹോസ്റ്റലിൽ ചില വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടു്. ഹോസ്റ്റലിന്റെ അവസ്ഥ കണ്ടാൽതന്നെ അതിൽ താമസിക്കുന്നവർ പണക്കാരുടെ മക്കളാണെന്നും പ്രത്യക്ഷപ്പെടുന്നതാണു്. അവരിൽ അധികം പേരും എം. ഏ. പരീക്ഷക്കും ബി. എൽ. പരീക്ഷക്കും പഠിക്കുന്നവരാണു്. നമുക്കു മുമ്പു പരിചിതനായ യുവാവു് എം. ഏ. പരീക്ഷക്കു ദർശനശാസ്ത്രം പഠിക്കുന്നവനാണു്.

യുവാവിന്റെ പേർ ശ്രീവിനായകുമാരരായൻ എന്നാണു്. ആയാളുടെ കുടുംബക്കാർ വാരേന്ദ്രബ്രാഹ്മണന്ന

റിൽപ്പെട്ടവരാണു്. ശരച്ചന്ദ്രരായൻ എന്നാണു് ആയാളുടെ അച്ഛന്റെ പേർ. അദ്ദേഹം ഇപ്പോൾ ഡോക്ടർ ജോലിയിൽനിന്നു പെൻഷ്യൻ വാങ്ങിപ്പിരിഞ്ഞിരിക്കുന്നു. ഗവർമ്മെണ്ടിൽനിന്നു റായിബഹദ്ദൂർ എന്ന സ്ഥാനം കിട്ടീട്ടുണ്ടു്. ശരച്ചന്ദ്രൻ വലിയ ധനികനാണു്. പൂർവ്വന്മാർ സമ്പാദിച്ച ഭൂസ്വത്തുക്കളിൽനിന്നു കൊല്ലത്താൽ 25000 ക.യിൽ ചുരുങ്ങാതെ പാട്ടം കിട്ടാനുണ്ടു്. അതിനു പുറമെ ശരച്ചന്ദ്രനു മാസത്തിൽ 300 ക. പെൻഷ്യൻ കിട്ടുന്നുണ്ടു്. വിനയൻ അച്ഛന്റെ ഏകപുത്രനാണു്. ശ്രീമതി നിഹാരബാല എന്നു പേരായി ആയാൾക്കു് ഒരു സോദരിയും ഉണ്ടു്. അവളുടെ വിവാഹം കഴിഞ്ഞിരിക്കുന്നു. വിനയന്റെ സഹപാഠിയായ ശ്രീസതീനാഥചക്രവർത്തിയാണു് അവളുടെ ഭർത്താവു്. കുട്ടിക്കാലത്തുതന്നെ സതീനാഥന്റെ അച്ഛനമ്മമാർ മരിച്ചുപോയി. അവരുടെ സ്ഥിതി വളരെ കഷ്ടത്തിലായിരുന്നു. സതീനാഥന്റെ ബുദ്ധിവൈഭവവും വണക്കവും കണ്ടു പരദുഃഖം കണ്ടുകൂടാത്ത ശരച്ചന്ദ്രൻ ആയാളെ തന്റെ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിച്ചു സ്കൂളിലേക്കു് അയച്ചു. ആയാളുടെ ബുദ്ധിഗുണവും ശീലഗുണവും കണ്ടു സന്തോഷിച്ച ശരച്ചന്ദ്രൻ തന്റെ പുത്രിയെ ആയാൾക്കു വിവാഹം ചെയ്തുകൊടുത്തു. സതീനാഥൻ വിനയന്റെ പരമമിത്രവും ഏററവും ഗുണകാംക്ഷിയും ആയിരുന്നു.

ഒരിക്കൽ വിനയനും സതീനാഥനും മററു ചില സഹപാഠികളും കൂടി വിനയന്റെ മുറിയിൽ രാവിലത്തെ

ചായ കുടിക്കുകയായിരുന്നു. ഇടയ്ക്കിടക്കു ഗഹനങ്ങളായ ദാൎശനികതത്വങ്ങളേയും സാഹിത്യവിഷയങ്ങളേയും കുറിച്ച് അന്യോന്യം അവർ തൎക്കിച്ചിരുന്നു.

പെട്ടെന്നു സുരേന്ദ്രൻ വിനയന്റെ ശൂന്യദൃഷ്ടിയും സരസമായ തൎക്കങ്ങളിലുള്ള ഉദാസീനതയും കണ്ടിട്ടു വിനയനോടു ചോദിച്ചു. “ഹേ! വിനയം! നിങ്ങൾ വല്ല കുടുക്കിലും പെട്ടിട്ടുണ്ടോ? രാപ്പകൽ ഒരുപോലെ നിങ്ങൾ എന്താണ് ആലോചിക്കുന്നത്? ഇത്ര ചെറുപ്പത്തിൽ തന്നെ കാമുകനായിത്തീൎന്നുവോ?”

വിനയൻ അല്പം ലജ്ജയോടുകൂടി പറഞ്ഞു. “അതൊന്നുമില്ല”. എന്നാൽ ആയാളുടെ ഉത്തരംകൊണ്ടു തൃപ്തിപ്പെടാതെ സുരേന്ദ്രൻ വ്യംഗ്യമായ സ്വരത്തിൽ വീണ്ടും പറഞ്ഞു.“നിശ്ചയമായും നിങ്ങൾ ഒരു കണിയിൽ പെട്ടിട്ടുണ്ട്. മാംഗലപുരത്തിൽ സഞ്ചരിക്കാൻ പോയിട്ടു വല്ല സുന്ദരിയുടേയും വലയിൽ പെട്ടുപോയൊ?”

തന്റെ ഹൃദയത്തിൽ ഒളിച്ചുകിടക്കുന്ന വിചാരം അന്യൻ ഊഹിച്ചറിയുമ്പോൾ നൂതനമായ ഒരു ഭാവം കൊണ്ട് ഒരുവന്റെ മനസ്സ് ഇളകിമറിയുന്നതാണ്. വിനയൻ ഈ മാതിരി ചോദ്യത്തിന്നുത്തരം പറവാൻ പെട്ടെന്ന് ഒരുക്കമില്ലാതിരുന്നതുകൊണ്ട് ആയാൾ അല്പം പരിഭ്രമിച്ചു. പരിഭ്രമം തീൎന്നശേഷം ആയാൾ സ്പഷ്ടത്തിൽ പറഞ്ഞു. “പ്രേമപാശത്തിലകപ്പെട്ടാൽ പിന്നെ എന്താണ് ഉപായം? വെള്ളക്കാരെപ്പോലെ വിവാഹകാൎയ്യത്തിൽ നമുക്കും സ്വാതന്ത്ര്യമില്ലേ? പ്രേമത്തിൽ അകപ്പെട്ടാൽ പ്രേമപാത്രത്തോടു തന്റെ ഹൃദയഭാവം

അറിയിച്ച് അവളുടെ സമ്മതം കിട്ടുന്നപക്ഷം അവളെത്തന്നെ ഒരുവൻ വിവാഹം കഴിക്കേണ്ടതല്ലേ?"

ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നിരത്തിൽക്കൂടി ചിലർ സ്വഭാവസിദ്ധമായ വികൃതസ്വരത്തിൽ ദിനപത്രങ്ങളുടെ പേർ വിളിച്ചുപറഞ്ഞുംകൊണ്ടു പോയിരുന്നു. മുമ്പു നിശ്ചയിച്ചിരുന്നതുപോലെ ഹോസ്റ്റലിലെ ഭൃത്യൻ ഒരു ബംഗാളിപത്രവുംകൊണ്ടു മുകളിലേക്കു വന്നു. സതീനാഥൻ അതു വായിക്കാൻ തുടങ്ങി. ബാക്കിയുള്ളവർ പല നേരംപോക്കുകളും പറഞ്ഞു സാധുവായ വിനയനെ കളിയാക്കിക്കൊണ്ടിരുന്നു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ സുരേനൻ സതീനാഥനോടു പറഞ്ഞു. "നിങ്ങളുടെ ഭാര്യയുടെ അനുജൻ വിനയൻ്റെ വിവാഹം കഴിക്കാത്തതു് എന്താണു്? ദുർഗ്ഗാപൂജക്കാലത്തു കോളേജു് പൂട്ടുമല്ലോ. അപ്പോൾ വിനയൻ്റെ വിവാഹം നടത്താൻ അദ്ദേഹത്തോടു പറയണം. നമുക്കു രസമായി സ്കൂൾമുടക്കകാലം കഴിക്കാം."

സതീനാഥൻ കടലാസ്സു വായന നിർത്തീട്ടു പറഞ്ഞു. "വിനയൻ്റെ വിവാഹകാര്യം അദ്ദേഹം എന്നെയാണു ഭരമേല്പിച്ചിരിക്കുന്നതു്. എന്നാൽ വിനയനു് അനുരൂപയായ ഒരു ഭാര്യയെ കിട്ടേണ്ടേ?"

വിനയൻ ആശ്ചര്യത്തോടുകൂടി പറഞ്ഞു. "എന്താണു ബംഗാളരാജ്യത്തു ബാലികമാർക്കു ദുർഭിക്ഷമായോ? ചില ബാലികമാർ ഭർത്താക്കന്മാരെ കിട്ടാൻ ഞെരുക്കമായിട്ടു 'ജൌഹരവ്രതം' (തീയിൽ ചാടി മരിക്കൽ) തുടങ്ങിയിരിക്കുന്നു എന്നു കേൾക്കാനുണ്ടു്. അഥവാ നമ്മുടെ തത്വജ്ഞാനികൾ രണ്ടാമതൊരു ഖനായേയോ ഗാർഗ്ഗിയേയോ ഉർവ്വശിയേയോ വിവാഹം ചെയ്തുകൊടുക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?"

സതീനാഥൻ അതിന്നു് ഉത്തരമൊന്നും പറയാതെ പെട്ടെന്നു കൌതുകത്തോടുകൂടി പറഞ്ഞു. "ഇതു കേൾക്കു. ഈ കടലാസ്സിന്റെ പരസ്യവകുപ്പുകളിൽ നല്ല ഒരു വരനെ കിട്ടിയാൽ കൊള്ളാമെന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു." ഇങ്ങിനെ പറഞ്ഞു സതീനാഥൻ പരസ്യം വായിക്കുവാൻ തുടങ്ങി.

"കല്ക്കത്തയിലെ ഒരു ധനികനായ വരേന്ദ്രബ്രാഹ്മണന്റെ ഏകപുത്രിയെ വിവാഹം ചെയ്യാൻ നല്ല കുലത്തിൽ ജനിച്ചവനും പഠിപ്പുള്ളവനുമായ ഒരു വരൻ ആവശ്യമുണ്ടു്. വധു നല്ല സുന്ദരിയും വിദുഷിയുമാണു്. വരനെ ബിലാത്തിക്കു പഠിക്കാനയക്കുവാൻ വധുവിന്റെ അച്ഛൻ തയ്യാറാണു്. വത്സഗോത്രക്കാരൊഴിച്ചു ബാക്കിയുള്ളവർ താഴെ എഴുതുന്ന മേൽവിലാസക്കാരനോടു് അന്വേഷിച്ചാൽ അധികവിവരം കിട്ടുന്നതാണു്."

"ഏൻ. എൻ. ചൌധുരി. എം. എ., ബി. എൽ. ഹൈക്കോർട്ടു വക്കീൽ ലൌഡൻസ്ട്രീറ്റു് - കല്ക്കത്താ."

യൌവനം പ്രാപിച്ചവരും പഠിപ്പുകാരും വിവാഹം കഴിക്കാത്തവരും ആയവൎക്കു് ഇതു് ആനന്ദപ്രദമായ ഒരു വിഷയമാണു്. എന്നാൽ വിനയൻ ഇതിൽ ഒട്ടും ഔൽസുക്യം കാണിക്കാഞ്ഞതു് എന്തുകൊണ്ടാണെന്നു് അറിയുന്നില്ല. ആയാളുടെ അഭിപ്രായം ചോദിച്ചപ്പോൾ ആയാൾ ഏററവും ഉദാസീനതയോടുകൂടി പറഞ്ഞു "നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തോളു. എനിക്കു് ഇതിൽ ഒന്നും പറയാനില്ല."

സതീനാഥൻ തന്റെ അച്ഛന്റെ കല്പനപ്രകാരം

ഈ കാൎയ്യത്തിൽ ഏൎപ്പെട്ടിരിക്കുന്ന വിവരം വിനയന് അറിവുണ്ട്. അച്ഛന്നു മനോവിചാരം വന്നെങ്കിലോ എന്നു ശങ്കിച്ചു വിനയന് ഈ കാൎയ്യത്തിൽ തീരേ വിരോധം പറയാൻ ശക്തിയുണ്ടായില്ല.

വിനയന്റെ ഉദാസീനതയെ അവരാരും വകവെച്ചില്ല. അപ്പോൾതന്നെ സതീനാഥൻ എല്ലാവരോടും കൂടി ആലോചിച്ചു് ഒരു എഴുത്തു് എഴുതി പരസ്യത്തിലെ മേൽവിലാസക്കാരന് അയച്ചു.

ചിന്തയും സഹാനുഭൂതിയും.

"പ്രേമം ഭ്രാന്താണ്. സ്ത്രീ ഒരു വലയാണ്. വിവാഹം ഒരു ഷോഡതിയാണ്, അതിൽ നന്നെക്കുറച്ചു് ആളുകൾക്കു മാത്രം നറുക്ക കിട്ടുന്നു."

ഭാഗലപൂരത്തുനിന്നു തിരിച്ചുവന്നതിൽപിന്നെ, എല്ലായ്പോഴും പ്രസന്നവും പ്രഹൃഷ്ടവും ആയിരുന്ന വിനയന്റെ മുഖത്തു മനോവിചാരത്തിന്റെ ലാഞ്ഛന കാണപ്പെട്ടു. ആയാളുടെ നിരുപദ്രവവും സ്വച്ഛന്ദവുമായ ജീവിതത്തിൽ എന്തോ ഒരു സങ്കടം ആയാൾക്കു നേരിട്ടിരിക്കുന്നു. അത് എന്താണെന്നു് ആൎക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല. ആയാളുടെ അവസ്ഥ കണ്ടിട്ടു് അച്ഛന്നു വിചാരമായി. സ്നേഹമയിയായ അമ്മയ്ക്കു വളരെ വ്യസനമായിത്തീൎന്നു. തൽക്കാലം പഠിപ്പു നിൎത്തി ദേശസഞ്ചാരം ചെയ്യുന്നതു നന്നായിരിക്കും എന്നു് അവർ തീൎച്ചപ്പെടുത്തി. എന്നാൽ തനിക്കു യാതൊരു സുഖക്കേടുമില്ലെന്നും തന്നെപ്പററി അച്ഛനമ്മമാർ ലേശം വിചാരപ്പെടേണ്ടാ എന്നും വിനയൻ അവരോടു സമാ

ധാനം പറഞ്ഞു. എന്നാൽ അതിസ്നേഹം ഉള്ള ദിക്കിൽ അതിയായ മനോവിചാരത്തിന്ന് എടയായിത്തീൎന്നു. ശരച്ചന്ദ്രരായൻ നിരുപായനായിട്ടും മകനു തക്കതായ ഒരു ഭാൎയ്യയെ അന്വേഷിക്കാനായി തൻെറ മകളുടെ ഭൎത്താവായ സതീനാഥനെ പറഞ്ഞേല്പിച്ചു.

കോളേജ് തുറന്നപ്പോൾ വിനയൻ കല്ക്കത്തയിലേക്കു മടങ്ങി. തൻെറ സകലകാൎയ്യങ്ങളിലും വിനയൻ ഉദാസീനത കാട്ടിത്തുടങ്ങി. എപ്പോഴും ജനബാധ വിട്ട് ഏകനായിത്താമസിക്കാൻ ആയാൾ ആഗ്രഹിക്കുന്നുണ്ടെന്നും പൎവ്വതപ്രമാണമായ മനോവിചാരം ആയാളുടെ ഹൃദയത്തിനെ വല്ലാതെ പീഡിപ്പിക്കുന്നുണ്ടെന്നും അധികം ആളുകൾക്കും അറിയാൻ കഴിഞ്ഞിരുന്നു.

ആ മന്ദരപൎവ്വതത്തിൽവെച്ചു ക്ഷണനേരം കണ്ട അത്യന്തലാവണ്യവതിയായ ബാലികയുടെ ഓൎമ്മ വിനയന്ന് ഇപ്പോഴും വിട്ടിട്ടില്ല. ഇപ്പോൾ അവളെപ്പററിയുള്ള വിചാരമാണ് ആയാളുടെ പ്രധാനകാൎയ്യമായിത്തീൎന്നിരിക്കുന്നതു്. ആ നിൎജ്ജനപൎവ്വതത്തിൽ വെച്ചു നക്ഷത്രഖചിതവും പ്രകൃതിയുടെ മേലാപ്പുമായ ആകാശത്തിൽ വിളങ്ങിയിരുന്ന ചന്ദ്രൻെറ പൂനിലാവിൽവെച്ചു കണ്ട അപരിചിതയായ ആ ബാലികയുടെ നീണ്ടുചുരുണ്ട കേശഭാരത്തോടുകൂടിയതും പനിനീർപ്പൂവിനെ നിന്ദിക്കുന്നതുമായ സുന്ദരമുഖം—വിനയൻെറ ഹൃദയത്തിൽ എപ്പോഴും കുടികൊണ്ടിരുന്നു.

ലജ്ജകൊണ്ടാവട്ടെ, അല്ലെങ്കിൽ മററു വല്ല കാരണങ്ങൾകൊണ്ടാവട്ടെ, വിനയൻ അപ്പോൾ അവരുടെ

വാസസ്ഥലത്തെ അന്വേഷിക്കുകയോ അവരുടെ വിവരങ്ങൾ ചോദിച്ചറിയുകയോ ഉണ്ടായില്ല. വിനയൻ മംഗലപുരത്തു തന്റെ ഒരു സഹപാഠിയുടെ വീട്ടിലാണു താമസിച്ചതു്. ആയാളുടെ ഒന്നിച്ചാണു വിനയൻ മന്ദരപവ്വതം ദർശിക്കാൻ പോയതു്. എന്നാൽ എന്തോ കാരണവശാൽ സഖിക്കു വേറൊരു വഴിക്കു പോകേണ്ടിവന്നതുകൊണ്ടു വിനയൻ തനിച്ചു മന്ദരപവ്വതത്തിൽ കയറിച്ചെന്നു. ആയാളുടെ അദൃഷ്ടവൈഭവംകൊണ്ടു് ഇന്ദിരയുടെ മുമ്പിൽ ചെന്നെത്തുകയും അന്നുമുതല്ക്കു് ആയാളുടെ പ്രകൃതിക്കു് ഒരു മാററം ഉണ്ടാവുകയും ചെയ്തു. വിനയൻ തന്റെ സഹപാഠിയോടു ബാലികയുടെ വിവരം ചോദിച്ചിരുന്നുവെങ്കിൽ ഈ തകരാറൊന്നും ഉണ്ടാവില്ലായിരുന്നു. അവർ ഒരു വർഗ്ഗത്തിൽപ്പെട്ട ബ്രാഹ്മണരായിരുന്നു. വിനയൻ അനുരൂപവരനും ആയിരുന്നു. അവരുടെ വിവാഹം എളുപ്പത്തിൽ കഴിയുമായിരുന്നു. എന്നാൽ അദൃഷ്ടത്തിന്റെ വിഡംബനംകൊണ്ടോ മററുവല്ല കാരണംകൊണ്ടോ വിനയൻ അപ്പോൾ ഒരു വിവരവും ചോദിക്കയുണ്ടായില്ല.

ഒരുദിവസം സതീനാഥൻ ഏററവും മനോഹരമായ ഒരു ലക്കോട്ടിലടക്കംചെയ്ത ഒരെഴുത്തു കയ്യിൽ പിടിച്ചു ചിരിച്ചുകൊണ്ടു വിനയന്റെ അടുത്തു വന്നു. എന്നാൽ ആധികൊണ്ടു വാടിയ വിനയന്റെ മുഖവും മൌഢ്യവും കണ്ടപ്പോൾ ആയാളുടെ ആനന്ദമെല്ലാം ഭയത്തിൽ കലാശിച്ചു. താൻ വന്ന കായ്യത്തെപ്പററി ഒന്നും പറയാൻ സതീനാഥൻ ശക്തനായില്ല. കുറച്ചു

കഴിഞ്ഞു പ്രകൃതിസ്ഥനായതിന്റെ ശേഷം സതീനാഥൻ ഏററവും സഹാനുഭൂതിയോടുകൂടിയതും കരുണാൎദ്രവുമായ സ്വരത്തിൽ പറഞ്ഞു. "വിനയം! തനിക്കെന്താണു സംഭവിച്ചതു്? രാപ്പകൽ ഒരുപോലെ ഇങ്ങിനെ വിചാരപ്പെടുന്നതു് എന്താണ്? എന്നെ വിശ്വസിച്ചു തന്റെ വിചാരത്തിന്നുള്ള കാരണം എന്നോടു പറയൂ. ഞാൻ നിങ്ങൾക്കും പ്രത്യേകിച്ചു നിങ്ങളുടെ അച്ഛനും ഏററവും കടപ്പെട്ടവനാണു്. ഈ കടം വീട്ടാൻ അസാദ്ധ്യമാണു്. ഉപകാരത്തിന്നു പ്രത്യുപകാരം ചെയ്യാത്ത ഇക്കാലത്തു തീരെ അപരിചിതനും നിസ്സഹായനുമായ ഒരു ബാലനെ സൎവ്വസ്വവും കൊടുത്തു പുത്രാധികസ്നേഹത്തോടുകൂടി വളൎത്തുന്നതു് എത്ര മഹത്തായ ഒരു കാൎയ്യമാണെന്നു വൎണ്ണിപ്പാൻ ഞെരുക്കമാണു്. നിങ്ങൾക്കു വേണ്ടി സ്വല്പമായ ഒരു പ്രവൃത്തി ചെയ്തു പൎവ്വതപ്രമാണമായ എന്റെ കടത്തെ കുറച്ചെങ്കിലും വീട്ടാൻ കഴിഞ്ഞാൽ ഞാൻ ധന്യനായേനേ. എന്നെ പൂൎണ്ണമായി വിശ്വസിച്ചു തന്റെ ഉള്ളിലുള്ളതെല്ലാം എന്നോടു പറയൂ. ഞാൻ യഥാശക്തി പരിശ്രമം ചെയ്തു നിവൃത്തിക്കുള്ള മാൎഗ്ഗം നോക്കാം."

അകൃത്രിമമായ ഈ ആശ്വാസവാക്കുകൾ കേട്ടു വിനയൻ കുറെ സമാധാനപ്പെട്ടു പറഞ്ഞു. "താൻ എന്റെ ശുഭത്തെ കാംക്ഷിക്കുന്നവനാണെന്നു് എനിക്കു നല്ലവണ്ണം അറിയാം. എന്നാൽ എന്റെ മനോവിചാരത്തിന്നുള്ള കാരണം തന്നോടുകൂടി പറവാൻ എനിക്കു ലജ്ജയുണ്ടു്. എന്റെ ലജ്ജാകരമായ ദുൎബ്ബലതയുടെ

വിഷയം കേട്ടാൽ താൻകൂടി ചിരിക്കും. എന്നാൽ സത്യം പറയുന്നതായാൽ ഈ വിചാരം എന്നെ വല്ലാതെ കഷ്ടപ്പെടുത്തുന്നുണ്ട്. എന്റെ ജീവിതത്തിൽ എപ്പോഴെങ്കിലും സുഖം കിട്ടുമോ എന്ന് എനിക്കു പറയാൻ സാധിക്കില്ല."

വിനയന്റെ വ്യാകുലപൂർണ്ണമായ വാക്കുകൾ കേട്ടു പരദുഃഖം കണ്ടുകൂടാത്ത സതീനാഥന്റെ ഹൃദയം കരുണാർദ്രമായി ഭവിച്ചു. വിനയൻ മന്ദരപർവ്വതത്തിൽ വെച്ചു നടന്ന സംഭവങ്ങളെല്ലാം വിസ്തരിച്ചു സതീനാഥനോടു പറഞ്ഞു. കുറേ നേരം സംസാരിച്ചിരുന്നതിന്റെ ശേഷം സതീനാഥൻ വിനയനെ പൂർണ്ണമായി ആശ്വസിപ്പിച്ചു മുൻപറഞ്ഞ എഴുത്തിനെപ്പറ്റി ഒന്നും പറയാതെ വിനയന്റെ മുറിയിൽനിന്നു പുറത്തേക്കു പോയി. വിനയന്റെ കഥ കേട്ടു സതീനാഥനും കുറഞ്ഞൊന്നു വിചാരപ്പെട്ടു എങ്കിലും തീരെ നിരാശനായില്ല.

## സതീനാഥന്റെ അന്വേഷണം.

വിനയന്റെ മനോവിചാരം ദൂരത്താക്കി അയാളെ പൂർണ്ണസുഖിയാക്കിത്തീർക്കാൻവേണ്ടി സതീനാഥൻ ശ്രമിച്ചുതുടങ്ങി. എന്തുപായത്താലാണ് അപരിചിതയായ ആ ബാലികയുടെ വിവരം കിട്ടുന്നത് എന്നും വിവരം അറിഞ്ഞാൽതന്നെ അവരുടേയും വിനയന്റേയും വർഗ്ഗം ഒന്നാണോ എന്നും മറ്റുമുള്ള വിചാരങ്ങൾകൊണ്ടു സതീനാഥൻ കഷ്ടപ്പെട്ടുതുടങ്ങി. വളരെ ആലോചിച്ചതിന്റെ ശേഷം അയാൾ വിനയന്റെ സഹപാ-

റിയായ ഹരിപദന്റെ അടുക്കൽ പോയി. ഈ ഹരി
പദന്റെ ഒന്നിച്ചാണു വിനയൻ ഭാഗല്പൂരത്തേക്ക
പോയിരുന്നതു്. ഹരിപദൻ ഭാഗല്പൂരത്തിലെ പ്രസി
ദ്ധനായ ഒരു വക്കീലിന്റെ മകനാണു്. ആയാൾ
'പടലടാംഗാ' എന്ന തെരുവിലുള്ള ഒരു ഹോസ്റ്റലിൽ
താമസിച്ചു് എം.എ. പരീക്ഷയ്ക്കും ബി.എൽ. പരീക്ഷയ്ക്കും
പഠിച്ചുവരുന്നു.

ഒരു ദിവസം സന്ധ്യ മയങ്ങിയ ഉടനെ സതീനാ
ഥൻ ഹരിപദൻ താമസിക്കുന്ന ഹോസ്റ്റലിൽ പോയി
ആയാളെ കണ്ടു. കുശലപ്രശ്നം കഴിഞ്ഞ ശേഷം ഹരി
പദൻ സതീനാഥന്റെ വരവിനുള്ള കാരണം ചോദിച്ചു.

സതീനാഥൻ ചുരുക്കത്തിൽ വിനയന്റെ വിവര
ങ്ങളെല്ലാം പറഞ്ഞു ഹരിപദനോടു ചോദിച്ചു. "നിങ്ങൾ
മന്ദരപർവ്വതം കാണാൻ പോയ ദിവസം ബൌസിയിൽ
ഏതേതു വീട്ടിലെ സ്ത്രീകളാണു് ഉണ്ടായിരുന്നതു്?"

ഹരിപദൻ കുറേനേരം ആലോചനാമഗ്നനായിരു
ന്നതിന്റെ ശേഷം പറഞ്ഞു. "അപ്പോൾ ബൌസി
യിൽ പ്രമാണപ്പെട്ട ചില കുടുംബങ്ങളിലെ ചില സ്ത്രീ
കൾ ഉണ്ടായിരുന്നു. ഡെപ്യൂട്ടിമജിസ്ട്രേട്ടായ നരേന്ദ്ര
ന്റെ വീട്ടിൽ പെൺകുട്ടികളാരും ഉണ്ടായിരുന്നില്ല.
ബാക്കിവീട്ടിലെ സ്ത്രീകൾ ചിലപ്പോൾ മന്ദാരപർവ്വതം കാ
ണാൻ പോയിരുന്നു എന്നു തോന്നുന്നുണ്ടു്. സബ്ജഡ്
ജിയുടെ അളിയന്റെ മകൾ കല്ക്കത്തയിൽ നിന്നു് അ
വിടെ വന്നിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ പെൺ
കുട്ടികളും അവളും കൂടി പലപ്പോഴും മന്ദാരപർവ്വതം കാ

ണാൻ പോയിരുന്നു. ഈ വിവരം അവിടത്തുകാരനായ് എൻെറ ഒരു ബന്ധു പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. വിനയൻ അവരിൽ ആരെയെങ്കിലും കണ്ടിട്ടുണ്ടായിരിക്കണം എന്നു തോന്നുന്നു.”

സതീനാഥൻ പറഞ്ഞു. “അവരിലാരെയെങ്കിലും കണ്ടിട്ട് വിനയന് ഈ സ്ഥിതി വരാൻ തരമുണ്ടെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?”

ഹരിപദൻ പറഞ്ഞു: “സബ്ജഡ്ജിയുടെ അളിയൻെറ മകളെ കണ്ടിട്ടായിരിക്കണം വിനയൻ ഈ സ്ഥിതിയിലായതു് എന്നാണ് എനിക്കു തോന്നുന്നതു്. ഞാൻ ആ കുട്ടിയെ കണ്ടിട്ടില്ലെങ്കിലും അവൾ വളരെ സുന്ദരിയും ഗുണവതിയും ആണെന്നു പലരും പറഞ്ഞു കേട്ടിട്ടുണ്ട്.”

സതീനാഥൻ പറഞ്ഞു. “അവളുടെ അച്ഛൻ ഇപ്പോൾ എവിടെയാണെന്നും അദ്ദേഹത്തിൻെറ ജാതി എന്താണെന്നും നിങ്ങൾക്ക് അറിവുണ്ടോ?”

ഹരിപദൻ അല്പം ആശ്ചര്യത്തോടുകൂടി പറഞ്ഞു. “എന്തു? ഹൈക്കോർട്ടുവക്കീൽ മിസ്റ്റർ ചൌധുരിയെ നിങ്ങൾ അറിയില്ലേ? അദ്ദേഹമാണ് അവളുടെ അച്ഛൻ. അവർ നിങ്ങളുടെ ജാതിക്കാരുമാണ്.

സതീനാഥൻ എററവും വിസ്മയത്തോടുകൂടി പറഞ്ഞു. ലൌഡൻതെരുവിൽ താമസിക്കുന്ന മിസ്റ്റർ ചൌധുരി അവളുടെ അച്ഛനാണെന്നോ നിങ്ങൾ പറയുന്നതു്? ഇതു് അത്ഭുതമായിരിക്കുന്നു. ഹരിപദൻ പറഞ്ഞു. ഇതിലെന്താണ് അത്ഭുതം?

അപ്പോൾ സതീനാഥൻ മുൻപറഞ്ഞ പരസ്യത്തിന്റെ സംഗതിയും അതിനെ സംബന്ധിച്ചു നടന്ന എഴുത്തുകുത്തുകളുടെ വിവരവും ആയാളോടു പറഞ്ഞു. അതു കേട്ടപ്പോൾ ഹരിപദനു വളരെ അത്ഭുതമായി.

ഈ മാതിരി അഘടിതഘടനകൾ ഉണ്ടാവുന്നതു് ഈശ്വരകൃപകൊണ്ടെന്നല്ലാതെ എന്താണു പറയേണ്ടതു്? യാതൊരുത്തർ ക്ഷണനേരം തമ്മിൽ കണ്ട സമയത്തു തങ്ങളുടെ ജീവിതത്തിലുള്ള സകല ആശകളും ആനന്ദവും കൈവിട്ടും അഭീഷ്ടവസ്തുലാഭത്തിൽ നിരാശന്മാരായി അസഹ്യമായ മനോവേദന അനുഭവിച്ചിരുന്നുവോ; ഈ ജീവനപ്രഭാവത്തിൽ യാതൊരുത്തരുടെ ഹൃദയം നൈരാശ്യത്തിന്റെ കഠിനമായ ഇടികൊണ്ടു തകർന്നിരുന്നുവോ; ഇതു നിമിത്തം നവീനമായ രണ്ടു ജീവികൾ അകാലമരണം പ്രാപിച്ചേക്കാമെന്നു തോന്നപ്പെട്ടുവോ; ഈശ്വരന്റെ അപാരമായ മാഹാത്മ്യം നിമിത്തം അവരുടെ മനോഭിലാഷം അവരുടെ ഹസ്തഗതപ്രായമായി. എന്നാൽ കർമ്മഫലജനിതമായ മനോവേദന അനുഭവിക്കേണ്ട കാലം കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഇപ്പോഴും ഈ വിഷയത്തെപ്പററി അവർ തീരെ അറിഞ്ഞിരുന്നില്ല. സതീനാഥൻ വിനയന്റെ ഏററവും ഗുണകാംക്ഷിയായിരുന്നതുകൊണ്ടു വിചാരിക്കാത്തതായ ഈ സംഭവത്തെക്കുറിച്ചു് ഏററവും ആനന്ദിച്ചു. തന്റെ പ്രവൃത്തി സഫലമായല്ലൊ എന്നു വിചാരിച്ചു് ആയാൾ വളരെ സന്തോഷിച്ചു. തന്നെ പോററിവളർത്തിയ ആൾക്കുവേണ്ടി അല്പമെങ്കിലും ഉപകാരം ചെ

സ്ഥാൻ കഴിയുന്നതാണെന്നു വിചാരിച്ച് ആത്മപ്രസാദംകൊണ്ട് ആയാളുടെ ഹൃദയം വഴിഞ്ഞുതുടങ്ങി.

അവിടെവെച്ചുതന്നെ സതീനാഥൻ മുമ്പു വന്ന എഴുത്തിന്നു വിവാഹം തങ്ങൾക്കു സമ്മതമാണെന്നു മറുപടി അയച്ചു. വരൻെറ സോദരിയുടെ ഭർത്താവും മറ്റു ചില ബന്ധുക്കളുംകൂടി വരുന്ന ഞായറാഴ്ച പകൽ രണ്ടുമണിക്കു കുട്ടിയെ കാണ്മാനായി അദ്ദേഹത്തിൻെറ ഗൃഹത്തിലേക്കു ചെല്ലുന്നതാണെന്നും അറിയിച്ചു.

### പരസ്പരാകർഷണം.

ഞായറാഴ്ച രണ്ടുമണി സമയത്തു സതീനാഥനും ഹരിപദനും മറ്റു ചില യുവാക്കന്മാരുംകൂടി മിർജ്ജാപുരത്തെരുവിൽനിന്ന് ഒരു വണ്ടിയിൽ കയറി ലൌഡൻ സ്ട്രീററിൽ മിസ്റ്റർ ചൌധുരിയുടെ വീട്ടിലേക്കു പോയി. യാത്ര പുറപ്പെടുന്നതിന്നു മുമ്പിൽ വിനയനെ തങ്ങളുടെ ഒന്നിച്ചു കൊണ്ടുപോകാനായി അവർ വളരെ ശാഠ്യം പിടിച്ചുനോക്കി എങ്കിലും വിനയനു പോവാൻ ഒട്ടും സമ്മതമുണ്ടായില്ല. ആയാളുടെ ഹൃദയത്തിൽ കൊത്തീട്ടുള്ള അനിന്ദ്യസുന്ദരവും കോമളവുമായ മുഖം ഒന്നുമാത്രമാണു നിരാശാമയമായ ആയാളുടെ ജീവിതത്തിന്നു സുഖത്തേയും സമാധാനത്തേയും കൊടുത്തത്. താൻ വിചാരിച്ചതും ആഗ്രഹിച്ചതുമായ പ്രിയജനത്തിൻെറ സംഗമസുഖം സിദ്ധിക്കുമെന്നു വിനയന് ഒട്ടുംതന്നെ ബോധമുണ്ടായിരുന്നില്ല. എന്നിട്ടും ആ മുഖം മറക്കാൻ ആയാൾക്കു കഴിഞ്ഞില്ല. മനഃകല്പിതമായ പ്രിയതമയുടെ വിഗ്രഹത്തെ തൻെറ ഹൃദയത്തിലെ സകല ആശകൾ

കൊണ്ടു കൂടി പ്രേമമാകുന്ന അർഘ്യംകൊണ്ടു് ഉപചാരം ചെയ്യുകയാണു് ആയാളുടെ മുഖ്യമായ സമാധാനം. ആ മുഖം മറക്കുന്നതിന്നുമുമ്പു അപരിചിതയായ ഏതോ ഒരുവളെ വിവാഹംചെയ്തു് അവൾക്കു തന്റെ ഹൃദയത്തിൽ സ്ഥാനം കൊടുത്തു പ്രേമത്തിന്നു ഇത്ര കഠിനമായി അപമാനിക്കാൻ ആയാൾക്കു തീരെ ശക്തിയുണ്ടായില്ല.

ആയാളുടെ യഥാർത്ഥദുഃഖം എന്താണെന്നും അതിന്നു കാരണമെന്താണെന്നും അധികം ആളുകൾക്കു് അറിയാൻ ഞെരുക്കമാണു്. സുഖമയമായ ജീവനപ്രഭാതത്തിൽ യഥേഷ്ടം സമാധാനത്തോടുകൂടി കാലക്ഷേപം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഇങ്ങിനെ ഒരു മോഹം തന്നെ ബാധിച്ചുവല്ലോ എന്നു വിചാരിച്ചു ചിലപ്പോൾ വിനയൻ തന്നെത്താൻ ആശ്ചര്യപ്പെടുകയും ലജ്ജിക്കുകയും ചെയ്തു. ഭാവിജീവിതത്തിലെ സകല ഉല്ലാശകളും ആയാളുടെ ഭാഗ്യത്തിന്റെ നിഷ്ഠുരമായ പരിഹാസം നിമിത്തം ചിന്നിച്ചിതറിപ്പോയി.

സതീനാഥൻ സ്നേഹിതന്മാരൊന്നിച്ചു ചൌധുരിയുടെ ഭവനത്തിലെത്തിയ ഉടനെ ചൌധുരി താൻതന്നെ വന്നു വളരെ ആദരവോടുകൂടി അവരെ എതിരേറ്റു. അവരെല്ലാവരും പൂമുഖത്തിൽ ചെന്നിരുന്ന ശേഷം വീട്ടുടമസ്ഥൻ സരളഭാവത്തോടുകൂടി അവരുമായി സംസാരിച്ചുതുടങ്ങി.

ഭവനത്തിന്റെ സൌഷ്ഠവവും സാമാനങ്ങളും കണ്ടിട്ടു വന്നവരെല്ലാവരും വളരെ അത്ഭുതപ്പെട്ടു. ഏററവും വിലപിടിച്ച സാമാനങ്ങൾകൊണ്ടു ഭവനം അതിമ

നോഹരമാകുംവണ്ണം അലങ്കരിക്കപ്പെട്ടിരിക്കുന്നു. വില്ലുസ്സുകൊണ്ടു് അലങ്കരിക്കപ്പെട്ട കോമളമായ കവച്ചിയിലിരുന്നു വിദ്യുച്ഛക്തികൊണ്ടു വീശുന്ന പങ്കയുടെ കാറേററു് അവർ സുഖം അനുഭവിച്ചു. വീട്ടുടമസ്ഥൻ നല്ല സമ്പന്നനും അസാധാരണപാണ്ഡിത്യമുള്ളവനും വിനയമുള്ളവനും ആണെന്നു് അവൎക്കെല്ലാവൎക്കും നല്ലവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞു.

കാഴ്ച കഴിഞ്ഞതുശേഷം മിസ്റ്റർ ചൌധുരിയുടെ സമ്മതപ്രകാരം ആ വീട്ടിലെ ഒരു യുവാവു് ഒരു ദാസിയുടെ സഹായത്തോടുകൂടി ഒരു ബാലികയെ അവിടേക്കു കൂട്ടിക്കൊണ്ടുവന്നു. ബാലിക വായനക്കാൎക്കു് അപരിചിതയല്ല. അവൾ ഇന്ദിരയാണു്.

ബാലികയുടെ വേഷം നല്ല കുടുംബക്കാരുടേതുപോലെയായിരുന്നു. വേണ്ടാത്ത ആഡംബരങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ അവളുടെ കമനീയമുഖകാന്തിയും ചമ്പകസദൃശമായ നിറവും കണ്ടപ്പോൾ എല്ലാവരും മോഹിതന്മാരായിത്തീൎന്നു. അവളുടെ പിങ്കാലുവരെ നീണ്ടുകിടക്കുന്നതും കറുത്തിരുണ്ടു ചുരുണ്ടതുമായ തലമുടി സൎപ്പാകൃതിയിൽ പിന്നിൽ കെട്ടിവെച്ചിരിക്കുന്നു. അവളുടെ ഇന്ദീവരതുല്യങ്ങളായ നയനങ്ങൾ വാസ്തവത്തിൽ സൎവ്വജനങ്ങളേയും മോഹിപ്പിക്കുന്നതാണു്. അവ കടാക്ഷരഹിതങ്ങളും സ്ഥിരവും സ്നിഗ്ദ്ധോജ്ജ്വലവും ആയവയാണു്. ഈ മാതിരി അനുപമസൌന്ദൎയ്യത്തോടുകൂടിയവളായിരുന്നിട്ടും അവളുടെ മുഖത്തു വിഷാദചിഹ്നം

സ്പഷ്ടമായി കാണുന്നുണ്ട്. ഇത്ര ധനികനായ പിതാവിൻെറ ഏകപുത്രിയായിരുന്നിട്ട് ഈ ചെറുപ്രായത്തിൽ അവൾക്കു മനോവേദനയുണ്ടാക്കത്തക്ക ഒരു വിഷയം എന്തായിരിക്കുമെന്ന് അവിടെ വന്നവരിൽ മിക്കപേക്കും അറിയാൻ സാധിച്ചില്ല. സന്ദർഭോചിതമായ മൂന്നു നാലു ചോദ്യങ്ങൾ ചോദിച്ച് അവർ അവളെ പോകാൻ സമ്മതിച്ചു. അപ്പോൾ അവൾ പതുക്കെ ഉള്ളിലേക്കു പോയി.

കുട്ടി ബോദ്ധ്യംപോലെ ആയി എന്നു സതീനാഥൻ പറഞ്ഞശേഷം വരൻെറ വിവരങ്ങളെല്ലാം സവിസ്തരമായി ചൌധുരി ചോദിച്ചറിഞ്ഞു സന്തോഷിച്ചു. പിന്നെ സ്ത്രീധനത്തിൻെറ പ്രസ്താവം വന്നപ്പോൾ സതീനാഥൻ പറഞ്ഞു. "സ്ത്രീധനം നമ്മുടെ സമുദായത്തിൽനിന്നു ദൂരെക്കളയേണ്ടതാണ്. ഈ ദുർന്നടപ്പ് എന്നാണു നമ്മുടെ സമുദായത്തിൽനിന്നു യാത്രപറഞ്ഞു പോകുന്നതു് എന്നു ഈശ്വരനുമാത്രം അറിയാം. സമുദായപരിഷ്കാരികൾ വലിയവലിയ പ്രസംഗങ്ങൾകൊണ്ടു തങ്ങളുടെ അഭിപ്രായങ്ങൾ വെളിപ്പെടുത്തുകയും തങ്ങളുടെ സാമർത്ഥ്യംപോലെ വലിയ വാക്കുകൾ ഉപയോഗിച്ചു സ്ത്രീധനം കൊടുക്കുന്നതിനെപ്പററി നിന്ദിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ തങ്ങളുടെ സ്വാർത്ഥത്തെ അല്പമെങ്കിലും കുറയ്ക്കാൻ അവർ ഒരുങ്ങാത്തതു കഷ്ടംതന്നെയാണ്. എങ്കിലും എൻെറ ഭാര്യയുടെ അച്ഛൻ സ്ത്രീധനവിഷയത്തിൽ തീരെ വിരോധിയാണ് എന്നുള്ളത് ആശ്വാസജനകമായ ഒരു കാര്യമാണ്. അദ്ദേഹ

ത്തിന്റെ സ്വത്തുകൊണ്ടുതന്നെ വിനയനെ ബിലാത്തിക്കയച്ചാൻ അദ്ദേഹത്തിനു ധാരാളം ത്രാണിയുണ്ടു്. കുട്ടി ബോദ്ധ്യമായാൽ വാക്കുകൊടുത്തു മടങ്ങിച്ചെല്ലുന്നാണു് അദ്ദേഹത്തിന്റെ കല്പന. അങ്ങയുടെ മകൾ സർവ്വഗുണാലംകൃതയും ഏററവും സുന്ദരിയുമാണു്. എനിക്കു വളരെ ബോദ്ധ്യമായിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ ഇപ്പോൾതന്നെ എന്റെ ശ്വശ്രൂന്നു് കത്തെഴുതയച്ചു വിവാഹത്തിനു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്യാലും".

സംഭാഷണം കഴിഞ്ഞ ശേഷം അവരെല്ലാവരും ചായയും പലഹാരവും കഴിച്ചു് അവിടെനിന്നു പോയി. വിട്ടുടമസ്ഥന്റെ നേരെ അവർക്കെല്ലാവർക്കും എന്തെന്നില്ലാത്ത ഭക്തിയും ബഹുമാനവും ഉണ്ടായി.

ഭാഗല്പൂരത്തിൽനിന്നു മടങ്ങിയതിൽ പിന്നെ ഇന്ദിരയുടെ സ്ഥിതിക്കു വലുതായ ഒരു മാററം വന്നു. അവൾക്കു പഠിക്കാൻ ഉത്സാഹമില്ലാതായി. അവൾ സ്കൂളിലേക്കു പോകാതേയും ആയി. എപ്പോഴും ഏകാകിനിയായി ഇരിക്കുന്നതാണു് അവൾക്കു് ഇഷ്ടം. അവളുടെ കമനീയമായ മുഖത്തു വിഷാദരേഖ കാണപ്പെട്ടു. ചമ്പകപ്പൂപോലെയുള്ള അവളുടെ നിറം ദിവസംപ്രതി വിളർത്തുവന്നു. ഉജ്ജ്വലവും വിശാലവുമായ അവളുടെ കണ്ണുകളിൽ ദുഃഖഭാവം സ്പഷ്ടമായി കാണപ്പെട്ടു. ഓമനമകളുടെ ഈ ഭാവഭേദം കണ്ടിട്ടു് അച്ഛനമ്മമാർക്കു വളരെ മനോവിചാരമായിത്തീർന്നു. മകളുടെ യഥാർത്ഥരോഗം ഇന്നതാണെന്നു് ഒരു വിധത്തിലും നിർണ്ണയിക്കാൻ

കഴിയാതെ ചൌധുറി അവളെ വിവാഹം ചെയ്തുകൊടുക്കാൻ ശ്രമിച്ചു. അനുരൂപനായ ഒരു വരനെ വേഗത്തിൽ കിട്ടാനുള്ള ആശയോടുകൂടി അദ്ദേഹം ബംഗാളി പത്രത്തിൽ പ്രസിദ്ധംചെയ്തു.

തന്റെ ആനന്ദമയമായ ജീവിതത്തിൽ എന്തൊരു അനൎത്ഥമാണു വന്നുകൂടിയതു് എന്നു് ഇന്ദിരയ്ക്കുതന്നെ നല്ലവണ്ണം മനസ്സിലായില്ല. എങ്കിലും ഒരു വിശേഷദിവസത്തിന്റെ ഓൎമ്മയാണു് ഇപ്പോൾ തന്റെ സൎവ്വസുഖങ്ങൾക്കും ആധാരമായിത്തീൎന്നിരിക്കുന്നതു് എന്നു് അവൾ നല്ലപോലെ മനസ്സിലാക്കിയിരുന്നു. സന്ധ്യയ്ക്കു് അപരിചിതസ്ഥലത്തുവെച്ചു പ്രകൃതിയുടെ പ്രളയഹുങ്കാരം കേട്ടു് അവൾ പേടിച്ചു വിറച്ചിരുന്നപ്പോൾ ഏററവും മാധുൎയ്യത്തോടും സഹാനുഭൂതിയോടുംകൂടി ആരാണു തന്നെ ആശ്വസിപ്പിക്കുകയും സ്വപ്രാണൻ കളഞ്ഞിട്ടുകൂടി അവളെ രക്ഷപ്പെടുത്താൻ ഉത്സാഹിക്കുകയും ചെയ്തതു് എന്നു് അവൾക്കു നല്ലപോലെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ ആ സമയത്തു് ആരോഗ്യസമ്പന്നനും സുന്ദരനും ബലവാനുമായ ഒരു യുവാവിന്റെ കരുണാൎദ്രമായ മുഖം കണ്ടു തന്നെത്താൻ മറന്നിരുന്നു എന്നു് അവൾക്കു നല്ല ഓൎമ്മയുണ്ടായിരുന്നു. ആ മുഖത്തെപ്പററിയുള്ള വിചാരമാണു് ഇപ്പോൾ അവളുടെ സൎവ്വസുഖങ്ങൾക്കും ആധാരമായിത്തീൎന്നതു്.

ആയാളെ തനിക്കു ലഭിക്കാൻ അസാദ്ധ്യമാണെന്നറിഞ്ഞിട്ടും ആയാളെ തന്റെ ഏററവും സ്വന്തമായ ആളാണെന്നു കരുതി അവൾ വളരെ ആനന്ദിച്ചിരുന്നു.

ആയാളുടെ ഈ സ്മൃതി അല്പമാത്രമെങ്കിലും കുറയാതിരിക്കുന്നതിന്നിടയിൽ അവൾ അപരിചിതനായ വേറെ ഒരു യുവാവിൻെറ ഭാൎയ്യയാവാൻ പോകുന്നുവല്ലോ എന്നുള്ള വിചാരം അവളുടെ മനസ്സിനെ വല്ലാതെ അലട്ടിയിരുന്നു. എന്നാൽ സ്വാഭാവികമായ ലജ്ജകൊണ്ടു, താൻ വളരെ ക്ലേശം അനുഭവിച്ചിരുന്നിട്ടും ഇതിനെക്കുറിച്ചു തൻെറ അച്ഛനമ്മമാരോടു പറയാൻ അവൾക്കു കഴിഞ്ഞില്ല. ഈ വിവാഹംകൊണ്ടു തനിക്കു സുഖമായിരിക്കാൻ കഴിയില്ലെന്നുള്ളതു നിശ്ചയമാണു്. എന്നാൽ തൻെറ ദോഷംകൊണ്ടു് അന്യനായ ഒരുവൻെറ ജീവിതം നിഷ്ഫലമായിപ്പോയെങ്കിലോ എന്നു വിചാരിച്ചപ്പോൾ ഉണ്ടായ ദുഃഖംകൊണ്ടു് അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു എന്നാൽ ലജ്ജാജനകമായ തൻെറ ദൗൎബ്ബല്യത്തെ പ്രാണൻ പോകുന്നതുവരെ പുറമെ കാണിപ്പാൻ അവൾക്കു പാടില്ലായിരുന്നു. കഷ്ടം! ജീവിതത്തിൽ ഒരു തെറ്റു ചെയ്തു ജീവിതം മുഴുവനും ഭഗ്നാശകളായിത്തീൎന്നു് അണുമാത്രമെങ്കിലും സുഖമോ സമാധാനമോ അനുഭവിക്കാതെ എത്ര സുകുമാരബാലികകളാണു് അകാലമരണം പ്രാപിക്കുന്നതു് എന്നു് ആൎക്കു നിൎണ്ണയിക്കാൻ കഴിയും?

## വിവാഹം.

വൈധൂരിയുടെ ഭവനത്തിൽ ഇന്നു വലിയ ആഘോഷമാണു്. ഇന്നു് അദ്ദേഹത്തിൻെറ തേജോമയിയായ ഏകപുത്രിയുടെ വിവാഹമാണു്. ഭവനത്തിൻെറ എ

ല്ലാഭാഗത്തും വിശേഷമായ കരാനന്ദത്തിൻെറ പ്രവാഹംതന്നെ. സന്ധ്യയ്ക്കു ഹർമ്മ്യതുല്യമായ അദ്ദേഹത്തിൻെറ ഭവനം പല നിറത്തിലുള്ള ഇലകൾകൊണ്ടും പുഷ്പങ്ങൾകൊണ്ടും വൈദ്യുതദീപാവലികൾകൊണ്ടും ഉജ്ജ്വലിച്ചുതുടങ്ങി. ക്ഷണം അനുസരിച്ച മാന്യന്മാരായ അദ്ദേഹത്തിൻെറ ബന്ധുജനങ്ങൾ വന്നിരുന്നു. ചൌധുരി അദ്ദേഹത്തിൻെറ സ്വാഭാവികമായ സരളതകൊണ്ട് എല്ലാവരേയും സന്തോഷിപ്പിച്ചു.

നിശ്ചയിച്ച സമയത്തു വരനും ആൾക്കാരും ആഘോഷത്തോടുകൂടി അവിടെ വന്നെത്തി. ഇത്ര വലിയ കരാഘോഷം കല്ക്കത്തപോലെയുള്ള പട്ടണങ്ങളിൽകൂടി ദുർല്ലഭമായിട്ടേ കാണാൻ കഴിയൂ. എല്ലാവരും ചൌധുരിയെ പ്രശംസിച്ചു. മംഗളോപചാരങ്ങളോടുകൂടി വരനെ വിവാഹസഭയിൽ കൊണ്ടുപോയി. എല്ലാവർക്കും വളരെ ഉത്സാഹം. എന്നാൽ വരനായ വിനയകുമാരൻ ഇതെല്ലാം അലക്ഷ്യത്തോടുകൂടി നോക്കിക്കണ്ടു. വിവാഹത്തിന്നു വന്ന വരൻെറ ഈ മാതിരി ഉദാസീനതയും വിഹ്വലഭാവവും കണ്ടിട്ട് എല്ലാവരും അത്ഭുതപ്പെട്ടു. എങ്കിലും സതീനാഥനും ഹരിപദനും ഉള്ളതുകൊണ്ടു സന്തോഷിച്ചു. അവർ തങ്ങൾ ചെയ്ത കാര്യങ്ങളൊന്നും ആരോടും പറഞ്ഞില്ല.

ശുഭമുഹൂർത്തത്തിൽ ശാസ്ത്രോക്തമായ വിധിപ്രകാരം വിനയനും സുന്ദരിയും അന്യോന്യം അച്ഛേദ്യമായ ബന്ധത്തിലകപ്പെട്ടു. അവർതമ്മിൽ ഇത്ര അടുത്തിരുന്നിട്ടുംകൂടി ഇളകിക്കൊണ്ടിരുന്ന മനസ്സിൻെറ അനി

ശ്ചിതഗതിനിമിത്തം ഒരാൾക്കു മറ്റേ ആളെ തിരിച്ചറിയാൻ കഴിഞ്ഞില്ല.

ശുഭദൃഷ്ടിസമയത്തു വളരെ പ്രാവശ്യം ശഠിച്ചുപറഞ്ഞിട്ടും വിനയൻ തല താഴ്ത്തി നിന്നതേയുള്ളു. ഒരിക്കലും തല പൊക്കി ഇന്ദിരയെ നോക്കിയില്ല. എന്നാൽ അദൃശ്യമായ ഒരു ശക്തിയുടെ പ്രേരണകൊണ്ടു് ഇന്ദിരയുടെ ദൃഷ്ടി തലതാഴ്ത്തി നില്ക്കുന്ന വരന്റെ മുഖത്തു പതിഞ്ഞു. നവവിവാഹിതനായ ഭർത്താവിന്റെ മുഖം കണ്ടിട്ടു് ഇന്ദിര വിസ്മയംകൊണ്ടു സ്തംഭിതയായിട്ടു് അവ്യക്തമായ ഒരു സ്വരം പുറപ്പെടീച്ചു നിലത്തുവീണു. അപ്പോൾ എല്ലാവരും സംഭ്രമിച്ചു് അവളുടെ മോഹാലസ്യം തീർക്കാൻ ശ്രമിച്ചുതുടങ്ങി. ശുഭകർമ്മസമയത്തു പെട്ടെന്നു് ഇങ്ങിനെ ഒരാപത്തു നേരിട്ടതു കണ്ടു് എല്ലാവരും ഇതു് ഒരു അമംഗളസൂചകമാണെന്നു വിചാരിച്ചുതുടങ്ങി. വേഗത്തിൽ അത്യാവശ്യമായ കാര്യങ്ങൾ കഴിച്ചതിന്നുശേഷം വരൻ വധുവിനെ ശയനഗൃഹത്തിൽ കൊണ്ടുപോയി ആക്കിയതിന്നുശേഷം അവിടെ നിന്നു പോയി.

ഇന്ദിരയുടെ അപ്പോഴത്തെ മനോഭാവം വർണ്ണിക്കാൻ അസാദ്ധ്യമാണു്. സന്തോഷംകൊണ്ടും ആനന്ദപാരവശ്യംകൊണ്ടും അവളുടെ ഹൃദയം കുളിർത്തു; ദേഹം കോൾമയിർക്കൊണ്ടു. ഈ മാതിരി വിചാരിക്കാൻ പാടില്ലാത്ത ഒരു സംഭവം ഉണ്ടാവുമെന്നു അവൾ സ്വപ്നേപി വിചാരിച്ചിട്ടില്ല. വിചാരിക്കാതെയുള്ള ഈ ഭാഗ്യം നേരിട്ടപ്പോഴും അവൾ ഏററവും ഭക്തിശ്രദ്ധക

ളോടും കൃതജ്ഞതയോടുംകൂടി അദൃശ്യമഹാശക്തിയുടെ തൃപ്പാദങ്ങളിൽ തല കുമ്പിട്ടു. കുറച്ചുമുമ്പു തന്റെ ഈ ജീവിതത്തിലുള്ള സകല ആശകളും കൈവിട്ടു സമുദായ വ്യവസ്ഥയുടെ മുമ്പാകെ തന്റെ ജീവനെ ബലികൊടുപ്പാൻ അവൾ ഒരുങ്ങിയിരുന്നു. നിരാശാമയവും അന്ധകാരമയവുമായ അവളുടെ ഈ ജീവിതത്തിൽ, ആശയുടേയും ആനന്ദത്തിന്റേയും ഉജ്ജ്വലമായ ദീപം കയ്യിൽ പിടിച്ച് ആരോ ഒരാൾ അവൾക്ക് അവളുടെ പ്രിയതമന്റെ വഴി കാട്ടിക്കൊടുത്ത് ആയാളുടെ അടുക്കൽ എത്തിച്ചു. തന്നെപ്പോലെ സൗഭാഗ്യവതിയും സുഖിയുമായിട്ട് ആരാണ് ഉള്ളത് എന്ന് ഇന്ദിര അപ്പോൾ വിചാരിച്ചു.

ഇത്ര സുഖം അനുഭവിക്കുന്നതിനിടയിലും ഇടയ്ക്കിടയ്ക്ക് ഒരു സംശയം ഇന്ദിരയെ പീഡിപ്പിച്ചിരുന്നു. കുറച്ചുമുമ്പു ശുഭദൃഷ്ടിസമയത്തു തന്റെ ഭർത്താവിന്റെ നിരാശാപൂർണ്ണവും ശൂന്യവുമായ നോട്ടവും ഉദാസീനഭാവവും കണ്ടപ്പോൾ അവളുടെ മനസ്സിൽ പെട്ടെന്ന് ഒരു സംശയം ജനിച്ചു. ഇദ്ദേഹം വിവാഹത്തിനു മുമ്പു ഒരു വേള വേറെ വല്ല സ്ത്രീകളേയും സ്നേഹിച്ചിട്ടുണ്ടായിരിക്കുമോ? അത് അസംഭവമല്ല. ഈ വിചാരം അവളെ വീണ്ടും വീണ്ടും പീഡിപ്പിച്ചു. എന്നാൽ തന്നെസ്സംബന്ധിച്ച് ഇങ്ങിനെ ഒരു അപൂർവ്വസംഭവം ഉണ്ടായതു കണ്ട്, ആ ദിവസം തന്നെ കണ്ടിരിക്കണമെന്ന് അവൾ വിചാരിച്ചു. എന്നാൽ താൻ അദ്ദേഹത്തിന്റെ പ്രിയപ്രേയസിയല്ലേ? ഇങ്ങിനെ ഓരോ യുക്തിതർക്കങ്ങൾകൊ

ണ്ടു് അവൾക്കു് ഒന്നും തീൎച്ചപ്പെടുത്താൻ കഴിഞ്ഞില്ല. എന്നാൽ അവൾ ആശയെ തീരെ കൈവിട്ടില്ല. തന്റെ പ്രാണൻ കളഞ്ഞിട്ടും അദ്ദേഹത്തിനെ സുഖിയാക്കിത്തീൎക്കാൻ കഴിയുമെങ്കിൽ അവൾ അതിനും ഒരുക്കമായിരുന്നു. ജീവകാലം മുഴുവനും ഭൎത്താവിനെ ഭക്തിശ്രദ്ധകളോടുകൂടി ശുശ്രൂഷിച്ചും സ്നേഹിച്ചും അദ്ദേഹത്തിന്റെ മനസ്സിനു സമാധാനം ഉണ്ടാക്കിത്തീൎക്കാൻ തനിക്കു സാധിക്കില്ലയോ? ത്രിവിധകരണങ്ങളെക്കൊണ്ടും ഭൎത്തൃശുശ്രൂഷ ചെയ്തു് അദ്ദേഹത്തിന്റെ പ്രേമം സമ്പാദിക്കാൻ കഴിയില്ലയോ? തീൎച്ചയായും കഴിയുമെന്നു് അവളുടെ ഹൃദയസ്ഥിതനായ ഈശ്വരൻ അവളെ ആശ്വസിപ്പിച്ചു.

വിവാഹത്തിനുശേഷം ചൌധുരി തന്റെ ഓമനയായ മകളെ ഭൎത്തൃഗൃഹത്തിലേക്കു് അയച്ചു. സ്നേഹമയിയായ പുത്രിയെ വിട്ടുപിരിയേണ്ടിവന്നല്ലോ എന്നു വിചാരിച്ചു ചൌധുരിക്കു വളരെ മനോവേദനയുണ്ടായി. ദുഃഖഭൂയിഷ്ഠമായ ഈ പ്രപഞ്ചത്തിൽ അദ്ദേഹത്തിനു് ഇന്ദിര മാത്രമാണു സമാധാനസ്ഥലമായിരുന്നതു്. ഇത്രയും സ്നേഹാസ്പദമായ നിധിയെ വിട്ടുപിരിയുന്നതു് എത്ര കഷ്ടകരമാണെന്നു് അദ്ദേഹത്തിനല്ലാതെ ആൎക്കു് അറിയാൻ കഴിയും? എന്നാൽ ഇത്ര വലിയ ദുഃഖത്തിലും അദ്ദേഹത്തിനു് ഒരു സമാധാനം ഉണ്ടായിരുന്നു. ഇന്ദിരയുടെ സദാ പ്രസന്നമായിരുന്ന മുഖചന്ദ്രനെ മൂടിയിരുന്ന കാൎമ്മേഘം നീങ്ങി യാത്രാസമയത്തു് അവളുടെ മുഖം ആനന്ദപ്രകാശംകൊണ്ടു വിളങ്ങിക്കണ്ടപ്പോൾ

അദ്ദേഹത്തിന്ന് അതിരില്ലാത്ത ആനന്ദം ഉണ്ടായി. മകളുടെ പ്രസന്നോജ്ജ്വലമായ മുഖം കണ്ടിട്ട് അവൾ ഭൎത്താവൊന്നിച്ച സുഖമായിരിക്കും എന്ന് അദ്ദേഹത്തിന്നു ബോദ്ധ്യം വന്നു.

ചൌധുരി തന്റെ മൎയ്യാദയ്ക്കനുസരിച്ച പുത്രിയുടെ ഭൎത്താവിന്ന് ഏററവും വിലപിടിച്ച വസ്തുക്കൾ സ്ത്രീധനമായികൊടുത്തു. അതിൽ ഒന്നു, രണ്ടു് അറബിക്കുതിരകളെപ്പൂട്ടിയതും ഏററവും കൌതുകമുള്ളതുമായ കോച്ചുവണ്ടിയായിരുന്നു. സ്ത്രീധനമായികൊടുത്ത സാധനങ്ങൾ കണ്ടിട്ട് എല്ലാവരും ചൌധുരിയെ വളരെ വാഴ്ത്തി. അദ്ദേഹത്തിന്റെ ആദരവു കണ്ടിട്ടു വരപക്ഷക്കാൎക്ക് വളരെ സന്തോഷമായി. വരന്റെ അച്ഛനായ ശരച്ചന്ദ്രന്നു പുത്രഭാൎയ്യയുടെ അനുപമലാവണ്യം കണ്ടു വളരെ പ്രീതിയുണ്ടായി.

## മിഥുനം.

ഗൃഹത്തിൽ മടങ്ങിവന്ന വിവാഹിതനായ പുത്രന്റെ മുഖഭാവം കണ്ടപ്പോൾ ഭാൎയ്യയെപ്പററി മകനു തൃപ്തി പോരെന്ന് അമ്മയ്ക്കു ബോദ്ധ്യമായി. ഇതു് അവൎക്കു ദുഃഖത്തിന്നു കാരണമായിത്തീൎന്നു. ഇതിനെപ്പററി സതീനാഥനോടു ചോദിച്ചപ്പോൾ ആയാൾ തക്കതായ ഉത്തരമൊന്നും പറഞ്ഞില്ല. നാലുകണ്ണുകൾ തമ്മിൽ കൂടിക്കാഴ്ച കഴിയുമ്പോൾ ഇപ്പോൾ കാണുന്ന കാൎമ്മേഘങ്ങളെല്ലാം നീങ്ങി ആനന്ദപ്രകാശം ഉണ്ടാവുമെന്നു സതീനാഥൻ വിചാരിച്ചിരുന്നു. താൻ ഉദ്ദേശിച്ച കാൎയ്യം

ഹരിക്കുമെന്നു് ആയാൾക്കു പൂൎണ്ണബോദ്ധ്യം ഉണ്ടായിരുന്നു. എന്നാൽ തന്റെ സകലപരിശ്രമങ്ങളും ആശകളും എന്തൊരു ജാലംകൊണ്ടാണു നിഷ്ഫലമായിത്തീൎന്നതു് എന്നു് ആയാൾക്കു് അറിയാൻ കഴിഞ്ഞില്ല. തന്റെ അഭിപ്രായപ്രകാരം നടത്തിയ ഈ വിവാഹം കൊണ്ടു വിനയൻ സുഖിയായിട്ടില്ലെങ്കിൽ വിനയന്റെ അച്ഛനമ്മമാർ ഒന്നും പറഞ്ഞില്ലെങ്കിലും വളരെ വ്യസനിക്കുമല്ലോ എന്നു വിചാരിച്ചു സതീനാഥൻ ലജ്ജിച്ചു. ആയാൾ നിരുപായനായിത്തീൎന്നു.

ഒരിക്കൽ സതീനാഥൻ വിനയനോടു് ആയാളുടെ ഭാൎയ്യയുടെ മുഖം നോക്കിക്കണ്ടാൽ നന്നെന്നു സൂചിപ്പിച്ചു പറഞ്ഞു. വിനയൻ ഇനിയും ഭാൎയ്യയുടെ മുഖത്തു നോക്കീട്ടില്ലെന്നു് ആയാൾക്കു നല്ലവണ്ണം അറിവുണ്ടായിരുന്നു. ഈ സൂചനവാക്കു കേട്ടു വിനയൻ മന്ദഹാസം ചെയ്തതേയുള്ളു. എന്നാൽ മന്ദഹാസത്തിന്റെ മാതിരി കണ്ടാൽ അതു ഹൃദയത്തിന്റെ അന്തരാളത്തിൽനിന്നു പുറപ്പെടുന്ന രോദനത്തിന്റെ രൂപഭേദം മാത്രമാണെന്നു തോന്നിപ്പോകും.

വിവാഹത്തിന്റെ പിറേറദിവസം വിധിപ്രകാരമുള്ള ക്രിയകളെല്ലാം കഴിഞ്ഞ ശേഷം ഏകദേശം അൎദ്ധരാത്രിക്കു വിനയൻ വിശേഷമായി അലങ്കരിച്ചിട്ടുള്ള തന്റെ ശയനമുറിയിലേക്കു പോയി. മുറിയിൽ പ്രവേശിച്ചു ആയാൾ വാതിൽ സാക്ഷയിട്ടു.

അന്നു വെളുത്ത വാവാണു്. പ്രകൃതിദേവി പൂനിലാവാകുന്ന മന്ദഹാസം തൂകിക്കൊണ്ടിരുന്നു. വിന

യൻ ഒരു ജനലിൻെറ അടുക്കൽ പോയി നിന്നു. ജനലി ൻെറ കീഴ്ഭാഗത്തുള്ള പ്രശസ്തമായ ഉദ്യാനം പലതരത്തിലുള്ള പുഷ്പങ്ങളെക്കൊണ്ടു ശോഭിച്ചിരുന്നു. മന്ദമാരുതൻ പലവിധത്തിലുള്ള പുഷ്പങ്ങളുടെ സുഗന്ധം വഹിച്ചുകൊണ്ടു വീശിയിരുന്നു. എളംകാററുകൊണ്ട് ആയാളുടെ ദേഹത്തിന്നു കുറെ സുഖം കിട്ടി. ദേഹസുഖം കിട്ടിയെങ്കിലും ആശാഭംഗംകൊണ്ട് ഇളകിമറിഞ്ഞും, ക്ഷീണിച്ചും ഇരിക്കുന്ന ആയാളുടെ ഹൃദയത്തിന്നു ഭാവഭേദമൊന്നും ഉണ്ടായില്ല. ആയാൾക്ക് അസഹ്യമായ മനോവേദനയുണ്ടായി. കണ്ണിൽനിന്നു വെള്ളം ധാരധാരയായി വീണുതുടങ്ങി. ആയാളുടെ മനസ്സിൻെറ ചാഞ്ചല്യംനിമിത്തം ശയനമുറിയിൽ വേറെ ഒരാൾ ഉണ്ടെന്നുള്ള ബോധംതന്നെ ആയാൾക്കുണ്ടായില്ല.

ആയാളുടെ ആശാഭംഗത്തെ സൂചിപ്പിക്കുന്ന കഠിനമനോവേദനയുടെ അസ്ഫുടശബ്ദം കേട്ട് ഇന്ദിര ഉറക്കമുണർന്നു. വളരെ നേരം ഭർത്താവിൻെറ വരവിനെ കാത്തുംകൊണ്ടിരിക്കുന്നതിനിടയിൽ ഇന്ദിര അല്പം മയങ്ങിപ്പോയി. ഉറക്കമുണർന്നു നോക്കിയപ്പോൾ ഭർത്താവു ജനലിൻെറ അടുക്കൽ നില്ക്കുന്നതു കണ്ടു. ആയാൾ പുറത്തേക്കു നോക്കിനിന്നിരുന്നതുകൊണ്ട് ഇന്ദിരയ്ക്കു ഭർത്താവിൻെറ മുഖം കാണാൻ കഴിഞ്ഞില്ല. എങ്കിലും ആയാൾക്ക് എന്തോ ഒരു സുഖക്കേടുണ്ടെന്ന് ആയാളുടെ ഭാവം കണ്ടിട്ട് അവൾക്കു മനസ്സിലായി. പുറത്തുനിന്നുള്ള പൂനിലാവേററു നില്ക്കുന്ന വിനയൻ കെട്ടുകഥയിലുള്ള രാജകുമാരനെപ്പോലെ തേജോമയനായി വിളങ്ങി. അ

ദ്ദേഹത്തിന്റെ അനിന്ദ്യമായ ദേഹലാവണ്യം കണ്ടിട്ട് ഇന്ദിരയുടെ ദേഹം മുഴുവനും കോൾമയിർക്കൊണ്ടു. അവൾ പതുക്കെ കിടക്കയിൽനിന്ന് എഴുനീററു വിനയന്റെ കാക്കൽ പോയി ഇരുന്നു. തല കുമ്പിട്ടു രണ്ടു കൈകൊണ്ടും വിനയന്റെ കാൽ പിടിച്ചു തന്റെ ആനന്ദാശ്രുക്കൾകൊണ്ടു വിനയന്റെ കാലുകളെ അഭിഷേകം ചെയ്തുതുടങ്ങി.

കാലടികളിൽ ശീതളകോമളങ്ങളായ കൈകളുടെ സ്പർശം തട്ടിയപ്പോൾ വിനയൻ ഞെട്ടി മുഖം തിരിച്ചുനോക്കി. അപ്പോൾ നവപരിണീതയായ തന്റെ ഭാര്യ തല കുമ്പിട്ട് ഇരിക്കുന്നതായി കണ്ടു. വിനയൻ ഇതുവരെ അവളുടെ മുഖം കണ്ടിട്ടില്ലെങ്കിലും ഒന്നുരണ്ടു ദിവസം ഒന്നിച്ചു താമസിക്കനിമിത്തം മുഖത്തിന്റെ ഏകദേശമുള്ള ഒരു പരിചയം അയാൾക്കുണ്ടായിരുന്നു. അപ്പോഴും വിനയന്റെ കണ്ണുകളിൽനിന്നു ചെറിയ ചെറിയ കണ്ണീർത്തുള്ളികൾ വീണുകൊണ്ടിരുന്നു. കൈകൊണ്ടു കണ്ണു തുടച്ച് അയാൾ പതുക്കെപ്പതുക്കെ പറഞ്ഞു. "ഞാൻ എന്തൊരു അന്യായമാണു ചെയ്തത് എന്നു പറയാൻ അസാദ്ധ്യമാണ്. ഇത്ര വലിയ അപരാധത്തിനുള്ള ശിക്ഷ എന്താണെന്നു ഞാൻ അറിയുന്നില്ല. ബാഹ്യമായ സകലത്തേയും എനിക്കു വഞ്ചിക്കാൻ കഴിഞ്ഞു എന്നു വരും. എങ്കിലും എന്റെ സ്വന്തം മനസ്സിനെ വഞ്ചിക്കാൻ ഒട്ടുംതന്നെ കഴിയുന്നതല്ല. എന്റെ ജീവിതത്തെ ഞാൻ വ്യർത്ഥമാക്കിക്കളഞ്ഞു. എന്നാൽ നിന്റെ ജീവിതവും വ്യർത്ഥമായിപ്പോകുന്നതു കണ്ടിട്ടും

ഞാൻ യാതൊരു പ്രതിവിധിയും ചെയ്തില്ലല്ലോ. ഈ വിചാരം എന്നെ വല്ലാതെ കഷ്ടപ്പെടുത്തുന്നു. നിൻെറ ജീവിതം ഈ മാതിരി വ്യർത്ഥമാക്കിത്തീർക്കാൻ എനിക്ക് ഒരു അധികാരവുമില്ല. എങ്കിലും ഇനിയെങ്കിലും നിന്നെ സ്നേഹിപ്പാൻ—".

വിനയനു പിന്നെ ഒന്നും പറവാൻ സാധിച്ചില്ല. സഹിക്കാൻ വയ്യാത്ത മനോവേദനയാൽ പരവശയായിട്ട് അസ്ഫുടസ്വരത്തിൽ "ഹേ ഞാൻ തന്നെയാ—" എന്നു പറഞ്ഞ് ഇന്ദിര മുഖം പൊക്കിയപ്പോൾ വിനയൻെറ ദൃഷ്ടി അവളുടെ മുഖത്തു പതിഞ്ഞു. മുഖം നല്ലവണ്ണം കണ്ടപ്പോൾ വിനയൻ വിസ്മയംകൊണ്ടു സ്തംഭിച്ചുപോയി. ഈ മുഖം മറക്കത്തക്കതോ? വളരെ ശ്രമിച്ചിട്ടും അസഹ്യമായ മനോവേദനയനുഭവിച്ചിട്ടും ആ മുഖം മറക്കാൻ ആയാൾക്കു സാധിച്ചിട്ടില്ല. ഈ ജീവിതത്തിൽ വല്ല സമയത്തും അതു മറക്കാൻ തനിക്കു കഴിയും എന്നുള്ള ആശപോലും ആയാൾക്കുണ്ടായിരുന്നില്ല. ആയാൾക്ക് ആദ്യത്തിൽ ഒന്നുംതന്നെ അറിയാൻ കഴിഞ്ഞില്ല. കണ്ണിമ ആട്ടാതെ, അസഹ്യവേദനയിലും കണ്ണീരിലും കുളിച്ച ആ രണ്ടു കണ്ണുകളുടെ നേരെ വിനയൻ നോക്കിക്കൊണ്ടു നിന്നു. ഈ സമയത്തു മുറിയുടെ പുറത്തുനിന്നു ചിരിക്കുന്ന ഒരു ശബ്ദം കേൾക്കുകയും ഉടനെത്തന്നെ ആരോ ഒരാൾ നിശ്ശബ്ദമായി അവിടെനിന്ന് ഓടിപ്പോവുകയും ചെയ്തു എന്നു വിനയനു തോന്നി.

വിനയൻ പ്രകൃതിസ്ഥനായശേഷം ഏററവും സ്നേ

ഹത്തോടുകൂടി ഇന്ദിരയെ എഴുനേല്പിച്ചു. പിന്നെ ഇരുവ
രും ഗാഢാലിംഗനം ചെയ്തു രക്താഭങ്ങളായ രണ്ടു് അ
ധരങ്ങളുടെ സമ്മേളനംകൊണ്ടു സകലനിരാശകളും
സകലദുഃഖങ്ങളും മറന്നുകളഞ്ഞു. പിന്നെ വിനയൻ
ഇന്ദിരയോടുകൂടി പുഷ്പസജ്ജിതമായ ശയ്യയുടെ സമീപ
ത്തേക്കു പോയി. താൻ കിടക്കയിൽ ഇരുന്നതിന്റെശേ
ഷം ഇന്ദിരയേയും തന്റെ അടുക്കൽ ഇരുത്തി. പിന്നെ
അവൾ സാവധാനത്തിൽ അവർ തമ്മിൽ ആദ്യമായി
കണ്ടതിനുശേഷമുള്ള സകലവിവരങ്ങളും ഭർത്താവിനോ
ടു പറഞ്ഞു. ഇതെല്ലാം കേട്ടപ്പോൾ വിനയനു വളരെ
വ്യസനമുണ്ടായി. ഇന്ദിരയുടെ കഥ പറഞ്ഞുകഴിഞ്ഞ
തിനുശേഷം വിനയൻ പ്രേമഭരത്തോടുകൂടി പറഞ്ഞുതു
ടങ്ങി: "ഇന്ദു! ഈ ജന്മത്തിൽ ഇങ്ങിനെ ഒരു സംഭവം
ഉണ്ടാവുമെന്നു ഞാൻ വിചാരിച്ചിട്ടേ ഇല്ല. ജീവനപ്രഭാ
വത്തിൽ മന്ദരപൎവ്വതത്തിൽവെച്ചു പ്രകൃതിയുടെ പ്രഖ്യ
യോല്ലാസസമയത്തും സമുജ്ജ്വലമായ സന്ധ്യാസമയ
ത്തും നിന്റെ ശാന്തവും കോമളവുമായ മുഖം ഞാൻ
ഏതൊരു ദിവസം കണ്ടുവോ അന്നുമുതൽക്കു തേജോമ
യവും ഭീതിവ്യാകുലവുമായ നിന്റെ മുഖം എന്റെ ഹൃ
ദയത്തെ അപഹരിച്ചിരിക്കുന്നു. എന്റെ മനോരഥം
എപ്പോഴെങ്കിലും സഫലമാവുമെന്നുള്ള വിചാരം എ
നിക്കുണ്ടായിരുന്നില്ല. വിവാഹദിവസം എന്റെ ആശ
മൂൎത്തിമത്തായിട്ടു് എന്റെ മുമ്പിൽ വന്നുനിന്നിട്ടുകൂടി
വിക്ഷിപ്തമായ എന്റെ മനസ്സിന്റെ ഉദാസീനതനിമി
ത്തം ഞാൻ അതിനെ വിട്ടയച്ചു. എന്റെ ഈ ദാ

ശ്ര്യാദയത്തിൻെറ പ്രധാനകത്താവ് എൻെറ പ്രിയബന്ധുവായ സതീനാഥനാണ്. ആയാൾ ഇതുവരെ നമ്മുടെ കാൎയ്യം എങ്ങിനെ അവസാനിക്കുമെന്നു നോക്കിയിരിക്കയായിരുന്നു. നമ്മുടെ സമ്മേളനത്തിൽ സന്തോഷിച്ച് ആയാൾ കല്പയുണ്ടാക്കാതെ ഇവിടെനിന്നു പോയിരിക്കുന്നു. ഞാൻ വെറുതെ നിന്നെ വളരെ കഷ്ടപ്പെടുത്തി. ഇന്ദു! നീ എനിക്കു മാപ്പു തരുമോ?"

ഈ വാക്കുകൾ കേട്ടപ്പോൾ ഇന്ദിരയുടെ ധൈൎയ്യമെല്ലാം ഭഗ്നമായിത്തീൎന്നു. അവൾ ഭത്താവിൻെറ പരന്ന മാറിടത്തിൽ തലവെച്ച് ഉറക്കെ കരഞ്ഞുതുടങ്ങി. അവളുടെ ഹൃദയത്തിൽ തിങ്ങിവിങ്ങിയിരുന്ന നിരാശകളുടേയും ദുഃഖങ്ങളുടേയും ചുട്ട ആവി ഭത്താവിൻെറ മധുരവാക്കുകളുടെ തണുപ്പു തട്ടി കണ്ണീരായി കീഴ്പ്പെട്ട് ഒഴുകിപ്പോയി. അവൾ ആനന്ദപാരവശ്യത്തോടുകൂടി കോമളസ്വരത്തിൽ പറഞ്ഞു. "എനിക്കുവേണ്ടി അങ്ങക്കും വളരെ കഷ്ടപ്പാട് അനുഭവിക്കേണ്ടിവന്നുവല്ലോ".

വിനയൻ പ്രേമപാരവശ്യത്തോടുകൂടി രണ്ടു കൈകൊണ്ടും ഭാൎയ്യയെ ആലിംഗനംചെയ്തു പറഞ്ഞു. "ഇപ്പോൾ കഷ്ടപ്പാടുകളെല്ലാം അവസാനിച്ചു. ഇപ്പോൾ നമ്മൾ ഏററവും സുഖികളായിരിക്കുന്നു."

പിന്നെ ഇരുവരും ഹൃദയം വഴിഞ്ഞൊഴുകുന്ന ഭക്തിയോടുകൂടി അനന്തശക്തിമാനും അദൃശ്യമിലനകത്താവും നവജീവനത്തിൻെറ ആനന്ദമാതാവും ആയ ജഗദീശ്വരനെ നമസ്കരിച്ചു.

പ്രേയസിയുടെ കോമളമായ ആലിംഗനംകൊണ്ടു

വിനയന്റെ സകലദുഃഖങ്ങളും ഒന്നായി ദൂരെപ്പോയി. ആയാളുടെ ഹൃദയം നവമായ ഒരു ആനന്ദംകൊണ്ടു നിറഞ്ഞു. തന്റെ ഹൃദയാന്തരാളത്തെ ലക്ഷ്യമാക്കി നോക്കിയപ്പോൾ അതിൽ ക്ഷീണത്തിന്റെ ഒരു ലാഞ്ഛനപോലും ആയാൾ കണ്ടില്ല. ഹൃദയം മുഴുവനും സമാധാനത്തിന്റെയും ഉല്ലാസത്തിന്റെയും സൌരഭ്യംകൊണ്ടു നിറഞ്ഞിരുന്നു. പ്രിയതമയുടെ സാന്നിദ്ധ്യംകൊണ്ടും മററും വിനയന്റെ ദേഹം ഇളംതെന്നലേററ പുതുതളിരിനെപ്പോലെ പ്രകമ്പിതമായിത്തീൎന്നു. മനോവേദനയാകുന്ന അനേകം തിരമാലകളുടെ അടിയേററു വിനയന്റെ ഹൃദയം തകൎന്നിരുന്നു. എങ്കിലും പല്ലവകോമളമായ ഇന്ദിരയുടെ ഹസ്തഗ്രഹണം ചെയ്തപ്പോൾ വിനയന്റെ സൎവ്വാംഗം കോൾമയിർക്കൊണ്ടു.

ഒടുക്കം വിനയൻ വീണ്ടും ഭാൎയ്യയുടെ കമ്പിതമായ ദേഹലതയെ പ്രേമഭരത്തോടുകൂടി ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു. "ഇന്ദു! നീ എന്റെ ഭാൎയ്യ മാത്രമല്ലാ, എന്റെ 'മാനസമോഹിനി'യും ആണു്."

## ൯. ആൎക്കാണു തെററില്ലാത്തതു്.

ഗോപാലമേനോൻ ഒരു നല്ല വിദ്വാനാണു്. ഹിന്ദുക്കളുടെ ശാസ്ത്രങ്ങൾ മിക്കതും അദ്ദേഹം വായിച്ചറിഞ്ഞിട്ടുണ്ടു്. പുരാണങ്ങൾ, സ്മൃതികൾ മുതലായവയിലും വിശേഷിച്ചു വേദാന്തശാസ്ത്രത്തിലും അദ്ദേഹത്തി

ന്നു നല്ല പരിചയമുണ്ട്. ആ കപ്പോടെ പറകയാണെങ്കിൽ അദ്ദേഹം നല്ലൊരു പരിപാകമുള്ള ആളാണെന്നുള്ളതു സർവ്വസമ്മതമാണ്. വിവേകാനന്ദസ്വാമികൾ മുതലായ മഹാന്മാരുടെ ഗ്രന്ഥങ്ങൾ വായിച്ച് അദ്ദേഹത്തെപ്പോലെ വേദാന്തശാസ്ത്രതത്വം ഗ്രഹിച്ചിട്ടുള്ളവർ വളരെ കുറയും. എന്നാൽ അദ്ദേഹം സന്യാസിയോ, ഭക്തനോ, യോഗിയോ ഒന്നുമായിരുന്നില്ല. ലോകമര്യാദകളുടെ ക്രമം തെററാതെ ഭാര്യാപുത്രാദികളോടുകൂടി നല്ല നിലയിൽ കാലക്ഷേപം ചെയ്തുവന്നേയുള്ളു. അദ്ദേഹത്തിന്ന് അത്യാവശ്യചിലവുകൾക്കു വേണ്ടേടത്തോളം സമ്പാദിക്കുന്നതിന്ന് ഒരു ചെറിയ ഉദ്യോഗവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്നു സ്നേഹിതന്മാരാരുമില്ല. കൂട്ടത്തിൽകൂടി നടക്കുക, നാട്ടുകൂട്ടംകൂടുക, മുതലായ സ്വഭാവമൊന്നും അദ്ദേഹത്തിന്നിഷ്ടമില്ല. എപ്പോഴും വായിക്കുകയോ, എഴുതുകയോ ചെയ്തുതന്നെ കഴിയും. ഒരു രസികത്വമില്ലാത്ത ആളാണെന്നു ചിലർ ധരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്നുള്ള വലിയ രസികത്വവും മററു ഗുണങ്ങളും എപ്പോഴും അടുത്തു പരിചയിക്കുന്ന എനിക്കല്ലേ അറിഞ്ഞുകൂടു? എന്നെ ആന്തരമായ വിശ്വാസവും സ്നേഹവുമുണ്ടെന്നുള്ളത് ഈ സംഭവം എന്നെ അറിയിച്ചിട്ടുള്ളതുകൊണ്ടുതന്നെ വായനക്കാക്കറിയാം.

മാധവിക്കുട്ടിയമ്മ മിസ്റ്റർ മേനോന്നു ഭാര്യയുടെ വഴിക്കു ബന്ധപ്പെട്ട ഒരു സ്ത്രീയാണ്. മാധവിക്കു കുറെ നല്ല ബുദ്ധിഗുണവും സാധുത്വവും പഠിപ്പും മററുമുള്ളതു

കൊണ്ടു മേനവനു ബാല്യംമുതല്ക്കേ അവളെ വലിയ
ബോദ്ധ്യമാണു്. എന്തു കാൎയ്യവും മാധവിക്കുട്ടിയോടു
പറവാനും ആലോചിപ്പാനും മേനവനു വലിയ രസമാ
ണ്. ചിലപ്പോൾ മാധവിക്കുട്ടിയോടു ചോദിച്ചു നടക്കണ
മെന്നു സ്വന്തം ഭാൎയ്യയോടുതന്നെ ഉപദേശിക്കുന്നതു
ഞാൻ കേട്ടിട്ടുണ്ടു്. ഭാൎയ്യയും നല്ലകൂട്ടത്തിൽതന്നെ. മേ
നവനു പേൎന്ന ഭാൎയ്യയെ കിട്ടിയതിൽ ഞങ്ങൾക്കെല്ലാം
നല്ല കൌതുകമുണ്ടു്. എന്നാൽ മാധവിയും മേനവനും
ഭാൎയ്യാഭൎത്താക്കന്മാരല്ലോ ഉള്ളു. മാധവിക്കു മേനോ
നെ വലിയ സ്നേഹവും ബഹുമാനവുമുണ്ടു്. പല സം
ഗതികളിലും ഇവരുടെ സംബന്ധം ഞങ്ങൾക്കെല്ലാവ
ൎക്കും പ്രത്യക്ഷപ്പെട്ടിട്ടുള്ളതാണു്. ഇവർ രണ്ടുപേരുംകൂ
ടി നടത്തിയ സംഭാഷണത്തിൽനിന്നു വായനക്കാൎക്കു
പലതും ഗ്രഹിപ്പാനുള്ളതിനാൽ ഞാൻ മിസ്റ്റർ മേനോ
ന്റെ നോട്ടുബുക്കിൽനിന്നു് അതു പകൎത്തി ഇതിൽ ചേ
ൎക്കുന്നു. ഈ സംഭാഷണത്തെ മേനോൻ അങ്ങിനെത
ന്നെ ഭംഗിയായി എഴുതിവെച്ചിട്ടുള്ളതുകൊണ്ടു എനി
ക്കു് ഇതു വളരെ പ്രയാസംകൂടാതെ പകൎത്തുവാൻ ക
ഴിഞ്ഞിട്ടുണ്ടു്. മേനോൻ ഈ സംഭാഷണത്തിനുമുമ്പെ
സംഭവിച്ച സ്വകാൎയ്യസംഗതിയെപ്പററി എന്നോടൊരി
ക്കൽ പറഞ്ഞിട്ടുണ്ടു്. മാധവിക്കുട്ടിക്കു ഇരുപത്തഞ്ചു വ
യസ്സായിട്ടും ഭൎത്താവില്ല. ഒരുമാതിരിക്കാരെയൊന്നും തനി
ക്കു ബോധിച്ചില്ല. ഭൎത്താവുണ്ടെന്നൊരു പേരുമാത്രം വ
ഹിച്ചു് അന്യന്റെ അടിമയായി ഒരു സ്വാതന്ത്ര്യവും
സുഖവുമില്ലാതെ അങ്ങിനെ കാലം കഴിക്കുന്നതിനേ

ക്കാരം നല്ല പുസ്തകങ്ങൾ വായിക്കുകയും ഈശ്വരനെ ഭജിക്കുകയും ചെയ്തു സ്വൈരത്തോടെ ഇരുന്നാൽ മതിയെന്നാണു മാധവിയമ്മയുടെ പക്ഷം. ഈ അഭിപ്രായത്തെത്തന്നെ ഇന്നുള്ള ചെറുപ്പക്കാരികളും സമ്മതിച്ചുകാണുന്നുവല്ലോ.

കാൎയ്യം ഇതു ശരിയാണെങ്കിലും ചില അവസരങ്ങളിൽ ചില കാൎയ്യങ്ങളെപ്പററി മാധവിയമ്മ താൻ വ്യസനിക്കാറുണ്ട്. ഗോപാലമേനവനു മാധവിയമ്മയുടെ അവസ്ഥയെപ്പററി വ്യസനവും ആ സ്ത്രീയിൽ ദയയും മററും ഉണ്ടായതുകൊണ്ടു തരമുള്ളേടത്തോളം സംഗതികളിൽ താൻ മാധവിക്കുട്ടിയെ സന്തോഷിപ്പിച്ചിരുന്നു. എന്നതിലധികം പറയുന്നു; മേനവനു മാധവിക്കുട്ടിയമ്മയോടുള്ള സ്നേഹം ഒടുക്കം അനുരാഗമായിത്തീൎന്നു. രണ്ടുകൂട്ടരും കാഴ്ചയിലും അറിവിലും മററും നല്ലവണ്ണം പരിപാകമുള്ളവരാണെങ്കിലും ഈ സംഗതിയിൽ മിസ്റ്റർ മേനവനു വലിയ സുഖക്കേടായിത്തീൎന്നു. മേനവനെ ഭ്രമിപ്പിക്കത്തക്കവണ്ണം ആ കുട്ടിക്കു ഒരു സൌന്ദൎയ്യവിശേഷമോ മറേറാ ഇല്ല. എങ്കിലും അദ്ദേഹത്തിൻെറ മനസ്സു കുറെ അധികം ഇളകിവശായിരിക്കുന്നു. വളരെ ദിവസത്തേക്കു തൻെറ വിചാരത്തെ അദ്ദേഹം അടക്കി സഹിച്ചു. ഒരിക്കൽ അറിയാതെ ഇതു മാധവിക്കുട്ടിയമ്മയുടെ അടുക്കൽ വെളിപ്പെട്ടു. എന്നാൽ ആ സ്ത്രീ മേനോനു തന്നോടു് ഒരു സ്നേഹം മാത്രമാണുള്ളതെന്നു ധരിച്ചിട്ടുള്ളു. മേനോൻ രാഗാന്ധനായിത്തീൎന്നു. തൻെറ അറിവും ബുദ്ധിയും ധൈൎയ്യവു

മെല്ലാം ഈ കാൎയ്യത്തിൽ മടങ്ങി. തനിക്കു പ്രവേശിപ്പാൻ പാടില്ലാത്ത സ്ത്രീയിൽ ആഗ്രഹമുണ്ടായാൽ പിന്നത്തെ ഫലം വ്യസനം തന്നെയല്ലെ? മേനോൻ വലിയ വ്യസനത്തിലായി. മാധവിയമ്മക്കു തന്റെ പേരിൽ അനുരാഗമുണ്ടോ എന്നു പല പരീക്ഷകളും ചെയ്തതിൽ അതില്ലെന്നു മനസ്സിലാക്കാൻ ഒരു വഴിയും കിട്ടാത്തതുകൊണ്ടു തന്നെ മാധവി പ്രബലമായി സ്നേഹിക്കുന്നുണ്ടെന്നുറച്ചു് ഒരു ദിവസം രാത്രി ആ സ്ത്രീ കിടന്നുറങ്ങുന്നേടത്തു ചെന്നു ചേൎന്നു. മാധവിക്കുട്ടിക്കു കാൎയ്യം മനസ്സിലായപ്പോൾ പൊട്ടന്നനെ വലിയ ഒരു വ്യസനമാണുണ്ടായതു്. താൻ ആഗ്രഹിക്കുംപോലെതന്നെ ഇങ്ങോട്ടും ബലമായി സ്നേഹിക്കുന്നുണ്ടെന്നും തന്റെ പ്രവേശനത്തിൽ അവൾ നന്നെ സന്തോഷിക്കുമെന്നുമായിരുന്നു മേനോൻ വിചാരിച്ചിരുന്നതു്. മാധവിയമ്മ കരഞ്ഞുതുടങ്ങി. മേനോന്നു തന്റെ വിഡ്ഢിത്വം ഓൎത്തു വ്യസനവും, ലജ്ജയും വൎദ്ധിച്ചു: "കഷ്ടം! ഞാൻ നിന്നെ ഉപദ്രവിക്കാൻ ഉറച്ചിട്ടില്ല. നീ വ്യസനിക്കണ്ട. നിനക്കാണു് എന്നെക്കാൾ തന്റേടമുള്ളതു്. അതുകൊണ്ടു നിന്നോടുള്ള സ്നേഹം എനിക്കിപ്പോൾ വളരെ അധികമായിത്തീൎന്നു. എന്റെ ഈ ആഗ്രഹം അബദ്ധമായി. എന്നെപ്പറ്റി നീ വ്യസനിക്കരുതു്. എന്റെ പേരിൽ പരിഭവവും വേണ്ട. ഞാൻ നിന്റെ പേരിലുള്ള അതിരുകവിഞ്ഞ സ്നേഹം നിമിത്തം ഇങ്ങിനെ അപകടത്തിന്നൊരുങ്ങിയതാണു്. ഞാൻ പോകുന്നു."

ഇത്രയും പറഞ്ഞ സമയം മാധവിയമ്മ കണ്ണുനീർ തുട

ച്ചുകൊണ്ടു് "എല്ലാമറിയാമല്ലോ. പിന്നെ ഇങ്ങിനെ തോന്നിയതെന്താണു്? എൻെറ പേരിൽ സുഖക്കേടു തോന്നരുതു്" എന്നുമാത്രം പറഞ്ഞു. മാധവിക്കുട്ടിയുടെ ഘനമുള്ള ആ വാക്കു കേട്ടു മേനോൻ ലജ്ജയോടും വ്യസനത്തോടും തിരിച്ചുപോന്നു. ആലോചിച്ചു തൽക്കാലം സമാധാനിച്ചു. ഇനി ഇമ്മാതിരി അബദ്ധം വരാതിരിപ്പാനുള്ള ആലോചനകളും ചെയ്തു കിടന്നു.

കുറെ ദിവസം മാധവിക്കുട്ടിയെ കാണാതെതന്നെ കഴിച്ചുകൂട്ടി. മാധവിക്കുട്ടിയുടെ മനോഹരമായ സംസാരവും ബുദ്ധിഗുണവുമോർത്തു തന്നെത്താൻ നിന്ദിച്ചു കഴിയുന്ന ആ കാലത്തു മാധവിക്കുട്ടിയുടെ സഹോദരനും ഡോക്ടർ കൃഷ്ണക്കുറുപ്പും കൂടി അവരുടെ വീട്ടിലേക്കു പോകുന്നതു് ഒരുദിവസം കണ്ടു. അപ്പോൾ മാധവിക്കുട്ടിക്കെന്തോ രോഗമാണെന്നും ഡോക്ടർ അതു നോക്കാൻ പോവുകയാണെന്നും അന്വേഷണത്തിൽ മേനവനു മനസ്സിലായി. വേഗത്തിൽ താനും അങ്ങോട്ടു ചെന്നു. അപ്പോഴേക്കും ഡോക്ടർ ചികിത്സ നിശ്ചയിച്ചു മടങ്ങിപ്പോയിരിക്കുന്നു. ദീനം ഒരു മോഹാലസ്യം മാത്രമാണു്. രണ്ടുദിവസമായി തുടങ്ങീട്ടു്. അതിന്നു ഡോക്ടർ നിശ്ചയിച്ചപോലെയൊക്കെ നടത്താൻ മിസ്റ്റർ മേനവനും ഉത്സാഹിച്ചു. മേനോൻ തന്നെ തൻെറ കയ്യുകൊണ്ടു് ഔഷധം എടുത്തു കൊടുത്തു. ആ സമയം മാധവിയമ്മ ഒരു ദീർഘശ്വാസം വിട്ടു; കണ്ണിൽനിന്നു വെള്ളം വരുന്നു; ചുണ്ടു വിറക്കുന്നു; ദേഹം വിയർക്കുന്നു. ഇതൊക്കെ മേനോനു മനസ്സിലായി. മാധവിയമ്മക്കു ഗോപാല

മേനോനെ ആലോചിച്ചു മനസ്സിന്നു വലിയ വേദനയു ണ്ടായിരുന്നു. "കുറെദിവസവും എന്നെക്കാണാതെയിരി ക്കാത്ത ഇദ്ദേഹം അധികദിവസങ്ങളായി ഇങ്ങിനെ വേർ പെട്ടിരിക്കുന്നതു വ്യസനംകൊണ്ടോ പരിഭവംകൊണ്ടോ അല്ലെ? ഇതിന്നിടവന്നുവല്ലൊ. ഞാനെന്തു ചെയ്യേ ണ്ടു, പക്ഷെ അനുവദിച്ചെങ്കിലൊ, അതു മയ്യാദക്കേട ല്ലെ? പാപവുമുണ്ടല്ലൊ. സ്ത്രീകൾക്കു പാതിവ്രത്യമല്ലെ പ്രധാനം?" എന്നൊക്കെപ്പലവിധം ആലോചനക ളാൽ മാധവിയമ്മയുടെ മനസ്സു വല്ലാതെ ക്ഷോഭിച്ചിരു ന്നു. എപ്പോഴും ഈ വിചാരംകൊണ്ടു് ആഹാരത്തിൽ രുചിയുമില്ല; ഉറക്കവുമില്ല; ആകപ്പാടെ സുഖവുമില്ല എ ന്നുള്ള നിലയിലായിത്തീൎന്നു.

മാധവി—നിങ്ങൾ എന്റെ അടുത്തുതന്നെ ഇരി ക്കണം. രോഗം മാറുന്നതുവരെ പോകരുതു.

മേനോൻ—അതിന്നെന്താ വിരോധം? രോഗം വേ ഗത്തിൽ മാറുമെന്നു ഡോക്കടർ പറഞ്ഞിട്ടുണ്ടു്.

മാധവി—ഇല്ല, ഇപ്പോൾതന്നെ എന്റെ സുഖ ക്കേടു മിക്കതും ഭേദമായിട്ടുണ്ടു്. ഇനി അല്പം ആഹാരം കഴിക്കാം.

അപ്പോഴയ്ക്കു മാധവിയമ്മയുടെ അമ്മ വേഗത്തിൽ കുറെ പാൽക്കഞ്ഞി കൊണ്ടുവന്നു കൊടുത്തു. ഗോപാല മേനോൻതന്നെ നല്ല വാക്കു പറഞ്ഞു് അതു കഴിപ്പിച്ചു. അതിന്നുശേഷം ആ അമ്മ ഗോപാലമേനോ! ഞാനിന്ന ലെ രാത്രി മുഴുവനും ഉറങ്ങീട്ടില്ല. ഇപ്പോൾ ഇവിടെ ആ രുമില്ലെന്നു നിങ്ങൾക്കറിയാമല്ലൊ. ഞാനിപ്പോൾ കു

റെ കിടന്നുറങ്ങട്ടെ. നിങ്ങൾ ഇവിടെ വല്ലതും വായിക്കയോ മറേറാ ചെയ്തു് ഇരിക്കുവിൻ. എന്തോ ബദ്ധപ്പാടുണ്ടോ? എന്നു ചോദിച്ചു.

ഗോപാലമേനോൻ—ബദ്ധപ്പാടൊന്നുമില്ല. നിങ്ങൾ പോയി കിടന്നുറങ്ങുവിൻ. ഇപ്പോഴും മാധവിക്കിപ്പോൾ വളരെ ആശ്വാസമുണ്ടു്.

അമ്മ—അവൾ സാധുവാണു്. മനസ്സിന്നു ബലവുമില്ല. ഭയപ്പെട്ടിട്ടാണു് അധികം; എന്താ ചെയ്യുക? അതാതു കാലങ്ങൾക്കനുസരിച്ചുപോലെയൊക്കെ വേണം. തലയിലെഴുത്തുതന്നെ. ഇത്രകൊല്ലത്തിന്നും അവൾക്കൊരു കണ്ണീരിതവും ഇതുവരെ കണ്ടിട്ടില്ല. നൊമ്മളൊക്കെയുള്ളപ്പോൾ അതിന്നിട വരികയുമില്ല.

മാധവി—ആകട്ടെ, അമ്മ പോയി കിടക്കിൻ.

അമ്മ—കേട്ടുവോ? അവൾക്കാക്കാര്യം ആരും പറഞ്ഞുകേട്ടുകൂടാ. അങ്ങിനെയെങ്കിലും ഒരു ധൈര്യമുള്ളതു നമുക്കു സമാധാനം തന്നെ. അമ്മയിതും പറഞ്ഞു പോയി. കുറെ നേരം മാധവിക്കുട്ടിയും മേനവനും മുഖത്തോടുമുഖം നോക്കി ആലോചിച്ചുകൊണ്ടിരുന്നു. ഒടുക്കം രണ്ടുപേരുടേയും കണ്ണിൽനിന്നു ധാരയായി വെള്ളം ഒഴുകി.

ഗോ—മേ—എന്തിനാണു വ്യസനിക്കുന്നതു്? എന്നെ ആലോചിച്ചിട്ടാണോ? ആ സംഗതിയിൽ മുഴുവൻ ഞാൻ തെററുകാരനാണു്. നാട്ടുനടപ്പിന്നനുസരിക്കാതെ അക്രമത്തിന്നൊരുങ്ങിയ കുററം എനിക്കല്ലെ? മാധവി എന്തിന്നു വ്യസനിക്കുന്നു? മുഴുവനും വ്യസനത്തി

ന്നു പാത്രം ഞാനല്ലേ? ഞാനിങ്ങനെ വ്യസനിച്ചു മാധവിയെ കാണാതെ കഴിപ്പാൻതന്നെ ഉറച്ചു. മാധവി മൎയ്യാദയും പാതിവ്രത്യവും വിടാതെ സുഖമായി ഇരുന്നുകൊള്ളു". ഈ കടുവിലത്ത വാക്കു മാധവിയെ കുറെക്കൂടി വ്യസനിപ്പിച്ചു. ഗോപാലമേനോൻ വലിയ സുഖക്കേടില്ലാതെ ഇങ്ങിനെ പറയുന്നതല്ലെന്നും നല്ല ധൈൎയ്യവും ക്ഷമയും മൎയ്യാദയുമുള്ള അദ്ദേഹം ഈ നിലയിൽ തുറന്നു പറയാനിടവന്നതുകൊണ്ടു് അദ്ദേഹം വലിയ വ്യസനത്തിലായിരിക്കുന്നുവെന്നും താനാണു് അതിന്നു കാരണമെന്നും ആലോചിച്ചിട്ടു മാധവിക്കുട്ടി വല്ലാതെ ഒന്നു വ്യസനിച്ചു തന്റെ ലജ്ജയും സുഖക്കേടുമെല്ലാം അടക്കിവെച്ചു.

മാധവി—എനിക്കൊരു സംശയം ചോദിപ്പാനുണ്ടു.

ഗോ-മേ—എന്താണു്?

മാധവി—നിങ്ങൾ എന്നെപ്പററി വിചാരിക്കുന്നതു് എന്റെ സ്ഥിതിക്കു വിരോധമല്ലേ? അങ്ങിനെയായാൽ പിന്നെ എന്റെ ഗതി എന്താകും? ഞാൻ പതിവ്രതയായിരിക്കുമോ? പാതിവ്രത്യമില്ലെങ്കിൽ നരകമില്ലേ? സ്ത്രീകൾക്കു പാതിവ്രത്യമാണു പ്രധാനമെന്നു നിങ്ങൾതന്നെ ഒരു പത്രഗ്രന്ഥത്തിൽ എഴുതിയതു ഞാൻ വായിച്ചിട്ടുണ്ടല്ലോ. ഈ സംശയത്തിന്നു സമാധാനം പറഞ്ഞുതരണം.

ഗോ-മേ—നിന്റെ ഈ ചോദ്യത്തെ ഞാൻ ബഹുമാനിക്കുന്നു. നിനക്കു് എന്റെ ഇഷ്ടം അനുവദിക്കുന്ന

തിൽ പാതിവ്രത്യദോഷം വരില്ലെന്നു ഞാൻ പറഞ്ഞു സ്ഥാപിച്ചാൽ നീ വിശ്വസിക്കുമോ? അതു് എൻെറ ഇഷ്ടം സാധിക്കാൻവേണ്ടി തൽക്കാലം പറയുന്ന ഒരു ന്യായമാണെന്നല്ലേ വരികയുള്ളു? നിനക്കു കഴിയുന്നത്ര എന്നോടു വാദിക്കാം; ഞാൻ അതിനു സമാധാനം പറഞ്ഞുതരാം. വിരോധമില്ല.

മാധവി—പാതിവ്രത്യമെന്നു വെച്ചാലെന്താണു്? ഇതു് ആദ്യം പറയൂ.

ഗോ-മേ—ഭർത്താവിനെ ഒഴിച്ചു് അന്യപുരുഷനെ മനസ്സുകൊണ്ടു വിചാരിക്കകൂടി ചെയ്യാതെ ഭർത്താവിനെ ഈശ്വരനെപ്പോലെ വിചാരിച്ചു് അദ്ദേഹത്തെത്തന്നെ അനുസരിക്കുന്ന സ്വഭാവമാണു പാതിവ്രത്യം.

മാധവി—അന്യപുരുഷനെ വിചാരിക്കാതിരിപ്പാൻ സാധിക്കുമൊ?

ഗോ-മേ—അനുരാഗത്തോടുകൂടി വിചാരിക്കരുതെന്നേയുള്ളൂ.

മാധവി—തൻെറ ഭർത്താവു വല്ല ദോഷവുമുള്ള ആളാണെങ്കിൽ അദ്ദേഹത്തെ ഒരു സ്ത്രീക്കു ഇഷ്ടമില്ലാതെ വരാമല്ലൊ. അപ്പോൾ അവൾ എന്തു ചെയ്യണം?

ഗോ-മേ—അവൾ ഒരു സുഖക്കേടുംകൂടാതെ ക്ഷമയോടെ അദ്ദേഹത്തെ അനുസരിക്കതന്നെ വേണം.

മാധവി—അങ്ങിനെ ഒരു സ്ത്രീയുടെ ആയുസ്സു മുഴുവൻ വ്യസനിച്ചു കഴിയേണമെന്നോ പറയുന്നതു്?

ഗോ-മേ- ഇജ്ജന്മത്തിൽ അതേ നിവൃത്തിയുള്ളൂ.

മാധവി—അമേരിക്കാ മുതലായ രാജ്യങ്ങളിലും മറെറും ഇഷ്ടംപോലെ സ്ത്രീകൾ ഭർത്താവിനെ ഉപേക്ഷിക്കുകയും സ്വീകരിക്കയും ചെയ്യുന്നുണ്ടല്ലോ. നമ്മുടെ നായന്മാർസ്ത്രീകൾതന്നെ ഭർത്താവിനെ ഇഷ്ടമില്ലെങ്കിൽ ഉപേക്ഷിക്കുന്നു. വേറെ ഒരാളെ സ്വീകരിക്കയും ചെയ്യുന്നു. ഇവൎക്കൊന്നും പാതിവ്രത്യമില്ലയോ?

ഗോ-മേ—നമ്മുടെ ശാസ്ത്രപ്രകാരമുള്ള പാതിവ്രത്യം ഇവൎക്കൊക്കുമില്ല. ഭർത്താവു മരിച്ചാൽപോലും അന്യപുരുഷനെ സ്വീകരിക്കാത്ത ജാതിക്കാൎക്കു മാത്രമേ ഈ പാതിവ്രത്യമുള്ളൂ.

മാധവി—ഈ പാതിവ്രത്യമെന്നു പറയുന്നതു് എന്താണു്? ഇനിയൊരു ജാതി പാതിവ്രത്യം വേറെയുമുണ്ടോ?

ഗോ-മേ—ഉണ്ടു്, സംഗതിവശാൽ ഒരു ഭർത്താവിനെ ഉപേക്ഷിച്ചാൽ പിന്നെയൊരു ഭർത്താവിനെ സ്വീകരിക്കയും അങ്ങിനെ ഭർത്താവുള്ള കാലത്തു മറെറാരാളെ സ്നേഹിക്കാതിരിക്കയും ചെയ്യുന്നതു് ഒരു വക പാതിവ്രത്യം തന്നെ. ഇതു ശാസ്ത്രസമ്മതമല്ല. എങ്കിലും നാട്ടിലേക്കനുകൂലമായതുതന്നെ.

മാധവി—അപ്പോൾ വ്യഭിചാരിണികളായ സ്ത്രീകൾക്കും പാതിവ്രത്യമുണ്ടല്ലോ. അവർ നിത്യം ഓരോ ഭർത്താക്കന്മാരെ സ്വീകരിക്കയും ഉപേക്ഷിക്കയും ചെയ്യുന്നു. ആ സമയങ്ങളിൽ അന്യപുരുഷനെ സ്നേഹിക്കുന്നില്ല. എല്ലാവരും ഓരോ സമയങ്ങളിൽ അവരുടെ ഭർത്താക്കന്മാർ തന്നെയല്ലെ?

ഗോ-മേ—അതല്ല. അവൎക്ക് എല്ലാവരും അന്യപുരുഷന്മാരാണ്. ഭൎത്താക്കന്മാരല്ല.

പിന്നെ ഒരാളെ ഉപേക്ഷിക്കുന്നതു മതിയായ കാരണത്താലായിരുന്നാലേ ധൎമ്മമാകയുള്ളൂ. അനാദരംകൊണ്ടും കാമംകൊണ്ടും മററും ഭൎത്താക്കന്മാരെ ഇഷ്ടംപോലെ ഉപേക്ഷിക്കുന്നവർ പതിവ്രതകളല്ല. അമേരിക്കക്കാരും മററും ഒരുവിധത്തിലും പതിവ്രതകളല്ല.

മാധവി—നായന്മാരൊ?

ഗോ-മേ—നായർസ്ത്രീകളിൽ ചിലൎക്ക് മുമ്പറഞ്ഞ രണ്ടാംതരം പാതിവ്രത്യമുണ്ടെന്നു പറയാം. ശരിയായ പാതിവ്രത്യത്തിന് ഇവരുടെ ആചാരത്തിൽ ഒരു സൌകൎയ്യവും ഇപ്പോഴില്ല.

മാധവി—അതെന്തുകൊണ്ട്? ഭൎത്താവിനെ വേണ്ടപോലെ അനുസരിച്ചിരുന്ന് ഒടുക്കം അദ്ദേഹം മരിച്ചാൽ പിന്നെ വേറെ വിചാരം കൂടാതെ ഈശ്വരഭജനം ചെയ്തുകൊണ്ടിരിക്കുന്ന സ്ത്രീകളധികമുണ്ടല്ലൊ. അവർ ശരിയായ പതിവ്രതകളല്ലേ?

ഗോ-മേ—അല്ല. നായന്മാൎക്ക താലികെട്ടുകല്യാണം ഉള്ള കാലത്ത് അവൎക്ക ശാസ്ത്രപ്രകാരമുള്ള പാതിവ്രത്യത്തിനു തരമില്ല. താലികെട്ടുന്നതു ഭൎത്താവായി എന്നതിനെ കാണിക്കുന്ന ഒരു ക്രിയയാണ്.

പിന്നെ സംബന്ധക്കാരനായി വരുന്ന ആൾ എപ്പോഴും രണ്ടാമത്തെ ഭൎത്താവായിരിക്കയേയുള്ളൂ.

മാധവി—സ്ത്രീ തന്റെ താലികെട്ടിയ ആളെ ഭൎത്താവാണെന്നു സങ്കല്പിക്കുന്നില്ലല്ലൊ. പിന്നെ മറെറ ആൾ രണ്ടാമത്തതാകുമൊ?

ഗോ-മേ—സങ്കല്പമാണു പ്രധാനമെന്നു ശാസ്ത്രത്തിൽ പറയുന്നില്ലേ? താലികെട്ടുക മുതലായ ക്രിയകളെക്കൊണ്ടു ഭൎത്താവായി വരുന്ന നായന്മാർ ഈ സംഗതി സ്വീകരിച്ചിട്ടുമുണ്ടു്. കെട്ടുകല്യാണത്തിന്നു വിവാഹമുഹൂൎത്തത്തെ എടുക്കുന്നു. കെട്ടിയവനെ ഭൎത്താവായി സ്വീകരിക്കുന്നു. അവൻ മരിച്ചാൽ പുല കുളിക്കുന്നു. ഇങ്ങിനെയുള്ള ആചാരങ്ങളെ നോക്കുമ്പോൾ സ്ത്രീ അയാളെ ഭൎത്താവായി സങ്കല്പിക്കാതിരുന്നാൽകൂടി ഭൎത്താവല്ലെന്നു വരുന്നതല്ല. പിന്നെ സ്ത്രീ അങ്ങിനെ അപ്പോൾ സങ്കല്പിക്കയില്ലെന്നുള്ളതിലേക്കു് ഒരു തെളിവുമില്ല. കെട്ടുന്നതു് അത്രത്തോളം വകതിരിവും ബുദ്ധിയുമുള്ള സമയത്തല്ലല്ലോ. ഒരുസമയം കുറെ അധികം പ്രായം ചെന്നിട്ടാണു് ഈ ക്രിയ നടത്തുന്നതെങ്കിൽ പുരുഷന്റെ സ്പൎശം മുതലായ സംഗതികളെക്കൊണ്ടു കല്യാണഘട്ടത്തിൽ സ്ത്രീക്കു ചില സങ്കല്പങ്ങളുണ്ടാകാനിടയുള്ളൂ.

മാധവി—ശരിതന്നെ. ഈ ആചാരം പണ്ടേ നടപ്പുള്ളതാകയാൽ അത്ര വേഗത്തിൽ മാറ്റാൻ സാധിക്കയില്ലല്ലോ. ഇതിനെ പണ്ടു നിശ്ചയിച്ചിട്ടുള്ള കൂട്ടർ പാതിവ്രത്യം നായന്മാൎക്കു വേണ്ടെന്നു വെച്ചിരിക്കുമോ?

ഗോ-മേ—അങ്ങിനെതന്നെ. ഇവൎക്കു പാതിവ്രത്യമുണ്ടായാൽ വേറെ ചിലൎക്കു ചില സൌകൎയ്യക്കേടുകളുണ്ടു്. അതുനിമിത്തം അവർ നിൎബ്ബന്ധിച്ചു നിശ്ചയിച്ചതാണെന്നു കേൾക്കുന്നു.

മാധവി—കഷ്ടം! ഈ നായർസ്ത്രീകൾ ഇങ്ങിനെ ഒരു ഗതിയില്ലാത്തവരായിത്തീൎന്നുവല്ലോ. ഇനി ഇവൎക്കെന്തൊരു നിവൃത്തി?

ഗോ_മേ—മുമ്പറഞ്ഞ രണ്ടാംതരം പാതിവ്രത്യം ഇവൎക്ക് ബലമായി പിടിക്കാമല്ലോ. ഓരോ സ്ത്രീകളും അങ്ങിനെ നല്ല നിലയിൽ തുടങ്ങിയാൽ ഒരു കാലത്തു നായന്മാരുടെ ഈ അനാചാരമൊക്കെ നശിക്കുന്നതാണ്. അപ്പോൾ അവൎക്ക് ഉത്തമമായ നിലയിലെത്തുകയും ചെയ്യാം.

മാധവി—അതൊക്കെ പോട്ടെ. പാതിവ്രത്യം എന്നൊരു നിർബ്ബന്ധം അനുഭവിച്ചു ജീവിച്ചിരുന്നിട്ടു ഫലമെന്താണ്?

ഗോ_മേ—അതിൽ രണ്ടുകൂട്ടം ഫലമുണ്ട്. ഒന്ന് ഈ ജന്മത്തിൽ സ്വൈരമായി ജീവിച്ചിരിക്കാം. രണ്ടാമതു മരിച്ചാൽ സ്വൎഗ്ഗത്തിൽ പോയി സുഖിക്കാം.

മാധവി—തനിക്കു മനസ്സിനു യോജിപ്പില്ലാത്ത ഭൎത്താവോടൊന്നിച്ചിരുന്നിട്ട് ഈ ജന്മത്തിൽ സ്വൈരമുണ്ടാകുമോ?

ഗോ_മേ—യോജിപ്പില്ലെങ്കിൽ അതു തന്റെ കൎമ്മമാണെന്നുവെച്ചു ദുഃഖിച്ചുതന്നെ കഴിക്കണം. അതേ പാതിവ്രത്യമാകയുള്ളു.

മാധവി__പിന്നെയെന്താ പാതിവ്രത്യംകൊണ്ട് ഈ ജന്മത്തിലുള്ള സുഖം?

ഗോ_മേ__ഒരു സ്ത്രീക്കു ഭൎത്താവിനെക്കൊണ്ടു പല കാൎയ്യങ്ങളും സാധിക്കാനുണ്ടല്ലോ. അതിന് അവൾ ആന്തരമായി രസമില്ലെങ്കിൽക്കൂടി ഒരു പുരുഷനെത്തന്നെ ആശ്രയിച്ചിരിക്കേണ്ടിവരുന്നു. ഇഷ്ടംപോലെ ഉപേക്ഷിക്കുന്നതിന്നു വിരോധമില്ലെന്നു വന്നാൽ പുരുഷന്നു സ്നേഹ

ഴും വിശ്വാസവും കുറഞ്ഞുതുടങ്ങും. അപ്പോൾ അവളുടെ ആവശ്യങ്ങൾക്കെല്ലാം ബുദ്ധിമുട്ടാവുകയും ചെയ്യും. സ്ത്രീപുരുഷന്മാർ തമ്മിൽ ഒരു ബന്ധമില്ലാതെ മൃഗങ്ങളെപ്പോലെ ആയിത്തീരും. അതുമാത്രമല്ല ഒരു സംഘത്തിന്നുതന്നെ ആ നടപടികൊണ്ടു വലിയ കുഴപ്പങ്ങളൊക്കെ വരാനിടയുണ്ടു്. അതുകൊണ്ടാണു പാതിവ്രത്യനിർബ്ബന്ധം അനുഭവിക്കുന്നതുകൊണ്ടു് ഈ ജന്മത്തിൽ ദൈന്യമായിരിക്കാമെന്നു പറഞ്ഞതു്.

മാധ—ഇംഗ്ലണ്ടു്, അമേരിക്ക മുതലായ രാജ്യങ്ങളിലെ സ്ത്രീകൾക്കു പാതിവ്രത്യനിർബ്ബന്ധമില്ലല്ലോ. അവൎക്കു നിങ്ങൾ പറയുന്നതുപോലെ ഈ ജന്മത്തിൽ സുഖമില്ലല്ലോ?

ഗോ-മേ— അവൎക്കും നമുക്കും ഈ കാൎയ്യത്തിൽ വലിയ വ്യത്യാസമുണ്ടു്. അവർ കല്യാണം കഴിക്കുംമുമ്പെ തന്നെ സ്ത്രീപുരുഷന്മാർ തമ്മിൽ വേണ്ടുന്നേടത്തോളം പരിചയമുണ്ടാക്കിത്തീൎക്കുന്നു. വിവാഹമുഹൂൎത്തംവരെ കണ്ടിട്ടുകൂടിയില്ലാത്ത ഒരാൾക്കു തങ്ങളുടെ മക്കളെ പിടിച്ചുകൊടുക്കുന്ന സമ്പ്രദായം അവൎക്കില്ല. രണ്ടുപേരും തമ്മിൽ നല്ലപോലെ പരിചയിച്ചു് അന്യോന്യം സ്വഭാവവും മററും സൂക്ഷ്മമായി പരിശോധിച്ചറിഞ്ഞു അവൎക്കിഷ്ടമുണ്ടെങ്കിൽ മാത്രം കല്യാണം നടത്തുന്നു. പിന്നെ തമ്മിൽ യോജിപ്പില്ലെന്നു വരുന്നതല്ല. വന്നാൽതന്നെ അവനവന്റെ കുററമാണു് അതിന്നു കാരണമെന്നുള്ള കരുതലുണ്ടാകും. അപ്പോൾ ഉപേക്ഷിക്കാൻ മനസ്സുവരികയില്ല; എന്നുതന്നെയല്ല സ്ത്രീക്കു തന്റെ മേൽ വെറു

പ്പു തോന്നാതിരിക്കാനായി പുരുഷൻ അവളെ വേണ്ട-
ടത്തോളം അനുസരിക്കുകയും ചെയ്യും.

മാധവി—ഇവിടെ സ്ത്രീകളുത്തോട്ടനുസരിക്കുംപോ
ലെ അവിടത്തെ പുരുഷന്മാർ ഭാര്യമാരെ അനുസരി
ക്കുന്നുണ്ടോ?

ഗോ-മേ--അത്രയില്ലെങ്കിലും അവിടെ മിക്ക
സംഗതിയിലും രണ്ടുകൂട്ടരും സമമാണ്. ഒരാൾ മറ്റെ
ആൾക്കു കീഴടങ്ങിയിരിക്കേണമെന്നില്ല. അവിടത്തെ
സ്ത്രീകൾക്കും പ്രവൃത്തിയും സമ്പാദ്യവും ഒക്കെയുണ്ട്. എ
ല്ലാ സംഗതിയിലും എന്തു ചെയ്താലും പുരുഷനെ അ
ങ്ങോട്ടനുസരിച്ചേ കഴിയൂ എന്നവർക്കില്ല.

മാധവി--എത്രയായാലും ഒരാൾക്കു മറ്റെ ആളു
ടെ വല്ല സ്വഭാവത്തിലും വെറുപ്പു തോന്നിയില്ലെന്നു വരു
മൊ? അപ്പോഴെല്ലാം അവർ പിരിഞ്ഞുപൊയ്ക്കളയാ
മെന്നു വിചാരം തുടങ്ങുമല്ലൊ.

ഗോ-മേ--അതില്ല; അവർ മിക്കതും വിദ്യാഭ്യാസ
മുള്ളവരാണ്. ലോകത്തിൽ ഇന്നിന്നവിധം നടക്കയാ
ണ വേണ്ടതെന്ന് ഒരാളുടെ നിർബ്ബന്ധംകൂടാതെതന്നെ
അവർക്കറിയാം. അത്രത്തോളം കാര്യമായ സംഗതിയു
ണ്ടെങ്കിലേ അവർ വിവാഹബന്ധം വേർപെടുത്താറു
ള്ളൂ. മതിയായ കാരണംകൂടാതെ തോന്നിയപോലെ
യൊക്കെ ചെയ്താൽ മറ്റുള്ള ജനങ്ങൾ കുറ്റം പറയും;
തങ്ങൾ മര്യാദക്കാരല്ലെന്നു വരും; എന്നുള്ളതൊക്കെയ
വരാലോചിക്കും. വിവാഹബന്ധം അതിലഘുവായിട്ടുള്ള
തല്ലെന്നും; അത് എന്തോ ഒരു ദൈവശക്തിയുടെ വ

കയാണെന്നും അവരിൽ ചിലർ വിചാരിക്കാറുണ്ടു്. എന്നാൽ ആവശ്യമുള്ളപ്പോൾ പാതിവ്രത്യമോ അതിനെ ലംഘിച്ചാൽ ഉള്ള ദോഷമോ ഒന്നും അവരാലോചിക്കുന്നതേയില്ല.

മാധവി—അതു നമ്മുടെ സ്ത്രീകളും പതിവില്ലല്ലൊ?

ഗോ—മേ—ഞാനതല്ല പറഞ്ഞതു്. ആ പ്രവൃത്തി ഒരു പാപമാണെന്നോ നരകത്തിൽ പോകേണ്ടിവരുമെന്നോ അവരിൽ പൊതുവായ ഒരു വിശ്വാസമില്ല.

മാധവി—ആകട്ടെ, നമുക്കും ഈ മാതിരി വിദ്യാഭ്യാസവും വിവരവുമുണ്ടായാൽ പാതിവ്രത്യം അത്ര നോക്കാനിടവരില്ലെന്നോ നിങ്ങൾ പറയുന്നതു്?

ഗോ—മേ—അതെ, വകതിരിവില്ലാത്തവൎക്കു വേണ്ടിയാണു നിയമങ്ങൾ. വിവരമുള്ളവർ ന്യായമല്ലാതെ പ്രവൎത്തിക്കയില്ല. അതിന്നാരുടേയും നിർബ്ബന്ധം ആവിശ്യമില്ല. അതുകൊണ്ടു നായർ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ വിദ്യാഭ്യാസമുള്ളവരായിത്തീരട്ടെ. അവൎക്കു ന്യായമിന്നതു് അന്യായമിന്നതു് എന്നുള്ള നിശ്ചയവും കാൎയ്യശേഷിയുമുണ്ടാകട്ടെ. സ്ത്രീകൾക്കു പുരുഷന്മാരുടെ ആശ്രയം കൂടാതെതന്നെ നല്ല നിലയിൽ ജീവിച്ചിരിപ്പാനുള്ള സൌകൎയ്യവും സമ്പാദ്യവുമുണ്ടാകട്ടെ. അങ്ങിനെ വരുന്ന കാലത്തു പാതിവ്രത്യത്തിന്റെ നിൎബ്ബന്ധമൊന്നും ആവശ്യമില്ലെന്നും ആ നിർബ്ബന്ധംകൊണ്ടു ഫലമില്ലെന്നും വന്നുപോകും.

മാധവി—എന്നാൽ പണ്ടത്തെക്കാൾ ഇപ്പോൾ പഠിപ്പുള്ളവരുണ്ടല്ലൊ? അവൎക്കു പാതിവ്രത്യമില്ലയൊ?

ഗോ-മേ—ഇല്ലെന്നല്ല. അവൎക്കു ശാസ്ത്രത്തിന്റെ നിർബ്ബന്ധമോ ദൈവത്തെ ഭയമോ ഉണ്ടാകണമെന്നില്ല. അവനവന്റെ മുറയെന്താണെന്നറിഞ്ഞു് അവർ നടന്നുകൊള്ളും. ഒരു പുരുഷനെത്തന്നെ സ്വീകരിച്ചിരിക്കുന്നതോ മതിയായ കാരണംകൂടാതെ തോന്നിയപോലെ ഉപേക്ഷിക്കുന്നതോ ഏതാണു നല്ലതെന്നു് അവർതന്നെ തിച്ച്പ്പെടുത്തിയാൽ മതി.

മാധവി--ലോകത്തിൽ അറിവില്ലാത്തവരെ ഒരുവിധം നല്ലവഴിക്കു നടത്താൻവേണ്ടി നിശ്ചയിച്ചിട്ടുള്ള ചില നിയമങ്ങളാണു പാതിവ്രത്യവും മററും എന്നാണിപ്പോൾ വന്നുകൂടുന്നതു. പതിവ്രതയായിരുന്നില്ലെങ്കിൽ നരകത്തിൽ പോകേണ്ടിവരുമെന്നും മററും ശാസ്ത്രങ്ങളിൽ പറയുന്നതു് അറിവില്ലാത്തവരെ ഭയപ്പെടുത്താൻ വേണ്ടിയാണല്ലെ?

ഗോ-മേ--സംശയമില്ല.

മാധവി--എന്നാൽ ഒരു ഭയവുംകൂടാതെ തോന്നിയപോലെയാകാമല്ലൊ.

ഗോ-മേ--ആവാം. നരകത്തെ ഭയപ്പെട്ടിട്ടാണൊ ഇപ്പോൾ ചില സ്ത്രീകൾ പതിവ്രതകളായിരിക്കുന്നതു്?

മാധവി--അതല്ലെ? ആ ഭയംകൊണ്ടു തന്നെ.

ഗോ-മേ--(ചിരിച്ചുംകൊണ്ടു്) മാധവിക്കുട്ടി ഒരു സമയം അങ്ങിനെ ഭയപ്പെടുന്നുണ്ടായിരിക്കാം. എല്ലാവരും അങ്ങിനെയല്ല. നാട്ടുകാരുടെ അപവാദം ഭയ

പ്പെട്ടിട്ടും ഭൎത്താവിലുള്ള സ്നേഹബന്ധംകൊണ്ടും തനിക്കൊരുവിധം സ്വൈരമായി കഴിഞ്ഞുകൂടേണ്ടേ എന്നുവിചാരിച്ചും മാത്രമാണു് ഒരു പുരുഷനെത്തന്നെ ആശ്രയിച്ചു ചില സ്ത്രീകൾ കഴിഞ്ഞുകൂടുന്നതു്. നീചജാതിക്കാരിൽ ചിലൎക്കു നരകവും പാതിവ്രത്യവും ദൈവവുമൊന്നും നിശ്ചയമില്ല. അവരിൽ പതിവ്രതമാർ വളരെ കാണുന്നു. അതിന്നെന്താ കാരണം?

മാധവി--ആകട്ടെ, ഇപ്പോൾ സ്ത്രീകൾ പതിവ്രതകളായിരിക്കാൻ എത്ര കാരണങ്ങളാണു നിങ്ങൾ പറഞ്ഞതു്?

ഗോ-മേ--അതു പലവിധമാണു്. മുഖ്യമായിട്ടു 1. നാട്ടിൽ ഭേദപ്പെട്ടവർ നടക്കുംപോലെ നടക്കണമെന്നുള്ള ആഗ്രഹം. 2. മൂത്തവരുടേയും സ്നേഹമുള്ളവരുടേയും ശാസനയിലുള്ള ഭയം. 3. രാജാവിലുള്ള ഭയം. 4. ദൈവഭയം. 5. തന്റെ അവസ്ഥയ്ക്കു് എങ്ങിനെ ചെയ്യലാണു് ഗുണമെന്നാലോചിച്ചു തീൎച്ചയാക്കാനുള്ള ശക്തി. ഇങ്ങിനെ അഞ്ചുവിധം കാരണങ്ങളെ പറയാം. പാതിവ്രത്യം മാത്രമല്ല; ഇന്നു നാട്ടിൽ കാണുന്ന മൎയ്യാദകളൊക്കെ ഈ അഞ്ചെണ്ണം തന്നെ കാരണം. ഈ കൂട്ടത്തിൽ ചിലതു ചിലൎക്കുണ്ടാകയില്ലെന്നു വരാം. ഒന്നുമില്ലാത്തവൎക്കു നാട്ടിൽ മാന്യതയും സ്വൈരവുമുണ്ടാകുന്നതല്ല.

മാധവി--ശരി, ഇപ്പോൾ വെളിവായി. ഒന്നു ചോദിക്കട്ടെ. ക്രമംകെട്ടു നടക്കുന്നവരേയും നാട്ടുകാർ ചിലപ്പോൾ മാനിക്കാറുണ്ടല്ലൊ? അതിന്നു കാരണം എന്താണു്?

ഗോ-മേ--നല്ല ചോദ്യം. ഒരു സ്ത്രീയുടെ നടപടി ക്രമം കെട്ടതാണെന്നു് എല്ലാവക്കും തോന്നാറുണ്ടോ? "നായെകൊന്നാലും ഊരിൽ പാതി" എന്ന പഴഞ്ചൊല്ലു കേട്ടിട്ടില്ലേ? അപ്പോൾ ചിലർ മാനിക്കും. ചിലർ മാനിക്കയില്ല. അത്രയേ ഉള്ളു. ഇവിടെയുള്ള ബ്രാഹ്മണർ മാംസം ഭക്ഷിക്കുന്നില്ല. അതാണു് ഇവക്കു മാന്യത. ബങ്കാളികൾ മാംസം ഭക്ഷിക്കുന്നു. അവക്കതൊരു ദോഷമായിരിക്കുന്നില്ല. ഈ ദിക്കുകാർ ഇവരേയും ആ ദിക്കുകാർ അവരേയും മാനിക്കാതിരിക്കുന്നില്ല.

മാധവി--അപ്പോൾ ഓരോ ദിക്കുകാരുടെ മര്യാദ ഓരോ വിധത്തിലാണെന്നോ?

ഗോ-മേ--അതെ. ശ്രീരാമൻ മുതലായ ക്ഷത്രിയന്മാർ മാംസഭക്ഷണം ചെയ്തതായി പുരാണങ്ങളിൽ കാണുന്നു. ആ കാലത്തു് അതു മര്യാദക്കേടല്ല. ഇന്നു് അതു നടപ്പില്ല. അതുകൊണ്ടു് ഓരോ കാലത്തു് ഓരോന്നാണു മര്യാദയെന്നു വരുന്നു.

മാധവി--പാതിവ്രത്യമില്ലാതിരിക്കൽ ഒരു മര്യാദയായി ഏതെങ്കിലും കാലത്തു ജനങ്ങൾ സ്വീകരിച്ചിരുന്നുവൊ?

ഗോ-മേ--എല്ലാ സമുദായത്തിന്റേയും ആദ്യകാലത്തു് ഒരു നിയമവുമുണ്ടായിരുന്നില്ല. ആ കൂട്ടത്തിൽ പാതിവ്രത്യവും ഒരു കാലത്തില്ലാതെ തന്നെയിരുന്നു. നായന്മാർ ഈ കാര്യത്തിൽ ആദ്യത്തെ നിലയിൽ നിന്നു കയറീട്ടില്ലെന്നു പറയണം. അതുകൊണ്ടാണു് ഇവർ ശരിയായ പാതിവ്രത്യനിയമം ഇനിയും കൈക്കൊ

ഞ്ഞിട്ടില്ലാത്തതു്. പണ്ടു ശ്വേതകേതു എന്നു പേരായ ഒരു മഹൎഷിയാണത്രെ പാതിവ്രത്യനിൎബ്ബന്ധം നാട്ടിൽ ഒന്നാമതായി തുടങ്ങിച്ചതു്. അദ്ദേഹം ഉദ്ദാലകൻെറ പുത്രനാണു്. കുട്ടിക്കാലത്തു് അദ്ദേഹം അമ്മയോടു തൻെറ അച്ഛനാരാണെന്നു ചോദിച്ചു. ശരിയായ അച്ഛനാരാണെന്നു നിശ്ചയമില്ലെന്നു് അമ്മ മറുപടി പറഞ്ഞു. ഇതെന്തുകൊണ്ടാണെന്നു ചോദിച്ചപ്പോളാണു കാൎയ്യം മനസ്സിലായതു്. സ്ത്രീകൾ ആ കാലത്തു് അനാവൃതക (പാതിവ്രത്യനിൎബ്ബന്ധമില്ലാത്തവർ) ളായിരുന്നു. അന്നുള്ളവൎക്കു് ഇന്ന പുരുഷനാണു ഭൎത്താവെന്നും മററുമുള്ള യാതൊരേൎപ്പാടുമില്ലായിരുന്നു. ആ നടപടിയെ അന്നുള്ളവർ മൎയ്യാദകേടാണെന്നോ പാപമാണെന്നോ കരുതിയിരുന്നില്ല. പിന്നീടു ശ്വേതകേതുവാണു് പാതിവ്രതാധൎമ്മം നിൎബ്ബന്ധമായി നടത്തിയതു്. എന്നൊക്കെ പുരാണങ്ങളിൽ പറഞ്ഞുകേട്ടിട്ടുണ്ടു്.

മാധവി—അപ്പോൾ ഈ പാതിവ്രത്യത്തിനും മൎയ്യാദകൾക്കും ഒരു വ്യവസ്ഥയുമില്ലെന്നല്ലേ കാണുന്നതു്? ഓരോ കാലത്തു് ഓരോവിധം മൎയ്യാദയാണു്; ഓരോ ദിക്കുകാൎക്കു് ഓരോന്നാണു മൎയ്യാദ എന്നു വന്നാൽ ഇതിനു വല്ല വിലയും നിലയുമുണ്ടോ?

ഗോ-മേ—ഒന്നുമില്ല. ആട്ടെ—ഇപ്പോൾ നമ്മുടെ നായന്മാരുടെ ഇടയിൽ എത്രവിധം മൎയ്യാദകളുണ്ടെന്നു മാധവിക്കുട്ടിക്കറിയാമൊ?

മാധവി—ഇല്ല പറയണം.

ഗോ-മേ—ചില തെക്കൻപ്രദേശങ്ങളിൽ മൂന്നും നാലും സഹോദരന്മാർ കൂടി ഒരു സ്ത്രീയെ സംബന്ധം

ചെയ്യുന്നുണ്ട്. ആ നാട്ടുകാൎക്ക് ഇതു് ഒരു ക്രമംകെട്ട നടവടിയല്ല. പാണ്ഡവന്മാരുടേയും പാഞ്ചാലിയുടേയും മുറയാണിതെന്നവർ വിചാരിക്കുന്നു. ഇതു മാത്രമോ? ജേഷ്ഠൻെറ മരണശേഷം ജ്യേഷ്ഠത്തിയമ്മയോട് അനുജൻ സംബന്ധം തുടങ്ങുന്നു. ഒരു കുടുംബത്തിലെ രണ്ടും മൂന്നും സഹോദരിമാരായ സ്ത്രീകളെ ഒരേ സമയത്തു് ഒരു പുരുഷൻ സംബന്ധം ചെയ്യുന്നു. അതൊന്നും ആ ദിക്കിൽ ക്രമംകെട്ട നടപ്പല്ല.

മാധവി—(അത്ഭുതത്തോടെ ചിരിച്ചുംകൊണ്ട്) എന്തു്? ഇങ്ങിനെയൊക്കെ ഇപ്പോഴും നടക്കുന്നുണ്ടോ? അപ്പോൾ അവരെങ്ങിനെയാണു സൈ്വരമായി കഴിച്ചുകൂട്ടുന്നതു്?

ശോ-മേ—അവൎക്ക് ഒരു സൈ്വരക്കേടുമില്ല. അവിടെ പരക്കെ അതു നടപ്പാകയാൽ അവർ തൃപ്തിയോടെ രസമായി കാലം കഴിക്കുന്നു. മനസ്സിൻെറ സങ്കല്പത്തിന്നനുസരിച്ചാണു സുഖവും ദുഃഖവുമെന്നു മുമ്പെ മനസ്സിലാക്കണം. നായന്മാർ അന്യൻെറ സന്തതികളായ മരുമക്കളെ സ്നേഹിക്കുകയും അവരോടൊന്നിച്ചു കഴിച്ചുകൂട്ടുകയും ചെയ്യുന്നതെങ്ങിനെയാണെന്നും അവരുടെ ഭാൎയ്യമാർ മുതലവകാശമോ മറ്റോ ഇല്ലാത്ത ഭൎത്താവിൻെറ കുടുംബക്കാരൊന്നിച്ചിരിക്കുന്നതെങ്ങിനെയാണെന്നും ചില മക്കത്തായക്കാർ അത്ഭുതമായി ചോദിക്കുന്നുണ്ട്. നമ്മുടെ മനസ്സങ്കല്പം ഈ മാതിരി നടപടിയിൽ രസിക്കാതിരിക്കുന്നില്ല. അതുകൊണ്ടു മനസ്സി

ൻെറ പരിചയത്തിന്നനുസരിച്ചാണു സുഖദുഃഖങ്ങളെ നു ഗ്രഹിക്കണം.

മാധവി—അങ്ങിനെയാണെങ്കിൽ എങ്ങിനെ നടന്നാലും ദോഷപരക്കേടിന്നവകാശമില്ലല്ലൊ?

ഗോ-മേ—അതിന്നൊക്കെ അവനവൻെറ മനസ്സാണു പ്രമാണം.

നമ്മുടെ ഇടയിൽ മരുമക്കളെ സംബന്ധംചെയ്യുന്ന പതിവുണ്ടോ? ചില ജാതിക്കാർ അങ്ങിനെ മുറക്കു ചെയ്യുന്നവരല്ലൊ. അതൊരു മൎയ്യാദകേടാണെന്നു് അവരാരും വിചാരിക്കുന്നില്ല. മരുമക്കൾക്കു് അമ്മാമൻെറ പേരിൽ അനുരാഗമുണ്ടെന്നു മാധവിക്കുട്ടിക്കു തോന്നുണ്ടോ? അമ്മാമനെക്കണ്ടാൽ ഭയപ്പെട്ടു തലതാഴ്ത്തി ഓടി ഒളിക്കുന്ന ഒരു സ്ത്രീ അദ്ദേഹത്തോടുകൂടി ഭാൎയ്യയായിരുന്നു സ്വൈരമായി സുഖമനുഭവിക്കുന്നതെങ്ങിനെയാണു്?

മാധവി—കഷ്ടം! ഇങ്ങിനെയുമുണ്ടൊ? ഇതു വലിയ അത്ഭുതംതന്നെ! അമ്മാമൻെറ ഭാൎയ്യയായിരിക്കാൻ മരുമക്കൾക്കു പാടുണ്ടോ?

ഗോ. മേ—എന്താ വിരോധം; പറയൂ.

മാധവി—(ആലോചിച്ചിട്ടു്) അമ്മാമന്നു് അച്ഛൻെറ സ്ഥാനമാണുള്ളതു്. താനും തൻെറ സഹോദരിയും ഒരമ്മയുടെ മക്കളായിരിക്കുമ്പോൾ അവർ രണ്ടുകൂട്ടരുടേയും മക്കൾ ഒരുപോലെ തന്നെയല്ലേ?

ഗോ മേ—(ചിരിച്ചുംകൊണ്ടു) ശരി; ഇതാണൊ തടസ്ഥം? ആട്ടെ; ഇപ്പോഴാ അമ്മാമൻെറ മകളെ മരു

മകൻ സംബന്ധം തുടങ്ങുന്നതു സാധാരണയല്ലെ? അപ്പോൾ അമ്മാമൻെറ മകൾ തൻെറ സഹോദരിയാണല്ലൊ? എന്നുതന്നെയല്ല, സംബന്ധം തുടങ്ങുന്ന സമയംവരെ അവർ തമ്മിൽ ജ്യേഷ്ഠനെന്നും ഉടപ്പിറന്നവളെന്നുമുള്ള നിലയിലാണു പെരുമാറുന്നതു്. അങ്ങിനെയിരിക്കെ ആ സംബന്ധം ന്യായമാണൊ? ആലോചിച്ചു പറയു. അതുതന്നെയല്ല, അച്ഛൻപെങ്ങളുടെ മക്കളും തൻെറ സഹോദരിയുമാണു്. അവിടേയും സംബന്ധത്തിന്നു പാടില്ല. ഈ പറഞ്ഞ രണ്ടുകൂട്ടം സംബന്ധവും ഇപ്പോൾ മരുമക്കത്തായക്കാരായ നായന്മാരും മക്കത്തായക്കാരായ ബ്രാഹ്മണരും മററും വളരെ ഉചിതമാണെന്നു തീൎച്ചപ്പെടുത്തി നടത്തുന്നുണ്ടല്ലൊ?

മാധവി—കാൎയ്യം ഇതു ശരിതന്നെ; പക്ഷെ മററെതുപോലെ ഇതൊന്നും അത്ര മൎയ്യാദകേടാണെന്നാരും പറഞ്ഞുകേട്ടിട്ടില്ല.

ഗോ-മേ—ഇല്ലെ? വടക്കുള്ള ബ്രാഹ്മണരിൽ ചിലർ അച്ഛൻപെങ്ങളുടെ മകളെ വിവാഹം കഴിക്കുന്നവരാണെന്നുള്ളതുകൊണ്ടു് അവരെ വേറെ ചില തെക്കൻ ബ്രാഹ്മണർ പരിഹസിക്കയും നിന്ദിക്കയും ചെയ്യുന്നുണ്ടു്. തെക്കൻബ്രാഹ്മണർ അമ്മാമൻെറ മകളെ കല്യാണംകഴിക്കുന്നതിനെപ്പററി വടക്കുള്ള കൂട്ടർ പരിഹസിക്കുന്നു. ഇതിപ്പോഴും നടപ്പുള്ളതാണുതാനും.

മാധവി—ഇതൊക്കെയുണ്ടൊ? എന്തായാലും മുമ്പു പറഞ്ഞ സംഗതികൾ ആരെങ്കിലും ചെയ്യുമെന്നെനിക്കു മനസ്സിന്നു നല്ല ബോദ്ധ്യം വരുന്നില്ലല്ലൊ?

ഗോ-മേ—ഇനി ഉദാഹരണങ്ങൾ പറഞ്ഞുതരാം. നിന്റെ രോഗം നോക്കാനിടവന്നപോയ കൃഷ്ണക്കുറുപ്പിന്റെ ഭാൎയ്യയാരാണെന്നറിഞ്ഞിട്ടുണ്ടോ? ആദ്യഭാൎയ്യയുടെ അനുജത്തിയാണു്. ഭാൎയ്യ മരിച്ചാൽ അനുജത്തിയെ സംബന്ധമാവാമെന്നുള്ളതു് ഇയ്യിടയിൽ തുടങ്ങിയ ഒരു മൎയ്യാദയാണു്. ഇതുവരെ ജ്യേഷ്ഠനും ഇപ്പോൾ ഭൎത്താവുമായിട്ടാണു കൃഷ്ണക്കുറുപ്പു് ഇരിക്കുന്നതു്. നമ്മുടെ പോലീസു സൂപ്രഡേണ്ടു രാമചന്ദ്രറാവുവിന്റെ ഭാൎയ്യ മരുമകളാണു്. സംശയമുണ്ടെങ്കിൽ അന്വേഷിച്ചോളൂ. ഇതു മാത്രമോ? ഭാൎയ്യ മരിച്ചാൽ പിന്നെ ആ കുടുംബത്തിലെ ഏതു സ്ത്രീയേയും സംബന്ധം തുടങ്ങാമെന്നാണിപ്പോൾ നായന്മാരുടെ മൎയ്യാദ കാണുന്നതു്. നമ്മുടെ പുത്തൻവീട്ടിൽ രാഘവപ്പണിക്കർ ഇയ്യിടയിൽ ഭാൎയ്യയുടെ ജ്യേഷ്ഠത്തിയുടെ മകളെയല്ലേ സംബന്ധം ചെയ്തതു്. നോക്കൂ! രാമപുരം താസീൽദാർ ഗോവിന്ദപിള്ളയദ്ദേഹത്തിന്നു രണ്ടു ഭാൎയ്യമാരുണ്ടു്. രണ്ടുപേരും ഒരമ്മയുടെ മക്കളാണു്. ഇങ്ങിനെ നോക്കിയാൽ എല്ലാം ദിക്കിലും ഞാൻ പറഞ്ഞപോലെയുള്ള നടപ്പുകളുണ്ടെന്നു തെളിയിപ്പുവാൻ എളുപ്പമാണു്.

മാധവി—(ദീൎഘശ്വാസം വിട്ടു) മതി; എനിക്കു കാൎയ്യമൊക്കെ മനസ്സിലായി. നിങ്ങൾ പറഞ്ഞപോലെ എല്ലാററിന്നും മനസ്സുതന്നെ പ്രമാണം. ആവശ്യംപോലെ ആൎക്കും എന്തും ചെയ്യാം. എന്നാൽ ഈ നടപടികളെല്ലാം മൎയ്യാദയാണെന്നു പറയുന്നതെങ്ങിനെയാണു്? ഓരോരുത്തരും അവനവന്റെ മനസ്സുപോലെ നടന്നാൽ അതു മൎയ്യാദയാകുമൊ?

ഗോ_മേ—കുറെ അധികം ആളുകളുടെ മനസ്സുപോലെ നടക്കണം. അതാണു മൎയ്യാദ; അത്രയേ ഉള്ളു. കാൎയ്യം എന്തായാലും വേണ്ടില്ല. നാലാൾ സമ്മതിച്ചാൽ കഴിഞ്ഞു. തൻെറ കൂട്ടുകാരും നാട്ടുകാരും വീട്ടുകാരും ജാതിക്കാരും ഇന്നിന്നവരാണെന്നു വെച്ചിട്ടുണ്ടല്ലൊ. അവരുടെ മനസ്സും സമ്മതവും നോക്കി എന്തും ചെയ്യാം.

മാധവി—അതൊന്നും നോക്കാതെ നടന്നാൽ എന്താ ദോഷം?

ഗോ_മേ—ഒരു ദോഷവുമില്ല. തൽക്കാലം അവർ പുച്ഛിക്കും. അവരെക്കൊണ്ടു വല്ല കാൎയ്യവും നമുക്കുണ്ടെങ്കിൽ അവർ അതിൽ നമ്മെ സഹായിക്കയില്ല. അതു മാത്രമല്ലാതെ വേറെ ഒരു ദോഷവും ഞാൻ കാണുന്നില്ല.

മാധവി—അവർ നമ്മെ ശിക്ഷിക്കാനോ അപമാനിക്കാനോ മറ്റോ ശക്തിയില്ലെങ്കിൽ പിന്നെ അതിനെ ഭയപ്പെടണോ?

ഗോ_മേ—വേണ്ട, വലിയ ശക്തിയും സമ്പത്തും മററു ബലവുമുള്ള പ്രഭുക്കന്മാർ ഈവക നാട്ടുമൎയ്യാദകളെ തീരെ വകവെക്കാതെ നടക്കുന്നുണ്ടല്ലൊ. അവരെ പരിഹസിക്കയൊ മറെറാ മററുള്ള ജനങ്ങൾ ചെയ്യാറുണ്ടെങ്കിലും അതുകൊണ്ടൊക്കെ ആ കൂട്ടൎക്കു വല്ല ഉപദ്രവവും തട്ടുന്നുണ്ടോ? "കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ" എന്ന നിലതന്നെ.

മാധവി—ജനങ്ങളറിഞ്ഞാൽ അപമാനവും മററുമുണ്ടാകുമെന്നല്ലെ ഉള്ളു? സ്വകാൎയ്യമായിട്ടു് എന്തും ചെയ്യാൻ വിരോധമില്ലെന്നല്ലെ അപ്പോൾ പറയേണ്ടതു്?

ഗോ. മേ—ലോകം തന്നെ രണ്ടുവിധത്തിലാണു്. ഒന്നു ബാഹ്യം; മറേറതു് ആന്തരം. ബാഹ്യമായ ലോകത്തെ പററിയാണു ഗുണവും ദോഷവും നല്ലതും ചീത്തയുമൊക്കെപ്പറയുന്നതു്. ആന്തരമായ ലോകത്തെപ്പററി ആൎക്കെന്തു പറയാൻ കഴിയും? ഓരോരുത്തരുടേയും മനസ്സിലുള്ള വിചാരം മറെറാരാളെങ്ങിനെ അറിയും? അതുപോലെ തന്നെ ഇന്നു നാട്ടിൽ സ്വകാൎയ്യമായി എന്തെല്ലാം നടക്കുന്നു? അതൊക്കെ ആരെങ്കിലും അറിയുമൊ? അതു മൎയ്യാദയായാലും അല്ലെങ്കിലും ഫലം ഒരുപോലെ തന്നെ.

മാധവി—നിങ്ങളിത്രനേരം പറഞ്ഞതിൽനിന്നു കാൎയ്യത്തിന്റെ സൂക്ഷ്മം എനിക്കു മനസ്സിലായി; എങ്കിലും ഒന്നുകൂടി ചോദിക്കാനുണ്ടു്. ഈ മനുഷ്യരുടെ പ്രവൃത്തികളേയും വിചാരങ്ങളേയും നോക്കിയറിയുന്നതിനു് ഒരു ദൈവമുണ്ടെന്നും അദ്ദേഹം എല്ലാ സ്വകാൎയ്യങ്ങളും മററും കണ്ടറിഞ്ഞു തക്ക ശിക്ഷ കൊടുക്കുന്നതാണെന്നും എല്ലാവരും ആ ദൈവത്തെ ഭയപ്പെട്ടു നടക്കേണ്ടതാണെന്നും ശാസ്ത്രങ്ങളിലുണ്ടല്ലൊ. അതു ശരിയാണൊ?

ഗോ. മേ—അതിനെപ്പററി ആദ്യം തന്നെ ഞാൻ ചുരുക്കി പറഞ്ഞിട്ടുണ്ടു്. പാതിവ്രത്യനിൎബ്ബന്ധം അനുസരിച്ചു കഴിച്ചുകൂട്ടുന്നതായാൽ നാട്ടുകാർ നന്നായിപ്പം

യും; മരിച്ചാൽ സ്വൎഗ്ഗത്തിൽ പോകാം; ഇങ്ങിനെ രണ്ടു കൂട്ടം ഫലമുണ്ടെന്നു പറഞ്ഞില്ലേ.

അതിൽ ഒന്നാമത്തെ ഫലത്തെപ്പററി നിനക്കു നല്ലപോലെ മനസ്സിലായല്ലൊ. രണ്ടാമത്തേതു മനസ്സിലാക്കാൻ കുറെ പ്രയാസമുണ്ട്. എന്തുകൊണ്ടെന്നാൽ — അതു നമുക്കൊരുവിധത്തിലും കണ്ടനുഭവപ്പെടാത്ത ഒരു സംഗതിയാകുന്നല്ലൊ. മരിച്ചാൽ പിന്നെ എവിടെ പോകും; എന്താണ് അനുഭവം എന്നുള്ള സംഗതികളെപ്പററി പറയുകയല്ലാതെ ഇപ്പോൾ തെളിയിക്കാൻ തരമില്ല. അതിനെപ്പററി അവനവന്റെ വിശ്വാസംപോലെയൊക്കെ നടക്കുക. നമ്മുടെ വിചാരങ്ങളെ പരിശോധിച്ചുകൊണ്ടു നമ്മെ ശിക്ഷിക്കാനായി ഒരു ദൈവമുണ്ടെന്നും മററും ശാസ്ത്രങ്ങളിലുണ്ട്. അതിൽ നമുക്കാലോചിക്കാനൊന്നുമില്ല. അവനവന്റെ വിശ്വാസംതന്നെ അതിന്നു പ്രമാണം. എന്നാൽ അറിവില്ലാത്തവരെ ഭയപ്പെടുത്താൻ വേണ്ടി പറഞ്ഞിട്ടുള്ള കഥയാകുന്നതെല്ലാമെന്നു ഞാൻ വിശ്വസിച്ചിട്ടുള്ളു. ഈ സംഗതി പുറത്തു പറഞ്ഞാൽ എന്നെ ജനങ്ങൾ നിന്ദിക്കും. വിവരമുള്ളവർ ഇങ്ങിനെ പറയുകയില്ല. അതുകൊണ്ട് ആ കാൎയ്യം മാധവിക്കുട്ടിയോടു മാത്രമേ ഞാനിങ്ങനെ വെളിവിൽ പറഞ്ഞിട്ടുള്ളു. അതിനെപ്പററി വിസ്തരിച്ചു ന്യായം പറയുവാൻ എന്നെ നിൎബ്ബന്ധിക്കരുത്.

മാധവി — ഇനിയെനിക്കൊന്നും ചോദിപ്പാനില്ല. നാട്ടുകാരെ ഒപ്പിക്കയാണു മൎയ്യാദയെല്ലാമെന്നു ഞാൻ മനസ്സിലാക്കി. എന്നാൽ മനസ്സിൽ തോന്നുംപോലെ

യൊക്കെ നടന്നുകൊള്ളാമെന്നു വെക്കരുതെന്നും കാല ദേശാവസ്ഥകൾക്കനുസരിച്ചാലോചിച്ചു് അവനവന്റെ ധൎമ്മം വിടാതെ നടക്കണമെന്നും പാതിവ്രത്യം മുതലായ എല്ലാത്തരം മൎയ്യാദകളും ഒരു നിലയില്ലാത്ത കൂട്ടത്തിലാണെങ്കിലും ആവക നിയമങ്ങളെ വിവരമുള്ളവർ വിടാതെ തന്നെ നടക്കണമെന്നും എനിക്കു മനസ്സിലായി. ഒരൊററ ചോദ്യം കൂടിയുണ്ടു്. വിവരമുള്ള ആളുകൾ തന്നെ എന്താ ചിലപ്പോൾ മൎയ്യാദയെ അത്ര നോക്കാതെ നടക്കുന്നതു്? അവരുടെ ബുദ്ധിക്കു ബലം പോരാഞ്ഞിട്ടുതന്നെയൊ?

ഗോ. മേ. നാട്ടുകാരെ ഭയവും തൻറടവും കുറവുമുള്ളവൎക്ക മൎയ്യാദയെ വിടാതിരിക്കണമെന്നു മനസ്സിൽ ഒരു ശാഠ്യം തോന്നും. മൎയ്യാദയെന്നതു് അത്ര വലിയ അടിസ്ഥാനമുള്ളതല്ലെന്നും അവരുടെ ബുദ്ധിയിലൊരുഭീതിക്കിലുണ്ടു്. ലോകത്തിൽ പലവിധം സുഖങ്ങളെ അനുഭവിക്കണമെന്നുള്ള ആഗ്രഹവും തുടങ്ങും. ഇങ്ങിനെ വരുമ്പോൾ അറിവിന്നോ ആഗ്രഹത്തിന്നോ ഭയത്തിന്നോ ഏതിന്നാണു ബലമെന്നു നോക്കണം. അറിവിന്നു പൂൎണ്ണബലമുണ്ടെങ്കിൽ ഏതാഗ്രഹത്തെയും ഉപേക്ഷിച്ചു മനസ്സിനെ അടക്കിയിരിക്കാം. അങ്ങിനെയുള്ള ശക്തിയിപ്പോൾ യോഗ്യന്മാൎക്കതന്നെ കാണുന്നില്ല. ഏതുവിധം ആഗ്രഹത്തേയും അടക്കി ഒതുക്കിയിരിക്കുന്ന സന്യാസിമാരോ ശാന്തന്മാരോ വളരെ കുറയും. എന്നാൽ നാട്ടുകാൎക്ക ദോഷം തട്ടാവുന്ന ചില ആഗ്രഹങ്ങളെയെങ്കിലും ഒതുക്കി നടക്കേണ്ടതാണു്.

അങ്ങിനെ ഒതുക്കിയിരിക്കുന്ന യോഗ്യന്മാർ കുറച്ചൊക്കെയുണ്ട്. തനിക്കു സാധിക്കാത്തതും അൎഹതയില്ലാത്തതും ആയ കാൎയ്യങ്ങളെ ആഗ്രഹിച്ചു എന്നും വരാം. പിന്നെ ആലോചിച്ച് അതിനെ അടക്കിയിരിക്കുകയും ചെയ്യും. ഇവ്വക യോഗ്യന്മാർതന്നെ വളരെ ദുർല്ലഭമാണ്. എന്തുകൊണ്ടെന്നാൽ ആഗ്രഹം വലുതായിവരുമ്പോൾ അതിനെ സഹിച്ചിരിക്കുന്നപോലെ അത്ര കഷ്ടം വേറെയൊന്നുമില്ല. കാൎയ്യങ്ങളുടെ തരംപോലെ ആഗ്രഹത്തിന്നു ശക്തികൂടും. അപ്പോൾ ദേഹത്തിന്നും മനസ്സിന്നുമുണ്ടാകുന്ന ദുഃഖം സഹിക്കാൻ പ്രയാസമാണ്. ഒരു വിധത്തിലും സഹിക്കാൻ വയ്യാത്ത നിലയിലെത്തുമ്പോൾ പിന്നെ മൎയ്യാദയോ മറ്റോ നോക്കാതെ ആ കാൎയ്യത്തിൽ പ്രവൎത്തിച്ചുപോകും. ഇതുകൊണ്ടാണു വിവരമുള്ളവർകൂടി ചിലപ്പോൾ ജനങ്ങളുടെയിടയിൽ ചീത്തയാകുന്നത്.

മാധവി—വിവേകമുണ്ടെങ്കിൽ മനസ്സിനെ അടക്കി ആഗ്രഹത്തെ ജയിക്കണ്ടേ?

ഗോ. മേ—വേണ്ടതാണ്. ആഗ്രഹത്തിന്നു വിവേകത്തേക്കാൾ ശക്തിയുണ്ടെങ്കിലൊ? ഒരാൾക്ക് ഇപ്പോൾ വെള്ളംകുടിക്കണമെന്നാഗ്രഹം വന്നു. അതു തന്റെ രോഗത്തിന്നു വിരുദ്ധമാണ്. ഒരുവിധത്തിലും ദാഹം അടക്കാൻ കഴിയാതെ വന്നാൽ എന്തു ചെയ്യാം. വല്ലവിധത്തിലും കുറെ വെള്ളം കുടിക്കുകതന്നെ വേണം. ആഗ്രഹം നിമിത്തം ദേഹം മെലിയും; രുചി കുറയും; ഉറക്കമില്ലാതാകും; ഭ്രാന്തു പിടിക്കും; മോ-

ഢാത്സ്യം വരും; മരിക്കുകകൂടി ചെയ്യും. അതിനെയുള്ള വലിയ ആഗ്രഹങ്ങളെ മേൽപ്പറഞ്ഞ നാട്ടമൎയ്യാദകളെ ഭയപ്പെട്ട് അടക്കി അവനവൻ നശിച്ചുപോകുന്നമെന്നു വിവരമുള്ളവൎക്കു തോന്നുകയില്ല. എന്നാൽ താൻ ചത്താലും നാട്ടുകാരെ അനുസരിക്കണമെന്നുള്ള ധൈൎയ്യമുണ്ടായിരിക്കുന്നതാണ് അധികം നല്ലതു്. ഈ ധൈൎയ്യമുള്ളവർ വളരെ കുറയും. പിന്നെ സാധിക്കാത്തതും നന്നല്ലാത്തതുമായ സംഗതികളിൽ ആഗ്രഹം തന്നെ വരാതിരുന്നാൽ നന്നായിരുന്നു. അത്രത്തോളം വിവേകമുള്ളവർ വളരെ കുറയും. ആ സ്ഥിതിയിലെത്താനാണു മനുഷ്യർ ശ്രമിക്കേണ്ടതു്.

മാധവി—മതി. നേരം വൈകി. ഇപ്പോൾതന്നെ നിങ്ങളെ ഞാൻ ചോദിച്ചു ബുദ്ധിമുട്ടിച്ചിരിക്കുന്നു. എനിക്കിനിയൊന്നും അറിയാനില്ല. ഇഹലോകത്തിന്റെയും പരലോകത്തിന്റെയും തത്വങ്ങളെ നല്ലവണ്ണം ഗ്രഹിച്ചുറപ്പിക്കുവാൻ പററിയ ഗ്രന്ഥങ്ങൾ വായിക്കയാണ് ഇനി എന്റെ പ്രവൃത്തി.

മാധവിക്കുട്ടിയമ്മ ഇത്രയും പറഞ്ഞു് അമ്മയെ വിളിച്ചു ഗോപാലമേനോനു കുറച്ചു ചായ കൊടുക്കണമെന്നു പറഞ്ഞു എഴുനീററിരുന്നു. അപ്പോഴെക്കും അമ്മ എഴുനീററു വന്നു്, മകളുടെ ദേഹമൊക്കെ തൊട്ടുനോക്കി "അല്ലാ എന്താ ഗോപാലമേനോനെ! നിങ്ങൾക്കു മന്ത്രവാദമുണ്ടോ? നിങ്ങൾ സംസാരിച്ചിരുന്നു കുട്ടിയുടെ രോഗം മാറിയല്ലോ! സ്നേഹമുള്ളവരടുത്തുണ്ടായാൽ സുഖക്കേടൊന്നുമുണ്ടാകയില്ല. കേട്ടുവോ ഗോപാലമേനോനേ?

എന്റെ മകൾക്കു നിങ്ങളേയും നിങ്ങൾക്കവളേയും വ
ളരെ സ്നേഹമാണെന്നെനിക്കു വിശ്വാസമുണ്ടു്. അവൾ
ക്കു നിങ്ങളെപ്പോലെ സ്നേഹമുള്ള ഒരാളെത്തന്നെ കിട്ട
ണമെന്നേ എന്റെ പ്രാർത്ഥനയുള്ളൂ; എന്തു ചെയ്യാം?
ഇനിയും ദൈവം എന്നെയിങ്ങിനെ ഇതൊക്കെ കണ്ടു
കൊണ്ടു വ്യസനിക്കാൻതന്നെ വെച്ചിരിക്കുന്നുവല്ലൊ"
എന്നിങ്ങിനെ പറയുമ്പോഴയ്ക്കു് "ആട്ടെ അതൊക്കെ
പിന്നെ ആലോചിക്കാം."
അമ്മ ചായ കൊണ്ടുവരുന്നു" എന്നു മാധവിക്കുട്ടിയമ്മ
പറയുകയും ആ അമ്മ എന്തൊക്കെയോ പിന്നേയും പി
റുപിറുത്തുംകൊണ്ടു് അടുക്കളയിലേക്കു പോകയും ചെയ്തു.

പിന്നെ അഞ്ചുമിനിട്ടുനേരം ഗോപാലമേനോൻ ദീ
ർഘശ്വാസം വിട്ടുംകൊണ്ടു് എന്തൊക്കെയോ ആലോചി
ച്ചുംകൊണ്ടിരുന്നു. മാധവിയമ്മ ഗോപാലമേനോൻ
ഇപ്പോൾ പറഞ്ഞ സംഗതികളും അദ്ദേഹത്തിന്റെ ആ
ഗ്രഹവും തന്റെ സ്ഥിതിയും ഓരോന്നായി ആലോചി
ച്ചുംകൊണ്ടു കുറെനേരം കഴിഞ്ഞപ്പോഴയ്ക്കു ചായകൊ
ണ്ടുവന്നു. അമ്മ പിന്നേയും അകത്തേക്കു പോയസമ
യത്തു "വളരെ വിലയേറിയ തത്വങ്ങളെ എനിക്കുവേ
ണ്ടി ഉപദേശിച്ചുതന്നതിന്നു ഞാൻ എന്താണു പ്രതി
ഫലം തരേണ്ടതു്?" എന്നു പതുക്കെ മാധവിക്കുട്ടി ചോദി
ച്ചതു കേട്ടു് ഗോപാലമേനോൻ "എനിക്കൊന്നും വേണ്ട.
നിന്റെ ഇഷ്ടംപോലെ ചെയ്യണം. മര്യാദയും പാതി
വ്രത്യവും വിടാതെ മാധവിക്കുട്ടി നന്നായിരുന്നു കാ
ണണമെന്നേ എനിക്കു മോഹമുള്ളൂ. എന്റെ ക്രമക്കേ

ടായ ആഗ്രഹത്തെ മാധവിക്കുട്ടി അറിവകവെക്കേണ്ട. ഞാൻ അതുനിമിത്തം നശിച്ചുപോയാൽക്കൂടി എനിക്കു നിന്നെ വ്യസനിപ്പിക്കാൻ മനസ്സില്ല" എന്നു പറഞ്ഞു. ഈ ഒടുവിലത്തെ വാചകം പറഞ്ഞപ്പോൾ മാധവിയമ്മ ഗോപാലമേനോൻെറ മുഖത്തു നോക്കി ഒന്നു മന്ദഹാസം ചെയ്തു

മാധവി—എൻെറ വ്യസനമൊക്കെ തീൻ. എനിക്കു് ഇവിടുത്തെ സന്തോഷമേ വലുതായിട്ടുള്ളു. അതുകൊണ്ടു് ഇഷ്ടംപോലെ എന്തു ചെയ്യുന്നതിനും ഇവൾ തയ്യാറാണു്; ഇതു സത്യംതന്നെ.

ഗോ_മേ—ആകട്ടെ, ഇപ്പോൾ എനിക്കൊന്നും തോന്നുന്നില്ല. ഞാൻ പോകുന്നു എന്നു പറഞ്ഞെഴുനീല്ക്കാൻ ഭാവിക്കുമ്പോൾ വേഗം കൈ പിടിച്ചിട്ടു് "ഇതാ ഇവിടുന്നു് എൻെറ ഭർത്താവാണെന്നു ഞാൻ തീച്ചപ്പെടുത്തിയിരിക്കുന്നു. ഇനി എന്നെ ഉപേക്ഷിക്കുന്നതു വലിയ സങ്കടമാണു്" എന്നു മാത്രം മാധവിക്കുട്ടി പറഞ്ഞു.

ഗോപാലമേനോൻ തൽക്കാലം എന്താ ചെയ്യേണ്ടതെന്നു നിശ്ചയമില്ലാതെ കുറെനേരം നിന്നു. മാധവിക്കുട്ടി ഇത്ര പെട്ടെന്നു ഇങ്ങിനെ പറയുമെന്നു് അദ്ദേഹം വിചാരിച്ചിരുന്നില്ല. "ഞാനിപ്പോൾ പോകട്ടേ; പിന്നെ വരാം; മാധവിക്കുട്ടിയുടെ സന്തോഷം പോലെയല്ലാതെ ഞാനൊന്നും ചെയ്കയില്ല" എന്നും പറഞ്ഞു് അദ്ദേഹം പുറപ്പെട്ടു പോരികയാണു ചെയ്തതു്.

ഇതുവരെ ഗോപാലമേനോൻ പറഞ്ഞ സംഗതികളിൽനിന്നു വായനക്കാരെന്തു മനസ്സിലാക്കിയിരിക്കു

ന്ന്? പാതിവ്രത്യം മുതലായ ലോകമര്യാദകൾക്കൊന്നും വ്യവസ്ഥയില്ലെന്നും ഓരോരുത്തരുടെ സൌകര്യംപോലെ ആ വക നടപടികൾക്കു വേണ്ടേടത്തോളം മാററങ്ങൾ വരുത്തുന്നതിന്നു ഒരു വിരോധവും കാണുന്നില്ലെന്നും മററുമാണല്ലോ അദ്ദേഹത്തിൻെറ വാക്കിൽനിന്നും മനസ്സിലാക്കേണ്ടതു്. മാധവിക്കുട്ടിയമ്മ ഇതുതന്നെയാണു ധരിച്ചിട്ടുള്ളതു്. അതല്ലെങ്കിൽ ആദ്യം കലശലായി വ്യസനിക്കയും ഗോപാലമേനൻെറ ആരംഭത്തെപ്പററി വെറുക്കുകയും ചെയ്ത മാധവിക്കുട്ടിയമ്മ ഒടുക്കം മിസ്റ്റർ മേനോൻെറ കൈ കടന്നുപിടിച്ചു് ഒരു സംശയംകൂടാതെ അദ്ദേഹത്തെ ഭർത്താവായി സ്വീകരിക്കാനിടവരുന്നതല്ലല്ലോ. മേനവനവർകളോടു തനിക്കു സ്നേഹമില്ലാത്തതുകൊണ്ടല്ല മര്യാദയെ ഭയപ്പെട്ടിട്ടാണു് ആദ്യം ആ സ്ത്രീ അനുവദിക്കാഞ്ഞതെന്നതിന്നു സംശയമില്ല. ഇങ്ങിനെ ഗോപാലമേനോൻ വളരെക്കാലമായി അടക്കി സഹിച്ചുകൊണ്ടിരുന്നതും ഒരുവിധത്തിലും ന്യായമാണെന്നു ചാറുമുള്ളവർ സമ്മതിക്കാത്തതുമായ അനുരാഗം ഈ ഘട്ടത്തിൽ സഫലമായിത്തീൎന്നു എന്നു പറയാം. പിന്നെ അവർ രണ്ടുപേരുംകൂടി ഗാന്ധർവ്വമായ വിവാഹം നടത്തുകയോ മററാ ചെയ്തിട്ടുള്ള കഥയൊന്നും ആരും തന്നെ ഗ്രഹിച്ചിട്ടില്ല. രണ്ടുപേരും നല്ല അടക്കവും ആലോചനയും ഭയവുമുള്ളവരാകകൊണ്ടു് അവരുടെ ഈ സംബന്ധം വളരെക്കാലത്തേക്കു് ഒരു പ്രകാരത്തിലും പുറത്തു വരാതെതന്നെ കഴിഞ്ഞുകൂടി.

ഒരു ദിവസം ഞാൻ യദൃച്ഛയായി എൻെറ സ്നേ

ഫിതൻ ഗോപാലമേനോൻറ ആപ്പീസ്സുമുറിയിലേക്കു കടന്നുചെന്നു. അപ്പോൾ സൂൎയ്യനുദിച്ചു് ഏകദേശം ഏഴു മണിയായിരിക്കുന്നു. ഗോപാലമേനോൻറ മേശപ്പുറത്തു വിളക്കു കത്തിക്കൊണ്ടിരിക്കുന്നു. അതിന്മേൽ ഒരു ചെറിയ കടലാസ്സു മാത്രമേയുള്ളൂ. അദ്ദേഹം കസേരയിലിരുന്നു് ഒരു കയ്യിനെ മേശപ്പുറത്തങ്ങിനെ അവശമായ നിലയിൽ നിൎത്തിവെച്ചു മററെ കയ്യിൻെറ മുട്ടു കുത്തി നിൎത്തി അതിൻെറ അഗ്രഭാഗത്തു തൻെറ താടിയെല്ലിനെ ബലമായി ഉറപ്പിച്ചു വെച്ചുകൊണ്ടിരിപ്പാണു്. കണ്ണിൻെറ ഇമ താഴുന്നില്ല. അദ്ദേഹത്തിൻെറ മനസ്സു പുറത്തെങ്ങും സ്പൎശിക്കാതെ ഉള്ളിൽ എന്തോ ഒരു അഗാധമായ ചിന്താസമുദ്രത്തിൽ മുങ്ങിയിരിക്കയാണെന്നു കണ്ടഉടനെ എനിക്കു മനസ്സിലായി. കണ്ണുകൾ കീഴ്പോട്ടു താണിരിക്കുന്നു. മുഖം വാടി വിളൎത്തു ലവലേശം പ്രസാദമില്ലാതിരിക്കുന്നു. അടിക്കടി ദീൎഘശ്വാസം വിടുന്നു. ദേഹംതന്നെ ആകപ്പാടെ ഒന്നു മെലിഞ്ഞിരിക്കുന്നു ഒരു നാലുദിവസമായിട്ടു കുറേശ്ശ സുഖക്കേടുള്ളതുപോലെ എനിക്കു ഊഹിക്കാനുള്ള സംഗതികളുണ്ടായിരുന്നു. അപ്പോൾ ഞാനത്ര വക വെച്ചില്ല. ഇന്നത്തെ സ്ഥിതി കണ്ടപ്പോൾ എനിക്കു വലിയ വ്യസനവും ഭയവും അത്ഭുതവും തോന്നി. ചില കാൎയ്യങ്ങളുടെ തത്വത്തെപ്പററി ചിലപ്പോൾ ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കുന്നതും മററും പലപ്പോഴും ഞാൻ കണ്ടിട്ടുള്ളതാണു്. അപ്പോഴൊന്നും ഇത്ര പരവശതയും ഭ്രമവും ഉള്ളതായി കണ്ടിട്ടില്ല. ആപ്പീസ്സുമുറിയുടെ ഉമ്മറത്തെത്തിയ ഉട

നെതന്നെ എനിക്കു തോന്നിയ പലവിധ ആലോചന
കളേയും അടക്കിവെച്ച് "എന്താ ഗോപാലമേനോൻ!
നേരം പുലൎന്ന കഥയറിഞ്ഞില്ലേ?" എന്നിങ്ങിനെ നേ
രംപോക്കായി ഒന്നു ചോദിച്ചു. അതിന്നദ്ദേഹം ഒന്നും ഉ
ത്തരം പറഞ്ഞില്ല. അദ്ദേഹത്തിന്റെ മുഖത്തു ഒരു ഭാ
വഭേദവും കണ്ടില്ല. എന്റെ ചോദ്യം മൂപ്പൎക്കു മനസ്സി
ലായതേയില്ല; വലിയ അത്ഭുതംതന്നെ. മനുഷ്യന്നു ഒ
രു വിഷയത്തിൽതന്നെ കഠിനമായ വിചാരം വരുമ്പോ
ൾ അതിൽതന്നെ മനസ്സിന്റെ മുഴുവൻ ശക്തിയും യോ
ജിച്ചു വ്യാപരിച്ചുകൊണ്ടേ ഇരിക്കുയാൽ മറെറാരു സംഗ
തിയും ഉള്ളിലേക്കു കടക്കുന്നതല്ല. ദേവസ്തുതികളും മററും
പഠിച്ചു വിദ്യ മുഴുവനും പരീക്ഷിച്ചിട്ടു ചില മഹാമുനിമാരു
ടെ തപസ്സിളക്കാൻ സാധിച്ചിട്ടില്ലെന്നു പുരാണങ്ങളിൽ
കാണുന്നതു് എത്രയോ ശരിയാണ്. പിന്നെ ഞാൻ അവി
ടെ അടുത്തുള്ള മറെറാരു കസേരയിൽ ചെന്നിരുന്നു; സ്നേ
ഹിതന്റെ ഈ ഇരിപ്പ് എത്രനേരത്തേക്കാകുമെന്നു പരി
ക്ഷിക്കണമെന്നുറച്ചു. ഒരു മണിക്കൂർ നേരത്തിന്നു പി
ന്നേയും അനങ്ങാതിരിക്കുന്നതു കണ്ടപ്പോൾ ഞാൻ അ
തേ ചോദ്യം പിന്നേയും ചോദിച്ചു. അദ്ദേഹം ഒന്നു തിരി
ഞ്ഞുനോക്കി നെടുശ്വാസം വിട്ട് ഇരുന്നേടത്തുനിന്നെഴ
ന്നീററു തലയും താഴ്ത്തി ആ തളത്തിൽ അങ്ങോട്ടും ഇ
ങ്ങോട്ടും നടക്കാൻ തുടങ്ങി. എനിക്കു വലിയ പരിഭ്രമ
മായി. എന്നെക്കാണുമ്പോൾ അദ്ദേഹം സ്നേഹപൂൎവ്വം
പല വിശേഷതത്വങ്ങളെപ്പററിയും സംസാരിക്കാറുള്ള

തും പല രസമുള്ള വിനോദവൎത്തമാനങ്ങൾ പറയാറുള്ളതും മററും ഇന്നു് ഈ നിലയിലായിത്തീരാനുള്ള കാരണമെന്തായിരിക്കുമെന്നു പല വഴിക്കും ഞാനാലോചിച്ചു. അങ്ങിനെയിരിക്കുമ്പോൾ "കഷ്ടം! വാസനയുടെ വൈഷമ്യം; 'അസംശയം മഹാബാഹോ! മനോ ദുൎന്നിഗ്രഹം ചലം" എന്നിങ്ങിനെ ഗോപാലമേനോൻെറ മുഖത്തുനിന്നു് ഒരു ദീൎഘശ്വാസത്തിൻെറ തുടൎച്ചയായി പുറപ്പെട്ട വാക്കുകൾ കേൾക്കാനിടവന്നു. തൻെറ മനസ്സിൻെറ ദുൎബ്ബലാവസ്ഥയെപ്പററി അദ്ദേഹം വ്യസനിക്കുന്നതായിട്ടാണല്ലോ ഈ വാക്കുകൊണ്ടു് ഊഹിക്കേണ്ടതു്. എന്നാൽ അതിനുള്ള കാരണമെന്താണെന്നു വ്യക്തമായില്ല. ഏതായാലും പിന്നെ ഞാൻ മിണ്ടാതിരുന്നില്ല.

ഞാൻ--എന്താ ഗോപാലമേനോനേ! നിങ്ങൾ വലിയ വ്യസനത്തിലായിരിക്കുന്നുവെന്നു തോന്നുന്നു.

നിങ്ങളുടെ ബുദ്ധിയും വിവേകവും ധൈൎയ്യവും ഒക്കെയിങ്ങിനെ തീരെ ക്ഷയിച്ചുപോകത്തക്ക ഏതൊരു സംഭവമാണിപ്പോളുണ്ടായതു്? എന്നോടൊന്നും മറച്ചുവെക്കാതെ പറയണം. ഞാൻ വന്നിട്ടു വളരെ നേരമായല്ലോ. നിങ്ങൾ ഒരു ഭ്രാന്തനെപ്പോലെയായിരിക്കുന്നു

ഗോ_മേ--(ഒരു അസാധാരണസ്വരത്തോടുകൂടി) നിങ്ങൾ എന്നോടു പരിഭവിക്കരുതു്. ഞാനിപ്പോൾ നിങ്ങൾ പറഞ്ഞപോലെ ഒരു ഭ്രാന്തൻ തന്നെയാണു്. നിങ്ങൾക്കു കഴിയുമെങ്കിൽ ഇപ്പോൾതന്നെ എൻെറ കഥ

കഴിക്കണം. അതു് എനിക്കു നിങ്ങൾ ചെയ്യുന്ന ഒരു വലിയ ഉപകാരമായിരിക്കും. എനിക്കു ധൈൎയ്യവും വിവേകവുമുണ്ടെന്നു് ഇതുവരെ നിങ്ങളെ തെററായി ധരിപ്പിച്ച കുററത്തിന്നു നിങ്ങളെനിക്കു മാപ്പു തരണം. നിങ്ങളിപ്പോൾ കാണുന്നതു നിങ്ങടെ സ്നേഹിതനായ അദ്ദേഹത്തെയല്ല. ഒരു പാപിയും ആലോചനയില്ലാത്തവനും ചപലനും ഭീരുവുമായ ഒരു പ്രാണിയാണ് ഇപ്പോൾ നിങ്ങടെ മുമ്പിൽ നിൽക്കുന്നതു്. എനിക്കിനി ഈ ലോകത്തിൽ ഒരു കാൎയ്യവുമില്ല. ഞാൻ സൎവ്വോപരിയായി കരുതിയിരുന്നതും, എന്നെ എല്ലാ സംഗതിയിലും സന്തോഷിപ്പിച്ചിരുന്നതും ഇതുവരെ എന്റെ ഹൃദയത്തിന്നാശ്വസിക്കാനുള്ള നല്ല സ്ഥാനവുമായ ഒരു വിഷയം ഇന്നുമുതൽ എനിക്കു വ്യസനഹേതുവായിത്തീൎന്നിരിക്കുന്നു. ഒരുവിധത്തിലും ന്യായമാണെന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ സൗകൎയ്യമില്ലാത്ത ഒരു മാൎഗ്ഗത്തെ ആശ്രയിച്ചു് എന്റെ സങ്കല്പം ഇപ്പോൾ ഒരു നിലയുമില്ലാത്ത വ്യസനരൂപത്തിൽ ചെന്നു ചാടിയിരിക്കുന്നു.

ഞാൻ--എന്താ നിങ്ങൾ പറയുന്നതിന്റെ കാൎയ്യം മനസ്സിലായില്ലല്ലോ.

ഗോ-മേ--സ്നേഹിതാ! നിങ്ങളു മനസ്സിലാക്കീട്ടു ഫലമൊന്നുമില്ല. എനിക്കു് ഇന്ദ്രിയജയമില്ല. കാൎയ്യങ്ങൾ പലതും ഞാനറിഞ്ഞിട്ടുണ്ടു്. എന്റെ വാസന

യെ ജയിക്കാൻ സാധിച്ചിട്ടില്ല. ഇതാണു് എന്റെ വ്യസനത്തിന്നുള്ള കാരണം.

ഞാൻ—ഇന്ദ്രിയജയമില്ലാതെ നിങ്ങളെന്തു ചെയ്യു?

ഗോ-മേ—അതെന്നോടു ചോദിക്കണ്ട; നിങ്ങളറിയുന്നതിന്നെനിക്കു വിരോധമില്ല. പക്ഷെ ഞാൻ ലജ്ജകൂടാതെ അതു പറകയില്ല. ഇഹലോകത്തിലുള്ള ജീവിതം ഇന്ദ്രിയസുഖത്തിന്നു വേണ്ടിയാണെങ്കിൽ ഇനി ഞാൻ ഇരുന്നിട്ടു ഫലമില്ല. മനസ്സമാധാനവും ധൈൎയ്യവുമാണു് ഒരുത്തനെ ലോകത്തിൽ നിലനിൎത്തുന്നതെങ്കിൽ ഞാൻ നശിച്ചിരിക്കുന്നു.

ഞാൻ—കഷ്ടം! നിങ്ങളിങ്ങിനെ വിലപിക്കുന്നതെന്താണു്? നിങ്ങൾക്കു് ഇത്രത്തോളം കഠിനമായി വ്യസനിക്കത്തക്ക സംഗതിയൊന്നുമില്ലല്ലൊ. ഈശ്വര! നിങ്ങൾ ഗോപാലമേനോൻ! എന്നെ വിശ്വസിക്കുന്നില്ലെ? ഒരു നിവൃത്തിയുമില്ലാത്ത കാൎയ്യമായാലും എന്നോടു പറയരുതേ?

ഗോ-മേ—ഒന്നും പറയാനില്ല. മനുഷ്യന്നു വ്യസനമുണ്ടാകുന്നതു പുറത്തുള്ള ശത്രുക്കളിൽനിന്നല്ല. അകത്തു ബലമായി കൂടീട്ടുള്ള രാഗദ്വേഷാദികളാണു തരം കിട്ടുമ്പോൾ ഇവനെ നശിപ്പിക്കുന്നതു്. അവിവേകത്തിന്റെ സന്തതികളായ കാമക്രോധാദികൾതന്നെയാണു എനിക്കു വ്യസനത്തിന്നു കാരണം. അന്യന്മാരുടെതെററിനാൽ വരുന്ന ദുഃഖങ്ങളൊന്നും എന്നെ വ്യസനിപ്പിക്കയില്ല. അതിന്നെല്ലാം എന്റെ ക്ഷമയെന്നുള്ള വജ്രായുധം മ

ത്തി. എന്റെ തന്നെ അവിവേകമാണ് ഈ വ്യസനത്തിന്നു ഹേതു. അതാണു ഞാൻ ഭ്രാന്തനായിരിക്കുന്നതു്. ഞാൻ മുമ്പെതന്നെ ഒരു വിചാരമില്ലാത്ത മൂഢനായിരുന്നതിനെപ്പററി എനിക്കു വലിയ വിഷാദമുണ്ടു്. മൂഢന്മാരുടെ ദൃഷ്ടിക്കു് എന്റെ കഥ ഒരു വിനോദമായിരിക്കും. എന്റെ കഴിഞ്ഞ കഥയെപ്പററി സ്മരിക്കുംതോറും എന്റെ ഹൃദയം പിളൎന്നു വരുന്നു. അതുകൊണ്ടു് എന്നോടൊന്നും ചോദിക്കരുതു്. കൃഷ്ണവാരരു ഗ്രഹിക്കരുതെന്നു വെച്ചിട്ടല്ല ഞാനിങ്ങിനെ പറയുന്നതു്. ആ മേശപ്പുറത്തുള്ള കടലാസ്സെടുത്തു നോക്കു. എനിക്കു് എന്തോ ഒരു വലിയ ക്ഷീണം വരുന്നു. ഞാൻ അല്പം കിടക്കട്ടെ.

എന്നിങ്ങിനെ പറഞ്ഞു് അവിടെയുള്ള ചാരുകസേരയിൽ അങ്ങോട്ടു ചെരിഞ്ഞു മേനോൻ കിടന്നു. ഞാൻ ആ കടലാസ്സെടുത്തു നോക്കിയപ്പോൾ അതൊരെഴുത്താണെന്നു മനസ്സിലായി. ഒരു സ്ത്രീയുടെ കയ്യക്ഷരമാണെന്നു് ഉടനെ തോന്നി. ആ എഴുത്തു മാധവിക്കുട്ടിയമ്മയുടേതാണെന്നു വായനക്കാൎക്കു ഊഹിക്കാമായിരിക്കും. എന്നാൽ ഇത്രയും ക്ഷോഭമുണ്ടാക്കിത്തീൎക്കുന്നതിനു് അതിലെന്തു ശക്തിയാണുള്ളതെന്നു് ആലോചിച്ചറിവാൻ വേണ്ടി അതിനെ ഇതാ പകൎത്തെഴുതുന്നു.

“എഴുത്തു കണ്ടു് അത്ഭുതപ്പെടുകയും വ്യസനിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഉപദേശപ്രകാരംതന്നെയാണെല്ലാം ഞാൻ ഇന്നുവരെ ഒരാളെ ഭൎത്താവായി സ്വീകരിക്കാനറച്ചതു്. നമ്മുടെ രഹസ്യം വെളിവിൽ കൊണ്ടുവരുവാൻ തരമില്ലാത്ത ഒന്നാകയാൽ തൽകാലം നാം തമ്മിൽ പിരിയുന്നതാണു നല്ലതെന്നു നിങ്ങളുപദേശിച്ച

തിനുശേഷമെ എനിക്കതിന്നു മനസ്സു വന്നുള്ളു. നാട്ടുമൎയ്യാദയെ നോക്കാതെ വെളിവായി നാം ഭാൎയ്യാഭൎത്താക്കന്മാരുടെ നിലയിൽ കഴിയണമെന്നു നിങ്ങളിനിയും ആഗ്രഹിക്കുന്നില്ലല്ലൊ. പിന്നെ ഞാൻ മറെറാരാളെ സ്വീകരിക്കുന്നതിനെപ്പററി പരിഭവിച്ചും വ്യസനിച്ചും കൊണ്ടു നിങ്ങളെഴുതിയതിന്റെ താല്പൎയ്യമെന്താണു്? ഞാനെന്താ ചെയ്യേണ്ടതു്? എനിക്കു ലോകത്തിൽ ഒരുവിധം നല്ല നിലയിൽ കഴിയണമെങ്കിൽ സൎവ്വസമ്മതമായി ഞാൻ ഒരാളുടെ ഭാൎയ്യയായിരിക്കേണ്ടയോ? എനിക്കു വലിയ ആഗ്രഹമുള്ളതെന്താണെന്നു നിങ്ങളൊരിക്കൽ ചോദിച്ചപ്പോൾ "ഭൎത്താവുണ്ടാകണമെന്നാണ്" എന്നു ഞാനുത്തരം പറഞ്ഞതു നിങ്ങളോൎക്കുന്നുണ്ടോ? ഇതുവരെ ഞാൻ നിങ്ങളെ അറിയിച്ചിട്ടില്ലാത്ത ഒരു സ്വകാൎയ്യം ഇപ്പോൾ ഇതാ തുറന്നു പറയാം. എനിക്കു നിങ്ങളുടെ പേരിൽ ബഹുമാനവും സ്നേഹവും വല്ലവണ്ണവുമുണ്ടു്. എന്റെ മനസ്സിൽ നിങ്ങളെപ്പററി അത്ര അനുരാഗമില്ല. ഇതു സത്യമാണ്. അതുകൊണ്ടു് എന്റെ ഈ അപരാധത്തെ ക്ഷമിച്ചു് എന്നോടുള്ള അനുരാഗബന്ധം വേർപെടുത്തണം. അനുരാഗമില്ലാതെ ഇതുവരെ നിങ്ങളുടെ ഇഷ്ടത്തിന്നനുസരിച്ചു വന്നതു നിങ്ങൾക്കുവേണ്ടി ഞാൻ അനുഭവിച്ചിട്ടുള്ള ഒരു നിൎബ്ബന്ധമാണെന്നേയുള്ളു. അതുകൊണ്ടു് എന്നോടു് ഈ സംഗതിക്കൊന്നും പറയരുതു്. നിങ്ങൾക്കു ബുദ്ധിയും പഠിപ്പും മാററമുള്ളതുകൊണ്ടു മനസ്സിന്റെ ഈ വികാരത്തെ ഒരു പ്രകാരത്തിൽ നശിപ്പിച്ചു പണ്ടത്തെ നിലയിൽ എന്നെ സ്നേഹിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു്

സ്വന്തം മാധവി."

ഈ കത്തിന്റെ സാരം എനിക്കു മനസ്സിലാകാനെളുപ്പമായിരുന്നു. ഈ കുട്ടികൾ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഏതാനും ചില എണ്ണങ്ങളൊക്കെ എനിക്കു മുമ്പുതന്നെ അറിയാം. എന്നാൽ ഇത്രത്തോളമുണ്ടെന്നു് ഇപ്പോഴേ മനസ്സിലായുള്ളു. ഞാൻ കുറെ നേരം ആലോചിച്ചശേഷം—"എന്താ മിസ്റ്റർ മേനോൻ

ഉറങ്ങിയൊ" എന്നു പതുക്കെ ചോദിച്ചു. അപ്പോൾ മേനോൻ "സ്ത്രീകളെ വിശ്വസിക്കരുതെന്നു പറയാറുള്ളതിന്റെ അൎത്ഥം എനിക്കിപ്പോഴേ മനസ്സിലായുള്ളു. നോക്കുവിൻ വാരിയരെ എന്റെ പ്രാണനെക്കാൾ സ്നേഹിച്ചിട്ടുള്ള മാധവിക്കുട്ടി ഇത്രകാലവും എന്റെ ഇഷ്ടത്തെ അനുസരിച്ചതു നിൎബ്ബന്ധംകൊണ്ടാണത്രെ. നിങ്ങൾ എന്റെ എല്ലാം സ്വകാൎയ്യവും അറിയും. നിങ്ങളറിയാൻപാടില്ലാത്ത ഒരു രഹസ്യവും എനിക്കില്ല. കഷ്ടം! ഞാൻ ഇങ്ങിനെ ഒരു മഹാപാപം ചെയ്തുവല്ലൊ. നാട്ടുമൎയ്യാദയ്ക്കും മറ്റും വിരോധമായി ഞാൻ ഇതുവരെ ചെയ്ത പ്രവൃത്തിക്കു മാധവിക്കുട്ടി എന്നെ ആന്തരമായി ഇഷ്ടപ്പെടുന്നുവെങ്കിൽ അതൊരു സമാധാനമായിരുന്നേനെ. മാധവിക്കുട്ടിയുടെ ഇത്ര അഗാധമായ ഹൃദയത്തെപ്പറ്റി ഇതുവരെ ഈ വിഡ്ഢി മനസ്സിലാക്കിയില്ലല്ലൊ. ഇനിമേൽ എനിക്കു ലോകത്തിൽ ഒരു സന്തോഷത്തിന്നും വകയില്ലെന്നു മാത്രമല്ല ഇതുവരെ ഉണ്ടായിരുന്ന സന്തോഷംതന്നെ ശരിയായിട്ടുള്ളതല്ലെന്നും മാധവിക്കുട്ടി എന്റെ അടുക്കെ അങ്ങിനെ ഒരു വേഷം കെട്ടുകയാണുണ്ടായതെന്നുമല്ലെ വരുന്നതു്? ഞാനെന്തു ലജ്ജയില്ലാത്ത വികൃതിയാണു്. എന്റെ ചാപല്യം എന്നെ ഈ ക്ഷണത്തിൽ ഇത്ര ലഘുവാക്കിത്തീൎത്തുവല്ലൊ. എല്ലാംകൊണ്ടും എനിക്കനുരൂപയായ എന്റെ ഭാൎയ്യയെ ഞാൻ ഇതുവരെ വഞ്ചിച്ചതിന്നു് ഇതു മതിയായ ശിക്ഷതന്നെ. (ദീൎഘശ്വാസത്തോടെ) കഷ്ടം! മാധവിക്കുട്ടി! നീ ഇത്ര കപടമുള്ളവളാണൊ? ഒരു

ത്ര്യം നീ എന്നോടു ശപഥം ചെയ്തിട്ടുള്ളതും നാം തമ്മിൽ ഗാന്ധൎവ്വമായി വിവാഹം ചെയ്തതും മററും മനസ്സിൽ മ റെറാന്നു കരുതി എന്നെ തോല്പിക്കാൻവേണ്ടിയാണെന്നോ? അല്ലെങ്കിൽ നിന്നെ കുററം പറയാനില്ല. അക്രമത്തിന്നു നിന്നെ ഉത്സാഹിപ്പിച്ചതും പ്രവൎത്തിച്ചതും ഞാനല്ലെ? നിന്റെ ജീവകാലത്തെ ഒന്നിന്നും കൊള്ളാത്ത നിലയിലാക്കിത്തീൎക്കുന്നതിന്നു വേണ്ടി ചപലനായ ഞാൻ ചെയ്ത സാഹസത്തിന്നു ഞാൻതന്നെ വ്യസനിക്കണം. നീ സാധുവും നിരപരാധിയുമാണു്” എന്നിങ്ങിനെ പറഞ്ഞുംകൊണ്ടു സംസാരിക്കാൻ വയ്യാത്ത നിലയിലായി പിന്നേയും അടങ്ങിക്കിടന്നു. ഇതൊക്കെക്കൂടി കണ്ടപ്പോൾ വ്യസനവും ദേഷ്യവും ഭയവും ലജ്ജയും വെറുപ്പും മററും കുറെ നേരത്തേക്കു് എന്റെ മനസ്സിൽ വന്നും പോയുംകൊണ്ടിരുന്നു. ഞാൻ എഴുനിററു് ഒരു എഴുത്തു ചീന്തിക്കളഞ്ഞു. ഗോപാലമേനോന്റെ അടുക്കെച്ചെന്നു —“ഹേ! നിങ്ങളെന്താ ഇത്ര വഷളായിരിക്കുന്നതു്? നിങ്ങൾക്കു് ഈ ലോകത്തിൽ കാമസുഖമാണു വലിയ ഒരു പുരുഷാൎത്ഥമെന്നു തോന്നുന്നു. പെണ്ണുങ്ങളുടെ ഇഷ്ടം സമ്പാദിക്കാൻ സാധിക്കാത്തതിനെപ്പററി നിങ്ങൾ ഇത്രത്തോളം വ്യസനിക്കുകയൊ? മാധവിക്കുട്ടി എന്താ ഒരു ഈശ്വരിയൊ മററൊ ആണെന്നൊ? അവൾക്കുവേണ്ടി നിങ്ങൾ പ്രാണനെ കളയുന്നു. നിങ്ങളുടെ പ്രാണൻ ഇത്ര വിലയില്ലാത്തതൊ? നിങ്ങളെന്തിന്നു പഠിച്ചു? ശങ്കരാചാൎയ്യരുടേയും വിവേകാനന്ദസ്വാമികളുടേയും വചനങ്ങളിൽനിന്നു നിങ്ങളിതൊ പഠിച്ച

ത്? നിങ്ങൾ പലപ്പോഴും നാട്ടമര്യാദകൾക്കർത്ഥമില്ലെ ന്നും മറ്റും പറയാറുണ്ടല്ലൊ. അതൊക്കെ നിങ്ങൾ ക്കിഷ്ടംപോലെ തോന്നിയവാസം പ്രവർത്തിക്കാനാ ണൊ? നിങ്ങൾക്കു മോക്ഷത്തിന്നാണ് ആഗ്രഹമെന്നു പല സംഗതിയിലും പറയുകയും നടിക്കുകയും ചെയ്തി ട്ടുണ്ടല്ലൊ. അതൊക്കെ കളവാണല്ലെ? ക്രമമല്ലാത്ത ആഗ്രഹത്തെ അടക്കാൻകൂടി ശക്തിയില്ലാത്ത തുച്ഛഹൃ ദയനായ നിങ്ങൾ മോക്ഷത്തിന്നർഹനാകണമെങ്കിൽ ഇനിയെത്ര ജന്മം വേണം? "ചപലനായ വിവേകിയേ ക്കാൾ ഭീരുവായ മൂഢനാണു ശ്രേഷ്ഠൻ" എന്നു പണ്ടൊ രാൾ പറഞ്ഞത് എത്ര ശരിയാണ്? നിങ്ങളുടെ ഈ പുസ്തകങ്ങളും ഗ്രന്ഥങ്ങളും മറ്റും ഇപ്പോൾ നിങ്ങളെ പരിഹസിക്കയാണ്. നിങ്ങൾ മാധവിക്കുട്ടിയെ ധ്യാ നിച്ച് അവളോടൈക്യം പ്രാപിച്ചു മുക്തനായിരിക്കുന്നു. ഇനി ലോകത്തിൽ നിങ്ങൾക്കൊന്നും കിട്ടേണ്ടതില്ല. ക ഷ്ടം! നിങ്ങൾ ഒരു സ്ത്രീയെ അക്രമമായി പറഞ്ഞുഫലി പ്പിച്ചു സ്വാധീനപ്പെടുത്തി; അവൾ മറ്റൊരാളെ സ്വീ കരിക്കുന്നു, നിങ്ങളോടൊരിക്കലും അനുരാഗമില്ലെന്നു അവൾ പറയുന്നു; നിങ്ങൾ കിടന്നു കരയുന്നു. ഇതെ ന്തു മഹാമായയാണ്? കിട്ടാത്ത വിഷയത്തെ ഉപേ ക്ഷിക്കാൻകൂടി നിങ്ങൾക്കു ശക്തിയില്ലെന്നോ? ഇത്രയും പറയുമ്പോഴയ്ക്കു മേനോൻ എഴുനീറ്റ് എന്റെ കൈ പിടിച്ചു "മതി ശകാരിച്ചതു, ഞാൻ നിങ്ങൾ വിചാരി ക്കുംപോലെ ഒരു തുച്ഛഹൃദയനാണ്. എന്റെ വിഡ്ഢി ത്തം കുറെ കവിഞ്ഞു. എനിക്കു വലിയ അബദ്ധം പ

രി. നിങ്ങൾ എന്നോടു മുഷിയരുതു്. വാസനയുടെ ശക്തി എന്നെ ഇത്രയും വഷളാക്കിത്തീൎത്തു. എന്റെ മനസ്സിന്നു വേണ്ടുന്ന ശിക്ഷ കിട്ടിയതുകൊണ്ടു് ഇനി എനിക്കൊരാശയുമില്ല. മാധവിയുടെ എഴുത്തും നിങ്ങളുടെ ശകാരവുമാണു് എനിക്കിപ്പോൾ സമാധാനമുണ്ടാകുന്നതു്. ഇതുവരെ രാഗപ്രവാഹത്തിൽ അങ്ങിനെ ഒഴുകിക്കൊണ്ടിരുന്ന എന്റെ മനസ്സ് ഒരുവിധം ഇപ്പോൾ കരയണയുന്നു. ഞാൻ ചെയ്ത പാപത്തിന്നു പ്രായശ്ചിത്തമുണ്ടോ? ഇതു മാത്രം നിങ്ങൾ പറയണം" എന്നു പറഞ്ഞു.

ഞാൻ—(സാവധാനത്തിൽ) നിങ്ങൾക്കറിഞ്ഞുകൂടെ? പശ്ചാത്താപമാണു വലിയ പ്രായശ്ചിത്തം. അതു നിങ്ങൾക്കധികമുണ്ടല്ലോ. പിന്നെയെന്തിന്നു വ്യസനിക്കുന്നു? നിങ്ങളുദ്ദേശിക്കുവിൻ നിങ്ങൾക്കൊന്നും വന്നിട്ടില്ല. നാട്ടുനടപടിക്കു വിരോധമാണെന്നല്ലാതെ ഇതൊന്നും ഒരു മഹാപാപമല്ലല്ലോ. നിങ്ങളുടെ കുററത്തിനുള്ള ശിക്ഷ നിങ്ങളനുഭവിച്ചുതീൎന്നു. ഇനി ആ സ്മരണം മാത്രം വേണ്ട. അതു മതി. പിന്നെ ദേവേന്ദ്രനും വിശ്വാമിത്രനും മററും സാക്ഷാൽ പരമേശ്വരനുകൂടി ഇതരസ്ത്രീകളിൽ ആഗ്രഹം ഉണ്ടായതായി പുരാണങ്ങളിൽ പറയുന്നു. അതുപോലെ എന്തോ ഒരു ചാപല്യം നിങ്ങൾക്കും പററി. സൂക്ഷ്മം വിചാരിച്ചാൽ ഇതൊക്കെയൊരു വലിയ പാപമോ മറെറാ അല്ലെന്നു നിങ്ങൾക്കറിയാം. അതുകൊണ്ടു് ഒതുങ്ങിയിരിക്കിൻ, വ്യസനിക്കണ്ട. രണ്ടു ദിവസം കഴിഞ്ഞാൽ ഇതൊക്കെ

താനേ ശമിക്കും. എനിക്കു കുറെ ബദ്ധപ്പാടുണ്ടു്; ഉടനെ വരാം. ഛെ! നിങ്ങൾ ഇനി ഇതിനെപ്പററി വേദനപ്പെടേണ്ട. ഈ മാതിരി ചില ഘട്ടങ്ങളിൽ പ്രമാദത്താൽ വരുന്ന തെററുകൾ എത്ര വിവരമുള്ളവരിലും കാണും. നിങ്ങൾ അത്രത്തോളമൊന്നും ദുഷിച്ചിട്ടില്ല. ഇങ്ങിനെ നോക്കിയാൽ "ആൎക്കാണു തെററില്ലാത്തതു്?" ഇങ്ങിനെ ഞാൻ പറഞ്ഞപ്പോഴയ്ക്കു് എൻെറ സ്നേഹിതന്നു കുറേശ്ശ സമാധാനം വന്നുതുടങ്ങി. ഞാൻ യാത്ര പറഞ്ഞു പെണ്ണുങ്ങളെക്കൊണ്ടു വിവേകികൾകൂടി ഇത്രമേൽ കഷ്ടത്തിലാകുന്നതിനെപ്പററി അത്ഭുതപ്പെട്ടും ലോകസ്വഭാവമാണിതെന്നു സമാധാനിച്ചും ആൎക്കാണു തെററില്ലാത്തതെന്നു് ആലോചിച്ചും അവിടെനിന്നു പോരികയും ചെയ്തു.

LIBRARY
MADRAS

